





എൽ.എഫ്.കെ.പി8/827/13

തീയതി : 1.7.13

# കോട്ടയം


## ജില്ലാപഞ്ചായത്തിന്റെ

## ഓഡിറ്റ് റിപ്പോർട്ട്

# 2011–12

LOCAL FUND AUDIT DEPARTMENT

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 215(4) വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.



# ഓഡിറ്റ് നിരീക്ഷണങ്ങൾ ഒറ്റനോട്ടത്തിൽ


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| **ഭാഗം 1 : പൊതുഅവലോകനം** | | |
| 1.1 | ജില്ലാ പഞ്ചായത്ത് : പൊതുവിവരങ്ങൾ | 7 |
| 1.2 | ബജറ്റ് | 8 |
| 1.3 | ഭരണപരമായ കാര്യക്ഷമത | 8 |
| 1.4 | പൗരാവകാശരേഖ പ്രസിദ്ധീകരിച്ചില്ല | 10 |
| 1.5 | സ്റ്റാൻഡിങ് കമ്മിറ്റികളുടെ പ്രവർത്തനം | 10 |
| 1.6 | എല്ലാ നിർവഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്തുന്നില്ല | 13 |
| 1.7 | വാർഷികപദ്ധതി അവലോകനം | 14 |
| 1.8 | പദ്ധതി രൂപീകരണവും അംഗീകാരവും | 15 |
| 1.9 | പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയതിലെ പൊതുഅപാകതയും | 21 |
| 1.10 | ആസ്തി രജിസ്റ്റർ തയ്യാറാക്കാത്തത് | 24 |
| 1.11 | വാഹനങ്ങളുടെ പരിപാലനം | 25 |
| **ഭാഗം 2 : വരവുകണക്കുകൾ** | | |
| 2.1 | പദ്ധതി വിഹിതം നിശ്ചിതശതമാനം ചെലവഴിക്കാത്തതിനാൽ നഷ്ടപ്പെട്ടത് 28 കോടിയിലേറെ | 28 |
| **ഭാഗം 3 : ചെലവുകണക്കുകൾ** | | |
| 3.1 | സംയുക്തസംരംഭങ്ങൾ : പരസ്പരധാരണയില്ലാത്തതിനാൽ പരാജയപ്പെടുന്നു | 30 |
| 3.2 | അമിതമായ പത്രപ്പരസ്യച്ചെലവ് | 34 |
| 3.3 | നിയമവിധേയമല്ലാത്ത ചെലവുകൾ | 35 |
| 3.4 | മഴക്കാലപൂർവശുചീകരണം : അപാകതകൾ | 35 |
| 3.5 | കേരളോത്സവം ഫണ്ട് വിനിയോഗത്തിൽ പാകപ്പിഴകൾ | 36 |
| 3.6 | ഉത്പാദനമേഖല - കൃഷി - പദ്ധതികൾ | 37 |
| 3.7 | ഉത്പാദനമേഖല - മൃഗസംരക്ഷണം - പദ്ധതികൾ | 38 |
| 3.8 | ഉത്പാദനമേഖല - സമഗ്രക്ഷീരവികസനം - പദ്ധതികൾ | 41 |
| 3.9 | ഉത്പാദനമേഖല - മത്സ്യബന്ധനം - പദ്ധതികൾ | 41 |
| 3.10 | സേവനമേഖല - വൈദ്യുതി പദ്ധതി നടത്തിപ്പിലെ അപാകതകൾ | 42 |
| 3.11 | സേവനമേഖല - കുടിവെള്ളപദ്ധതി നടത്തിപ്പിലെ അപാകതകൾ | 46 |
| 3.12 | പാർപ്പിടപദ്ധതികൾ | 54 |
| 3.13 | സാമൂഹ്യക്ഷേമപദ്ധതികൾ | 58 |
| 3.14 | വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പദ്ധതികൾ | 61 |
| 3.15 | സർവശിക്ഷാഅഭിയാൻ | 63 |


LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| 3.16 | അക്ഷയപദ്ധതി - 3633779029 രൂപ ചെലവാകാതെ അവശേഷിക്കുന്നു | 65 |
| 3.17 | ആരോഗ്യമേഖല- പദ്ധതികൾ | 66 |
| 3.18 | പ്രത്യേകഘടകപദ്ധതി പ്രോജക്ടുകൾ | 72 |
| 3.19 | പട്ടികഗോത്രവർഗഉപപദ്ധതി പ്രോജക്ടുകൾ | 76 |
| 3.20.1 | മരാമത്ത് പണികളുടെ നിർവഹണത്തിൽ ചട്ടലംഘനം | 82 |
| 3.20.2 | റോഡുപണികൾ : പൊതുഅപാകതകൾ | 83 |
| 3.20.3 | സമഗ്രവികസനത്തിന്റെ ഭാഗമല്ലാതെയും സേവനമേഖലയിൽ ഉൾപ്പെടുത്താതെയും നടപ്പാത നിർമാണം | 84 |
| 3.20.4 | പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിലെ അപാകതകൾ | 84 |
| 3.20.5 | സർക്കാർ വിലക്കിയിട്ടും ടെൻഡർ ചെയ്യാതെ മരാമത്ത് പണികൾ | 85 |
| 3.20.6 | പശ്ചാത്തലമേഖലയിൽപ്പെടാതെ പാർശ്വസംരക്ഷണഭിത്തി നിർമാണം | 86 |
| 3.20.7 | ജില്ലാപഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെടാത്ത ചെലവുകൾ | 86 |
| 3.20.8 | വകയിരുത്തിയതിലും അധികച്ചെലവുള്ള പ്രോജക്ടുകൾ | 88 |
| 3.20.9 | വിഹിതങ്ങൾ ആനുപാതികമായി ചെലവഴിച്ചില്ല | 89 |
| 3.20.10 | പണി പൂർത്തിയാക്കാതിരുന്നിട്ടും അഡ്വാൻസ് തിരിച്ചുപിടിച്ചില്ല | 91 |
| 3.20.11 | സാംസ്കാരികനിലയം : പണി പൂർത്തിയാക്കിയില്ല- കരാറുകാരനെതിരേ നിയമനടപടി സ്വീകരിച്ചില്ല | 92 |
| 3.20.12 | അസി.എക്സി. എൻജിനിയർ നിർവഹണം നടത്തിയ പ്രോജക്ടുകൾ : രേഖകൾ ഹാജരാക്കിയില്ല | 92 |
| 3.20.13 | ജില്ലാ പഞ്ചായത്ത് കെട്ടിടത്തിന് അനുബന്ധസൗകര്യം ഒരുക്കൽ : പ്രോജക്ടിലെ അപാകതകൾ | 93 |
| 3.20.14 | ജില്ലാ പഞ്ചായത്ത് ഭവൻ : മെയിന്റനൻസും അനുബന്ധ പ്രവൃത്തികളും | 94 |
| 3.21 | ജില്ലാപഞ്ചായത്തിനു കീഴിലുള്ള കൃഷിഫാമുകൾ : പ്രവർത്തനാവലോകനറിപ്പോർട്ട് | 95 |


## ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും


| | | |
|---|---|---|
| 4.1 | വാർഷികകണക്കുകളുടെ അവലോകനം | 105 |
| 4.1.1 | ബിൽ സമ്പ്രദായം : സർക്കാർ ഉത്തരവ് പാലിക്കുന്നതിൽ വീഴ്ചകൾ | 105 |
| 4.1.2 | വാർഷികകണക്കിലെ അപാകതകൾ | 106 |
| 4.2 | ഓഡിറ്റ് റിക്കവറി | 106 |
| 4.3 | ഓഡിറ്റ് പ്രത്യവലോകനം | 107 |
| 4.4 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 109 |
| 4.5 | ചാർജ്/ സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 109 |

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ. കെ.വി. അനിൽകുമാർ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2011-12സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ , കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ 31.3.12 വരെയുള്ള വരവുകളുടെ രസീത് പരിശോധന എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം (വരവ്/ ചെലവ്/ വാർഷികം) | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം |
|---|---|---|
| കൺകറന്റ് ഓഡിറ്റ് | 2011-12 വാർഷികം | ശ്രീ.കെ.വി.സന്തോഷ്- ഓഡിറ്റ് ഓഫീസർ<br>ശ്രീ. പി.ജി.പ്രസാദ്,<br>ശ്രീ.സി.ആർ.രതീഷ്<br>ശ്രീ.എം.രാജേഷ്<br>ശ്രീമതി കെ.എ.അനിതാകുമാരി - ഓഡിറ്റർമാർ |

## നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി രാധാ വി. നായർ (1.4.11 മുതൽ 31.3.12 വരെ) |
| സെക്രട്ടറി | : | ശ്രീ. തോമസുകുട്ടി സെബാസ്റ്റ്യൻ (1.4.11 മുതൽ 31.3.12 വരെ) |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

### ഭാഗം 1:- പൊതുഅവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും അഭിപ്രായങ്ങളും

### ഭാഗം 2:- വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

LOCAL FUND AUDIT DEPARTMENT

## ഭാഗം 3:- ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

## ഭാഗം 4:- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച അവലോകനം, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## അനുബന്ധങ്ങൾ

1. ഓഡിറ്റ് സാക്ഷ്യപത്രം
2. അംഗൻവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത
3. ജില്ലാ പഞ്ചായത്ത് സൂക്ഷിക്കുന്ന അക്കൗണ്ടുകളുടെ വിവരം

LOCAL FUND AUDIT DEPARTMENT

# ഭാഗം 1 : പൊതുഅവലോകനം

LOCAL FUND AUDIT DEPARTMENT

## 1.1 ജില്ലാ പഞ്ചായത്ത് : പൊതുവിവരങ്ങൾ

| | |
|---|---|
| ഭൂവിസ്തൃതി | 2148.26 ച.കി.മീ. |
| ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ | ഗ്രാമപഞ്ചായത്ത് 73<br>ബ്ലോക്ക് പഞ്ചായത്ത് 11 |
| ജനസംഖ്യ (2001 ലെ സെൻസസ് പ്രകാരം) | 1952148<br>പുരുഷന്മാർ : 964514, സ്ത്രീകൾ : 987634 |
| ആകെ ഡിവിഷനുകൾ | 23 |
| സമ്പദ്വ്യവസ്ഥ | കാർഷികാധിഷ്ഠിതം |

## സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷന്മാർ

| | |
|---|---|
| ധനകാര്യം | ശ്രീ. കെ.എ. അപ്പച്ചൻ |
| വികസനം | ശ്രീമതി ബീന ബിജു |
| ക്ഷേമകാര്യം | ശ്രീമതി മറിയം ജോസഫ് |
| ആരോഗ്യം, വിദ്യാഭ്യാസം | ശ്രീമതി ത്രേസ്യാമ്മ ജോർജ് |
| പൊതുമരാമത്ത് | ശ്രീ. ടി.കെ.സുരേഷ്കുമാർ |

## ഉദ്യോഗസ്ഥർ (പുനർവിന്യസിക്കപ്പെട്ടവർ ഉൾപ്പെടെ)

| | |
|---|---|
| സെക്രട്ടറി | 1 |
| ഫിനാൻസ് ഓഫീസർ | 1 |
| ജൂനിയർ സൂപ്രണ്ട് | 2 |
| ഹെഡ് ക്ലർക്ക് | 1 |
| സീനിയർ ക്ലർക്ക് | 6 |
| ജൂനിയർ ക്ലർക്ക് | 9 |
| ടൈപ്പിസ്റ്റ് | 2 |
| ഡ്രൈവർ | 2 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| പി.ടി.എസ്. | 1 |

LOCAL FUND AUDIT DEPARTMENT

## 1.2 ബജറ്റ്

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2011-12 വർഷത്തെ ബജറ്റ് 10.3.11 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും 16.03.11 ൽ കൂടിയ പഞ്ചായത്ത് യോഗവും അംഗീകരിച്ചു. 2010-11 ലെ ബജറ്റ് പുതിയ നിർദ്ദേശമില്ലാതെ അംഗീകരിക്കുകയാണുണ്ടായത്. (പ്രത്യേക സർക്കാർ നിർദ്ദേശമനുസരിച്ച്) ബജറ്റ് മാർച്ച് 31 നകം പാസ്സാക്കണമെന്ന നിയമപരമായ നിബന്ധന പാലിച്ചതുപോലെ ജനുവരി 15 നകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കണമെന്നും മാർച്ച് ആദ്യവാരത്തിനപ്പുറമാകാതെ പ്രത്യേക ഭരണസമിതിയോഗത്തിൽ അവതരിപ്പിക്കണമെന്നുമുള്ള നിയമപരമായ സമയപരിധികളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 കാണുക.)

കേരള സംസ്ഥാന നിയമസഭയിലേയ്ക്ക് പൊതു തെരഞ്ഞെടുപ്പ് നടക്കുന്നതുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പുതിയ പദ്ധതികളോ നിർദ്ദേശങ്ങളോ ഉൾപ്പെടുത്താതെയും അനിവാര്യ പ്രവർത്തനങ്ങൾക്ക് തുക ഉൾപ്പെടുത്തിയും ബജറ്റ് യഥാസമയം പാസ്സാക്കേണ്ടതും മറ്റ് നിർദ്ദേശങ്ങൾ പെരുമാറ്റച്ചട്ടപരിധി അവസാനിച്ചശേഷം സപ്ലിമെന്ററി ബജറ്റായി പാസ്സാക്കേണ്ടതുമാണെന്ന് (തസ്വഭവകുപ്പിന്റെ 16.03.11 ലെ സർക്കുലർ നമ്പർ 13597/എ.എ.1/11 പ്രകാരം) നിഷ്ക്കർഷിച്ചിരുന്ന സാഹചര്യത്തിൽ പുതുക്കിയ ബജറ്റ് 24.10.11 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും 09.11.11 ന് ഭരണ സമിതിയും പാസ്സാക്കി.

ബജറ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

ബജറ്റിൽ 2011-12 ലേക്കുള്ള ബജറ്റ് എസ്റ്റിമേറ്റും 2010-11 ലെ തന്നാണ്ട് എസ്റ്റിമേറ്റും പുതുക്കിയ എസ്റ്റിമേറ്റും 2009-10 ലെ യഥാർത്ഥ കണക്കും രേഖപ്പെടുത്തേണ്ടതിനു പകരം 2012-13 ലേക്കുള്ള ബജറ്റ് എസ്റ്റിമേറ്റും 2011-12 ലെ തന്നാണ്ട് എസ്റ്റിമേറ്റും പുതുക്കിയ എസ്റ്റിമേറ്റും 2010-11 ലെ യഥാർത്ഥ കണക്കും രേഖപ്പെടുത്തിയത് ഗുരുതരമായ കൃത്യവിലോപവും നിയമവിരുദ്ധമായ നടപടിയുമാണ്. 2011-12 ലേയ്ക്ക് പ്രതീക്ഷിച്ച വരവ് 652795600 രൂപയും ചെലവ് 628265500 രൂപയും നീക്കിയിരിപ്പ് 24530100 രൂപയുമാണ്.

### 1.2.1 ബജറ്റിന്റെ പകർപ്പ് ഓഡിറ്റർക്ക് നൽകിയില്ല

പാസ്സാക്കിയ ബജറ്റിന്റെ പകർപ്പ് ഉടനെ ഓഡിറ്റർക്ക് നൽകണമെന്ന നിയമനിബന്ധന പാലിച്ചിട്ടില്ല. (വകുപ്പ് 214 (7) കാണുക.)

### 1.2.2 ബജറ്റ് വാർഷികപദ്ധതിയുമായി സംയോജിപ്പിച്ചിട്ടില്ല

ബജറ്റും വാർഷികപദ്ധതിയുമായി സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി ബജറ്റ് ചർച്ചയുടെ ഭാഗമായി വാർഷികപദ്ധതി നിർദേശങ്ങളെ സംബന്ധിച്ചും സജീവമായ ചർച്ച നടത്തണമെന്ന നിർദേശം പാലിച്ചിട്ടില്ല. (തദ്ദേശസ്വയംഭരണവകുപ്പിന്റെ 3.1.11 ലെ സർക്കുലർ നമ്പർ 821/എഫ്.എം3/11 കാണുക.)

## 1.3 ഭരണപരമായ കാര്യക്ഷമത

ഭരണപരമായ കാര്യക്ഷമത ഓഡിറ്റിന് വിധേയമാക്കണമെന്ന ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് പരാമർശങ്ങൾ (1997 ലെ കേരളപഞ്ചായത്ത്രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13(xiv) പ്രകാരം ) താഴെപ്പറയുന്നു.

LOCAL FUND AUDIT DEPARTMENT

## 1.3.1 ഓഫീസ് ജോലി : പ്രതിമാസാവലോകനം നടത്തുന്നില്ല

ഓഫീസ് ഓർഡർ പ്രകാരം പ്രതിമാസം ചെയ്യേണ്ട ജോലികൾ എല്ലാവരും ചെയ്യുന്നുണ്ടോ എന്ന് അവലോകനം നടത്തേണ്ടതാണ്. ഇക്കാര്യത്തിൽ സ്റ്റാൻഡിങ് കമ്മിറ്റികളും സ്റ്റിയറിങ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും നന്നായി വായിച്ചുപഠിച്ച് സേവനം മെച്ചപ്പെടുത്താൻ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വേണ്ടത്ര ശ്രമം ഉണ്ടാകുന്നില്ല. പല പരിശീലനങ്ങളും ലഭിച്ചിട്ടുണ്ടെങ്കിലും ഇതിലൂടെ ലഭിച്ച അറിവ് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ സഹായകമായിട്ടില്ല.

## 1.3.2 കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കുന്നില്ല

ഭരണപരമായ കാര്യക്ഷമത ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രസിഡന്റ് സെക്രട്ടറിയുടെയും ഫിനാൻസ് ഓഫീസറുടെയും കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മറ്റ് ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കുന്നില്ല. (കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 156(4) ബി കാണുക.)

## 1.3.3 ഫിനാൻസ് ഓഫീസർ ചുമതല പൂർണമായി നിറവേറ്റുന്നില്ല

തദ്ദേശസ്വയംഭരണവകുപ്പിന്റെ 19.1.06 ലെ ജി.ഒ.(എം.എസ്.) 21/06 പ്രകാരം നിഷ്കർഷിച്ച ചുമതലകൾ കൃത്യമായി നിറവേറ്റാൻ ഫിനാൻസ് ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

## 1.3.4 യോഗനടപടിക്രമങ്ങൾ പാലിക്കുന്നില്ല

2011-12 ലെ മിനിറ്റ്സ് ബുക്ക്, ഹാജർ ബുക്ക് എന്നിവ പ്രകാരം ആകെ 26 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഭരണസമിതിയോഗങ്ങൾ ചേരുമ്പോൾ പാലിക്കേണ്ട നിബന്ധനകളും പാലിക്കുന്നതിലെ പോരായ്മകളും താഴെ ചേർക്കുന്നു.

## എ) കേരളാ പഞ്ചായത്ത് രാജ് (യോഗനടപടിക്രമം) ചട്ടങ്ങളിലെ വ്യവസ്ഥകൾ

പഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഉടൻ സെക്രട്ടറി (അഥവാ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ) തീരുമാന രജിസ്റ്ററിൽ ക്രമനമ്പരും അജണ്ട നമ്പരും ചേർത്ത് കാർബൺ പേപ്പർ പകർപ്പ് സഹിതം രേഖപ്പെടുത്തേണ്ടതും യോഗാദ്ധ്യക്ഷനും സെക്രട്ടറിയും ഒപ്പ് വച്ച് യോഗത്തിൽ വായിക്കേണ്ടതും അവയുടെ കാർബൺ പേപ്പർ പകർപ്പ് യോഗം അവസാനിച്ചാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. -ചട്ടം 26(4)

പാസാക്കിയ തീരുമാനങ്ങളുടേയും പ്രമേയങ്ങളുടേയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതും -ചട്ടം 26(6) - യോഗ നടപടിക്കുറിപ്പുകളായി വിശദമായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.-ചട്ടം 26(7)

LOCAL FUND AUDIT DEPARTMENT

യോഗനടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കണം. (ചട്ടം 26(8)).

സെക്രട്ടറി തയ്യാറാക്കിയ യോഗനടപടിക്കുറിപ്പിന്റെ നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനകം പരിശോധിച്ച് ആവശ്യമെങ്കിൽ തിരുത്തലുകളോടെ സെക്രട്ടറിക്ക് തിരിച്ചു നൽകണം. (ചട്ടം 26(9))

അദ്ധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാലുടൻ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (ചട്ടം 26(10)).

## ബി) ചട്ടങ്ങൾ പാലിക്കുന്നതിലെ പോരായ്മകൾ

യോഗ തീരുമാനങ്ങൾ കാർബൺ പേപ്പർ പകർപ്പ് സഹിതം തയ്യാറാക്കുക, യോഗത്തിൽ വായിക്കുക, നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുക, തീരുമാനങ്ങളുടെയും പ്രമേയങ്ങളുടേയും പകർപ്പ് 48 മണിക്കൂറിനകം അംഗങ്ങൾക്ക് നൽകുക തുടങ്ങിയ നിബന്ധനകൾ പാലിക്കുന്നില്ല. യോഗനടപടിക്കുറിപ്പുകളുടെ നക്കലും അസ്സലും തയ്യാറാക്കലും ഒപ്പു വയ്ക്കലും നടക്കുന്നുണ്ടെങ്കിലും ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല. യോഗ നടപടിക്കുറിപ്പിന്റെ പകർപ്പും ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നില്ല. മറ്റു നിബന്ധനകൾ പാലിക്കുന്നുണ്ട്.

## 1.4 പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല

ഓരോ പഞ്ചായത്തും, നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരന്മാർക്ക് ലഭ്യമാക്കുന്ന വിവിധയിനം സേവനങ്ങളെയും അവയുടെ വ്യവസ്ഥകളെയും അവ ലഭ്യമാക്കുന്ന സമയ പരിധിയേയും സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി പൗരാവകാശരേഖ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 272 എ പ്രകാരം)

നിയമ/ചട്ട നിബന്ധനകൾ പാലിച്ചുകൊണ്ടുള്ള പൗരാവകാശരേഖ ജില്ലാ പഞ്ചായത്ത് നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

## 1.5 സ്റ്റാൻഡിങ് കമ്മിറ്റികളുടെ പ്രവർത്തനം

## എ) ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റി

| | |
|---|---|
| ചെയർമാൻ | ശ്രീ. കെ.എ. അപ്പച്ചൻ |
| അംഗങ്ങൾ | ശ്രീ. ബിജു തോമസ് |
| | ശ്രീമതി മിനി ബാബു |
| | ശ്രീമതി അനിതാ ഷാജി |
| | ശ്രീമതി നിർമല ജിമ്മി |
| 2011-12 ൽ കൂടിയ യോഗങ്ങളുടെ എണ്ണം | 14 |

ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, മറ്റ് സ്റ്റാൻഡിങ് കമ്മിറ്റികൾക്ക് നൽകാത്ത വിഷയങ്ങൾ എന്നിവയാണ് ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ടത്. ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെപ്പറയുന്നു.

ബജറ്റ് ഓരോ വർഷവും മാർച്ച് 31 നകം പാസ്സാക്കുന്ന കാര്യത്തിലെന്നപോലെ ജനുവരി 15 നകം ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റിയിലും മാർച്ച് ആദ്യവാരത്തിൽ പ്രത്യേക ഭരണസമിതി യോഗത്തിലും അവതരിപ്പിച്ച് നിയമപരമായ സമയപരിധികൾ പാലിക്കാൻ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

ബജറ്റിലെ വകയിരുത്തലിനനുസരിച്ച് വരവുകൾ ലഭ്യമാകുന്നു എന്നും ചെലവുകൾ വകയിരുത്തിയതിനെക്കാൾ കൂടുതലാകുന്നില്ല എന്നും വകയിരുത്താത്ത ഇനം ചെലവുകൾ ഉണ്ടാകുന്നില്ല എന്നും പ്രതിമാസ പരിശോധനയിലൂടെയും വാർഷികപരിശോധനയിലൂടെയും ഉറപ്പാക്കുന്നില്ല.

ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ വിശദമായി ചർച്ച ചെയ്ത് അപാകതകൾ പരിഹരിക്കാൻ യഥാസമയം നടപടി കൈക്കൊള്ളാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രതിമാസ അക്കൗണ്ടുകൾ തയ്യാറാക്കിയതിന്റെ കൃത്യത ഉറപ്പാക്കാനും ഓഡിറ്റിന് അയച്ചു തരാനും മുൻകൈയെടുത്തിട്ടില്ല.

പൊതുഭരണത്തിന്റെ ഭാഗമായി ഓഫീസ് ഓർഡർ വഴി ഓരോ ഉദ്യോഗസ്ഥനും ചെയ്യേണ്ട ജോലി യഥാസമയം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ അവലോകന യോഗങ്ങൾ നടത്തിയതായി കാണുന്നില്ല.

## ബി) വികസനസ്റ്റാൻഡിങ് കമ്മിറ്റി

| | |
|---|---|
| ചെയർമാൻ | ശ്രീമതി ബീനാ ബിജു |
| അംഗങ്ങൾ | ശ്രീമതി ഉഷാ വിജയൻ |
| | ശ്രീമതി സുധാ കുര്യൻ |
| | കുമാരി ബീനാമ്മ ഫ്രാൻസീസ് |
| | ശ്രീ. എൻ.ജെ. പ്രസാദ് |
| 2011-12 ൽ കൂടിയ യോഗങ്ങളുടെ എണ്ണം | 12 |

വികസനസ്റ്റാൻഡിങ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വികസനാസൂത്രണം, സാമൂഹ്യസാമ്പത്തികാസൂത്രണം, കൃഷി , മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, ചെറുകിടജലസേചനം, മത്സ്യബന്ധനം, ചെറുകിടവ്യവസായം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെപ്പറയുന്നു.

പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകളും അനുബന്ധചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിച്ചുകൊണ്ട് പദ്ധതി ആസൂത്രണപ്രകിയ യഥാസമയം പൂർത്തീകരിക്കാനോ വാർഡുതല വികസനത്തിൽനിന്ന് ജില്ലയുടെ സമഗ്രമായ വികസനസങ്കല്പത്തിലേക്ക് വേണ്ടത്ര ഉയരാനോ കഴിഞ്ഞിട്ടില്ല. അന്തിമപദ്ധതി രേഖയിൽ തന്നെ എഴുന്നൂറോളം പ്രോജക്ടുകൾ ഉൾപ്പെടുത്തിയതും അവയിൽ പലതും നിർവഹണ വേളയിൽ മാറ്റുന്നതും പുതിയവ ചേർക്കുന്നതും നിരുത്തരവാദപരമായ നടപടിയാണ്. പദ്ധതി നിർവഹണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനും മോണിട്ടറിങ് കാര്യക്ഷമമാക്കുന്നതിനും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. കിട്ടിയ പണം ചെലവഴിക്കുന്നതിൽ ശ്രദ്ധിക്കാത്തതിനാൽ 28.48 കോടിയോളം രൂപ അഞ്ചുവർഷം കൊണ്ടുതന്നെ നഷ്ടപ്പെട്ടത് ഗൗരവതരമായി കാണേണ്ടതാണ്.

കാർഷികമേഖലയിൽ വേണ്ടത്ര മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. നീർത്തടാസൂത്രണ സങ്കല്പം പ്രായോഗികമാക്കുന്നതിലും തൊഴിലുറപ്പുപദ്ധതിയുമായി കാർഷികമേഖലയിലെ മണ്ണ് സംരക്ഷണം പോലുള്ള ഘടകങ്ങൾ സംയോജിപ്പിക്കുന്നതിലും വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ല. മൃഗസംരക്ഷണ മേഖലയിലെ മുതൽമുടക്കിന് ആനുപാതികമായ ഉത്പാദനക്ഷമതയും സ്വയംപര്യാപ്തതയും ഉറപ്പുവരുത്താനായിട്ടില്ല. ജലസേചനപദ്ധതികൾക്കുവേണ്ടി മുടക്കിയ പണത്തിന്റെ നേട്ടം പദ്ധതികളുടെ പൂർത്തീകരണം വൈകിയതിനാൽ പൂർണമായി ലഭ്യമാക്കാനായിട്ടില്ല. വ്യവസായ മേഖലയിൽ കാര്യമായി ശ്രദ്ധിച്ചിട്ടില്ല. മത്സ്യബന്ധനം റിവോൾവിങ് ഫണ്ട് നൽകുന്നതിൽ മാത്രമായി ഒതുങ്ങി.

LOCAL FUND AUDIT DEPARTMENT

## സി) പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി

| | |
|---|---|
| ചെയർമാൻ | ശ്രീ. സുരേഷ് കുമാർ |
| അംഗങ്ങൾ | ശ്രീ. ജോസ് പുത്തൻകാലാ |
| | ശ്രീ. ബിജു പുന്നത്താനം |
| | ശ്രീമതി ലാലി സത്യൻ |
| 2011-12 ൽ കൂടിയ യോഗങ്ങളുടെ എണ്ണം | 12 |

പൊതുമരാമത്ത്, പാർപ്പിടസൗകര്യം, സ്പെഷ്യൽ പ്ലാനിങ്, പരിസ്ഥിതി എന്നീ വിഷയങ്ങൾ പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി കൈകാര്യം ചെയ്തതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്രാജ് നിയമത്തിലെ നിബന്ധനകളും പദ്ധതി മാർഗരേഖയിലെ നിഷ്കർഷകളും അവഗണിച്ചുകൊണ്ടാണ് ഭൂരിഭാഗം മരാമത്ത് പണികളും ഏറ്റെടുത്തത്.

പാർപ്പിടമേഖലയിൽ വൻതോതിൽ ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. (ഇ.എം.എസ്. ഭവനപദ്ധതി, ഐ.എ.വൈ. തുടങ്ങിയവ) എന്നാൽ ഫണ്ടിന്റെ വിനിയോഗത്തിൽ നിയമപരമായ നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്നും യഥാസമയം പണി പൂർത്തീകരിക്കുന്നുണ്ടോ എന്നും ഫലപ്രദമായി നിരീക്ഷിക്കുന്നതായി കാണുന്നില്ല. പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതങ്ങൾ കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കിയതായി കാണുന്നില്ല.

## ഡി) ക്ഷേമകാര്യസ്റ്റാൻഡിങ് കമ്മിറ്റി

| | |
|---|---|
| ചെയർമാൻ | ശ്രീമതി മറിയം ജോസഫ് |
| അംഗങ്ങൾ | ശ്രീ. പി.എ.സലിം |
| | ശ്രീ. സജി മഞ്ഞക്കടമ്പിൽ |
| | ശ്രീമതി പി.എസ്. പുഷ്പമണി |
| 2011-12 ൽ കൂടിയ യോഗങ്ങളുടെ എണ്ണം | 12 |

ക്ഷേമകാര്യസ്റ്റാൻഡിങ് കമ്മിറ്റിയുടെ ചുമതലയിൽപ്പെട്ടതാണ് സാമൂഹ്യക്ഷേമം, സ്ത്രീ/ശിശുവികസനം, എസ്.സി./ എസ്.ടി. വികസനം എന്നിവ. ചുമതലകൾ നിറവേറ്റുന്നതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

സാമൂഹ്യക്ഷേമമേഖലയിൽ അംഗൻവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയില്ല.

വനിതാഘടകപദ്ധതിയിൽ വകയിരുത്തിയ തുകയുടെ ചെലവും വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, ശിശുക്കൾ എന്നീ വിഭാഗങ്ങൾക്കുവേണ്ടി വകയിരുത്തിയ ഫണ്ടിന്റെ ചെലവും മിനിമത്തേക്കാൾ കുറഞ്ഞത് ഈ മേഖലയിലെ ഇടപെടലിന്റെ കുറവിലേക്ക് വിരൽ ചൂണ്ടുന്നു.

അനാഥാലയങ്ങൾക്ക് ശുപാർശ ചെയ്ത ഗ്രാന്റ് പൂർണമായി യഥാസമയം ലഭ്യമാക്കുന്നതിൽ സ്റ്റാൻഡിങ് കമ്മിറ്റി ശ്രദ്ധിച്ചിട്ടില്ല.

ആശ്രയ പദ്ധതിക്കുവേണ്ടിയും ബഡ്സ് സ്കൂളുകൾക്കുവേണ്ടിയും ഫണ്ട് ലഭ്യമാക്കാൻ ശ്രമിച്ചിട്ടില്ല.

## ഇ) ആരോഗ്യ-വിദ്യാഭ്യാസസ്റ്റാൻഡിങ് കമ്മിറ്റി

| | |
|---|---|
| ചെയർമാൻ | ശ്രീമതി ത്രേസ്യാമ്മ ജോർജ് |
| അംഗങ്ങൾ | ശ്രീ. ഫിൽസൺ മാത്യൂസ് |
| | ശ്രീ. എൻ.സി.പ്രനി |
| | ശ്രീ. ജോസ്മോൻ മുണ്ടയ്ക്കൽ |
| 2011-12 ൽ കൂടിയ യോഗങ്ങളുടെ എണ്ണം | 12 |

LOCAL FUND AUDIT DEPARTMENT

പൊതുജനാരോഗ്യം, വിദ്യാഭ്യാസം എന്നിവ ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി കൈകാര്യം ചെയ്തതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ താഴെപ്പറയുന്നു.

രണ്ടു മേഖലയിലും കൈമാറിയ സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ആവശ്യങ്ങൾ ഏറെ നിലനിൽക്കുമ്പോഴും മെയിന്റനൻസ് ഗ്രാന്റ് പാഴാക്കിയത് ഈ മേഖലയിലെ അശ്രദ്ധയ്ക്ക് അടിവരയാകുന്നുണ്ട്.

സർവശിക്ഷാ അഭിയാനുവേണ്ടി ഫണ്ട് കൈമാറുന്നതല്ലാതെ പദ്ധതി പ്രകാരം നടക്കേണ്ട കാര്യങ്ങൾ ശരിയായി നടക്കുന്നു എന്നുറപ്പുവരുത്താൻ മെമ്പർമാരുടെ സന്ദർശനം അത്യാവശ്യമാണ്.

കൈമാറിയ സ്ഥാപനങ്ങളുടെ ബോർഡുകൾ ജില്ലാപഞ്ചായത്തിന്റെ പേരിൽ മാറ്റിയെഴുതൽ, മേധാവികളുടെ ആകസ്മികാവധി പ്രസിഡന്റ് അനുവദിക്കൽ, മേധാവികളല്ലാത്ത ജീവനക്കാരുടെ മറ്റവധികൾ പ്രസിഡന്റിന്റെ ശുപാർശയോടെ മാത്രം അനുവദിക്കൽ തുടങ്ങിയ കാര്യങ്ങളിൽ നിയമ/ ചട്ട നിബന്ധനകൾ പൂർണമായി ഇപ്പോഴും പാലിച്ചിട്ടില്ല.

ഹോമിയോ ആശുപത്രിക്ക് സ്ഥലം വാങ്ങിയെങ്കിലും കെട്ടിടം പണി ആരംഭിച്ചിട്ടില്ല.

തുടർസാക്ഷരതാ പ്രവർത്തനങ്ങൾ വിലയിരുത്താൻ നടപടികൾ ഒന്നുമെടുത്തിട്ടില്ല.

എൻ.ആർ.എച്ച്.എം. ഫണ്ടിന്റെ വിനിയോഗം, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം എന്നിവയിൽ താത്പര്യം കാണിച്ചിട്ടില്ല.

LOCAL FUND AUDIT DEPARTMENT

## 1.6 എല്ലാ നിർവഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്തിയില്ല

| ക്രമ നം. | പ്രയോജനപ്പെടുത്താതിരുന്ന നിർവഹണോദ്യോഗസ്ഥർ | നിർവഹണോദ്യോഗസ്ഥനായി നിയമിച്ച ഉത്തരവ് |
|---|---|---|
| 1 | ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ | ജി.ഒ. (പി) 1459/97/ഫിൻ/29.12.97, ജി.ഒ. (പി) 177/06/ഫിൻ/12.4.06 |
| 2 | അസിസ്റ്റന്റ് എൻജിനീയർ മൈനർ ഇറിഗേഷൻ | ,, |
| 3 | മാനേജർ/ ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | ,, |
| 4 | സൂപ്രണ്ട് , ടെയ്ലറിങ് & ഗാർമെന്റ് മേക്കിങ് ട്രെയിനിങ് സെന്റർ | ,, |
| 5 | എ.ഡി.സി. ജനറൽ, ഗ്രാമവികസനവകുപ്പ് | ,, |
| 6 | ജില്ലാ വനിതാ വികസന ഓഫീസർ | ,, |
| 7 | ഹെഡ്മാസ്റ്റർ, യു.പി.സ്കൂൾ | ,, |
| 8 | ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ | ,, |
| 9 | ഹെഡ്മാസ്റ്റർ, ഫിഷറീസ് സ്കൂൾ | ,, |
| 10 | പ്രിൻസിപ്പൽ, ഹയർ സെക്കൻഡറി സ്കൂൾ/ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ | ,, |
| 11 | ജില്ലാ മിഷൻ കോഓർഡിനേറ്റർ, കുടുംബശ്രീ. | ,, |
| 12 | ജില്ലാ പ്രോഗ്രാം ഓഫീസർ സാമൂഹ്യക്ഷേമം | ,, |
| 13 | അസിസ്റ്റന്റ് രജിസ്ട്രാർ, സഹകരണവകുപ്പ് | ,, |
| 14 | പ്രോജക്ട് ഓഫീസർ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് | ,, |

| | | |
|---|---|---|
| 15 | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | ,, |
| 16 | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണവിഭാഗം | ജി.ഒ.(ആർ.ടി.)1445/09/ തസ്വഭവ/17.6.09 |
| 17 | എ.ഡി.സി., സോഷ്യൽ മൊബിലൈസേഷൻ | ,, |
| 18 | സൂപ്രണ്ട്, അഗ്രിക്കൾച്ചറൽ ഫാം | ,, |
| 19 | സൂപ്രണ്ട്, വെറ്റിനറി ഫാം | ,, |
| 20 | ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം | ജി.ഒ.(ആർ.ടി.)3747/10/ തസ്വഭവ/29.11.10 |
| 21 | കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം | ,, |
| 22 | കൃഷി ഓഫീസർ, തെങ്ങിൻതൈ ഉത്പാദനകേന്ദ്രം | ,, |
| 23 | ഡെപ്യൂട്ടി/ അസി. ഡയറക്ടർ, ജേഴ്സി ഫാം | |
| 24 | സീനിയർ വെറ്റിനറി സർജൻ/ വെറ്റിനറി സർജൻ, പിഗ് ബ്രീഡിങ് യൂണിറ്റ് | |
| 25 | സൂപ്രണ്ട്, ബഫല്ലോ ബ്രീഡിങ് ഫാം | |

## 1.7 വാർഷികപദ്ധതി അവലോകനം

## വാർഷികപദ്ധതി അടങ്കൽ 48 കോടി രൂപ ; ചെലവ് 27 കോടി രൂപ

**1)** വിവിധ സ്രോതസ്സുകളിൽ 481535659 രൂപ വകയിരുത്തിയെങ്കിലും ആകെ 273004883 രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളു.

## അംഗീകരിച്ച പ്രോജക്ടുകൾ

| വിഭാഗം | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| പൊതുവിഭാഗം | 241 | 258 | 499 |
| എസ്.സി.പി. | 78 | 98 | 176 |
| ടി.എസ്.പി. | 15 | 18 | 33 |
| ആകെ | 334 | 374 | 708 |

## എ) മേഖലാതലവകയിരുത്തലും വിനിയോഗവും

## പൊതുവിഭാഗം

| വിഭാഗം | വകയിരുത്തിയ തുക | വിനിയോഗിച്ച തുക |
|---|---|---|
| ഉത്പാദനം | 44774616 | 23022298 |
| സേവനം | 40484996 | 20160339 |
| പശ്ചാത്തലം | 27319417 | 14967264 |
| മേഖലാ വിഭജനത്തിൽപ്പെടാത്തവ | 32428885 | 29163356 |
| ആകെ | 145007914 | 87313257 |

## പ്രത്യേകഘടകപദ്ധതി

| | | |
|---|---|---|
| ഉത്പാദനം | 12651290 | 7648535 |
| സേവനം | 66912859 | 36541367 |
| പശ്ചാത്തലം | 27124840 | 14168319 |
| മേഖലാ വിഭജനത്തിൽപ്പെടാത്തവ | 15649600 | 15649600 |
| ആകെ | 122338589 | 74007821 |

LOCAL FUND AUDIT DEPARTMENT

## പട്ടികഗോത്രവർഗഉപപദ്ധതി

| | | |
|---|---|---|
| ഉത്പാദനം | 1712000 | ഇല്ല |
| സേവനം | 12192688 | 7709890 |
| പശ്ചാത്തലം | 4507900 | 2412108 |
| മേഖലാ വിഭജനത്തിൽപ്പെടാത്തവ | 2400000 | 1900000 |
| ആകെ | 20812588 | 12021998 |
| ഒട്ടാകെ | 288159091 | 173343076 |

## അനുവദനീയമല്ലാത്ത ചെലവുകളുള്ള പ്രോജക്ടുകൾ

| | | |
|---|---|---|
| പൊതുവിഭാഗം - ഉത്പാദനം | 857020 | 956655 |
| പൊതുവിഭാഗം - സേവനം | 1000000 | 1140360 |

## സർക്കാർ നിർദേശപ്രകാരമുള്ള പ്രോജക്ടുകൾ

| | | |
|---|---|---|
| പൊതുവിഭാഗം- മേഖലാവിഭജനത്തിൽപെടാത്തത് | 500000 | 500000 |
| പ്രത്യേക ഘടകപദ്ധതി - സേവനം | 9736986 | 9736986 |
| റോഡ് പുനരുദ്ധാരണപദ്ധതി - ആകെ വിഹിതം | 57594415 | 41754933 |

## ബി) 2011-12 വർഷം ലഭിച്ച വികസനഫണ്ടിന്റെ വിശദാംശങ്ങൾ (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 207934904 | 152569000 | 360503904 | 227432010 | 133071894 |

2011-12 ലെ ആദ്യത്തെ 11 മാസം കൊണ്ട് ചെലവഴിച്ചതിനേക്കാൾ കൂടുതൽ 2012 മാർച്ചിൽ മാത്രം ചെലവഴിച്ചു. 2011 ഏപ്രിൽ മുതൽ 2012 ഫെബ്രുവരി വരെയുള്ള ആകെ ചെലവ് 105889386 രൂപയാണ്. എന്നാൽ2012 മാർച്ചിൽ മാത്രം ചെലവ് 121542624 രൂപയാണ്.

പദ്ധതിച്ചെലവുകൾ ബഹുഭൂരിഭാഗവും മാർച്ച് മാസത്തിലായതിനാൽ പദ്ധതി നടത്തിപ്പിൽ വളരെയധികം പാളിച്ചകൾ സംഭവിക്കുന്നു. ചെലവുശതമാനം ഉയരുന്നതല്ലാതെ പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നുമില്ല. ചെലവുകൾ മാർച്ച് മാസത്തിൽ കേന്ദ്രീകരിക്കുന്നത് ശരിയായ പ്രവണതയല്ല. ഇത് ഒഴിവാക്കുന്നതിന് കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.

## സി) മെയിന്റനൻസ് ഫണ്ട് വിനിയോഗവിവരം

| വിഭാഗം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| റോഡ് | 4912948 | 27953000 | 32865948 | 27589554 | 76.07 |
| നോൺ റോഡ് | 23089936 | 5185000 | 28274936 | 11668532 | 45.14 |
| ആകെ | 28002884 | 33138000 | 61140884 | 39258086 | 63.20 |

## 1.8 പദ്ധതി രൂപീകരണവും അംഗീകാരവും

തദ്ദേശസ്വയംഭരണവകുപ്പിന്റെ 14.5.07 ലെ ജി.ഒ.(എം.എസ്.) 128/07 പ്രകാരം പുറപ്പെടുവിച്ച 11-ാം പദ്ധതി മാർഗരേഖയിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് 2011-12 ലെ വാർഷികപദ്ധതി രൂപീകരിക്കുന്നതിനും അംഗീകാരം വാങ്ങുന്നതിനും സർക്കാർ നിശ്ചയിച്ച അവസാന തീയതികളും (ജി.ഒ.(എം.എസ്.) 257/10/തസ്വഭവ/6.11.10, ജി.ഒ.(ആർ.ടി.) 1436/11/തസ്വഭവ/16.6.11 എന്നിവ പ്രകാരം) ജില്ലാപഞ്ചായത്ത് പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങിയ തീയതികളും ചുവടെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

| ക്രമ നം | പ്രവർത്തനങ്ങൾ | സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച തീയതി | ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ തീയതി | കുറിപ്പുകൾ |
|---|---|---|---|---|
| 1 | വർക്കിങ് ഗ്രൂപ്പുകളുടെ പുന:സംഘടന | 1.12.10 | 31.12.10 | 13 വർക്കിങ് ഗ്രൂപ്പുകൾ രൂപീകരിച്ചു. |
| 2 | വർക്കിങ് ഗ്രൂപ്പുകൾ വികസനാവസ്ഥ അപഗ്രഥനം ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കൽ | 6.12.10 | 25.2.11<br>28.2.11<br>(തീരു 1/16.2.11) | |
| 3 | വർക്കിങ് ഗ്രൂപ്പ് റിപ്പോർട്ടുകൾ ക്രോഡീകരിക്കൽ | 13.12.10 | | |
| 4 | സ്റ്റേക്ക് ഹോൾഡർ കൂടിയാലോചന (41 പേരെ 18.1.11 ൽ തീരുമാനിച്ചു.) | 17.12.10 | 29.1.11 | 53 പേർ പങ്കെടുത്തു. ഭൂരിഭാഗവും ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായിരുന്നു. യഥാർത്ഥ സ്റ്റേക്ക് ഹോൾഡർമാർ വിരലിൽ എണ്ണാവുന്നവർ മാത്രം. |
| 5 | ഗ്രാമസഭ പോലുള്ള സെഷനുകൾ (തീരു. 1(2)/ 18.1.11 രണ്ടു മണിക്ക് എം.ടി. സെമിനാരിയിൽ) | 5.1.11 | 5.2.11 | 90 പേർ പങ്കെടുത്തു. പങ്കെടുക്കേണ്ടിയിരുന്നത് ജില്ലാ പഞ്ചായത്ത് അംഗങ്ങൾ -23, 73 ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ - 292, 11 ബ്ലോക്ക് പഞ്ചായത്തുകളിലെ അംഗങ്ങൾ - 148 ആകെ - 463 പേർ |
| 6 | കരട് പദ്ധതി തയ്യാറാക്കൽ | 15.1.11 | 22.2.11 | - |
| 7 | വികസനസെമിനാർ (11 മണിക്ക് കെ.ഡി.പി. കോൺഫറൻസ് ഹാൾ) | 20.1.11 | 28.2.11<br>(തീരു 1/16.2.11) | 73 പേർ പങ്കെടുത്തു. |
| 8 | പ്രോജക്ടുകൾ തയ്യാറാക്കിയതിനു ശേഷം പദ്ധതിക്ക് അന്തിമ രൂപം നൽകി ടി.എ.ജി.ക്ക് സമർപ്പിക്കൽ | 2.7.11 | 26.7.11 | - |
| 9 | ഡി.പി.സി. അംഗീകാരം | 11.7.11 | 24.11.11 | - |

പദ്ധതി രൂപീകരണത്തിനും അംഗീകാരത്തിനും യഥാസമയം നടപടികൾ കൈക്കൊള്ളാതിരുന്നത് നിർവഹണത്തിന്റെ കാര്യക്ഷമതയെ ബാധിച്ചു.

## 1.8.1 വർക്കിംഗ് ഗ്രൂപ്പുകൾ

ഭരണസമിതിയുടെ 31.12.10 ലെ തീരുമാനം നമ്പർ 2 പ്രകാരം ജില്ലാ പഞ്ചായത്ത് രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം താഴെ പറയുന്നു.

LOCAL FUND AUDIT DEPARTMENT

| | വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയം | ചെയർമാൻ/ ചെയർപേഴ്സൺ | വൈസ് ചെയർമാൻ/ വൈസ് ചെയർപേഴ്സൺ | കൺവീനർ | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1 | നീർത്തട പരിപാലനം | പ്രസിഡന്റ് | പി.കെ. ദിനേശൻ | പി.എ.ഒ. | 26 |
| 2 | പ്രാദേശിക സാമ്പത്തിക വികസനം | ഫിൽസൺ മാത്യൂസ് | കോട്ടയം ബാബു രാജ് ലേബർ ഓഫീസർ (റിട്ട.) | മാനേജർ ഡി. ഐ.സി. | 18 |
| 3 | ദാരിദ്ര്യലഘൂകരണം | പ്രസിഡന്റ് | പ്രോജക്ട് ഡയറക്ടർ പി.എ.യു. | ഡി.എം.സി. കുടുംബശ്രീ | 17 |
| 4 | പട്ടികജാതി വികസനം | എൻ.ജെ. പ്രസാദ് | കെ.വി. കരുണാകരൻ | ഡി.എസ്.സി. ഡി.ഒ. | 15 |
| 5 | വനിത/ശിശുവികസനം | അനിതാ ഷാജി | ഷെർളി കുര്യൻ | ഡി.പി.ഒ. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസ് | 8 |
| 6 | ആരോഗ്യം | ബീനാമ്മ ഫ്രാൻസിസ് | ഡോ. രാജു | ഡി.എം.ഒ. (ഐ. എസ്.എം.) ജോ. കൺവീനർമാർ ഡി.എം. ഒ. (എ.എച്ച്.പി.) ഡി.എം.ഒ. (എച്ച്.) | 17 |
| 7 | ജലവിതരണം, ശുചിത്വം, ഖരമാലിന്യ നിർമ്മാർജ്ജനം | ജോസ്മോൻ | വർഗ്ഗീസ് | എ.ഡി.സി. (ജനറൽ) കോട്ടയം | 21 |
| 8 | വിദ്യാഭ്യാസം | ലാലി സത്യൻ | പ്രമീളാദേവി | ഡി.ഡി. | 11 |
| 9 | പശ്ചാത്തലവികസനം | ഉഷാ വിജയൻ | ചാക്കോ ജോസഫ് | ഇ.ഇ. എൽ. എസ്.ജി.ഡി. | 10 |
| 10 | സാമൂഹ്യസുരക്ഷിതത്വം | മിനി ബാബു | ജോർജ്.വി.തോമസ് | ഡി.പി.ഒ. സാമൂഹ്യക്ഷേമം | 9 |
| 11 | ഊർജ്ജം | ബിജു പുന്നന്താനം | പി.എസ്. കുര്യൻ | സെക്രട്ടറി | 13 |
| 12 | സദ്ഭരണം | പ്രസിഡന്റ് | ഫ്രെനി | സെക്രട്ടറി | 11 |
| 13 | പട്ടികവർഗ്ഗ വികസനം | പ്രസിഡന്റ് | സുരേഷ് | പി.ഒ., ഐ.റ്റി. ഡി.പി. | 12 |

LOCAL FUND AUDIT DEPARTMENT

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് ബുക്കുകൾ പ്രകാരം മിക്ക യോഗങ്ങളിലും കൺവീനർമാരുടെ നിർബന്ധ സാന്നിദ്ധ്യം ഉണ്ടായിട്ടില്ല. നീർത്തട പരിപാലനം, പ്രാദേശിക സാമ്പത്തിക വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളിൽ ബാങ്കുകളുടെ പ്രതിനിധികൾ വേണ്ടത്ര പങ്കെടുത്തതായി കാണുന്നില്ല.

ബന്ധപ്പെട്ട മേഖലയിൽ ഒമ്പതും പത്തും പദ്ധതികളിൽ ഏറ്റെടുത്ത പരിപാടികളുടെ പട്ടിക തയ്യാറാക്കുക, ചെലവുകളെ സംബന്ധിച്ച് ഐ.കെ.എം. തയ്യാറാക്കിയ റിപ്പോർട്ട് ട്രഷറിയിലെ കണക്കുമായി ഒത്തുനോക്കുക, ഭൗതിക/സാമ്പത്തിക നേട്ടങ്ങളെ സംബന്ധിച്ച പ്രധാന സൂചകങ്ങൾ തയ്യാറാക്കുക, ഒമ്പതും പത്തും പദ്ധതികളിലെ ഗുണഭോക്താക്കളുടെ സമ്പൂർണ്ണ പട്ടിക തയ്യാറാക്കുക, സൃഷ്ടിച്ച ആസ്തികളുടെ പട്ടിക തയ്യാറാക്കുക, പ്രോജക്ടുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥിതിവിവരകണക്ക് തയ്യാറാക്കുക, ഫീൽഡ് സന്ദർശനം നടത്തുക, ഗുണഭോക്താക്കളുമായി ചർച്ച നടത്തുക, പ്രധാന സ്റ്റേക്ക് ഹോൾഡർമാരുമായി ചർച്ച ചെയ്യുക, സർവേകളും പഠനങ്ങളും നടത്തുക തുടങ്ങിയ ചുമതലകൾ ആത്മാർത്ഥമായി നിറവേറ്റാനുള്ള ശ്രമങ്ങൾ വർക്കിംഗ് ഗ്രൂപ്പംഗങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇതു കൊണ്ടുതന്നെ പ്രോജക്ടുകളുടെ മേന്മ ഉറപ്പാക്കുക എന്ന പ്രഥമ

ചുമതല സ്തുത്യർഹമായി നിറവേറ്റാനായിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതും സബ്സിഡി മാനദണ്ഡങ്ങൾ ലംഘിക്കുന്നവയുമായ പ്രോജക്ടുകൾ തയ്യാറാക്കിയത് തെറ്റായ പദ്ധതി നിർവഹണത്തിനിടയാക്കിയിട്ടുണ്ട്. ആസൂത്രണ നടപടിക്രമങ്ങൾ ഏകോപിപ്പിക്കുന്നതിന് സ്പെഷ്യൽ പ്ലാൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചതായി കാണുന്നില്ല.

## 1.8.2 സ്റ്റേക്ക് ഹോൾഡർ മീറ്റിംഗ് : നിർദ്ദേശങ്ങളിന്മേൽ തുടർനടപടികൾ കൈക്കൊണ്ടിട്ടില്ല

ജില്ലാ പഞ്ചായത്ത് ഹാളിൽ 29.1.11 ന് ചേർന്ന സ്റ്റേക്ക് ഹോൾഡർ യോഗത്തിന്റെ മിനിറ്റ്സ് ബുക്ക് പ്രകാരം, ചർച്ചകളിൽ ഉയർന്നു വന്ന പല നല്ല നിർദ്ദേശങ്ങൾക്കും തീരുമാനങ്ങൾക്കും തുടർനടപടികളുണ്ടായതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

കരിയാർ സ്പിൽവേ പണി തുടങ്ങണമെന്ന നിർദ്ദേശം അംഗങ്ങൾ ഉന്നയിച്ചു. വെള്ളം കയറിക്കൊണ്ടിരിക്കുകയും ഓരു കയറുന്നതുമൂലം കൃഷിനാശം സംഭവിക്കുകയുമാണ്. കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും ഫണ്ട് ലാപ്സാവുകയാണ്. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ പണി ശ്രദ്ധിക്കുന്നില്ല. അവർ അനാസ്ഥ കാണിക്കുന്നു. ഈ അനാസ്ഥയ്ക്കെതിരെ ഗവൺമെന്റിൽ റിപ്പോർട്ട് ചെയ്യണമെന്ന് അംഗം ശ്രീ. ബാബു ജോസഫ് അറിയിച്ചു. ഇക്കാര്യത്തിൽ കൈക്കൊണ്ട തുടർ നടപടികൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പ്രിൻസിപ്പൽ ഫാമിംഗ് കോട്ടയം ജില്ലയിലും നടത്താൻ പറ്റുമെന്നും അതിന് ആനിക്കാട് സർവ്വീസ് സഹകരണ ബാങ്ക് സന്നദ്ധമാണെന്നും അറിയിച്ചു. ഇത് പരീക്ഷണാടിസ്ഥാനത്തിൽ കോഴ ഫാമിൽ നടപ്പിലാക്കി നോക്കാം എന്ന് അംഗങ്ങൾ അറിയിച്ചു. തീരുമാനം നടപ്പാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പൗൾട്രി ഫാമിൽ നിന്നും ക്ലസ്റ്റർ രീതിയിൽ കോഴിക്കുഞ്ഞുങ്ങളെ വാങ്ങി സി.ഡി.എസ്. വഴി എല്ലായിടത്തും നൽകി എല്ലാ വീടുകളിലും കോഴികളെ വളർത്തിയാൽ കോഴിമുട്ട ദൗർലഭ്യം പരിഹരിയ്ക്കാനാകുമെന്ന് നിർദ്ദേശം വന്നു. ഇതിന് വേണ്ടി സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്ത് ചെറിയ, ചെറിയ ഒരുപാട് പദ്ധതികൾ ഏറ്റെടുക്കാതെ എളുപ്പം നടപ്പിലാക്കുന്ന വലിയ പ്രോജക്ടുകൾ ഏറ്റെടുത്താൽ എക്സ്പെൻഡിച്ചർ എളുപ്പമാവുകയും പദ്ധതികൾ വളരെ വേഗം നടപ്പിലാക്കുകയും ചെയ്യുമെന്ന് അംഗം ശ്രീ. ദിനേശൻ അഭിപ്രായപ്പെട്ടു. വലിയ പ്രോജക്ടുകൾ ഏറ്റെടുക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കൊടൂരാറിന് സ്വാമിനാഥൻ കമ്മീഷനിൽ ഫണ്ട് ഉണ്ടെന്നും ഡീറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയെങ്കിൽ മാത്രമേ പദ്ധതികൾ നടപ്പിലാകൂ എന്നും വർഷങ്ങളായിട്ട് കൃഷി ചെയ്യാതെ തരിശുഭൂമി പുല്ല് പിടിച്ച് കിടക്കുന്നത് കണ്ടെത്തി അവിടെ കൃഷി നടത്തി ഭക്ഷ്യസുരക്ഷ നടപ്പാക്കണമെന്നും അംഗങ്ങൾ നിർദ്ദേശിച്ചു. ഈ നിർദ്ദേശം നടപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ ഉന്നമനത്തിനായി പദ്ധതികൾ നടപ്പിലാക്കണമെന്ന് നിർദ്ദേശം വന്നു. മുണ്ടക്കയം, ഈരാറ്റുപേട്ട എന്നീ ഡിവിഷനുകളിൽ പട്ടികവർഗ്ഗ ഫണ്ട് എളുപ്പം ചെലവഴിയ്ക്കാവുന്നതാണ് എന്നും തരിശുനിലം കൃഷി ചെയ്യാൻ പട്ടികജാതി സംഘങ്ങൾ, പട്ടികജാതി സൊസൈറ്റികൾ ഇവയ്ക്ക് നൽകണമെന്നും നിർദ്ദേശം വന്നു. ഈ നിർദ്ദേശം നടപ്പാക്കാതിരുന്നതിനുള്ള വിശദീകരണം നൽകേണ്ടതാണ്.

പല ബ്ലോക്ക് പട്ടികജാതി വികസനഓഫീസർമാരും എസ്.സി./എസ്.റ്റി. പദ്ധതികൾക്ക് ഫീസിബിലിറ്റി നൽകുവാൻ തയ്യാറാകുന്നില്ലെന്നും അത് പരിഹരിയ്ക്കണമെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. ഈ പ്രശ്നം പരിഹരിയ്ക്കാൻ കൈക്കൊണ്ട നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1.8.3 ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ (ജില്ലാ കളക്ടറുടെ) 15.06.12 ലെ 15/11/ഡി.പി.ഒ./കെ.റ്റി.എം.നമ്പർ നടപടിക്രമത്തിലെ അപാകതകൾ

1) പട്ടികവർഗ്ഗ പരിചരണ സേവന പാക്കേജ് പ്രകാരം പട്ടികജാതി വിഭാഗ പ്രോജക്ടുകൾ അംഗീകരിച്ചിരിക്കുന്നത് തെറ്റാണ്.

2) മുൻവർഷം വനിതാ ഘടക പദ്ധതിയിൽ വകയിരുത്തിയ 10% തുകയിൽ കുറവായി ചെലവഴിച്ച തുക പരിഹാര വകയിരുത്തലായി ഉൾപ്പെടുത്തിയതിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

3) ശിശുക്കൾ, വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായി മുൻവർഷം വകയിരുത്തിയ 5% തുകയിൽ കുറവായി ചെലവഴിച്ച തുക പരിഹാര വകയിരുത്തലായി ഉൾപ്പെടുത്തിയതിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

4) ഉൽപ്പാദന മേഖലയിലും, മേഖലാ വിഭജനത്തിൽപ്പെടാത്തവയിലും ഉൾപ്പെടുത്തേണ്ട ചില പ്രോജക്ടുകൾ തെറ്റായി പശ്ചാത്തലമേഖലയിൽ ഉൾപ്പെടുത്തി.

5) അങ്കണവാടികളുടെ പശ്ചാത്തല സൗകര്യങ്ങൾക്കുവേണ്ടി ഡി.പി.സി. വിഹിതം നിശ്ചയിക്കുകയോ ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

6) പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട ജലസേചന പ്രോജക്ടുകളാണ് ഭൂരിഭാഗവും ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തത്. പലതിനും കൃഷി ഓഫീസറുടെ ശരിയായ ആയക്കെട്ട് സർട്ടിഫിക്കറ്റ് ലഭ്യവുമല്ല.

7) ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയതിൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചു എന്ന് ഉറപ്പാക്കിയിട്ടില്ല.

8) എച്ച്.ഐ.വി.ബാധിതർക്ക് പോഷകാഹാരം നൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടത് ജില്ലാ പഞ്ചായത്ത് അല്ല. (സർക്കുലർ നം.4466/ഡി.ഡി.2/09/തസ്വഭവ/02.02.09)

9) എസ്.സി./എസ്.റ്റി. വിഭാഗങ്ങൾ ഒഴികെയുള്ള വിഭാഗങ്ങളിലെ വനിതകൾ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ എന്നിവരുടേയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റുള്ളവരുടേയും കോഴ്സ് ഫീസ്, പരീക്ഷാ ഫീസ് എന്നിവ വഹിക്കാവുന്നത് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. (തസ്വഭ വകുപ്പിന്റെ 06.10.09 ലെ സർക്കുലർ നം.48360/എഫ്.എം.1/09 കാണുക)

10) എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട പത്താംതരം തുല്യതാകോഴ്സിന്റെ ഫീസ് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിക്കുന്നതിനാൽ ഇവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകാൻ പാടില്ല. (തസ്വഭവകുപ്പിന്റെ 6.10.09 ലെ സർക്കുലർ നം.48360/എഫ്.എം.1/09 കാണുക.)

11) സിഡ്കോ നിർമ്മിക്കാത്ത സാധന സാമഗ്രികൾ സിഡ്കോയിൽ നിന്ന് ടെന്റർ/കൊട്ടേഷൻ കൂടാതെ വാങ്ങുന്നത് വിലക്കിയിട്ടും ഇപ്രകാരം വാങ്ങാൻ പ്രോജക്ടുകൾ തയ്യാറാക്കി.

12) ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, വെയിറ്റിംഗ് ഷെഡ് നിർമ്മാണം എന്നിവയ്ക്ക് ജില്ലാ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കി.

13) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ചു എന്നുറപ്പാക്കുന്ന രേഖകളുടെ പിൻബലമില്ലാതെ സംയുക്ത സംരംഭങ്ങൾ തയ്യാറാക്കിയതിനാൽ ഭൂരിഭാഗവും നടപ്പായില്ല.

14) സ്കൂളുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറാത്തവയായിട്ടും സ്കൂളുകളുടെ പ്രവർത്തനത്തിനായി ജില്ലാ പഞ്ചായത്ത് ഫണ്ട് വകയിരുത്തി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകി.

15) ജില്ലാ പഞ്ചായത്തിന്റെ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടേയും സേവനം പ്രയോജനപ്പെടുത്താത്തത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സെക്രട്ടറി എന്നിവർക്ക് നിയന്ത്രണാതീതമാംവിധം ജോലി ഭാരമുണ്ടാക്കി. (ജി.ഒ.(പി).177/06/ഫിൻ/12.04.06 കാണുക.)

16) പത്ത് ലക്ഷത്തിൽ താഴെ അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുത്തത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. (ജി.ഒ.(എം.എസ്.)199/08/തസ്വഭവ/11.07.08 കാണുക.)

17) പാർശ്വസംരക്ഷണഭിത്തി നിർമ്മാണം പശ്ചാത്തലമേഖലയിൽപ്പെടുത്താതെ ഉൽപ്പാദന മേഖലയിൽ പെടുത്തിയത് മാർഗ്ഗരേഖയുടെ ലംഘനമാണ്.

18) സമഗ്രവികസനത്തിന്റെ ഭാഗമല്ലാതെയും സേവനമേഖലയിൽ ഉൾപ്പെടുത്താതെയും നടപ്പാത നിർമ്മാണത്തിനുള്ള പ്രോജക്ടുകൾ ഏറ്റെടുത്തു. (തസ്വഭവകുപ്പിന്റെ 16.1.10 ലെ സർക്കുലർ നം.2073/ഡി.എ.1/10 കാണുക.)

19) ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട മരാമത്ത് പണികളാണ് (റോഡ് പണികളുൾപ്പെടെ) ഭൂരിഭാഗവും ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തത്.

20) പട്ടികവർഗ ഉപപദ്ധതി വിഹിതത്തിന്റെ 50% എങ്കിലും പരിചരണ സേവനങ്ങൾക്ക് വകയിരുത്തണമെന്ന വ്യവസ്ഥ പാലിച്ചില്ല. വകയിരുത്തിയ തുക തന്നെ ചെലവഴിച്ചത് റോഡു പണികൾക്കാണ്

21) പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിന്റെ 20% ൽ കൂടുതൽ പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താൻ പാടില്ലെന്ന നിർദ്ദേശം ലംഘിച്ചു. (ജി.ഒ. (ആർ.ടി.) 2307/07/തസ്വഭവ/23.08.07 കാണുക.)

22) പട്ടികജാതി/പട്ടികവർഗ്ഗ പ്രോജക്ടുകളിൽ ചിലതിനോടൊപ്പം സോഷ്യൽ മാപ്പും സർട്ടിഫിക്കറ്റും വച്ചിട്ടില്ല. (സർക്കുലർ നം.69989/ഡി.എ.1/07/തസ്വഭവ/31.12.07 കാണുക.)

23) പഴുമല പട്ടികവർഗ കോളനിയുടെ സമഗ്രവികസനം എന്ന പ്രോജക്ടിൽ സബ്സിഡി മാനദണ്ഡം ലംഘിച്ചു.

24) പട്ടികവർഗ്ഗ പദ്ധതി വിഹിതം റോഡ് നിർമ്മാണത്തിന് വകയിരുത്തരുതെന്ന നിഷ്ക്കർഷ പാലിച്ചില്ല.

25) തനത് ഫണ്ട് വകയിരുത്തിയതിൽ യാഥാർത്ഥ്യ ബോധം പുലർത്തിയിട്ടില്ല.
ശരിയായ സൂക്ഷ്മ പരിശോധന നടത്താതെ പ്രോജക്ടുകൾ ശുപാർശ ചെയ്യുന്ന ടി.എ.ജി. മെമ്പർമാർക്കെതിരെ ജില്ലാ കളക്ടർ ഉചിതമായ നടപടിയെടുക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശത്തിലേയ്ക്ക് സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1.8.4 അന്തിമപദ്ധതിരേഖയിലെ പ്രോജക്ടുകൾ : ഡി.പി.സി.യുടെ അന്തിമനടപടിക്രമത്തിൽ ഒഴിവാക്കി

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും അടങ്ങിയ വർക്കിങ് ഗ്രൂപ്പുകൾ വിവിധ ജനവിഭാഗങ്ങളുടെ ആവശ്യങ്ങളും വിവിധ പ്രദേശങ്ങളുടെ വികസനപ്രശ്നങ്ങളും കണക്കിലെടുത്താണ് പ്രോജക്ടുകൾ തയ്യാറാക്കുന്നത്. ഗ്രാമസഭ പോലുള്ള സെഷനുകൾ, വികസനസെമിനാർ, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചനകൾ, സ്റ്റാൻഡിങ് കമ്മിറ്റികളിലെയും സ്റ്റിയറിങ് കമ്മിറ്റികളിലെയും ഭരണസമിതിയോഗങ്ങളി

LOCAL FUND AUDIT DEPARTMENT

ലെയും ചർച്ചകൾ എന്നിങ്ങനെ നിരവധി ഘട്ടങ്ങളിലൂടെ രൂപപ്പെട്ടുവരുന്ന പ്രോജക്ടുകൾക്ക് മുൻഗണന നിശ്ചയിച്ച് തയ്യാറാക്കി പൂർത്തിയാക്കുന്ന സുപ്രധാന രേഖയാണ് അന്തിമപദ്ധതിരേഖ. ഒട്ടേറെ ധനവ്യയവും മനുഷ്യാധ്വാനവും ആവശ്യമുള്ളതും സുദീർഘവും ക്രമാനുഗതവുമായ ഒരു നടപടിക്രമത്തിന്റെ അന്തിമഫലവുമായ പദ്ധതി രേഖയിൽ ഉൾപ്പെട്ട പ്രോജക്ടുകൾ തദ്ദേശസ്വയംഭരണവകുപ്പിന്റെ 11.12.08 ലെ ജി.ഒ.(എം.എസ്.) 328/08 പ്രകാരമുള്ള കാരണങ്ങളാലല്ലാതെ മാറ്റിമറിക്കുന്നത് ഒരു തരത്തിലും അനുവദനീയമല്ല.

2011-12 ൽ ടെൻഡർ എക്സസ് നൽകുന്നതിനുവേണ്ടിയും ഐ.എ.വൈ. വിഹിതം ഉയർത്തുന്നതിനുവേണ്ടിയും പ്രത്യേകസർക്കാർ ഉത്തരവുകൾ പ്രകാരവും 28.12.11, 24.2.12, 12.3.12 എന്നീ തീയതികളിലെ ഭരണസമിതി തീരുമാനമനുസരിച്ച് ഭേദഗതി വരുത്തിയ പ്രോജക്ടുകൾ 2012-13 ൽ അതേ മേഖലയിൽതന്നെ നിലനിർത്താനുള്ള ഭരണസമിതി തീരുമാനം (1(4)/27.3.12) ശ്രദ്ധയിൽപ്പെടുത്തുന്നു.

## പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടത്തിപ്പിലെ പൊതുഅപാകതകളും

### 1.9 പ്രോജക്ടുകൾ നടപ്പാക്കിയില്ല

പ്രദേശത്തിന്റെ വികസനവും പ്രദേശവാസികളുടെ ക്ഷേമവും ഉറപ്പാക്കുന്നതിനുവേണ്ടി ഗ്രാമസഭകളിലൂടെ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന പ്രോജക്ടുകളാണ് വികസന സെമിനാറിലെയും സ്റ്റാന്റിംഗ് കമ്മിറ്റികളിലെയും ഭരണസമിതിയിലെയും ചർച്ചകൾക്കും സാങ്കേതികോപദേശസമിതിയുടെ അംഗീകാരത്തിനും ശേഷം നിർവഹണോദ്യോഗസ്ഥർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നത്. വിവിധ തരത്തിലും തലത്തിലുംപെട്ട ജനവിഭാഗങ്ങളുടെയും ജീവനക്കാരുടെയും അധ്വാനവും സമയവും പൊതുധനവും പൊതുസൗകര്യങ്ങളും ഏറെ പ്രയോജനപ്പെടുത്തിയാണ് ഓരോ പ്രോജക്ടും തയ്യാറാക്കുന്നത്. ഇങ്ങനെ വലിയ പരിശ്രമത്തിലൂടെ രൂപപ്പെടുത്തുന്ന പ്രോജക്ടുകൾ നിറവേറ്റാതിരിക്കുന്ന നിർവഹണോദ്യോഗസ്ഥരുടെ നടപടി അതീവ ഗുരുതരമായ കൃത്യവിലോപമാണ്. പദ്ധതിരൂപീകരണത്തിനുള്ള ക്ലേശവും തയ്യാറെടുപ്പും നിർവഹണത്തിലും മോണിറ്ററിംഗിലും ജനപ്രതിനിധികളും ജീവനക്കാരും വർക്കിംഗ് ഗ്രൂപ്പുകളും ഗ്രാമസഭകളും തുടർന്ന് ഏറ്റെടുക്കുന്നില്ല. നിർവഹണത്തിൽ വിമുഖത കാണിക്കുന്നതിന്റെ കാരണം കണ്ടെത്തി പരിഹരിക്കാനോ നിർവഹണ പ്രശ്നങ്ങൾ പരിഹരിക്കാനോ വേണ്ടത്ര ഇടപെടലുകൾ ഉണ്ടാകുന്നില്ല. വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവഴിക്കുന്നതുപോലെ നിരുത്തരവാദപരമായ പ്രവൃത്തിയാണ് അങ്ങേയറ്റം ദരിദ്രമായ കുടുംബങ്ങളെയും വ്യക്തികളെയും പ്രദേശങ്ങളെയും മുന്നിൽ കണ്ട് തയ്യാറാക്കിയ പ്രോജക്ടുകൾ നടപ്പാക്കാതിരിക്കുന്നത്. വിവരാവകാശനിയമവും മറ്റും നിലവിൽ വന്നെങ്കിലും നിയമപരിജ്ഞാനക്കുറവും ഗ്രാമസഭകളിലൂടെ ശക്തമായി ഇടപെടാനുള്ള ശേഷിയില്ലായ്മയും പൗരസമൂഹത്തിന്റെ ജാഗ്രത വേണ്ടത്ര ശക്തിപ്രാപിച്ചിട്ടില്ല. ജനപ്രതിനിധികൾക്കും ജീവനക്കാർക്കുമെന്നതുപോലെ പൗരസമൂഹത്തിന് വേണ്ടത്ര പരിശീലനവും ലഭ്യമല്ല. പ്രോജക്ടുകൾ നടപ്പാക്കാത്ത നിർവഹണോദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം തേടാനോ അവർക്കെതിരെ ഉചിതമായ അച്ചടക്കനടപടിയെടുക്കാനോ ഭരണസമിതി തയ്യാറാകാത്തത് പണമുണ്ടായിട്ടും വികസനപ്രവർത്തനങ്ങൾ നടക്കാതിരിക്കാനും ജനസമൂഹത്തിന് വികസനപ്രവർത്തനത്തിലുള്ള വിശ്വാസ്യത കുറയാനുമിടയാക്കുന്നു. വിവിധ നിർവഹണോദ്യോഗസ്ഥർ 208530776 രൂപ (481535659-273004883) അടങ്കൽ വകയിരുത്തി ആവിഷ്കരിച്ച 326 (708-382) പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിന്റെ സാഹചര്യം ഭരണസമിതിയിൽ ചർച്ച ചെയ്ത് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## 1.9.1 മേഖല മാറ്റി ഫണ്ട് വിനിയോഗം

2011-12 ൽ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 30 ശതമാനമെങ്കിലും ഉൽപ്പാദനമേഖലയിലും (ജി.ഒ.(എം.എസ്.) 11/10/തസ്വഭവ/15.1.10 പ്രകാരം) 40 ശതമാനത്തിൽ കവിയാതെ പശ്ചാത്തല മേഖലയിലും (ജി.ഒ. (ആർ.ടി.)1055/11/തസ്വഭവ/23.4.11 പ്രകാരം) വകയിരുത്തി ചെലവഴിക്കേണ്ടതാണ്. ഓരോ മേഖലയിലും വകയിരുത്തേണ്ട പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് പതിനൊന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഹ്രസ്വമായും പ്രോജക്ട് ഫോറങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ പട്ടിക രൂപത്തിൽ വിശദമായും പ്രതിപാദിച്ചിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന്റെ പദ്ധതിരേഖയിൽ ഉൽപ്പാദനമേഖലയിൽപ്പെടുത്താൻ പാടില്ലാത്ത പ്രോജക്ടുകൾ ഉൾപ്പെടുത്തിയാണ് മിനിമം തുക വകയിരുത്തിയിരിക്കുന്നത്. പശ്ചാത്തലമേഖലയ്ക്ക് പരമാവധി പരിധി നിശ്ചയിച്ചിരിക്കുന്നതിനാൽ, പശ്ചാത്തലമേഖലയിൽപ്പെടുത്തേണ്ട, പല പ്രോജ്കടുകളും ഉൽപ്പാദനമേഖലയിൽ ഉൾപ്പെടുത്തിയത് മാർഗ്ഗരേഖയിലെ നിബന്ധനകൾ മറികടന്ന് ഫണ്ട് മേഖല മാറ്റി ചെലവഴിക്കുന്നതിന് തുല്യമാണ്. മേഖല തെറ്റിച്ച് പൊതുവിഭാഗം ഫണ്ട് ചെലവഴിച്ചതിന്റെ ചില ഉദാഹരണങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | പ്രോജക്ട് നം. | നടപ്പാക്കിയ പ്രോജക്ടിന്റെ പേര് | ഉൾപ്പെടുത്തേണ്ട മേഖല | ഉൾപ്പെടുത്തിയ മേഖല | ചെലവഴിച്ച വികസന ഫണ്ട് |
|---|---|---|---|---|---|
| 1 | 2/12 | വെള്ളൂർ തോട്ടിലെ കൈമാറ്റം പാടശേഖരം പുറം ബണ്ട് ബലപ്പെടുത്തലും സംരക്ഷണഭിത്തി നിർമ്മാണവും (പാമ്പാടി) | പശ്ചാത്തല മേഖല | ഉൽപ്പാദന മേഖല | 201483 |
| 2 | 3/12 | മേന്നേൽകരി കിഴക്കേപ്പുറം ബണ്ട് ബലപ്പെടുത്തൽ (അയ്മനം) | ,, | ,, | 162998 |
| 3 | 5/12 | 15, 16 വാർഡുകളിലെ തേമ്പ്രവാൽകടവ് ബണ്ട് നിർമ്മാണം (മണർകാട്) | ,, | ,, | 220309 |
| 4 | 21/12 | മാന്നാർ തെക്കുംപുറം പാടശേഖരത്തിന് പുറം ബണ്ട് (കടുത്തുരുത്തി) | ,, | ,, | 737734 |
| 5 | 384/12 | മടം-വിലങ്ങുചിറ തോടിന്റെ നീരൊഴുക്ക് ശക്തമാക്കൽ, ബണ്ട് നിർമ്മാണം (ആർപ്പൂക്കര) | ,, | ,, | 378745 |
| 6 | 385/12 | പരിപ്പ് പാലം മുതൽ പുത്തൻതോട് മുട്ടേൽപാലം വരെ ആഴം കൂട്ടൽ, ബണ്ട് നിർമ്മാണം (അയ്മനം) | ,, | ,, | 890193 |
| 7 | 394/12 | പായ്വട്ടം കറുകപ്പാടം കേളക്കരി മണ്ണ് ബണ്ട് (ആർപ്പൂക്കര) | ,, | ,, | 585141 |
| 8 | 817/12 | നാനാടം മാർക്കറ്റ് സ്റ്റാൾ (ഉദയനാപുരം) | ,, | ,, | 54110 |
| 9 | 44/12 | കുമ്മണ്ണൂർ കിഴക്കുംഭാഗം കുടിവെള്ളപദ്ധതി (കിടങ്ങൂർ) | മേഖലാവിഭജനത്തിൽപ്പെടാത്തവ | ഉൽപ്പാദനം | 870305 |

LOCAL FUND AUDIT DEPARTMENT

| | | | | | |
|---|---|---|---|---|---|
| 10 | 69/12 | പതിക്കൽ കുടിവെള്ള പദ്ധതി പൂർത്തീകരണം | ,, | ,, | 850732 |
| 11 | 80/12 | നെയ്യൂർ കുടിവെള്ള പദ്ധതി (മുത്തോലി) | ,, | ,, | 545428 |
| 12 | 81/12 | കിണർ, വാട്ടർ ടാങ്ക് നിർമ്മാണം, ജലവിതരണം (കടനാട്) | സേവനം | ,, | 262515 |

## 1.9.2 എ) ജനറൽ പർപ്പസ് ഗ്രാന്റ് വകയിരുത്തിയത് ഒന്നേ മുക്കാൽ കോടി: ചെലവഴിച്ചത് അരക്കോടി

തനത് വരുമാനത്തിൽ നിന്ന് (ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുൾപ്പെടെ) എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും വികസനേതരച്ചെലവുകളും വഹിച്ചതിനുശേഷമുള്ള മിച്ചം പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് വികസനഫണ്ടിൽ കൂട്ടിച്ചേർക്കണം. ഈ തുക മുൻവർഷത്തെ യഥാർത്ഥ തുകയെ അടിസ്ഥാനമാക്കിയതും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതുമായിരിക്കണം (പതിനൊന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 7(5) കാണുക.)

തനത് ഫണ്ട് (ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ ജനറൽ പർപ്പസ് ഫണ്ട്) മതിയായ തോതിൽ ലഭിക്കുമെന്ന് ഉറപ്പുണ്ടെങ്കിലേ പ്രോജക്ടിൽ ഉൾപ്പെടുത്താവൂ എന്നും തനത് ഫണ്ടിന്റെ കുറവ് നികത്താൻ വികസനഫണ്ട് ഉപയോഗിക്കരുതെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. (ജി.ഒ.(എം.എസ്.)183/07 തസ്വഭവ/24.07.07 ഖണ്ഡിക 6.17.4 പ്രകാരം)

മേൽപ്പറഞ്ഞ നിഷ്ക്കർഷകളുണ്ടായിരുന്നിട്ടും 2010-11 ൽ പദ്ധതിയുടെ ഭാഗമായി ജനറൽ പർപ്പസ് ഗ്രാന്റ് ചെലവാക്കാതിരുന്നിട്ടും 2011-12 ൽ 62 പ്രോജക്ടുകളിലായി 1,75,29,335/- രൂപ വകയിരുത്താനും 56,15,280/- രൂപ (32%) മാത്രം ചെലവഴിക്കാനുമിടയായ സാഹചര്യം സെക്രട്ടറി വ്യക്തമാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## ബി) ജനറൽ പർപ്പസ് ഗ്രാന്റ് വിനിയോഗം ഭരണസമിതി അറിയാതെ

അതത് തദ്ദേശസ്വയംഭരണ സ്ഥാപനം തീരുമാനിക്കുന്ന പ്രകാരമാണ് ജനറൽ പർപ്പസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. എന്നാൽ ജില്ലാ പഞ്ചായത്തിന് ലഭിച്ച 1,25,00,000/- രൂപ വിനിയോഗിച്ചത് ഭരണസമിതിയുടെ തീരുമാനപ്രകാരമല്ല. ജനറൽ പർപ്പസ് ഗ്രാന്റിന്റെ ചെലവുകൾ തുടർന്നുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പരിശോധിച്ചിട്ടുമില്ല. ഇക്കാരണത്താൽ ചെലവിന്റെ നിജസ്ഥിതി ജനപ്രതിനിധികളെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട ചെലവുകൾക്ക് (ഒബ്ലിഗേറ്ററി എക്സ്പെൻസസ്) വിനിയോഗിക്കുന്നതിന് പാലിയ്ക്കേണ്ട നടപടിക്രമങ്ങൾ (ജി.ഒ.(എം.എസ്.)330/04/തസ്വഭവ/09.12.04 പ്രകാരം) പാലിച്ചിട്ടില്ല. കൈമാറിയ ഓഫീസുകളുടെ/സ്ഥാപനങ്ങളുടെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ഫണ്ടിന്റെ ലഭ്യത വിശദീകരിക്കുകയും വേണ്ട ചെലവുകളുടെ വിശദാംശങ്ങൾ ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക അനുവദിക്കുക, എല്ലാ മാസവും അഞ്ചാം തീയതിയ്ക്കകം വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുക, ഗ്രാന്റിന്റെ വരവു ചെലവിനെ സംബന്ധിച്ച പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുക, തുടങ്ങിയ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. ഇക്കാരണത്താൽ ഫണ്ടിന്റെ ചെലവ് ആവശ്യാധിഷ്ഠിതമാണെന്ന് ഉറപ്പാക്കാനായിട്ടില്ല.

## 1.9.3 ഏറ്റെടുക്കാൻ പാടില്ലാത്ത പ്രോജക്ടുകൾ ഏറ്റെടുത്തത് സർക്കാർ ഉത്തരവിന്റെ ലംഘനം

പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ (2007-2012) ജില്ലാ പഞ്ചായത്തുകൾക്ക് താഴെപ്പറയുന്ന ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിലും അടിയന്തിരഘട്ടങ്ങളിലുമല്ലാതെ പത്ത് ലക്ഷത്തിൽ താഴെ അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. (ജി.ഒ.(എം.എസ്.) 199/08/തസ്വഭവ/11.7.08 ഖണ്ഡിക 9.2 കാണുക.)

1) മുമ്പ് തുടങ്ങിയ പ്രോജക്ടുകൾ പൂർത്തീകരിക്കുക/കമ്മീഷൻ ചെയ്യുക.
2) വരൾച്ച/വെള്ളപ്പൊക്കം മറ്റ് പ്രകൃതിക്ഷോഭങ്ങൾ എന്നിവ നേരിടുക.
3) കൈമാറിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ/പുതുക്കിപ്പണിയൽ/കൂട്ടിച്ചേർക്കലുകൾ
4) സാമഗ്രികൾ വാങ്ങൽ

മേൽ പറഞ്ഞ വിഭാഗത്തിൽപെടാത്തവയും 10 ലക്ഷത്തിൽ കുറഞ്ഞ അടങ്കലുള്ളവയുമായ പ്രോജക്ടുകൾ ഏറ്റെടുത്തത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട ചെറിയ പ്രോജക്ടുകൾ ഏറ്റെടുക്കുക വഴി ചുമതലാ വിഭജനത്തിലെ കൃത്യത ഉറപ്പാക്കാതിരിക്കുകയും ധനനഷ്ടവും സമയനഷ്ടവും ഉണ്ടാവുകയുമാണ് ചെയ്യുന്നത്. പദ്ധതി പരിശോധനാഘട്ടത്തിൽ ടി.എ.ജി. യും അംഗീകാരഘട്ടത്തിൽ ഡി.പി.സി യും വേണ്ടത്ര ജാഗ്രത കാണിക്കാതിരിക്കുന്നതും മാർഗരേഖയുടെ ലംഘനത്തിന് ഇടയാക്കി. (ഖണ്ഡിക 3.20.7 കാണുക.)

## 1.10 ആസ്തി രജിസ്റ്റർ - തയ്യാറാക്കിയിട്ടില്ല

LOCAL FUND AUDIT DEPARTMENT

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ എം.ജി.പി.യുടെ ഭാഗമായി തയ്യാറാക്കാൻ 2005 ൽ സർക്കാർ നിർദ്ദേശിക്കുകയും (ജി.ഒ.(എം.എസ്.)363/05/തസ്വഭവ/02.12.05) ആസ്തി വിവര ശേഖരണം 2005-06 ൽ പൂർത്തിയാക്കി രജിസ്റ്ററുകൾ തയ്യാറാക്കുകയും ചെയ്തിരുന്നു. ഈ വിവരങ്ങൾ ഐ.കെ.എം. വികസിപ്പിച്ച 'സചിത്ര' ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഉപയോഗിച്ച് ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ പരിശോധിച്ച് കുറ്റമറ്റതാക്കുന്ന പ്രക്രിയ 15.03.10 നകം പൂർത്തിയാക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. (തസ്വഭ വകുപ്പിന്റെ 13.01.10 ലെ സർക്കുലർ നമ്പർ 58608/ഡി.ബി.2/09 പ്രകാരം)

കർശനമായ നിർദ്ദേശം നൽകിയിട്ടും കൃത്യമായ വിവരങ്ങളോടെ ആസ്തി രജിസ്റ്റർ തയ്യാറാക്കാതിരുന്നതിനാൽ 20.11.11 നകം ആസ്തി രജിസ്റ്ററുകൾ ശരിയായ രീതിയിൽ തയ്യാറാക്കി 25.11.11 നകം ജില്ലാ പഞ്ചായത്ത് തസ്വഭ വകുപ്പിന്റെ അഡീഷണൽ സെക്രട്ടറിക്ക് നൽകണമെന്ന് ആവർത്തിച്ച് നിർദ്ദേശം നൽകിയിരുന്നു.

20.11.11 നകം ആസ്തി രജിസ്റ്റർ തയ്യാറാക്കി ഐ.കെ.എം.ന് നൽകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് തടഞ്ഞു വയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതും വീഴ്ച വരുത്തുന്ന സെക്രട്ടറിക്കും എൻജിനീയർക്കുമെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് കൂടി ഓർമ്മിപ്പിച്ചിരുന്നു. (തസ്വഭ വകുപ്പിന്റെ 13.10.11 ലെ സർക്കുലർ നമ്പർ 50412/ഡി.ഡി.2/11 പ്രകാരം)

ആവശ്യമുള്ള ജീവനക്കാരുടെ അഭാവവും പദ്ധതി പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന പ്രയാസവും കാരണം മേൽപ്പറഞ്ഞ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാതെ വന്നതിനാൽ സമയപരിധി 20.01.12 വരെ വീണ്ടും നീട്ടി നൽകി. ഈ ആവശ്യത്തിന് ആവശ്യമെങ്കിൽ യോഗ്യരായ ഒന്നോ രണ്ടോ പേരെ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് (ഐ.ടി.ഐ. സിവിൽ/സിവിൽ ഡിപ്ലോമയുള്ളവരെ) 400/- രൂപ നിരക്കിൽ ദിവസ വേതനം നൽകി

നിയമിക്കാനും അനുമതി നൽകിയിരുന്നു. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06.01.12 ലെ ജി.ഒ.(ആർ.ടി.)59/12 പ്രകാരം.)

തുടർന്ന് ആസ്തി രജിസ്റ്റർ പുതുക്കി ഐ.കെ.എം.ന് നൽകേണ്ട തീയതി 21.05.12 വരെ നീട്ടിയിരുന്നു. (സർക്കുലർ നമ്പർ 50412/ഡി.ഡി.2/12/തസ്വഭവ/23.05.12 പ്രകാരം). എന്നാൽ ജില്ലാ പഞ്ചായത്തിൽ നാളിതുവരെ, കൃത്യവും പൂർണ്ണവും ശരിയുമായ വിവരങ്ങളുടെ പിൻബലത്തോടെ ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

ഒന്നാം നമ്പർ ആസ്തി രജിസ്റ്ററിൽ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടേയോ (ഫോറം 1 എഫ്) കെട്ടിടങ്ങളുടേയോ (ഫോറം 2 ഇ) കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ജില്ലാ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് നമ്പരില്ല. ഓഫീസിന്റെ ബോർഡിൽ ജില്ലയുടെ പേര് ചേർത്തിട്ടില്ല. കെട്ടിട നിർമ്മാണം സംബന്ധിച്ച പെർമിറ്റ് തുടങ്ങിയ രേഖകളും ലഭ്യമല്ല. ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ ലഭ്യമല്ല.

റോഡുകൾ (ഫോറം 3), ലെയിനുകൾ (ഫോറം 4) കലുങ്കുകളും പാലങ്ങളും (ഫോറം 5) എന്നിവയുടെ വിവരങ്ങൾ ചേർക്കേണ്ട രണ്ടാം നമ്പർ രജിസ്റ്ററിൽ റോഡുകളെ സംബന്ധിച്ച പ്രധാന വിവരങ്ങളൊന്നും ചേർത്തിട്ടില്ല. (റോഡിന്റെ പേര്, തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലം, തരം, നീളം, വീതി, ക്യാരേജ്‌വേയുടെ വീതി, ഉപരിതലത്തിന്റെ രീതി, നിർമ്മാണ വർഷം, ഒടുവിൽ അറ്റകുറ്റപ്പണി നടത്തിയതിന്റെ വിവരണം തുടങ്ങിയവ.)

മൂന്നാം നമ്പർ ആസ്തി രജിസ്റ്ററിൽ കുടിവെള്ളം (ഫോറം 6) ജലസേചനം (ഫോറം 7) വൈദ്യുതി (ഫോറം 8) എന്നിവയുമായി ബന്ധപ്പെട്ട ആസ്തികളുടെ വിശദാംശങ്ങൾ ആധികാരികമായി രേഖപ്പെടുത്തേണ്ടതാണെങ്കിലും ചെയ്തിട്ടില്ല.

ജംഗമവസ്തുക്കൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ട നാലാം നമ്പർ രജിസ്റ്ററിൽ (ഫോറം 10) വേണ്ട രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് സാംഖ്യയുമായി സംയോജിപ്പിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. (ജി.ഒ.(എം.എസ്).212/12/തസ്വഭവ/06.08.12 കാണുക.)

കിടങ്ങൂർ പി.കെ.വി.സ്മാരക വനിതാ ലൈബ്രറിയുടെ കീഴിൽ പ്രവർത്തിക്കുന്ന വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിന് കെട്ടിടം പണിയുന്നതിന് 1.20 ആർ സ്ഥലം ശ്രീമതി ബിന്ദു ജി.നായർ വിട്ടുകൊടുത്തിരുന്നു. ഈ സ്ഥലത്ത് നിർമ്മിച്ച വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ കെട്ടിടം ജില്ലാ പഞ്ചായത്തിന്റെ ആസ്തിയായി ചേർത്ത് കിട്ടാൻ ഭരണസമിതി കൈക്കൊണ്ട തീരുമാനം (നമ്പർ 7/12.03.12) നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## 1.11 വാഹനങ്ങളുടെ പരിപാലനം

ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാഹനം | രജിസ്റ്റർ നമ്പർ | വാങ്ങിയ വർഷം | ഉപയോഗിക്കുന്ന അധികാരി |
|---|---|---|---|
| മാരുതി സ്വിഫ്റ്റ് ഡിസയർ | കെ.എൽ.05-എസി -5058 | 2011 | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| മഹീന്ദ്രാ സൈലോ | കെ.എൽ 05-എഇ-9480 | 2012 | ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് |
| അംബാസഡർ ഗ്രാന്റ് | കെ.എൽ 05-വി-3333 | 2005 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി |
| അംബാസഡർ | കെ.എൽ.05-പി-9449 | 2003 | എക്സിക്യൂട്ടീവ് എൻജിനിയർ, എൽ.എസ്.ജി.ഡി. |
| മഹീന്ദ്രാ ബൊലീറോ ജീപ്പ് | കെ.എൽ.05-എ.എഫ്. -4416 | 2012 | ജില്ലാ പഞ്ചായത്ത് ഓഫീസ് ഉപയോഗത്തിന് |

വാഹനങ്ങളുടെ പരിപാലനത്തെ സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. (ജി.ഒ.(എം.എസ്.) 170/07/തസ്വഭവ/30.6.07 പ്രകാരം)

1. ഓരോ വാഹനത്തെ സംബന്ധിച്ചും നിർബന്ധമായി സൂക്ഷിക്കേണ്ട രേഖകളിൽ ലോഗ്ബുക്ക് ഒഴികെയുള്ള താഴെപ്പറയുന്ന രേഖകൾ കൃത്യമായ രേഖപ്പെടുത്തലുകളോടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി സൂക്ഷിച്ചിട്ടില്ല.
   എ) പെട്രോൾ/ഗ്യാസ്/ ഓയിൽ എന്നിവയ്ക്കുള്ള ഓർഡർ ബുക്ക്
   ബി) റിപ്പയർ രജിസ്റ്റർ
   സി) സ്റ്റോക്ക് രജിസ്റ്റർ
   ഡി) ഫ്യുവൽ രജിസ്റ്റർ
2. ആറുമാസത്തിലൊരിക്കൽ ഇന്ധനക്ഷമത ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്ന നിബന്ധന പാലിച്ചിട്ടില്ല.
3. ഇന്ധനടാങ്കിൽ ഫുൾ കപ്പാസിറ്റിയിൽ ഇന്ധനം നിറയ്ക്കണമെന്ന നിർദേശവും പാലിക്കുന്നില്ല.ചില സന്ദർഭങ്ങളിൽ ഫുൾടാങ്ക് കപ്പാസിറ്റിയിൽ കൂടുതൽ ഇന്ധനം നിറയ്ക്കാൻ ഇൻഡന്റ് നൽകിയതായി കാണുന്നത് ഈ മേഖലയിലെ അശ്രദ്ധയിലേക്കും ക്രമക്കേടിലേക്കും വിരൽ ചൂണ്ടുന്നു.
4. യാത്രകളെ സംബന്ധിച്ച എല്ലാ വിശദീകരണങ്ങളും ലോഗ് ബുക്കിന്റെ ബന്ധപ്പെട്ട കോളങ്ങളിൽ യഥാക്രമം യഥാസമയം കൃത്യമായും പൂർണമായും രേഖപ്പെടുത്താനും ആധികാരികമാക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
5. ജില്ലാപഞ്ചായത്തിൽ മൂന്ന് തസ്തികകളിൽ ഡ്രൈവർമാർ ഉണ്ടായിരിക്കുകയും ശമ്പളം കൈപ്പറ്റുകയും ചെയ്യുന്നതിനാൽ ദിനവേതനാടിസ്ഥാനത്തിലുള്ള നിയമനം വഴി മറ്റു ഡ്രൈവർമാർക്ക് വേതനം നൽകുന്നത് അനുവദനീയമല്ല.

LOCAL FUND AUDIT DEPARTMENT

# ഭാഗം 2 :വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

LOCAL FUND AUDIT DEPARTMENT

## 2.1 പദ്ധതിവിഹിതം നിശ്ചിത ശതമാനം ചെലവാക്കാത്തതിനാൽ നഷ്ടപ്പെട്ടത് 28 കോടിയിലേറെ

ജില്ലാ പഞ്ചായത്തിന് 2009-10 ൽ ലഭിച്ച സംസ്ഥാന പദ്ധതിവിഹിതത്തിന്റെ 80 ശതമാനത്തിൽ കുറവായി ചെലവഴിച്ച തുക 2011-12 ൽ കുറവു വരുത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു. (നാലാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് ധനകാര്യവകുപ്പിന്റെ 22.12.2007 ലെ ജി.ഒ.(പി.)603/07 ന്റെ അടിസ്ഥാനത്തിൽ 2011-12 ലെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം 4 പ്രകാരമാണ് ഇപ്രകാരം വിഹിതം വെട്ടിക്കുറച്ചത്.)

| വിഹിതം | ലഭിക്കേണ്ട തുക | ലഭിച്ച തുക | വെട്ടിക്കുറച്ച തുക |
|---|---|---|---|
| വികസനഫണ്ട് | 216541000 | 152569000 | 63972000 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 25841000 | 20656000 | 5185000 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 30862000 | 27903000 | 2959000 |
| ആകെ | 273244000 | 201128000 | 72116000 |

ഓരോ വർഷവും അനുവദിക്കുന്ന സംസ്ഥാന പദ്ധതിവിഹിതത്തിൽ നിന്ന് നിർബന്ധമായും ചെലവാക്കേണ്ട മിനിമം തുക പോലും ചെലവഴിക്കാതിരുന്നതിനാൽ മുൻവർഷങ്ങളിലേതുൾപ്പെടെ നാളിതുവരെ നഷ്ടപ്പെട്ട സംസ്ഥാന ബജറ്റ് വിഹിതത്തിന്റെ വിവരം താഴെപ്പറയുന്നു.

| ക്രമ. നം. | നിശ്ചിത ശതമാനത്തേക്കാൾ കുറവായി ചെലവഴിച്ച വർഷം | കുറവ് വരുത്തിയ ബജറ്റ് വർഷം | നഷ്ടപ്പെട്ട മെയിന്റനൻസ് ഫണ്ട് | നഷ്ടപ്പെട്ട വികസന ഫണ്ട് | ആകെ |
|---|---|---|---|---|---|
| 1 | 2006-07 | 08-09 | 12000 | - | 12000 |
| 2 | 2007-08 | 09-10 | 8415000 | - | 8415000 |
| 3 | 2008-09 | 10-11 | 27649815 | 46323745 | 73973560 |
| 4 | 2009-10 | 11-12 | 23565000 | 63972000 | 87537000 |
| 5 | 2010-11 | 12-13 | 13732000 | 101132000 | 114864000 |
| | ആകെ | | 73373815 | 211427745 | 284801560 |

കഴിഞ്ഞകാല പദ്ധതി നിർവ്വഹണത്തിലെ പാളിച്ചകൾ മൂലം ഭീമമായ തുക ഷോർട്ട്ഫാളായി വന്നിരിക്കുന്നത് ആശങ്കാജനകമാണെന്ന് ജില്ലാപഞ്ചായത്ത് തന്നെ വിലയിരുത്തിയിട്ടുണ്ട്. (2011-12 അന്തിമപദ്ധതിരേഖ പേജ് 9 കാണുക.)

LOCAL FUND AUDIT DEPARTMENT

# ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

LOCAL FUND AUDIT DEPARTMENT

## 3.1 സംയുക്തസംരംഭങ്ങൾ : പരസ്പരധാരണയില്ലാത്തതിനാൽ പരാജയപ്പെടുന്നു

ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾക്ക് അവയുടെ അറിവും അനുവാദവുമില്ലാതെ ജില്ലാ പഞ്ചായത്തുകൾ സാമ്പത്തികവർഷാവസാനം കൈമാറുന്ന തുക ചെലവാക്കാൻ കഴിയാതെ വരുന്ന സാഹചര്യം നിലവിലുണ്ട്. മറ്റ് സ്ഥാപനങ്ങളുമായി കൂടിയാലോചിക്കാതെ അവയുടെ വിഹിതം കൂടി വകയിരുത്തി ചില തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ (ജില്ലാ പഞ്ചായത്തുൾപ്പെടെ) ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാത്ത അവസ്ഥയുമുണ്ടാകുന്നുണ്ട്. ഇത്തരം തെറ്റായ പ്രവണതകൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന്, സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ പാലിയ്ക്കേണ്ട താഴെപറയുന്ന നിബന്ധനകൾ സർക്കാർ ഉത്തരവ് വഴി പുറപ്പെടുവിച്ചിട്ടുണ്ട്. (ജി.ഒ. (ആർ.ടി.) 192/10/ത.സ്വ.ഭ.വ/19.2.10 പ്രകാരം)

1) പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശസ്ഥാപനങ്ങളുടെ മേധാവികൾ യോഗം ചേർന്ന് ചർച്ച നടത്തി കൈമാറേണ്ട തുക സംബന്ധിച്ച് തീരുമാനമെടുക്കണം. ഈ യോഗത്തിന്റെ മിനിറ്റ്സിന്റെ കോപ്പി പങ്കാളികളാകുന്ന എല്ലാ സ്ഥാപനങ്ങളുടെയും പ്രോജക്ടിനൊപ്പം ഉൾപ്പെടുത്തണം.

2) വിഹിതം കൈമാറാൻ തീരുമാനിക്കുന്ന സ്ഥാപനം ഭരണസമിതി തീരുമാനത്തിന്റെ കോപ്പി നടപ്പാക്കുന്ന സ്ഥാപനത്തിന് നൽകണം. തീരുമാനത്തിൽ തുക, സ്രോതസ്സ്, നൽകുന്ന തീയതി എന്നിവ ചേർക്കണം. ബന്ധപ്പെട്ട എല്ലാ ഭരണസമിതി തീരുമാനങ്ങളുടെയും കോപ്പി ഉൾപ്പെടെയായിരിക്കണം നടപ്പാക്കുന്ന സ്ഥാപനം പ്രോജക്ട് സമർപ്പിക്കേണ്ടത്.

3) ഡി.പി.സി. പ്രോജക്ടുകൾക്ക് അംഗീകാരം നൽകേണ്ടത് മേൽപറഞ്ഞ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം.

4) നിശ്ചിത തീയതിയ്ക്കകം വിഹിതം കൈമാറേണ്ടതാണ്. യാതൊരു കാരണവശാലും അത് ഡിസംബർ 31 ന് ശേഷമാകാൻ പാടില്ല.

5) ഏതെങ്കിലും കാരണത്താൽ പ്രോജക്ട് നടപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ നടപ്പാക്കേണ്ട സ്ഥാപനം ജനുവരി 31-നകം തിരികെ നൽകണം.

6) മേൽപറഞ്ഞ രീതിയിൽ ആവിഷ്കരിച്ച പ്രോജക്ടുകളുടേതല്ലാത്ത വിഹിതം സ്ഥാപനങ്ങൾ തമ്മിൽ കൈമാറാൻ പാടില്ല. ഇതിന്റെ ഉത്തരവാദിത്തം സെക്രട്ടറിമാർക്കാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനാൽ താഴെപറയുന്ന സംയുക്ത പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാതെ വരുകയും അക്കാരണത്താൽ തന്നെ പണമുണ്ടായിട്ടും സമൂഹത്തിന് കിട്ടേണ്ട പ്രയോജനം ലഭിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിലേക്ക് സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

LOCAL FUND AUDIT DEPARTMENT

| ക്രമനം | പ്രോജക്ട് നമ്പർ | പ്രോജക്ട് | ജില്ലാപഞ്ചായത്ത് വിഹിതം | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | ഗ്രാമപഞ്ചായത്ത് വിഹിതം | |
|---|---|---|---|---|---|---|---|---|
| | | | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |
| 1 | 367/12 | മത്സ്യമാർക്കറ്റ് നവീകരണം (പായിപ്പാട്) | 500000 | 500000 (21100315/18.2.12) | 200000 (മാടപ്പള്ളി) | - | - | - |
| 2 | 368/12 | നേരേകടവ് ഫിഷ്ലാന്റിങ് സെന്റർ വികസനം (ഉദയനാപുരം) | 550000 | 550000 | - | - | 210000 (ഉദയനാപുരം) | - |
| 3 | 374/12 | വാരിയാനിക്കാട് ജലസേചനപദ്ധതി (തിടനാട്) | 560000 | 560000 | - | - | 650120 (തിടനാട്) | - |
| 4 | 391/12 | ഇടമറുക് ഭാഗം വനിതാ ഗ്രൂപ്പ് സംരംഭ കർക്ക് ഷെഡ് (മേലുകാവ്) | 300000 | 300000 (21100312/18.2.12) | 300000 (ഈരാറ്റുപേട്ട) | - | - | - |
| 5 | 83/12 | കുളത്തുംകുഴി കുടിവെള്ളപദ്ധതി (പാമ്പാടി) | 500000 | 500000 | 300000 | - | - | - |
| 6 | 96/12 | ശ്മശാനത്തിന് ചുറ്റുമതിൽ (കിടങ്ങൂർ) | 300000 | 300000 | 200000 | 228689 | 200000 | - |
| 7 | 375/12 | കുന്നത്തുമല ജലസേചനപദ്ധതി പൂർത്തീകരണം (മീനടം) | 500000 | 500000 | 350000 | - | 350000 (മീനടം) | - |
| 8 | 395/12 | പറപ്പള്ളിക്കുന്ന് ജലവിതരണപദ്ധതി | 385000 | 385000 | 469056 (പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്) | - | - | - |
| 9 | 407/12 | ആയുർവേദാശുപത്രി മെയിന്റനൻസും അനുബന്ധസൗകര്യങ്ങളും (പാമ്പാടി) | 300000 | 300000 (21100351/2.3.12) | - | - | 9000 (പാമ്പാടി) | - |
| 10 | 812/12 | ടൗൺ കുടിവെള്ളപദ്ധതി ടാങ്ക്, പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ (ഏറ്റുമാനൂർ) | 600000 | 600000 | - | - | 1470000 (ഏറ്റുമാനൂർ) | - |
| 11 | 830/12 | പൊൻകുന്നേൽ കുടിവെള്ളപദ്ധതി (കിടങ്ങൂർ) | 590000 | 590000 | - | - | 10000 (കിടങ്ങൂർ) | - |
| 12 | 831/12 | പട്ട്യാലിമറ്റം പൊതുകിണർ നവീകരണം (അകലക്കുന്നം) | 495000 (എം.ജി.) | 495000 (എം. ജി.) | - | - | 5000 (അകലക്കുന്നം) | - |

LOCAL FUND AUDIT DEPARTMENT

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13 | 833/12 | വൈക്കോലപാടത്തിന് കുടിവെള്ളകിണർ മെയിന്റനൻസ് | 240000 250000 (എം.ജി.) | 240000 250000 (എം. ജി.) | - | - | 10000 (മുത്തോലി) | - |
| 14 | 834/12 | തെങ്ങുംതോട്ടം കുടിവെള്ളപദ്ധതി (മുത്തോലി) | 170000 | 170000 | - | - | 10000 (മുത്തോലി) | - |
| 15 | 835/12 | വൈക്കോൽപ്പാടം കുടിവെള്ളപദ്ധതി | 89000 | 89000 | - | - | 1000 (മുത്തോലി) | - |
| 16 | 486/12 | തഴയ്ക്കമറ്റം - കാരിക്കോട്പടി റോഡ് (മീനടം) | 300000 | 300000 | 200000 | - | - | - |
| 17 | 513/12 | വലിയതോട്ടിൽ ശാന്തിഘട്ട് ശാസ്താം കാവ് ഭാഗത്ത് തടയണ നിർമാണം (വാഴൂർ) | 855556 | 855556 | 200000 | - | - | - |
| 18 | 769/12 | കല്ലമ്പാറ കമ്യൂണിറ്റി ഹാൾ നിർമാണം (കാണക്കാരി) | 250000 | 250000 | 200000 | - | 250000 (കാണക്കാരി) | - |
| 19 | 432/12 | പാലപ്ര കുടിവെള്ളപദ്ധതി | 400000 | 400000 | 600000 | - | 1000000 (പാറത്തോട്) | - |
| 20 | 464/12 | കടക്കുഴി കുടിവെള്ളപദ്ധതി (വാഴൂർ) | 280000 | 280000 | 133333 | - | - | - |
| 21 | 123/12 | സമഗ്രക്ഷീരവികസനം (2010-11 സ്പിൽ ഓവർ) | 3500000 | 3500000 | 1833030 (വൈക്കം) | - | 316970 | - |
| 22 | 584/12 | ഒന്നാം വാർഡിൽ 58 കോളനിയിൽ വനിതാ തൊഴിൽ പരിശീലനകേന്ദ്രം (പള്ളിക്കത്തോട്) | 300000 | 300000 | 900000 (പാമ്പാടി) | - | - | - |
| 23 | 535/12 | ചിറക്കടവ് കരിമുണ്ട കോളനി അടിസ്ഥാനസൗകര്യം (എസ്.സി.പി.) | 300000 | 300000 | - | - | 200000 | - |
| 24 | 564/12 | തുമ്പമട-മഹാകാളിപ്പാറ തമ്പലക്കാട് കുടിവെള്ളപദ്ധതി (കാഞ്ഞിരപ്പള്ളി) | 300000 | 300000 | 200000 | - | 170000 (കാഞ്ഞിരപ്പള്ളി) | - |
| 25 | 580/12 | മണ്ണാത്തിപ്പാറ കുടിവെള്ളപദ്ധതി പൂർത്തീകരണം (വാഴപ്പള്ളി) | 500000 | 500000 | - | - | 300000 (വാഴപ്പള്ളി) | - |

LOCAL FUND AUDIT DEPARTMENT

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 26 | 836/12 | നെടുമ്പള്ളി കുടിവെള്ളപദ്ധതി (ഏറ്റുമാനൂർ) | 600000 | 600000 | - | - | 10000 (ഏറ്റുമാനൂർ ) | - |
| 27 | 622/12 | പുതുച്ചിറക്കുഴി എസ്.സി. കോളനി റോഡ് കോൺക്രീറ്റിങ്- ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ | 1000000 | 1000000 | 450000 (മാടപ്പള്ളി) | - | - | - |
| 28 | 467/12 | കുറവിലങ്ങാട് ഡിവിഷൻ ജലനിധി പ്രോജക്ട് | 500000 | 500000 | - | - | - | |

LOCAL FUND AUDIT DEPARTMENT

## 3.2 അമിതമായ പത്രപരസ്യച്ചെലവ്

ദർഘാസ് പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുമ്പോൾ ചെലവ് പരമാവധി കുറയ്ക്കുന്നതിനായി പാലിക്കേണ്ട താഴെപ്പറയുന്ന വ്യവസ്ഥകൾ (ജി.ഒ.(ആർ.ടി.)1/2011/പി& എ.ആർ.ഡി./4.1.11 പ്രകാരം) ജില്ലാ പഞ്ചായത്ത് പാലിച്ചിട്ടില്ല.

1. പരസ്യങ്ങൾ പൂർണ രൂപത്തിൽ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതില്ല.
2. അടിസ്ഥാനവിവരങ്ങൾ മാത്രം സംക്ഷിപ്തമായി വിൻഡോ രൂപത്തിൽ 3 സെ.മി × 2 കോളം വലിപ്പത്തിൽ പ്രസിദ്ധീകരിച്ചാൽ മതിയാകും.
3. പൂർണവിവരങ്ങൾ വെബ്സൈറ്റിൽ മാത്രം നൽകിയാൽ മതിയാകും.
4. ജില്ലാ ഇൻഫർമേഷൻ ഓഫീസിൽനിന്ന് ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം റൊട്ടേഷൻ പ്രകാരം ഏറ്റവും പ്രചാരമുള്ള പത്രത്തെ തിരഞ്ഞെടുക്കേണ്ടത്. (സർക്കുലർ നമ്പർ 15744/ആർ.ഡി.1/07/തസ്വഭവ/8.12.09 പ്രകാരം)
5. ടെൻഡർ ചെയ്യുന്നതിനുള്ള വർധിച്ച ചെലവ് ഒഴിവാക്കുന്നതിന് ഒരു പരസ്യത്തിലൂടെ എല്ലാ മരാമത്ത് പ്രോജക്ടുകളും ഒരുമിച്ച് ടെൻഡർ ചെയ്യേണ്ടതാണ്. (തദ്ദേശസ്വയംഭരണവകുപ്പിന്റെ 24.7.07 ലെ ജി.ഒ.(എം.എസ്.) 183/07 ഖണ്ഡിക 6.12.4 കാണുക.)

മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിച്ച് അമിതമായ പരസ്യച്ചെലവ് ഒഴിവാക്കേണ്ടതാണ്. ചില ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമനം | പത്രം | പരസ്യത്തീയതി | പരസ്യവിഷയം | നൽകിയ തുക (വലിപ്പം × നിരക്ക്) | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | ഇന്ത്യൻ എക്സ്പ്രസ് | 17.12.11 | ടെൻഡർ നോട്ടീസ് | 88×185=16280 | 21100205/6.3.12 |
| 2 | മലയാള മനോരമ | 17.12.11 | ’’ | 80×200=16000 | 21100206/6.3.12 |
| 3 | വീക്ഷണം | 30.10.11 | ’’ | 44×115=5060 | 21200013/11.4.12 |
| 4 | വീക്ഷണം | 2.12.11 | ’’ | 30×105=3150 | ’’ |
| 5 | വീക്ഷണം | 5.1.11 | ’’ | 16×105=1680 | ’’ |
| 6 | വീക്ഷണം | 7.2.11 | ’’ | 20×115=2300 | ’’ |
| 7 | വീക്ഷണം | 7.2.11 | ’’ | 20×115=2300 | ’’ |
| 8 | വീക്ഷണം | 1.3.12 | ’’ | 16×115=1840 | 21200293/13.7.12 |
| 9 | മംഗളം | 30.10.11 | ’’ | 65×105=6825 | 21200014/11.4.12 |
| 10 | മംഗളം | 2.12.11 | ’’ | 122×90=10980 | ’’ |
| 11 | മംഗളം | 5.1.12 | ’’ | 64×90=5760 | 21100205/6.3.12 |
| 12 | മംഗളം | 7.2.12 | ’’ | 64×90=5760 | 21200014/11.4.12 |
| 13 | മംഗളം | 1.3.12 | ’’ | 64×90=5760 | ’’ |
| 14 | മാതൃഭൂമി | 17.12.11 | ’’ | 96×145=13920 | 21100208/6.3.12 |
| 15 | മലയാള മനോരമ | 6.1.12 | കവുങ്ങുംതറ പാടശേഖരം പെട്ടിയും പറയും (പ്രോജക്ട് നമ്പർ 352/12) ടെൻഡർ നോട്ടീസ് | 56×250=14000 | 21100269/29.3.12 |

LOCAL FUND AUDIT DEPARTMENT

| | | | | | |
|---|---|---|---|---|---|
| 16 | ദീപിക | 7.1.12 | മിച്ച ഭൂമിക്ക് പെട്ടി, പറ, മോട്ടോർ വാങ്ങൽ (പ്രോജക്ട് നമ്പർ 551/12) ടെൻഡർ നോട്ടീസ് | 96×78=7488 | ,, |
| ആകെ | | | | 119103 | |

## 3.3 നിയമവിധേയമല്ലാത്ത ചെലവുകൾ

പൊതു അവശ്യഗ്രാന്റിൽ നിന്നുള്ള താഴെപ്പറയുന്ന ചെലവുകൾ ഏതു നിയമവകുപ്പിന്റെ/ചട്ടത്തിന്റെ/സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ചെയ്തതെന്ന് വ്യക്തമാക്കേണ്ടതാണ്.

| ക്രമ. നം. | ചെലവിനം | ചെലവഴിച്ച തുക | വൗച്ചർ നം./ തീയതി | ട്രഷറിയിൽ നിന്ന് പണം പിൻവലിച്ച തീയതി |
|---|---|---|---|---|
| 1 | പാമ്പാടി ടെക്നിക്കൽ ഹൈസ്കൂളിൽ 4/10 മുതൽ 3/11 വരെ പത്രം വരുത്തിയതിന്റെ ചെലവ് | 2,928.00 | 1544432/04.07.11 | 25.08.11 |
| 2 | ജില്ലാ കളക്ടർക്ക് നൽകിയ ഓണാഘോഷ വിഹിതം | 10,000.00 | 2249101/29.08.11 | 12.09.11 |
| 3 | ക്ഷീരകർഷക സംഗമത്തിന് ധന സഹായം | 15,000.00 | 2249182/10.11.11 | 26.11.11 |
| 4 | ജനസമ്പർക്ക പരിപാടിയോടനുബന്ധിച്ച് മിൽമ സംഭാരം വിതരണം ചെയ്തതിന്റെ വില | 10,000.00 | 2249535/17.02.11 | 04.01.12 |
| 5 | ശുചിത്വകേരളം സംസ്ഥാനതല ഉൽഘാടനം ലോഗോ പ്രകാശനം | 2,200.00 | 2249518/06.12.11 | 01.01.12 |
| | ആകെ | 40,128.00 | | |

LOCAL FUND AUDIT DEPARTMENT

## 3.4 മഴക്കാലപൂർവ്വശുചീകരണം : 122916 രൂപ തടസ്സപ്പെടുത്തുന്നു

ഭരണസമിതി തീരുമാനത്തിന്റെ (നമ്പർ 1(6)/ 30.05.11) അടിസ്ഥാനത്തിൽ മഴക്കാല പൂർവ്വശുചീകരണത്തിനെന്ന പേരിൽ 10 മാസങ്ങളിലായി പൊതു ആവശ്യഗ്രാന്റിൽ നിന്ന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ പറയുന്നു. (ഫയൽ നമ്പർ സി.3/1948/11)

| ക്രമ.നം. | തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ | തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|
| 1 | ജി.എച്ച്.എസ്. അടുക്കം | 4,800 | 26.08.11 |
| 2 | ജി.വി.എച്ച്.എസ്.എസ്. പൊൻകുന്നം | 5000 | 1544496/26.08.11 |
| 3 | ജി.എച്ച്.എസ്, വാഴൂർ | 5000 | 1544497/28.08.11 |
| 4 | ജി.എച്ച്.എസ്.കുഴിമാവ് | 5000 | 2249184/11.11.11 |
| 5 | ജി.എച്ച്.എസ്.എസ്., നെടുങ്കുന്നം | 5000 | 1544500/27.08.11 |
| 6 | ഹൈസ്കൂൾ, പേട്ട | 5000 | 2249121/23.09.11 |
| 7 | RVGVHSS, ചേനപ്പാടി | 5000 | 2249126/24.09.11 |
| 8 | GHSS, തലയോലപ്പറമ്പ് | 5000 | 2249124/24.09.11 |
| 9 | GHS, മീനടം | 5000 | 2249122/23.09.11 |
| 10 | GVHSS, പെരുവ (ബോയ്സ്) | 5000 | 26.09.11 |
| 11 | GHSS, കാണക്കാരി | 5000 | 2249125/24.09.11 |

| | | | |
|---|---|---|---|
| 12 | GHS, കരിപ്പൂത്തിട്ട | 5000 | 2249512/02.12.11 |
| 13 | GVHSS, കോത്തല | 5000 | 2249190/17.11.11 |
| 14 | VHSS, കടുത്തുരുത്തി | 3700 | 2249128/24.09.11 |
| 15 | GDVHSS, വെച്ചൂർ | 5000 | 2249168/03.11.11 |
| 16 | GHSS, അരീപ്പറമ്പ് | 5000 | 2249169/03.11.11 |
| 17 | GHSS, കുലശേഖരമംഗലം | 5000 | 2249520/06.12.11 |
| 18 | PVSGHSS, പാമ്പാടി | 5000 | 2249522/06.12.11 |
| 19 | GVHSS, താഴത്തു വടകര | 5000 | 2249521/06.12.11 |
| 20 | GHSS, ചെങ്ങളം | 4416 | 2186406/16.02.12 |
| 21 | GVHSS, ഏറ്റുമാനൂർ | 5000 | 2186404/16.02.12 |
| 22 | GVHSS, പെരുവ (ഗേൾസ്) | 5000 | 2186405/16.02.12 |
| 23 | GVHSS, (ഗേൾസ്), തലയോലപ്പറമ്പ് | 5000 | 11.07.11 |
| 24 | AJJMGHSS, ആർപ്പൂക്കര | 5000 | 23.04.12 |
| 25 | MCVHSS, ഏറ്റുമാനൂർ | 5000 | 23.04.12 |
| 26 | GTTI | 5000 | 23.04.12 |
| | ആകെ | 1,22,916 | |

മഴക്കാലപൂർവശുചീകരണം എന്ന പേരിൽ നടത്തിയ ഈ ചെലവ് വർഷത്തിലെ ഒമ്പതു മാസങ്ങളിലായി മഴക്കാലാനന്തരമാസങ്ങളിലും നടത്തിയതായി കാണുന്നു. ഇത്തരമൊരു ശുചീകരണപരിപാടിക്ക് പണം നൽകുന്നുണ്ടെന്ന് എല്ലാ സ്ഥാപനങ്ങളെയും അറിയിച്ചതായി കാണുന്നില്ല. അതുകൊണ്ടുതന്നെ സുതാര്യമായിട്ടല്ല ഈ പണച്ചെലവ് നടത്തിയിരിക്കുന്നത്. മാത്രമല്ല, മേൽപ്പറഞ്ഞ ചെലവുകൾക്ക് ആധാരമായ നിയമവകുപ്പിന്റെയോ ചട്ടത്തിന്റെയോ സർക്കാർ ഉത്തരവിന്റെയോ വിവരങ്ങൾ ലഭ്യവുമല്ല. ഇക്കാരണങ്ങളാൽ 122916 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3.5 കേരളോൽസവം : ഫണ്ട് വിനിയോഗത്തിൽ പാകപ്പിഴകൾ

2011 ലെ കേരളോൽസവാഘോഷങ്ങൾക്ക് വേണ്ടി ജില്ലാപഞ്ചായത്തിന് ചെലവഴിക്കാനും ഗ്രാമ/ബ്ളോക്ക് പഞ്ചായത്തുകൾ സംഭാവനയായി ജില്ലാ പഞ്ചായത്തിന് നൽകാനും അനുമതി നൽകിയ പരമാവധി തുകയുടെ വിവരം (തസ്വഭവകുപ്പിന്റെ 24.11.11ലെ ജി.ഒ(ആർ,ടി)2772/11 പ്രകാരം ) താഴെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 3000 രൂപ |
| ബ്ളോക്ക്പഞ്ചായത്ത് | 10000 രൂപ |
| മുനിസിപ്പാലിറ്റി | 10000 രൂപ |
| ജില്ലാപഞ്ചായത്ത് | 50000 രൂപ |

2011 ഡിസംബർ 22,23 തീയതികളിലായി കോട്ടയത്ത് വെച്ച് നടന്ന ജില്ലാതല കേരളോൽസവത്തോടനുബന്ധിച്ചുള്ള വരവു ചെലവു വിവരങ്ങൾ താഴെപ്പറയുന്നു

| | |
|---|---|
| മുന്നിരിപ്പ്(പഞ്ചാബ് നാഷണൽ ബാങ്ക്) | 307449രൂപ |
| 3000രൂപ വീതം 19 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുക | 54000രൂപ |
| കോട്ടയം മുനിസിപ്പാലിറ്റിയിൽ നിന്ന് ലഭിച്ച തുക | 10000രൂപ |
| യൂത്ത് വെൽഫയർ ബോർഡിൽ നിന്ന് ലഭിച്ച തുക | 85000രൂപ |
| സമ്മാനത്തുക<br>(ഇതിൽ ചെലവായ 39000രു കഴിച്ച് ബാക്കി 65900 രൂപ തിരിച്ചടച്ചു) | 104900രൂപ |
| മാർച്ച് പാസ്റ്റിനുള്ള ഒന്നാം സമ്മാനം<br>(ഏറ്റുമാനൂർ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സംഭാവന) | 7501രൂപ |
| ആകെ | 568850 |
| ചെലവ് | 234387 |
| നീക്കിയിരിപ്പ് | 334463 |

LOCAL FUND AUDIT DEPARTMENT

മേൽപറഞ്ഞ വരവുചെലവുകളെ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. ചില തസ്വഭ സ്ഥാപനങ്ങളിൽ നിന്ന് മാത്രം തുക വാങ്ങുന്ന നടപടി ശരിയല്ല.
2. ആവശ്യത്തിന് തുക ലഭ്യമായിരിക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം സമാഹരിക്കുന്നത് ശരിയല്ല.
3. സമാഹരിച്ച തുക പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കാൻ ലഭിച്ച പ്രത്യേക സർക്കാർ അനുമതിയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3.6 ഉത്പാദനമേഖല

## കൃഷി

### എ) നിയമപരമായ ചുമതലകൾ നിറവേറ്റിയില്ല

മേഖലാകൃഷിയിടങ്ങളും ഗവേഷണകേന്ദ്രങ്ങളും ഒഴികെയുള്ള കൃഷിയിടങ്ങൾ നടത്തുക, ഒന്നിലധികം ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന സംയോജിത നീർമറികൾ നടത്തുക, കാർഷിക നിവേശങ്ങൾക്ക് വ്യവസ്ഥ ചെയ്യുക, മണ്ണ് പരിശോധിക്കുക, കീടങ്ങളെ നിയന്ത്രിക്കുക, കാർഷികോത്പന്നങ്ങളുടെ വിപണനം നടത്തുക, അലങ്കാര ച്ചെടികൾ കൃഷി ചെയ്യുക, കാർഷികസഹകരണം വളർത്തുക, വാണിജ്യവിളകൾ വികസിപ്പിക്കുക, ബയോടെക്നോളജി പ്രയോഗിക്കുക, പുതുമയുള്ള ഫീൽഡ് ട്രയലുകളും പൈലറ്റ് പ്രോജക്ടുകളും പ്രചരിപ്പിക്കുക, തദ്ദേശീയമായി ആവശ്യമായ ഗവേഷണങ്ങളും വികസനവും നടത്തുക എന്നിവയാണ് കാർഷികമേഖലയിൽ ജില്ലാപഞ്ചായത്ത് നിറവേറ്റേണ്ട ചുമതലകൾ (1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 173 (1), പട്ടിക 5 പ്രകാരം) ഈ ചുമതലകൾ നിറവേറ്റുന്നതിന്റെ ഭാഗമായുള്ള ബൃഹത്തായ പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തില്ല.

### ബി) പച്ചക്കറിത്തൈ വിതരണം - കൃത്യമായ കണക്ക് ലഭ്യമല്ല

| | |
|---|---|
| വൗച്ചർ നമ്പർ | 21100631/31.3.12 |
| തുക | 439800 രൂപ |

വി.എഫ്.പി.സി.കെ.-പച്ചക്കറി തൈകൾ ഉൽപ്പാദനവും വിതരണവും എന്ന പ്രോജക്ടിൽ (നം.351/12) വി.എഫ്.പി.സി.കെ. ഉൽപ്പാദിപ്പിച്ച വിവിധയിനം പച്ചക്കറിതൈകൾ ജില്ലയിലെ 23 കൃഷി ഭവനുകൾ വഴി വിവിധ എ.ഡി.എസുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഓഡിറ്റിൽ ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ വിവിധ കൃഷി ഭവനുകളിൽ വി.എഫ്.പി.സി.കെ വിതരണം നടത്തിയ തൈകളുടെ എണ്ണവും കൃഷിഭവനുകളിൽ നിന്നും ലഭ്യമാക്കിയ കൈപ്പറ്റ് രസീതുകളിലെ എണ്ണവും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു. മാത്രമല്ല പല കൃഷി ഭവനുകളിൽ നിന്നും വിതരണം ചെയ്തതിന് എ.ഡി.എസുകളിൽ നിന്നും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിച്ചിട്ടില്ല. ഈ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് (നം.2/11-12/16.10.12) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ 4,39,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### സി) ജലസേചനപ്രോജക്ടുകൾ

ഭൂജലസ്രോതസ്സുകൾ വികസിപ്പിക്കുക, കമാന്റ് ഏരിയ വികസിപ്പിക്കുക, ഒന്നിലധികം ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തിയ ചെറുകിട ജലസേചനപദ്ധതികൾ നിർമിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നിവയാണ് ചെറുകിടജലസേചനമേഖലയിൽ ജില്ലാ പഞ്ചായത്ത് നിറവേറ്റേണ്ട ചുമതലകൾ.

LOCAL FUND AUDIT DEPARTMENT

ഒരു ഗ്രാമപഞ്ചായത്തിനകത്ത് വരുന്ന എല്ലാ ചെറുകിടജലസേചനപദ്ധതികളും പരിപാലിക്കുകയും നടപ്പാക്കുകയും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. (കേരള പഞ്ചായത്ത് രാജ് നിയമം , വകുപ്പ് 166 (1) പട്ടിക 3 പ്രകാരം) ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുളള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിടജലസേചനപദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയാണ്. (കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 172 (1) പട്ടിക 4 പ്രകാരം )

ജലസേചനപരിപാടികളുടെ ഗുണഭോക്തൃപ്രദേശം നിർണയിക്കാൻ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് വേണം.

ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ നിയമപരമായ ചുമതലകളുടെ അതിർവരമ്പുകൾ ഭേദിച്ചുകൊണ്ടും കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ പിൻബലമില്ലാതെയുമാണ് ജലസേചനപ്രോജക്ടുകൾ ഏറ്റെടുത്തത്.

## 3.7 മൃഗസംരക്ഷണം

ജില്ലാതല മൃഗാശുപത്രികളും പരീക്ഷണശാലകളും നടത്തുക, ക്ഷീരവികസനയൂണിറ്റുകൾ നടത്തുക, ക്ഷീരോത്പാദകസഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കുക, റീജിയണൽ ഫാമുകളല്ലാത്ത ഫാമുകളും ബ്രീഡിങ് ഫാമുകളും ഗവേഷണകേന്ദ്രങ്ങളും നടത്തുക, ജില്ലാതല പരിശീലനം നടപ്പാക്കുക, രോഗപ്രതിരോധനടപടികൾ നടപ്പാക്കുക, ഫീൽഡ് ട്രയലുകളുടെയും പൈലറ്റ് പദ്ധതികളുടെയും നൂതനമാർഗങ്ങൾ പ്രചരിപ്പിക്കുക, പ്രാദേശികപ്രസക്തിയുളള ഗവേഷണവും വികസനവും നടത്തുക എന്നിവയാണ് മൃഗസംരക്ഷണ/ക്ഷീരോത്പാദനമേഖലയിൽ ജില്ലാപഞ്ചായത്ത് നിറവേറ്റേണ്ട ചുമതലകൾ (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 173 (1) പട്ടിക 5 പ്രകാരം )

## കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ

1. റീജിയണൽ പൗൾട്രിഫാം, മണർകാട്
2. റീജിയണൽ എ.ഐ. സെന്റർ, കാഞ്ഞിരപ്പളളി
3. റീജിയണൽ എ.ഐ. സെന്റർ, വൈക്കം
4. ജില്ലാ വെറ്ററിനറി കേന്ദ്രം, കോട്ടയം
5. മൊബൈൽ മൃഗാശുപത്രി, കോട്ടയം
6. മൊബൈൽ ഫാം എയ്ഡ് യൂണിറ്റ്, എരുമേലി

മേൽ പറഞ്ഞ സ്ഥാപനങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊളേളണ്ടതാണ്.

മൃഗസംരക്ഷണമേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകൾ താഴെപ്പറയുന്നു.

## എ) മണർകാട് പൗൾട്രി ഫാമിൽ കോഴിത്തീറ്റ വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | : 364/12 |
| പ്രോജക്ടിന്റെ പേര് | : മണർകാട് പൗൾട്രി ഫാമിൽ കോഴിത്തീറ്റ വാങ്ങൽ |
| ചെലവ് | : 1,05,749/- (വികസനഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | : ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് |

ഈ പ്രോജക്ടിൽ, കാർഷിക സർവ്വകലാശാലയിലെ വെറ്റിനറി വിഭാഗത്തിൽ (മണ്ണുത്തി) നിന്ന് 08.02.12 ലെ ഇൻവോയ്സ് (നമ്പർ 375/11-12) പ്രകാരം കിലോഗ്രാമിന് 19/- രൂപ നിരക്കിൽ 3700 കി.ഗ്രാം കോഴിത്തീറ്റ വാങ്ങി. ആകെ വിലയായ 70,300/- രൂപയിൽ

LOCAL FUND AUDIT DEPARTMENT

48,749/- രൂപ വികസന ഫണ്ടിൽ നിന്നും ബാക്കി 21551/- രൂപ റീജിയണൽ പൗൾട്രി ഫാം ഫണ്ടിൽ നിന്നും നൽകി.

01.02.2012 ലെ ഇൻവോയ്സ് (നമ്പർ 367/11-12) പ്രകാരം 19/- രൂപ നിരക്കിൽ 3000 കി.ഗ്രാം കോഴിത്തീറ്റ വാങ്ങിയ വകയിൽ 57,000/- രൂപ ചെലവഴിച്ചു. (ബിൽ നമ്പർ 1/11-12/30.03.12 ഡി.ഡി.നമ്പർ 523007/22.03.12) ആകെ ചെലവ് 1,05,749/- രൂപ (48749+57000).

## ബി) വൈക്കം റീജിയണൽ സെന്ററിൽ ഫോട്ടോകോപ്പിയറും മറ്റും വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | : 365/12 |
| പ്രോജക്ടിന്റെ പേര് | : വൈക്കം റീജിയണൽ സെന്ററിൽ ഫോട്ടോകോപ്പിയറും മറ്റും വാങ്ങൽ |
| ചെലവ് | : 71,162/- (വികസനഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | : ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് |

ഈ പ്രോജക്ടിൽ ഡി.ജി.എസ്. & ഡി. നിരക്കായ 43,162/- രൂപയ്ക്ക് RICOH കമ്പനിയുടെ ഡിജിറ്റൽ മൾട്ടി ഫംഗ്ഷണൽ പ്രിന്റർ (മോഡൽ എം.പി.1800 എൽ.2) പ്രഗതി ഏജൻസീസ് മുഖേന വാങ്ങി. (ഡിഡി നമ്പർ 523543/04.04.12, ബിൽ നമ്പർ 2/11-12/30.03.12) ഗ്യാലക്സി സിസ്റ്റംസിൽ നിന്ന് കമ്പ്യൂട്ടർ വാങ്ങിയ വകയിൽ 28,000/- രൂപ ചെലവഴിച്ചു (ബിൽ നമ്പർ 3/11-12/31.03.12)

മേൽപ്പറഞ്ഞ 2 പ്രോജക്ടുകളെ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ പറയുന്നു.

1) കോഴിത്തീറ്റ വാങ്ങുവാൻ, റിവോൾവിംഗ് ഫണ്ട് സമീപനം വഴി ഫാം ഫണ്ട് ഉപയോഗിക്കുന്നതിനു പകരം വികസനഫണ്ട് ഉപയോഗിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
2) പ്രിന്ററും കമ്പ്യൂട്ടറും വാങ്ങിയതിന് തസ്വഭ വകുപ്പിന്റെ 08.11.10 ലെ ജി.ഒ.(പി)259/10 പ്രകാരം നിഷ്ക്കർഷിച്ച നിബന്ധനകൾ (സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ അംഗീകാരമുൾപ്പെടെ) പാലിച്ചതായി കാണുന്നില്ല.
3) പ്രോജക്ട് ഫോറത്തിലെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കാതെ പണം ചെലവഴിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്.
4) ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടുണ്ടെങ്കിലും സബ്സിഡിയറി ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് രജിസ്റ്റർ, എല്ലാ മാസവും അഞ്ചാം തീയതിയ്ക്കകം സമർപ്പിക്കേണ്ട വിനിയോഗ പത്രിക എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. (ധനകാര്യ വകുപ്പിന്റെ 12.04.06 ലെ ജി.ഒ.(പി)177/06 കാണുക.)

## സി) ഫുള്ളി ഓട്ടോമാറ്റിക് എഗ്ഗ് സെറ്റർ വാങ്ങൽ-നെഗോസിയേഷൻ പ്രകാരമുള്ള ഫ്ളോറിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടില്ല

363/12-ാം നമ്പർ പ്രോജക്ടിന്റെ ഭാഗമായി ഫുള്ളി ഓട്ടോമാറ്റിക് എഗ്ഗ് സെറ്റർ വാങ്ങുന്നതിന് കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച M/s.Sahyavali Technologies Pvt.Ltd (Thiruvananthapuram) ന്റെ ടെണ്ടർ അംഗീകരിച്ചിട്ടുള്ളതാണ്. സ്ഥാപനത്തിന്റെ 13.02.12 ലെ SVT/AH/Q-1472/2011 നമ്പർ കത്തിൽ 3,75,000/- രൂപയ്ക്ക് എഗ്ഗ് സെറ്റർ സപ്ലൈ ചെയ്യാമെന്നും ഇത് സ്ഥാപിക്കുന്ന മുറി സൗജന്യമായി ടൈൽഡ് ഫ്ളോറിംഗ് നടത്താമെന്നും ചർച്ചയുടെ ഭാഗമായി വാഗ്ദാനം നൽകിയിട്ടുണ്ട്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ ടൈൽഡ് ഫ്ളോറിംഗ് നടത്തിയിട്ടുള്ളതായി കാണുന്നില്ല. ഇത് പദ്ധതി നടത്തിപ്പിലെ അപാകതയാണ്. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## ഡി) ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്

ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്, കോട്ടയം ജില്ലയിലെ ക്ഷീരവികസന വകുപ്പിന്റെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച 2 പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | 366/12 (പുതിയത്) | 778/12 (പുതിയത്) |
|---|---|---|
| പ്രോജക്ടിന്റെ പേര് | ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് | ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് |
| വിഭാഗം | പൊതുവിഭാഗം | പൊതുവിഭാഗം |
| മേഖല | ഉൽപ്പാദനം | ഉൽപ്പാദനം |
| നിർവഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനവകുപ്പ് | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനവകുപ്പ് |

## ധനകാര്യവിശകലനം വകയിരുത്തൽ

### അടങ്കൽ

| | | |
|---|---|---|
| വികസനഫണ്ട് | 2300000 | 2300000 |
| ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവ്) | 460000 | 460000 |
| ആകെ | 2760000 | 2760000 |
| **ചെലവ്** | | |
| വികസനഫണ്ട് | 2300000 (5.3.12) | 2300000 (23.3.12) |
| ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവ്) | 460000 | 460000 |
| ആകെ | 2760000 | 2760000 |

LOCAL FUND AUDIT DEPARTMENT

## ഓഡിറ്റ് നിരീക്ഷണങ്ങൾ

ജില്ലയിലെ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരസഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും കൂടുതൽ ക്ഷീരകർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് കാലിത്തീറ്റയും പാൽവിലയും കർഷകർക്ക് കൃത്യമായും തടസ്സമില്ലാതെയും സംഘങ്ങൾ വഴി നൽകേണ്ടിയിരിക്കുന്നു. ഇതിനുവേണ്ടി തെരഞ്ഞെടുക്കപ്പെടുന്ന 46 സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. എന്നാൽ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ജില്ലയിൽ പ്രവർത്തിക്കുന്ന 220 സംഘങ്ങളിൽ നിന്ന് 46 എണ്ണത്തെ വീതം തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. 2 പ്രോജക്ടാക്കി മാറ്റിയതിന്റെ കാരണവും വ്യക്തമല്ല. തെരഞ്ഞെടുപ്പ് സംബന്ധിച്ച് പാലിക്കേണ്ട നിബന്ധനകൾ (ജി.ഒ. (എം.എസ്.) 183/07/തസ്വഭവ/24.7.07 ഖണ്ഡിക 3.VIII, 3.IX പ്രകാരം ചുവടെ ചേർക്കുന്നു.

1) ഒരു പ്രത്യേക വിഭാഗത്തിലെ സഹകരണ സംഘത്തിന് ധനസഹായം നൽകാൻ, തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ആ വിഭാഗത്തിലെ എല്ലാ സഹകരണ സംഘങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കണം.
2) അപേക്ഷാഫോറത്തിൽ അർഹതാ/മുൻഗണനാ മാനദണ്ഡങ്ങൾ വ്യക്തമാക്കണം.
3) മുൻവർഷം വരെയുള്ള കണക്കുകൾ കൃത്യമായി തയ്യാറാക്കി ഓഡിറ്റിന് വിധേയമാക്കിയതും ഓഡിറ്റിൽ ഗുരുതരമായ വീഴ്ചകൾ കണ്ടെത്താത്തതുമായ സംഘത്തിനു മാത്രമേ ധനസഹായം നൽകാവൂ.
4) അംഗങ്ങളിൽ 75 ശതമാനമെങ്കിലും ചെറുകിട/നാമമാത്ര കർഷകരായിട്ടുള്ളതും കഴിഞ്ഞ 5 വർഷമായി പ്രവർത്തിക്കുന്നതും നഷ്ടത്തിലല്ലാത്തതുമായ സംഘങ്ങൾക്കു മാത്രമേ ധനസഹായം നൽകാവൂ.

മേൽ പറഞ്ഞ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് ധനസഹായം നൽകിയതെന്ന് തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ, പ്രോജക്ടിന്റെ ലക്ഷ്യം നേടാൻ കഴിഞ്ഞു എന്ന് വ്യക്തമല്ലാത്തതിനാൽ രണ്ടു പ്രോജക്ടുകൾക്കായി നൽകിയ 4600000 (2300000×2) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3.8 സമഗ്രക്ഷീരവികസനം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സമഗ്രക്ഷീര വികസനം (നമ്പർ 123/12) |
| വിഭാഗം | പ്രത്യേക ഘടകപദ്ധതി (സ്പിൽ ഓവർ) |
| മേഖല | ഉൽപ്പാദനം |
| പ്രത്യേക മേഖല | വനിതാ ഘടകപദ്ധതി |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

## ധനകാര്യവിശകലനം

| വിഭവസ്രോതസ്സ് | വകയിരുത്തൽ | ചെലവ് | വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|
| വികസനഫണ്ട് | 350000 | 3500000 | 21100308/13.2.12 (വൈക്കം ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്) |
| ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവ്) | 10929100 | - | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1833030 | - | |
| ഗ്രാമപഞ്ചായത്ത് വിഹിതം | 316970 | - | |
| ആകെ | 16579100 | 3500000 | |

## ഓഡിറ്റ് നിരീക്ഷണങ്ങൾ

1) ക്ഷീരവികസനമേഖലയിൽ ചുമതലപ്പെടുത്താവുന്ന നിർവഹണോദ്യോഗസ്ഥൻ (ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ്) ഉണ്ടായിരുന്നിട്ടും ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനമില്ലാത്ത സെക്രട്ടറിയെ ഈ പ്രോജക്ടിന്റെ നിർവഹണോദ്യോഗസ്ഥനാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
2) വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.
3) ഈ ചെലവിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. വകയിരുത്തിയ ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് വിഹിതങ്ങൾ വിനിയോഗിച്ച വിവരവും ലഭ്യമാക്കേണ്ടതാണ്. ഇവ വിനിയോഗിച്ചിട്ടില്ലെങ്കിൽ ജില്ലാ പഞ്ചായത്ത് ആനുപാതികമായി അധികം ചെലവഴിച്ച വികസനഫണ്ട് തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലടയ്ക്കേണ്ടതാണ്.

## 3.9 മത്സ്യബന്ധനം

മത്സ്യവിപണനത്തിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക, മത്സ്യകൃഷിവികസന ഏജൻസികളെ നിയന്ത്രിക്കുക, ജില്ലാതലമീൻവളർത്തൽ കേന്ദ്രങ്ങൾ / വലനിർമാണയൂണിറ്റുകൾ/ മത്സ്യവിപണനകേന്ദ്രങ്ങൾ/ തീറ്റമില്ലുകൾ/ ഐസ് പ്ലാന്റുകൾ/ ശീതീകരണികൾ എന്നിവയെ നിയന്ത്രിക്കുക, ഫിഷറീസ് സ്കൂളുകളെ നിയന്ത്രിക്കുക, നൂതനസാങ്കേതികവിദ്യകൾ ഏർപ്പെടുത്തുക, മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സാമഗ്രികൾ നൽകുക, മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് മത്സ്യബന്ധനമേഖലയിൽ ജില്ലാപഞ്ചായത്ത് നിറവേറ്റേണ്ട ചുമതലകൾ (കേരള പഞ്ചായത്ത് രാജ്

LOCAL FUND AUDIT DEPARTMENT

നിയമം, വകുപ്പ് 173 (1) പട്ടിക 5 പ്രകാരം). ഈ ചുമതലകൾ നിറവേറ്റുന്നവയല്ല ഈ മേഖലയിൽ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ടുകൾ. അവയെ സംബന്ധിച്ച പ്രത്യേക പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് | ബിൽ/വൗച്ചർ നം. തീയതി | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 367 | മത്സ്യമാർക്കറ്റ് നവീകരണം (പായിപ്പാട്) | 500000 | സി.ബി. 40/18.2.12 | സെക്രട്ടറി |
| 2 | 368 | നേരേ കടവ് ഫിഷ് ലാന്റിംഗ് സെന്റർ വികസനം (ഉദയനാപുരം) (വനിതാഘടകപദ്ധതി) | 550000 | സി.ബി. 71/20.3.12 | സെക്രട്ടറി |
| 3 | 817 | നാനാടം മാർക്കറ്റ് സ്റ്റാൾ | 54110 | 364/24.3.12 | ഇ.ഇ. |

മേൽ പറഞ്ഞ പ്രോജക്ടുകളെ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെപ്പറയുന്നു.

1) ഒരു ഗ്രാമപഞ്ചായത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതും ജില്ലാ പഞ്ചായത്തിന്റെ നിയമപരമായ ചുമതലയിൽ പെടാത്തതുമായ പ്രോജക്ടുകൾ ഏറ്റെടുത്തത് നിയമവിരുദ്ധമായ നടപടിയാണ്.
2) ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം വനിതാഘടക പദ്ധതിയിൽപ്പെടുത്താനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
3) നാനാടം മാർക്കറ്റ് സ്റ്റാൾ ഉപയോഗക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3.10 സേവനമേഖല

## പദ്ധതി നടത്തിപ്പിലെ അപാകതകൾ

### എ) വൈദ്യുതി

### സർക്കാർ വിലക്കിയിട്ടും സിഡ്കോയിൽനിന്ന് നേരിട്ടു വാങ്ങൽ

പത്തുലക്ഷം രൂപ ചെലവഴിച്ച് സിഡ്കോയിൽനിന്ന് ഹൈമാസ്റ്റ് ലൈറ്റ് വാങ്ങിയ രണ്ടു പ്രോജക്ടുകളെ സംബന്ധിച്ച വിശദാംശങ്ങളും ഓഡിറ്റ് നിരീക്ഷണങ്ങളും താഴെപ്പറയുന്നു.

| പ്രോജക്ട് നമ്പർ | 797/12 | 798/12 |
|---|---|---|
| പ്രോജക്ടിന്റെ പേര് | മണർകാട് ഗ്രാമപഞ്ചായത്തിൽ മണർകാട് കവലയിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | രാമപുരം ഗ്രാമപഞ്ചായത്തിൽ രാമപുരം ടൗണിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| വകയിരുത്തിയ തുക | 500000 (വികസനഫണ്ട്) | 338556 (വികസനഫണ്ട്)<br>161444 (തനതുഫണ്ട്) |
| ചെലവ് | 500000 (വികസനഫണ്ട്) | 338556 (വികസനഫണ്ട്)<br>161444 (തനതുഫണ്ട്) |
| ബിൽ നമ്പർ | 99/11-12 | 102/11-12 (വികസനഫണ്ട്)<br>21100285/31.3.12 (തനതുഫണ്ട്) |
| ട്രഷറിയിൽനിന്ന് തുക പിൻവലിച്ച തീയതി | 31.3.12 | 31.3.12 |

LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| ഭരണസമിതി തീരുമാനം | 11(2)/13.3.12 | 13(2)/19.3.12 |
| ഫയൽ നമ്പർ | ബി4/1077/12 | ബി4/1076/12 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

## ഓഡിറ്റ് നിരീക്ഷണങ്ങൾ

1. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സാധനസാമഗ്രികൾ വാങ്ങുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച സർക്കാർ ഉത്തരവിലെ (ജി.ഒ.(പി) 259/10/തസ്വഭവ/8.11.10) വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പത്രപ്പരസ്യം വഴിയുള്ള ടെൻഡർ ക്ഷണിക്കാതെയാണ് ഹൈമാസ്റ്റ് ലൈറ്റുകൾ വാങ്ങിയത്. ഈ ഉത്തരവിൽ ഒരിടത്തും സിഡ്കോയിൽനിന്നുള്ള വാങ്ങലിന് ക്വട്ടേഷനോ ടെൻഡറോ വേണ്ട എന്നു സൂചിപ്പിച്ചിട്ടില്ല.
2. പല പഞ്ചായത്തുകളും ഇലക്ട്രിക്ക് ഉത്പന്നങ്ങൾ ഉൾപ്പെടെ സിഡ്കോ മുതലായ സ്ഥാപനങ്ങളിൽനിന്ന് യഥേഷ്ടം വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഏതൊരു സാധനവും ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ സിഡ്കോയിൽനിന്ന് വാങ്ങാമെന്ന ധാരണ തെറ്റാണെന്നും സിഡ്കോയുടെ ഉത്പാദനകേന്ദ്രങ്ങളിൽ നിർമിക്കുന്ന സാധനങ്ങൾക്ക് മാത്രമാണ് നടപടികളിൽ ഇളവുള്ളതെന്നും ഇത്തരം വാങ്ങൽ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. (സർക്കുലർ നമ്പർ 2117/എ3/02/എസ്.പി.സി./4.9.02 പ്രകാരം)
3. മേൽപ്പറഞ്ഞ സർക്കുലറിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരേ നിയമനടപടി സ്വീകരിക്കേണ്ടതും ചെലവഴിക്കുന്ന തുക ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കേണ്ടതുമാണെന്നും പഞ്ചായത്ത് ഡയറക്ടർ പ്രത്യേക സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ( നമ്പർ ജി5/7746/01/27.12.02 കാണുക.)
4. ഇലക്ട്രിക്കൽ ഫിറ്റിങ്സ് ഉൾപ്പെടെ സ്റ്റോർ പർച്ചേസ് മാന്വലിലെ അപ്പൻഡിക്സ് 28 ലെ പട്ടികയിൽപ്പെടുത്തിയ സാധനസാമഗ്രികൾ കേരളത്തിലെ ചെറുകിട വ്യവസായസ്ഥാപനങ്ങളിൽ നിന്നു മാത്രമേ വാങ്ങാവൂ (സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 38 എ പ്രകാരം). ഇത്തരം ഉത്പന്നങ്ങളുടെ വില ഏകീകരിക്കുന്ന ചുമതല മാത്രമാണ് സിഡ്കോയ്ക്ക് നൽകിയിട്ടുള്ളത്. ഇക്കാര്യം സർക്കുലറിലൂടെ ആവർത്തിച്ച് സ്പഷ്ടമാക്കിയിട്ടുണ്ട്. (സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 30.1.09 ലെ സർക്കുലർ നമ്പർ 3038/എ2/08 കാണുക.)
5. രാമപുരം, മണർകാട് എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രം ഈ ലൈറ്റുകൾ വാങ്ങി നൽകാൻ തീരുമാനിച്ചതിനുള്ള മാനദണ്ഡം വ്യക്തമല്ല. ഈ പഞ്ചായത്തുകൾ ഇങ്ങനെ ഒരാവശ്യം ഉന്നയിച്ചതായി കാണുന്നില്ല. ലൈറ്റുകളുടെ തുടർന്നുള്ള മെയ്ന്റനൻസ് ഗ്രാമപഞ്ചായത്തുകൾ വഹിക്കണമെന്ന് അറിയിച്ചുകൊണ്ടുള്ള ജില്ലാപഞ്ചായത്തിന്റെ കത്തിനുള്ള അനുകൂല മറുപടി കൈക്കൊണ്ട ഭരണസമിതി തീരുമാനങ്ങളിലാണ് ഇക്കാര്യം ഗ്രാമപഞ്ചായത്തുകൾ അറിഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ളത്.
6. വൈദ്യുതി വിതരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയായതിനാലും ജില്ലാപഞ്ചായത്തിന്റെ ചുമതലയല്ലാത്തതിനാലും ഈ ചെലവ് നിയമവിരുദ്ധമാണ്. ടി.എ.ജിയോ ഡി.പി.സിയോ ഇക്കാര്യം ചൂണ്ടിക്കാട്ടേണ്ടതായിരുന്നു. ശരിയായി സൂക്ഷ്മ പരിശോധന നടത്താതെ പ്രോജക്ടുകൾ ശുപാർശ ചെയ്യുന്ന ടി.എ.ജി. അംഗങ്ങൾക്കെതിരേ നടപടിയെടുക്കാൻ ജില്ലാ കളക്ടർക്ക് അധികാരമുണ്ടെന്ന കാര്യം പ്രത്യേകം ഓർമപ്പെടുത്തുന്നു. (ജി.ഒ.(എം.എസ്.) 128/07/തസ്വഭവ/14.5.07 ഖണ്ഡിക 4.15.4കാണുക.)

മേൽപ്പറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് ഒബ്ജെക്ഷൻ സ്റ്റേറ്റ്മെന്റ് നൽകിയെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമായില്ല.

തെരുവുവിളക്കുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയാണ്. മൈക്രോഹൈഡൽ പദ്ധതികൾ ഏറ്റെടുക്കുക, വൈദ്യുതി വികസനത്തിനായി മുൻഗണന നൽകേണ്ട സ്ഥലങ്ങൾ തീരുമാനിക്കുക എന്നിവയാണ് വൈദ്യുതിയും ഊർജവും എന്ന മേഖലയിൽ ജില്ലാപഞ്ചായത്ത് നിറവേറ്റേണ്ട ചുമതലകൾ. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166(1) പട്ടിക 3, വകുപ്പ് 173 (1) പട്ടിക 5 എന്നിവ കാണുക.) നിയമപരമായ ചുമതലകൾക്കുവേണ്ടിയല്ലാത്ത ചെലവാകയാൽ 1000000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ബി) പൂർത്തിയാക്കാത്ത ഡെപ്പോസിറ്റ് വർക്കുകൾ

| പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ | പ്രോജക്ട് നമ്പർ | പ്രോജക്ട് | തുക | വൗച്ചർ/ബിൽ നം/തീയതി | കുറിപ്പ് |
|---|---|---|---|---|---|
| | 09-10 445/09-10 | മണർകാട് പൗൾട്രി ഫാമിൽ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് | 135000 | 1000/09-10/29.1.10 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല |
| | 09-10 4446/09-10 | കാഞ്ഞിരപ്പള്ളി ഇലക്ട്രിഫിക്കേഷൻ വർക്സ് | 150000 | 101/09-10/29.1.10 | ,, |
| കെ.എസ്.ഇ.ബി. വൈക്കം | 590/12 | നാല്പാത്തിമല എസ്.സി. കോളനി സ്ട്രീറ്റ് ലൈൻ വലിക്കൽ- എസ്.സി.പി. | 140000 | 83/11-12/31.3.12 | ,, |
| | 480/12 | മുട്ടുചിറ മൈലാടും പാറ പേട്ടമുക്ക് റോഡിൽവൈദ്യുതി ലൈൻ നീട്ടൽ | 99924 | 14/11-12/24.1.12 | ,, |
| | 131/12 | കലിഞ്ഞാലി വണ്ടവത്തിൽ റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ (ടി.എസ്.പി) | 58510 | 91/11-12/31.3.12 | ,, |
| കെ.എസ്.ഇ.ബി. ചങ്ങനാശേരി | 789/12 | വാകത്താനം ഗ്രാമപഞ്ചായത്തിലെ 16, 17 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 187190 | 74/11-12/20.3.12 | ,, |
| | 524/12 | വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 170671 | 73/11-12/20.3.12 | ,, |
| | 406/12 | കോട്ടയം ജില്ലാ ആശുപത്രിയുടെ അണ്ടർഗ്രൗണ്ട് കേബിൾ വർക്ക്- വൈദ്യുതീകരണം | 550000 | കോട്ടയം പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷനിൽനിന്ന് സാങ്കേതികാനുമതി ലഭിച്ചില്ല. | ,, |
| | 56/11 | വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ 13-ാം | 274900 | ഡി.ഡി. 15.12.10 ന് നൽകി. | ,, |

LOCAL FUND AUDIT DEPARTMENT

| | | | | | |
|---|---|---|---|---|---|
| | | വാർഡിൽ സ്ട്രീറ്റ് മെയിൻ നിർമാണം | | | |
| കെ.എസ്.ഇ. ബി. പൊൻകുന്നം | 481/12 | കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ തമ്പലക്കാട് ഇല്ലത്ത പ്പൻ കാവ് പെനു വേൽ ആശ്രമം ത്രീഫേസ് ലൈൻ വലിക്കൽ | 167000 | 20/11-12/30.1.12 വൗച്ചർ 21100101/12 | ,, |
| | 478/12 | പാമ്പാടി ഗ്രാമപഞ്ചാ യത്തിലെ വെള്ളൂ രിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 315780 | 12/11-12/24.12.11 വൗച്ചർ 75/24.12.11 | ,, |
| | 479/12 | പാമ്പാടി ഗ്രാമപഞ്ചാ യത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ വലി ക്കൽ | 549875 | 13/11-12/24.12.11 വൗച്ചർ 76/24.12.11 | ,, |
| | 744/12 | പൊൻകുന്നം ഗവ. വി.എച്ച്.എസ്.എ സിൽ വൈദ്യുതി കണക്ഷൻ | 44700 | 72/11-12/20.3.12 | ,, |
| കെ.എസ്.ഇ. ബി. പാലാ | 574/12 | ഉഴവൂർ ഡിവിഷ നിലെ ആച്ചിക്കൽ ഐ.എച്ച്.ഡി.പി. കോളനി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണ ക്ഷൻ- എസ്.സി.പി. | 830300 | 34/11-12/13.2.12 | ,, |
| | 154/10-11 | ഈരാറ്റുപേട്ട ഡിവി ഷൻ കരോട്ട് കോലാനിത്തോട്ടം വൈദ്യുതി ലൈൻ നീട്ടൽ | 1458941 | 21.1.11 ൽ ഡി.ഡി. നൽകി. | ,, |
| | 156/10-11 | പൂഞ്ഞാർ ഡിവി ഷൻ കുഴുമ്പള്ളി എസ്.ടി. കോളനി വൈദ്യുതി ലൈൻ നീട്ടൽ | 1800000 | 54/10-11/14.12.10 | ,, |
| | 38/10-11 | പൂഞ്ഞാർ ഡിവി ഷൻ കൂനാട്, പുറ ക്കാട്, ഈറ്റക്കുന്ന് വൈദ്യുതി ലൈൻ നീട്ടൽ | 495900 | 33/10-11/29.9.10 | ,, |
| | 591/12 | മീനച്ചിൽ ഗ്രാമപ ഞ്ചായത്തിൽ രാജീവ് ഗാന്ധി കോളനിയിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (എസ്.സി.പി. ) | 223334 | 17/11-12/30.12.11 | ,, |

LOCAL FUND AUDIT DEPARTMENT

| | | | | | |
|---|---|---|---|---|---|
| | 385/10 | ഉഴവൂർ ഗ്രാമപഞ്ചായത്തിൽ ഒറ്റത്തങ്ങാടി കളരിക്കൽ ഭാഗത്ത് എൽ.ടി. ലൈൻ വലിക്കൽ | 228650 | 102/09-10/29.1.10 | ’’ |

വൈദ്യുതി പ്രോജക്ടുകളുടെ തുക ഡെപ്പോസിറ്റായി വിവിധ വൈദ്യുതിബോർഡ് ഓഫീസുകൾക്ക് നൽകിയിരിക്കുകയാണ്. എന്നാൽ ജില്ലാപഞ്ചായത്തും വൈദ്യുതി ബോർഡും തമ്മിൽ കരാർ വയ്ക്കാതെയാണ് തുക നൽകിയത്. (തദ്ദേശസ്വയംഭരണവകുപ്പിന്റെ 21.8.03 ലെ സർക്കുലർ നമ്പർ 40308/ഡി.പി/03 കാണുക.) ഇക്കാരണത്താൽ യഥാസമയം പണി പൂർത്തീകരിക്കാനോ ഇല്ലെങ്കിൽ ഉചിതമായ നഷ്ടപരിഹാരനടപടി സ്വീകരിക്കാനോ കഴിയാത്ത സ്ഥിതി സംജാതമായിട്ടുണ്ട്. ചെലവഴിച്ച തുകയുടെ പ്രയോജനം യഥാസമയം ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥ സൃഷ്ടിച്ച നിർവഹണോദ്യോഗസ്ഥനിൽനിന്ന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ പ്രസിഡന്റിനുള്ള പ്രത്യേക ഉത്തരവാദിത്തത്തിലേക്കും കൂടി ശ്രദ്ധ ക്ഷണിക്കുന്നു. (1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ കാണുക.

## 3.11 കുടിവെള്ളം, ജലവിതരണം

പതിനൊന്നാം പഞ്ചവത്സരപദ്ധതി (2007-12) യിൽ ഏറ്റെടുക്കുന്ന കുടിവെള്ളപ്രോജക്ടുകളുടെ നിർവഹണത്തിൽ പാലിക്കേണ്ട നിബന്ധനകൾ (ജി.ഒ.(എം.എസ്) 183/07/തസ്വഭവ/24.7.07 ഖണ്ഡിക 6.13 (1) പ്രകാരം നിർമാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയും ഗുണഭോക്തൃഗ്രൂപ്പ് തന്നെ ഏറ്റെടുക്കണം. ജില്ലാപഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ടുകളുടെ തുടർനടത്തിപ്പ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഒരു ഗ്രാമപഞ്ചായത്തിലെയോ ഒരു ബ്ലോക്ക് പഞ്ചായത്തിലെയോ ഒന്നോ രണ്ടോ വാർഡുകളിൽ മാത്രമായി പ്രയോജനം ലഭിക്കുന്ന കുടിവെള്ളപ്രോജക്ടുകൾ ഏറ്റെടുക്കേണ്ടത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന കാര്യമല്ല. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലവിതരണപദ്ധതികൾ ഏറ്റെടുക്കുകയും നടപ്പാക്കുകയുമാണ് ജില്ലാ പഞ്ചായത്തിന്റെ ചുമതല.

ഈ മേഖലയിൽ കുടിവെള്ള പ്രോജക്ടുകൾക്കുവേണ്ടി ഡെപ്പോസിറ്റ് ചെയ്ത പ്രോജക്ടുകളുടെ വിവരം താഴെപ്പറയുന്നു. ഇവ സമയബന്ധിതമായി പൂർത്തിയാക്കിയതിനുള്ള ജനപ്രതിനിധികളുടെ ശുപാർശയും സ്ഥാപനങ്ങളുടെ വിനിയോഗസർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതാണ്.

## എ) പണി പൂർത്തീകരിക്കാത്ത ഡെപ്പോസിറ്റ് വർക്കുകൾ (കുടിവെള്ളം)

| ക്രമനം | പ്രോജക്ട് നമ്പർ | പ്രോജക്ട് | തുക | ബിൽ നമ്പർ/തീയതി | കുറിപ്പ് |
|---|---|---|---|---|---|
| **കേരള വാട്ടർ അതോറിറ്റി കോട്ടയം** | | | | | |
| 1 | 420/12 | നീണ്ടൂർ ഗ്രാമപഞ്ചായത്ത് എട്ടാം വാർഡിൽ കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 300000 | 49/11-12/29.2.12<br>21100324/29.2.12 | വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമല്ല. |
| 2 | 426/12 | അതിരമ്പുഴ ഗ്രാമപഞ്ചായത്ത് വാർഡ് 21 ൽ പൈപ്പ് ലൈൻ നീട്ടൽ | 240000 | 50/11-12/29.2.12<br>21100325/29.2.12 | ’’ |

LOCAL FUND AUDIT DEPARTMENT

| | | | | | |
|---|---|---|---|---|---|
| 3 | 422/12 | പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് കുന്നംപള്ളി ദിവാൻപുരം റോഡിൽ പൈപ്പ് ലൈൻ മാറ്റലും പൂർത്തീകരണവും | 250000 | 48/11-12/29.2.12 21100323/29.2.12 | ,, |
| 4 | 423/12 | പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഗ്രാമീണ കുടിവെള ളപദ്ധതി പമ്പിങ് മെയിൻ | 200000 | 20.3.12 ൽ ഡി. ഡി. നൽകി | ,, |
| 5 | 424/12 | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് 14, 15 വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 510000 | 46/11-12/29.2.12 21100321/29.2.12 | ,, |
| 6 | 425/12 | അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ കോട്ടമുറി ഭാഗത്ത് അതിരമ്പുഴ പി.എച്ച്.സി.ക്ക് പൈപ്പ് ലൈൻ നീട്ടൽ | 235000 | 45/11-12/29.2.12 21100320/29.2.12 | ,, |
| 7 | 462/12 | പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് മഠത്തിപ്പടി തച്ചുകുന്നം പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 250000 | 52/11-12/29.2.12 21100327/29.2.12 | ,, |
| 8 | 773/12 | അയ്മനം ഗ്രാമപഞ്ചായത്ത് കൊല്ലത്തുകരി- കരിമഠം പട്ടികജാതി സങ്കേതത്തിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ- എസ്.സി.പി. | 500000 | 79/11-12/29.3.12 | ,, |
| 9 | 806/12 | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ചെറുകുന്നുംപുറം ഭാഗത്ത് വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ നീട്ടൽ | 85000 | സി.ബി. 78/11-12/29.3.12 | ,, |
| 10 | 829/12 | പുലിയന്നൂർ, മീനച്ചിൽ, അകലക്കുന്നം വാട്ടർ അതോറിറ്റി ജലവിതരണപദ്ധതി | 400000 300000 | 92/11-12/31.3.12 വൗച്ചർ : 21100270/31.3.12 21100280/31.3.12 | ,, |
| 11 | 26/11 | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് 16, 17 വാർഡുകളിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടൽ | 350000 | 1.3.11 ൽ ഡി. ഡി. സമർപ്പിച്ചു. | ,, |
| 12 | 27/11 | അയ്മനം ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 500000 | 1.3.11 ൽ ഡി. ഡി. സമർപ്പിച്ചു. | ,, |
| 13 | 47/11 | നീണ്ടൂർ ഗ്രാമപഞ്ചായത്ത് എട്ടാം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ | 400000 | ,, | ,, |
| 14 | 50/11 | അയ്മനം ഗ്രാമപഞ്ചായത്ത് വാർഡ് ഒന്നിൽ കരിമഠം പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 580636 | ,, | ,, |
| 15 | 80/11 | കുമരകം , തിരുവാർപ്പ് ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളപദ്ധതി | 145000 | ,, | ,, |
| 16 | 114/11 | അതിരമ്പുഴ ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിൽ മുണ്ടുവേലിപ്പടി ജംഗ്ഷനിൽ തോട്ടുപള്ളി ലക്ഷം | 1000000 | ,, | ,, |

LOCAL FUND AUDIT DEPARTMENT

| | | | | | |
|---|---|---|---|---|---|
| | | വീട് കോളനി പൈപ്പ് ലൈൻ നീട്ടൽ | | | |
| 17 | 118/11 | മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ വങ്ങക്കുന്ന് കോളനിയിലും കോരുത്തോട് പഞ്ചായത്തിൽ പുഞ്ചവയൽ കോളനിയിലും പൈപ്പ് ലൈൻ നീട്ടൽ | 9333000 | ,, | ,, |
| 18 | 474/09-10 | അതിരമ്പുഴ കളമ്പുകാട്ടുമല പൈപ്പ് ലൈൻ നീട്ടുന്നത് | 580000 | 118/09-10/25.2.10 | ,, |
| 19 | 363/09-10 | അയർക്കുന്നം കുടിവെള്ളപദ്ധതി | 400000 | 89/09-10/11.1.10 | ,, |
| **ഇ.ഇ., വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ, കോട്ടയം** | | | | | |
| 1 | 69/09-10 | മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ കോസടി കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ മെയിന്റനൻസ് | 600000 | 66/09-10/23.11.09 | ,, |
| | | വാട്ടർ അതോറിറ്റി, തിരുവല്ല | | | |
| 1 | 418/12 | വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ താഴത്തുവടകര മുതുകുറ്റി ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ | 100000 (വികസനഫണ്ട്) 100000 (തനതു ഫണ്ട്) | 54/11-12/29.2.12 വൗച്ചർ : 21100329/29.2.12 വൗച്ചർ : 21100185/24.2.12 | ,, |
| 2 | 417/12 | കങ്ങഴ ഗ്രാമപഞ്ചായത്തിൽ ചാത്തനാട്ട് ചൂരക്കുന്ന് റോഡിൽ വാലുമണ്ണ്, പുളിച്ചമാക്കൽ ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ | 180000 | 44/11-12/29.2.12 വൗച്ചർ : 21100319/29.2.12 | ,, |
| 3 | 419/12 | വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 650000 (വികസനഫണ്ട്) 100000 (തനതു ഫണ്ട്) | 556/11-12/29.2.12 വൗച്ചർ : 21100331/29.2.12 വൗച്ചർ : 21100186/24.2.12 | ,, |
| 4 | 421/12 | മാടപ്പള്ളി പഴയ ബ്ലോക്കിലെ ചിറക്കുഴി വഴി പിരളിക്കുന്ന് വരെ നീളുന്ന പൈപ്പ്ലൈൻ നീട്ടൽ | 500000 | 47/11-12/29.2.12 വൗച്ചർ : 21100322/29.2.12 | ,, |
| 5 | 566/12 | പായിപ്പാട് ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ അറുനൂറിൽ പുതുവൽ കോമഞ്ചേരിച്ചിറ പൈപ്പ് ലൈൻ നീട്ടൽ-എസ്.സി.പി. | 1000000 | 59/11-12/29.2.12 വൗച്ചർ : 21100334/29.2.12 | ,, |
| 6 | 753/12 | വാഴൂർ ഗ്രാമപഞ്ചായത്ത് 17 -ാം മൈൽ കോളനി കുടിവെള്ളപദ്ധതി- എസ്.സി.പി. | 2000000 | 77/11-12/29.3.12 | ,, |
| 7 | 44/09-10 | പാമ്പാടി ഗ്രാമപഞ്ചായത്തിൽ പൈപ്പുലൈൻ നീട്ടൽ | 1000000 | 59/09-10/23.11.09 | ,, |
| 8 | 382/09-10 | വാഴൂർ 17-ാം മൈൽ കോളനി കുടിവെള്ളപദ്ധതി | 1500000 | 120/09-10/25.2.10 | ,, |
| | | | | | |

LOCAL FUND AUDIT DEPARTMENT

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി , മൂവാറ്റുപുഴ | | | | | |
| 1 | 563/12 | കല്ലറ ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ പാറയിൽ കോളനി ഭാഗം പൈപ്പു ലൈൻ നീട്ടൽ (എസ്.സി. പി.) | 300000 | 58/11-12/29.2.12 വൗച്ചർ : 21100333/29.2.12 | ,, |
| 2 | 428/12 | മുളക്കുളം ഗ്രാമപഞ്ചായ ത്തിൽ വിവിധ പ്രദേശങ്ങ ളിൽ പൈപ്പ്ലൈൻ നീട്ടൽ | 500000 | 53/11-12/29.2.12 വൗച്ചർ : 21100328/29.2.12 | ,, |
| 3 | 427/12 | വെച്ചൂർ ഗ്രാമപഞ്ചായ ത്തിൽ തൈക്കാവ് പ്രദേ ശത്ത് പൈപ്പ്ലൈൻ നീട്ടൽ | 200000<br>100000 | 55/11-12/29.2.12 വൗച്ചർ : 21100330/29.2.12 വൗച്ചർ : 21100187/24.2.12 | ,, |
| 4 | 573/12 | മുളക്കുളം ഗ്രാമപഞ്ചായ ത്തിൽ വാഴേപ്പറമ്പ് ഹരി ജൻ കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ- എസ്.സി. പി. | 200000 | 57/11-12/29.2.12 വൗച്ചർ : 21100332/29.2.12 | ,, |
| 5 | 52/11 | വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമാണം | 79000 | 8.3.11 ന് ഡി. ഡി. സമർപ്പി ച്ചു. | ,, |
| 6 | 53/11 | പട്ടിമറ്റം കോളനിയിൽ കുടി വെള്ളപദ്ധതിക്ക് കുഴൽക്കി ണർ | 74000 | ,, | ,, |
| 7 | 58/11 | വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമാണം. | 700000 | ,, | ,, |
| 8 | 67/11 | വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമാണം | 200000 | ,, | ,, |
| 9 | 582/11 | ഏറ്റുമാനൂർ ഗ്രാമപഞ്ചായ ത്തിലെ കുഴൽക്കിണറുകൾ | 100000 | 30.3.11 ന് ഡി. ഡി. സമർപ്പി ച്ചു. | ,, |
| 10 | 48/11 | മുളക്കുളം ഗ്രാമപഞ്ചായ ത്തിലെ കേടായ പൈപ്പ്ലൈൻ മാറ്റി സ്ഥാപി ക്കൽ | 177000 | 16.9.11 ന് ഡി. ഡി. സമർപ്പി ച്ചു. | ,, |
| ഭൂജലവകുപ്പ് | | | | | |
| 1 | 434/12 | കാഞ്ഞിരപ്പള്ളി ഡിവിഷ നിൽ വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമാണം. | 100000 | 30/11-12/30.1.12 വൗച്ചർ : 21100304/13.3.12 | ,, |
| 2 | 567/12 | എരുമേലി ഡിവിഷനിൽ വിവിധ എസ്.സി. കോളനി കളിൽ കുഴൽക്കിണർ നിർമാണം. (എസ്.സി.പി.) | 200000 | 33/11-12/13.2.12 | ,, |
| 3 | 51/11 | പൊൻകുന്നം ഡിവിഷ നിലെ നാലു സ്കൂളുകളിൽ മൈക്രോ വാട്ടർ സപ്ലൈ സ്കീം | 337000 | 8.3.11 ന് ഡി. ഡി. സമർപ്പി ച്ചു. | ,, |
| 4 | 74/09-10 | മുള്ളൻകുഴി കോളനി കുടി വെള്ളപദ്ധതി | 328000 | 62/09-10/23.11.09 | ,, |
| 5 | 340/09-10 | വാകത്താനം ഡിവിഷൻ ഉദിക്കൽ കോളനി കുടിവെ ള്ളപദ്ധതി | 243000 | 119/09-10/25.2.10 | ,, |

LOCAL FUND AUDIT DEPARTMENT

## ബി) ജലസേചന/ കുടിവെള്ളപദ്ധതികൾക്കായി സ്വകാര്യവ്യക്തികൾ വിട്ടുനൽകിയ സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം നിയമപരമായി സ്ഥാപിച്ചിട്ടില്ല

ജില്ലാ പഞ്ചായത്ത് 2011-12 വർഷം നടപ്പാക്കിയ വിവിധ കുടിവെള്ളപദ്ധതികൾക്കായി കുളം കുഴിക്കുന്നതിനും വെള്ളം സംഭരിക്കുന്നതിനുള്ള ടാങ്ക് സ്ഥാപിക്കുന്നതിനും സ്വകാര്യ വ്യക്തികൾ അവരുടെ ഉടമസ്ഥതയിലുള്ള ഭൂമി വിട്ടുനൽകിയിട്ടുണ്ട്. ഇപ്രകാരം സ്ഥലം വിട്ടു നൽകുന്നതിനുള്ള (ലാൻഡ് റിലിൻക്വിഷ്മെന്റ്) ഫോം പൂരിപ്പിച്ച് ഉടമസ്ഥരായ വ്യക്തികളുടെ സമ്മതപത്രം വില്ലേജ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോടെ ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഭൂമികൾ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലേക്ക് കൂട്ടിച്ചേർത്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | വിട്ടുനൽകിയ ഭൂമിയുടെ വിസ്തീർണം | ഉടമയുടെ പേര്, വിലാസം | സ്ഥലം ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| ചിറപ്പുറം കുടിവെള്ളപദ്ധതി (എസ്.സി.പി.) | 2 സെന്റ് (സർവേ നമ്പർ 453/6 ) കിണർ നിർമിക്കുന്നതിന് | ജോൺ തോമസ്, കക്കാട്ടിൽ, പാദുവ പി.ഒ | കിടങ്ങൂർ |
| കുഴിപ്പാനിമല ജല വിതരണപദ്ധതി | 1 സെന്റ് (സർവേ നമ്പർ 180/2) ടാങ്ക് നിർമിക്കുന്നതിന് | അച്ചാമ്മ തോമസ്, തടത്തിൽ, വെളിയന്നൂർ പി.ഒ. | വെളിയന്നൂർ |
| ക്ലാമറ്റം കുടിവെള്ള പദ്ധതി(എസ്.സി.പി.) | .0081 ഹെക്ടർ (സർവേ നമ്പർ 141/3) കുളം | ജോൺ ജോർജ്, കടുതോടിൽ, ഏറ്റുമാനൂർ | ഏറ്റുമാനൂർ |
| ,, | 2 സെന്റ് (സർവേ നമ്പർ 280/1) ടാങ്ക് | പി.സി.ജോർജ്, പാടിയത്ത്, ഏറ്റുമാനൂർ കിഴക്കുംഭാഗം | ഏറ്റുമാനൂർ |
| വള്ളിനാകുന്ന് പട്ടികജാതി കോളനി കുടിവെള്ളപദ്ധതി | 4 സെന്റ് (സർവേ നമ്പർ 253/3, 19/2) | ശ്രീ. നിബു മാത്യു, ശ്രീമതി എൽസമ്മ മാത്യു, ആൻഡ്രോത്ത്, പന്തമല | മുത്തോലി |
| പൊൻമല കോട്ടേമാപ്പല ജലസേചന പദ്ധതി | ഒന്നര സെന്റ് (സർവേ നമ്പർ 231/1) പൂവരണി വില്ലേജ് | വി.ജെ.തങ്കമ്മ, പിഷാരത്തു പുത്തൻപുരയ്ക്കൽ, ഇടമറ്റം | മീനച്ചിൽ |
| പെരിങ്ങോലി പാണ്ട്യാമ്മാവ് കുടിവെള്ളപദ്ധതി | ഒന്നര സെന്റ് (ബ്ലോക്ക് 54, റീസർവേ നമ്പർ 410/3) മേലുകാവ് വില്ലേജ് | വി.കെ. കുരുവിള കുരുവിള, വന്നിരിക്കയിങ്കൽ, മേലുകാവ് | മേലുകാവ് |

ഇതോടൊപ്പം പുഞ്ചവയൽ കമ്യൂണിറ്റി ഹാൾ നിർമിക്കുന്ന പ്രോജക്ടിനുവേണ്ടി 20 സെന്റ് സ്ഥലം (മുണ്ടക്കയം വില്ലേജ്, സർവേ നമ്പർ 385/1) അഖില തിരുവിതാംകൂർ മലയരയമഹാസഭ (ശാഖ നമ്പർ 26, പുഞ്ചവയൽ) വിട്ടുനൽകിയെങ്കിലും അതും നിയമപരമായി ജില്ലാപഞ്ചായത്തിന്റെ ആസ്തിയിലേക്ക് കൂട്ടിച്ചേർത്തിട്ടില്ല.

പ്രത്യേക ആവശ്യങ്ങൾക്ക് സ്വകാര്യവ്യക്തികൾ വിട്ടുനൽകുന്ന സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം നിയമപരമായി മാറ്റിയെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് ഭാവിയിൽ ഉണ്ടായേക്കാവുന്ന അനാവശ്യവ്യവഹാരങ്ങൾ ഒഴിവാക്കേണ്ടതാണ്.

## സി) പെരിങ്ങോലി - പാണ്ട്യാമ്മാവ് കുടിവെള്ളപദ്ധതി : മതിയായ പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി

| | |
|---|---|
| പ്രോജക്ട് നമ്പർ | 189/12 |
| കൺവീനർ | ശ്രീ. കുരുവിള കുരുവിള, വന്നിരിക്കയിങ്കൽ, മേലുകാവ് |

LOCAL FUND AUDIT DEPARTMENT

# തുക നൽകിയതിന്റെ വിവരം

## 2011-12

| ബിൽ / ഉത്തരവ് നമ്പർ | തുക | ചെലവിന്റെ വിശദാംശം | |
|---|---|---|---|
| എ.ബി.1/976/2010/ 31.3.12 | 2200102 | കൺവീനർക്ക് നൽകിയത് | 1760280 രൂപ ഡി.ഡി. നമ്പർ 524436/16.4.12 |
| | | വാറ്റ് അടച്ചത് | 200009 |
| | | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് | 19803 രൂപ ഡി.ഡി. നമ്പർ 524437/16.4.12 |
| | | റീറ്റൻഷൻ പിടിച്ചത് | 220010 രൂപ |
| | | ആകെ | 2200102 രൂപ |

## 2012-13

| ബിൽ / ഉത്തരവ് നമ്പർ | തുക | ചെലവിന്റെ വിശദീകരണം | |
|---|---|---|---|
| എ.ബി.1/976/2010/ 30.3.13 | 185837 | കൺവീനർക്ക് നൽകിയത് | 150926 രൂപ ഡി.ഡി. നമ്പർ 284406/11.4.13 |
| | | വാറ്റ് അടച്ചത് | 18252 |
| | | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചത് | 1659 |
| | | ഫൈൻ പിടിച്ചത് | 15000 |
| | | ആകെ | 185837 |

പെരിങ്ങോലി എള്ളുപുറം പദ്ധതിക്കായി പണിതിട്ടുള്ള കുളം പുതുക്കിപ്പണിത് സൈഡ് കല്ലുകെട്ടി ബലപ്പെടുത്തി, കുളം ആഴം കൂട്ടി ജലലഭ്യത വർധിപ്പിച്ച് പ്രസ്തുത ജലം ജി.ഐ.പൈപ്പുകൾ മുഖേന കല്ലുവെട്ടം, പാണ്ടിയാമ്മാവ് എന്നിവിടങ്ങളിലുള്ള ടാങ്കുകളിൽ ശേഖരിച്ച് വിതരണം നടത്തുന്നതിനാണ് 2010-11 വർഷം 25 ലക്ഷം രൂപ അടങ്കലിൽ പ്രസ്തുത പദ്ധതി (പ്രോജക്ട് നമ്പർ 158/11) തയ്യാറാക്കിയത്. ഇതിനായി മേലുകാവ് ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. എൻജിനിയർ 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഈരാറ്റുപേട്ട എൽ.എസ്.ജി.ഡി. ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ ഉപരിപരിശോധന നടത്തുകയും ചെയ്തു. ഇതിൻ പ്രകാരം പ്രവൃത്തി നിർവഹണത്തിന് കൺവീനർ പഞ്ചായത്തുമായി 28.1.11 ൽ കരാർ വച്ചു. എന്നാൽ കരാർ വച്ച ശേഷം ആറു മാസത്തോളം പ്രവൃത്തി ആരംഭിക്കാതിരുന്ന കൺവീനർ പിന്നീട് എസ്റ്റിമേറ്റ് റീവൈസ് ചെയ്യുന്നതിന് ജില്ലാപഞ്ചായത്തിൽ അപേക്ഷ നൽകി. മലമുകളിൽ സ്ഥിതി ചെയ്യുന്ന കുളത്തിൽനിന്ന് താഴെയുള്ള വാട്ടർ ടാങ്കിലേക്ക് ജി.ഐ.പൈപ്പ് മുഖേന വെള്ളം എത്തിച്ചാൽ അത് പൈപ്പിന്റെ കാര്യക്ഷമത കുറയ്ക്കുമെന്നും വെള്ളത്തിൽ തുരുമ്പ് അംശം കലരുന്നതിനും സാധ്യതയുള്ളതിനാലും എസ്റ്റിമേറ്റിൽ പറഞ്ഞ ജി.ഐ.പൈപ്പിനു പകരം എച്ച്.ഡി.പി.ഇ.പൈപ്പ് ഉപയോഗിക്കുന്നത് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കണമെന്നാണ് കൺവീനർ ആവശ്യപ്പെട്ടത്. ആഴം കൂട്ടാൻ ഉദ്ദേശിച്ച കുളത്തിന്റെ അടിഭാഗം കോൺക്രീറ്റ് ചെയ്തിട്ടുള്ളതിനാൽ ആഴം കൂട്ടാൻ സാധിക്കില്ലെന്നും വ്യക്തമാക്കപ്പെട്ടു. കൺവീനറുടെ ആവശ്യം ശരിയാണെന്ന് എൻജിനിയർ സാക്ഷ്യപ്പെടുത്തുകയും ആയതുപ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയുമാണ് ചെയ്തിട്ടുള്ളത്. നിലവിലുള്ള കുളത്തിനു സമീപം മറ്റൊന്നു നിർമിച്ച് എച്ച്.ഡി.പി.ഇ. പൈപ്പ് ഉപയോഗിച്ച് ജലശേഖരണവും വിതരണവും നടത്തുന്നതിനും പിന്നീട് നിലവിൽ ഉദ്ദേശിച്ച കുളത്തിൽ നിന്ന് മൂന്നു കിലോമീറ്ററോളം ഉയരത്തിലുള്ള ഇലവീഴാപൂഞ്ചിറക്കുളത്തിൽ നിന്ന് നേരിട്ട് എച്ച്.ഡി.പി.ഇ. പൈപ്പ് മുഖേന വെള്ളം ശേഖരിച്ച് വിതരണം ചെയ്യുന്നതിനുമായി എസ്റ്റിമേറ്റ് രണ്ടുവട്ടം പുതുക്കുകയുണ്ടായി.

LOCAL FUND AUDIT DEPARTMENT

ഈ പ്രവൃത്തി നിർവഹണത്തിൽ സാങ്കേതിക പരിജ്ഞാനവും ധാരണയുമില്ലാത്ത കൺവീനറാണ് എസ്റ്റിമേറ്റിൽ അപാകത കണ്ടെത്തിയതും എസ്റ്റിമേറ്റ് പ്രൊവിഷൻ സൈറ്റ് കണ്ടീഷന് യോജിച്ചതല്ലെന്ന് വ്യക്തമാക്കുകയും ചെയ്തത്. ഇതിൽ നിന്ന് സൈറ്റിൽ നേരിട്ടു പോയി പഠനം നടത്താതെയും സൈറ്റ് കണ്ടീഷൻ, ഭൂഘടന എന്നിവയെപ്പറ്റി വേണ്ടത്ര ധാരണയില്ലാതെയുമാണ് എൻജിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും മേലുദ്യോഗസ്ഥൻ ഉപരിപരിശോധന നടത്തിയതെന്നും വ്യക്തമാകുന്നു. തന്മൂലം ഒറിജിനൽ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുളള ഒരു പ്രവൃത്തി പോലും ആരംഭിക്കുന്നതിനുമുമ്പ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യം ഉണ്ടായി.

28.1.11 ൽ മൂന്നു മാസത്തെ കാലാവധിയിൽ പ്രവൃത്തി നിർവഹണം സംബന്ധിച്ച് കരാർ വച്ച കൺവീനർ രണ്ടു വർഷത്തോളം കാലതാമസം വരുത്തി 2012 ഡിസംബറിലാണ് പണി പൂർത്തീകരിച്ചിട്ടുളളത്. നിലവിൽ പദ്ധതിയുടെ ഘടന ഇപ്രകാരമാണ് വ്യക്തമാക്കപ്പെട്ടിട്ടുളളത്. ഇലവീഴാപൂഞ്ചിറയിലെ കുളത്തിൽ നിന്ന് ജലം ഭൂഗുരുത്വശക്തിയാൽ സ്വയം പൈപ്പിലൂടെ (പമ്പിങ് ഇല്ലാതെ) എച്ച്. ഡി.പി.ഇ. പൈപ്പുകളിലൂടെ കല്ലുവട്ടത്തും പാണ്ടിയമ്മാവിലും പണിതിട്ടുളള ടാങ്കുകളിൽ നിറയുന്നു. ഇത് ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ചെറിയ കുഴലുകൾ ഇട്ട് ശേഖരിക്കുന്നു. 2.5.13 ൽ പ്രസ്തുത പദ്ധതി പ്രദേശം നേരിൽ സന്ദർശിച്ചപ്പോൾ ടാങ്കുകളിൽ ജലം ഉളളതായോ വെളളം ശേഖരിക്കുന്നതിന് ആളുകൾ കുഴലുകൾ സ്വന്തം നിലയിൽ സ്ഥാപിച്ചിട്ടുളളതായോ കാണാൻ കഴിഞ്ഞില്ല. ടാങ്കുകളിലേക്കുളള ജലനിർഗമനം ഉറവിടത്തിലുളള ഒരു വാൽവിലൂടെ നിയന്ത്രിക്കുന്നുവെന്നും ആവശ്യമുളളപ്പോൾ വാൽവ് തുറന്ന് വെളളം ടാങ്കിൽ ശേഖരിക്കുകയും ടാങ്കുകൾ നിറയുമ്പോൾ അടയ്ക്കുകയും ചെയ്യുന്നതായിട്ടാണ് പരിശോധനാസമയം കൺവീനർ വ്യക്തമാക്കിയത്. ടാങ്കുകൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്ന് കിലോമീറ്ററുകൾ മുകളിലുളളതും ദുർഘടം പിടിച്ചതുമായ പാറമുകളിലെ ജലസ്രോതസ്സിലെത്തി ഓരോ തവണയും വാൽവ് തുറക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുളളതെന്ന് വ്യക്തമാക്കിയിട്ടില്ല. ടി പദ്ധതി നടത്തിപ്പ് ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെയോ പദ്ധതി നടത്തിപ്പിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുകയും പദ്ധതി പ്രയോജനക്ഷമമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## ഡി) വലിയപാറ കരിപ്പാൽ എസ്.സി. സങ്കേതം കുടിവെളളപദ്ധതി : അനുമതി വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 119/12 |
| കൺവീനർ | പി.കെ.ഗോപി, കണ്ണങ്കരി തകിടിയേൽ, വടവാതൂർ |

## ചെലവ് വിവരം

### 2011-12

| ബിൽ / ഉത്തരവ് നമ്പർ | തുക | തുകയുടെ വിശദാംശങ്ങൾ | |
|---|---|---|---|
| എ.ബി.1/754/2010/14.6.11 | 325046 | കൺവീനർക്ക് നൽകിയത് | 257360 രൂപ ഡി.ഡി.നമ്പർ 519361/27.6.11 |
| | | നികുതി അടച്ചത് | 35086 |
| | | റീറ്റൻഷൻ പിടിച്ചത് | 32600 |
| എ.ബി.4/754/10/31.3.12 | 889169 | കൺവീനർക്ക് നൽകിയത് | 800333 രൂപ ഡി.ഡി.നമ്പർ 17277/17.4.12 |
| | | നികുതിയിനങ്ങൾ അടച്ചത് | 88836 |
| | **1214215** | | |
| **2012-13** | | | |
| എ.ബി.4/574/12/22.3.13 | 335785 | കൺവീനർക്ക് നൽകിയത് | 299808 |
| | | നികുതി അടച്ചത് | 35977 |
| ആകെ | 1550000 | | |

LOCAL FUND AUDIT DEPARTMENT

മണർകാട് ഡിവിഷനിൽപ്പെട്ട തേമ്പ്രവാൽകടവിലെ പൊതുകിണർ ആഴംകൂട്ടി ബലപ്പെടുത്തി ലഭ്യമാകുന്ന ജലം പമ്പ് ചെയ്ത് ടാങ്കിൽ സംഭരിച്ച് ജി.ഐ.പൈപ്പ് മുഖേന വലിയ പാറ കരിപ്പാൽ കോളനിയിൽ ജലവിതരണം നടത്തുന്നതിനുള്ള മേൽപദ്ധതിക്ക് 2010-11 വർഷം (പ്രോജക്ട് നമ്പർ 108/11) 1550000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഗുണഭോക്തൃസമിതിക്കുവേണ്ടി കൺവീനർ പ്രവൃത്തിനിർവഹണം സംബന്ധിച്ച് 13.9.10 ൽ പഞ്ചായത്തുമായി കരാർ വയ്ക്കുകയും ചെയ്തു. കരാർ പ്രകാരം ആറു മാസത്തിനുള്ളിൽ പണി പൂർത്തിയാക്കേണ്ടതാണ്. പദ്ധതിയുടെ ഭാഗികബിൽ പ്രകാരം 2011-12 വർഷം ആകെ 1057693 രൂപ കൺവീനർ കൈപ്പറ്റി. ബാക്കി പണി 2012-13 ൽ പൂർത്തീകരിക്കുകയും (എസ് 003/13) തുക കൈപ്പറ്റുകയും ചെയ്തു. പദ്ധതി നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനുള്ള സ്ഥലലഭ്യത ഉൾപ്പെടെയുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടായതിനാൽ നിർമാണത്തിലും പൈപ്പ് ഇടുന്ന റൂട്ടിലും മാറ്റം വരുത്തേണ്ടി വന്നതിനെ തുടർന്ന് ഒറിജിനൽ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാത്തവിധം പുതതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഗുണഭോക്തൃസമിതി 7.12.11 ന് ജില്ലാ പഞ്ചായത്തിന് അപേക്ഷ നൽകി. ആയതിന്മേൽ അനുകൂല ശുപാർശ നൽകിക്കൊണ്ട് വിജയപുരം ഗ്രാമപഞ്ചായത്ത് എൻജിനിയർ തയ്യാറാക്കിയതും പള്ളം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ മേൽ പരിശോധന നടത്തിയതുമായ പുതുക്കിയ എസ്റ്റിമേറ്റ് ജില്ലാപഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റിന് 1.2.12 ൽ കൂടിയ ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റി അംഗീകാരം നൽകുകയും ( നാലാം നമ്പർ തീരുമാനം) പ്രസ്തുത വിവരം തീരുമാനത്തിന്റെ പകർപ്പ് സഹിതം ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയറെ 4.2.12 ൽ അറിയിക്കുകയും ചെയ്തു. (സെക്രട്ടറിയുടെ എ2/3910/11 നമ്പർ കത്ത്.) പുതുക്കിയ എസ്റ്റിമേറ്റിന് ജില്ലാപഞ്ചായത്ത് അംഗീകാരം നൽകിയ വിവരം ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയർ നിർവഹണചുമതലയുള്ള പള്ളം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറെ അറിയിച്ചത് 14.2.12 ൽ മാത്രമാണ്. (എ.ബി4/754/10 നമ്പർ കത്ത് മുഖേന) . എന്നാൽ അളവുപുസ്തകം പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നത് പുതുക്കിയ എസ്റ്റിമേറ്റ് ജില്ലാ പഞ്ചായത്ത് അംഗീകരിച്ച വിവരം സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പ് ലഭിക്കുന്നതിനു മുമ്പുതന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ നിർവഹിച്ചു എന്നാണ്. (റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അപ്പൻഡിക്സ് ബിയിലെ എക്സ്ട്രാ ഐറ്റം (1) **1:1$\frac{1}{2}$:3** അനുപാതത്തിലുള്ള പ്രബലിത കോൺക്രീറ്റ് പണിയുടെ അളവ് എം ബുക്ക് (173/10-11) പേജ് 7 ൽ 1.2.12 നു തന്നെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ ചെക്ക് മെഷർ ചെയ്തതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.) ഇപ്രകാരം ജില്ലാ പഞ്ചായത്ത് ഭരണസമിതി പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചത് ഔദ്യോഗികമായി അറിയുന്നതിനു മുമ്പു തന്നെ പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള പണികൾ തുടങ്ങിയ നടപടി ക്രമാനുസൃതമല്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ച ഡി.എൽ.ടി.എ.ജി. ചെയർമാൻ സൈറ്റ് പരിശോധിച്ച ശേഷമേ അനുമതി നൽകാവൂ എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ ഇപ്രകാരം സാങ്കേതികാനുമതി ലഭിച്ചതിന്റെ വിവരം ഫയലിൽ നിന്ന് വ്യക്തമല്ല. സാങ്കേതികാനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭിക്കാത്ത സ്ഥിതിക്ക് 2011-12 വർഷം ടി പദ്ധതിക്ക് പാർട്ട്ബില്ലുകൾ പ്രകാരം തുക നൽകിയത് ക്രമാനുസൃതമല്ല. മാത്രമല്ല, 2012-13 വർഷം പ്രസ്തുത പദ്ധതി സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയതിന്റെ അടിസ്ഥാനവും വ്യക്തമല്ല.
2. ഈ പദ്ധതിക്കായുള്ള കിണർ നിർമാണത്തിന് നിർദേശിക്കപ്പെട്ട സ്ഥലം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ പരിശോധിച്ചതിൻപ്രകാരം മുകൾഭാഗം ചെളി നിറഞ്ഞതും

താഴെ കട്ടിയുള്ള പാറ ഉൾപ്പെടുന്നതുമായ ഒന്നാണ്. എന്നാൽ അളവു പുസ്തകം പേജ് 41, 42 എന്നിവ പ്രകാരം കിണർ നിർമാണത്തിന് കുഴി എടുത്തിട്ടുള്ളത് സാധാരണ മണ്ണിലാണ്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ ടെസ്റ്റ് റിപ്പോർട്ടിന് വിരുദ്ധമായി എസ്റ്റിമേറ്റിൽ പ്രൊവിഷൻ ഇട്ടതിന്റെയും പ്രവൃത്തി നിർവഹിച്ചതിന്റെയും അടിസ്ഥാനം വ്യക്തമല്ല.

3. ടി പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ പ്രകാരമുള്ള മൂല്യം കണക്കിലെടുത്ത് 2900 രൂപ വരുമാനനികുതി അടച്ചിട്ടുള്ളതായി കാണുന്നു. മറ്റ് രണ്ടു ബില്ലുകളിൽ നിന്ന് ഇപ്രകാരം വരുമാനനികുതി അടച്ചിട്ടില്ല. ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ എസ്റ്റിമേറ്റിൽ ലാഭവിഹിതം ഉൾപ്പെടുത്താത്തതിനാൽ വരുമാനനികുതി അടയ്ക്കേണ്ടെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ള സ്ഥിതിക്ക് (ജി.ഒ.(ആർ.ടി.) 3784/10/തസ്വഭവ/2.12.10). ഇപ്രകാരം വരുമാനനികുതി അടച്ചത് ക്രമാനുസൃതമല്ല.
4. പദ്ധതി നടത്തിപ്പ് ഗുണഭോക്തൃസമിതിക്ക് കൈമാറി നൽകിയതിന്റെ കരാറും വ്യവസ്ഥകളും സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ നിന്ന് വ്യക്തമല്ല.

ഈ സാഹചര്യത്തിൽ മേൽ പദ്ധതിക്കുവേണ്ടി 2011-12 ലെ 1214215 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3.12 പാർപ്പിടം

## എ) ഇ.എം.എസ്. ഭവനനിർമ്മാണം

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച 'ഇ.എം.എസ്.ഭവന നിർമ്മാണം' എന്ന പ്രോജക്ടിൽ 3 വിഭാഗങ്ങളിലായി വികസനഫണ്ടിൽ നിന്നും 2011-12 ൽ വിവിധ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ താഴെ പറയുന്നു.

| പ്രോജക്ട് നമ്പർ | വിഭാഗം | നൽകിയ തുക | വൗച്ചർ നമ്പർ/ തീയതി | കൈപ്പറ്റിയ ഗ്രാമപഞ്ചായത്തുകൾ | തുക |
|---|---|---|---|---|---|
| 466/12 | പൊതു വിഭാഗം | 27,89,300 | 21100103/ 30.01.12 | കുറിച്ചി | 600000 |
| | | | | പൂഞ്ഞാർ | 300000 |
| | | | | വാഴപ്പള്ളി | 100000 |
| | | | | കരൂർ | 150000 |
| | | | | കോരുത്തോട് | 300000 |
| | | | | ഭരണങ്ങാനം | 200000 |
| | | | | വെളിയന്നൂർ | 100000 |
| | | | | വെള്ളാവൂർ | 75000 |
| | | | | തലയോലപ്പറമ്പ് | 200000 |
| | | | | നെടുങ്കുന്നം | 100000 |
| | | | | കൊഴുവനാൽ | 664300 |
| 620/12 | എസ്.സി.പി. | 36,49,600 | 21100102/ 30.01.12 | കുറിച്ചി | 300000 |
| | | | | തലയോലപ്പറമ്പ് | 1000000 |
| | | | | കൊഴുവനാൽ | 2349600 |
| 643/12 | ടി.എസ്.പി. | 5,00,000 | 21100369/ 31.03.12 | തലയാഴം | 500000 |

തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## ബി) ഇന്ദിര ആവാസ് യോജന (ഐ.എ.വൈ.)

ഐ.എ.വൈ. പദ്ധതിക്കായി 11-12 വർഷം വിവിധ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിവരം താഴെക്കൊടുക്കുന്നു

| പ്രോജക്ട് നമ്പർ | വിഭാഗം | നൽകിയ തുക | വൗച്ചർ നമ്പർ/ തീയതി | കൈപ്പറ്റിയ ബ്ലോക്ക് പഞ്ചായത്തുകൾ | തുക |
|---|---|---|---|---|---|
| 838/12 (സ്പിൽ ഓവർ) | (എസ്.സി. പി.) നാലാം ഘട്ടം | 97,36,986 | 21100667/ 31.03.12 | ഉഴവൂർ | 316972 |
| | | | | വൈക്കം | 838786 |
| | | | | പാമ്പാടി | 28173 |
| | | | | വാഴൂർ | 907598 |
| | | | | ളാലം | 634406 |
| | | | | ഈരാറ്റുപേട്ട | 163772 |
| | | | | കടുത്തുരുത്തി | 1868085 |
| | | | | പള്ളം | 290386 |
| | | | | മാടപ്പള്ളി | 261462 |
| | | | | കാഞ്ഞിരപ്പള്ളി | 182061 |
| 469/12 | പൊതുവിഭാഗം | 83,83,246 | 21100105/ 30.01.12 | ഈരാറ്റുപേട്ട | 867875 |
| | | | | കടുത്തുരുത്തി | 715500 |
| | | | | ളാലം | 219250 |
| | | | | പള്ളം | 450000 |
| | | | | ഉഴവൂർ | 213996 |
| | | | | വാഴൂർ | 590850 |
| | | | | ഏറ്റുമാനൂർ | 1166000 |
| | | | | കാഞ്ഞിരപ്പള്ളി | 914775 |
| | | | | മാടപ്പള്ളി | 795000 |
| | | | | പാമ്പാടി | 1450000 |
| | | | | വൈക്കം | 1000000 |
| 823/12 | രണ്ടാം ഘട്ടം (എസ്.സി. പി.) | 8,32,310 | 21100361/ 31.03.12 | ഉഴവൂർ | 333781 |
| | | | | വൈക്കം | 475232 |
| | | | | ഏറ്റുമാനൂർ | 715895 |
| | | | | പാമ്പാടി | 98812 |
| | | | | വാഴൂർ | 317688 |
| 828/12 | മൂന്നാം ഘട്ടം (എസ്.സി. പി.) | 43,50,000 | 21100361/ 31.03.12 | ഈരാറ്റുപേട്ട | 195375 |
| | | | | കടുത്തുരുത്തി | 646000 |
| | | | | പള്ളം | 431840 |
| | | | | മാടപ്പള്ളി | 747281 |
| | | | | കാഞ്ഞിരപ്പള്ളി | 1220406 |
| 621/12 | എസ്.സി.പി. | 1,20,00,000 | 21100313/ 18.02.12 | ഉഴവൂർ | 708125 |
| | | | | വൈക്കം | 992223 |
| | | | | ഏറ്റുമാനൂർ | 1900898 |
| | | | | പാമ്പാടി | 238188 |
| | | | | വാഴൂർ | 675938 |
| | | | | ഈരാറ്റുപേട്ട | 431313 |
| | | | | കടുത്തുരുത്തി | 1332563 |
| | | | | പള്ളം | 1104250 |
| | | | | മാടപ്പള്ളി | 1735126 |
| | | | | കാഞ്ഞിരപ്പള്ളി | 2881376 |
| 824/12 | രണ്ടാം ഘട്ടം (ടി.എസ്.പി.) | 10,71,756 | 21100355/ 31.03.12 | ഈരാറ്റുപേട്ട | 637006 |
| | | | | കാഞ്ഞിരപ്പള്ളി | 420000 |
| | | | | വാഴൂർ | 14750 |

LOCAL FUND AUDIT DEPARTMENT

| | | | | | |
|---|---|---|---|---|---|
| 825/12 | മൂന്നാം ഘട്ടം (ടി.എസ്.പി.) | 12,83,679 | 21100366/ 31.03.12 | ഈരാറ്റുപേട്ട | 612929 |
| | | | | ഏറ്റുമാനൂർ | 50375 |
| | | | | കാഞ്ഞിരപ്പള്ളി | 443125 |
| | | | | പാമ്പാടി | 19125 |
| | | | | ഉഴവൂർ | 88625 |
| | | | | വാഴൂർ | 69500 |
| 626/12 | ടി.എസ്.പി. | 14,00,000 | 21100317/ 18.02.12 | ഈരാറ്റുപേട്ട | 700000 |
| | | | | കാഞ്ഞിരപ്പള്ളി | 406250 |
| | | | | പാമ്പാടി | 76500 |
| | | | | ഉഴവൂർ | 76500 |
| | | | | വാഴൂർ | 140750 |

തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## സി) എം.എൻ.ലക്ഷംവീട് പദ്ധതി

എം.എൻ.ലക്ഷംവീട് പദ്ധതി സംബന്ധിച്ച്, ആവശ്യമായ ഫണ്ട് ഭവന നിർമ്മാണ വകുപ്പിൽ ലഭ്യമാണെന്നും പഞ്ചായത്തുകളെ വ്യക്തിപരമായി പ്രേരിപ്പിക്കണമെന്ന് അറിയിച്ചുകൊണ്ടുള്ള കെ.എസ്.എച്ച്.ബി. യുടെ 24.01.12 ലെ കത്തിന്റെ ഉള്ളടക്കം എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരേയും അറിയിക്കണമെന്ന ഭരണസമിതി തീരുമാനം (5/09.02.12) നടപ്പാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## ഡി) മറ്റു ഭവനനിർമാണപദ്ധതികൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

### 1) ഭവനനിർമ്മാണം - ജനറൽ - (സ്പിൽ ഓവർ)

### പ്രോജക്ട് നമ്പർ - 190/11-12

| | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കൈപ്പറ്റാനുള്ള ഗഡു | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | കൃഷ്ണൻകുട്ടി, അടമ്പുകാട് (ഹൗസ്) പയ്യപ്പാടി പി.ഒ. | അവസാനഗഡു | മീനടം |
| 2 | വിജയൻ, അടമ്പുകാട് (ഹൗസ്), പയ്യപ്പാടി പി.ഒ. | അവസാന ഗഡു | മീനടം |
| 3 | ഗോപാലകൃഷ്ണൻ, പച്ചിക്കൽ, വെള്ളാനി, അടുക്കം | അവസാന ഗഡു | തലനാട് |

### 2) ഭവനനിർമ്മാണം-വനിത- (സ്പിൽ ഓവർ)

### പ്രോജക്ട് നമ്പർ - 191/11-12

| | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | സാറാമ്മ നൈനാൻ, കുടിയാറ്റിൽ, മേലുകാവ് | അവസാനഗഡു | മേലുകാവ് |
| 2 | മാധവി ഗോപാലൻ, അരീപ്ലാക്കൽ, മേലുകാവ് | ,, | മേലുകാവ് |
| 3 | ഷൈലമ്മ ബേബി, തോട്ടത്തിൽ, ചൊവ്വൂർ പി.ഒ. | ,, | മൂന്നിലവ് |
| 4 | രാധ ഷാജി, ഐക്കരകുന്നേൽ, നീലൂർ | ,, | കടനാട് |
| 5 | ലളിത ശശി, പന്തടിക്കുളം, സചിവോത്തമപുരം, കുറിച്ചി | ,, | കുറിച്ചി |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 6 | കുമാരി, മാധവശ്ശേരി കോളനി, തിരുവാർപ്പ് | ” | തിരുവാർപ്പ് |
| 7 | വിലാസിനി, വെട്ടുവഴിയിൽ, ഉദയനാപുരം, വൈക്കം | ” | ഉദയനാപുരം |
| 8 | മാധവി ഗോപാലൻ, കല്ലാശ്ശേരിൽ, മടുക്ക, കോസടി | ” | കോരുത്തോട് |
| 9 | ഭവാനി , കുഴിമാക്കൽ, കൊമ്പുകുത്തി, കുപ്പക്കയം | ” | കോരുത്തോട് |
| 10 | രാജമ്മ ബാബു, കാവുംപാടം കാണക്കാരി | ” | കാണക്കാരി |

## 3) ഭവനനിർമ്മാണം - വനിത (സ്പിൽ ഓവർ)

## പ്രോജക്ട് നമ്പർ -193/11-12

| | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | ചെല്ലമ്മ കാർത്ത്യായനി, തിരുവമ്പാടി ലക്ഷം വീട് | അവസാനഗഡു | ഞീഴൂർ |
| 2 | കല്യാണി കൊച്ചുകുഞ്ഞ്, വാലുമണ്ണേൽ, മണിമല പി.ഒ. | ” | മണിമല |
| 3 | ബിനോ ഉണ്ണി, വെട്ടിക്കാട്ടിൽ, കാവുംകണ്ടം പി.ഒ., കടനാട് | 2, 3, 4 ഗഡുക്കൾ കൈപ്പറ്റാനുണ്ട് | കടനാട് |
| 4 | വത്സ. എൻ.എസ്. , ഇളംതുരുത്തിച്ചിറ, ടി.വി. പുരം | 3, 4 ഗഡുക്കൾ കൈപ്പറ്റാനുണ്ട് | ടി.വി. പുരം |
| 5 | രമണി റ്റി.കെ., ആഴാംചിറ, മാന്തുരുത്തി | | നെടുംകുന്നം (ഓഡിറ്റ് തടസ്സ വാദം) |
| 6 | ബിന്ദു മഹേഷ്, വാലുപറമ്പിൽ, പരിയാരം | 3, 4 ഗഡുക്കൾ കൈപ്പറ്റാനുണ്ട് | വാകത്താനം |
| 7 | മിനി സാബു, ചക്കംചിറ ലക്ഷം വീട് കോളനി, പരിയാരം പി.ഒ. | അവസാന ഗഡു | വാകത്താനം |
| 8 | ലീല എം.കെ., മുരുപ്പേൽ, കരിനിലം പി.ഒ. | അവസാനഗഡു | മുണ്ടക്കയം |
| 9 | സുജാത മനോജ്, കിണറ്റുങ്കൽ, കരിനിലം പി. ഒ. | 2, 3, 4 ഗഡുക്കൾ കൈപ്പറ്റാനുണ്ട് | മുണ്ടക്കയം |

## 4) ഭവനനിർമ്മാണം - മണർകാട് ഡിവിഷൻ

## പ്രോജക്ട് നമ്പർ - 195/11-12

| | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | വി.എസ്. മോഹനൻ, വല്യൂഴത്തിൽ, മണർകാട് പി.ഒ. | അവസാനഗഡു | മണർകാട് |

## 5) ഭവനനിർമ്മാണം-മുണ്ടക്കയം ഡിവിഷൻ

## പ്രോജക്ട് നമ്പർ -196/11-12

| | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | തങ്കച്ചൻ. ഇ.എൻ. ഈട്ടിക്കൽ, കൊമ്പുകുത്തി | 3,4 ഗഡുക്കൾ കൈപ്പറ്റാനുണ്ട് | കോരുത്തോട് |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 2 | പ്രകാശൻ. കെ.കെ., കോച്ചേരിയിൽ, കുപ്പക്കയം | ,, | കോരുത്തോട് |
| 3 | പ്രഭാകരൻ എ.ഐ., ആലയ്ക്കൽ, കൊമ്പുകുത്തി | അവസാന ഗഡു (പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമായി ട്ടുണ്ട്.) | കോരുത്തോട് |
| 4 | സുനി. കെ.പി., കൊച്ചുവീട്ടിൽ, കൊമ്പു കുത്തി | ,, | കോരുത്തോട് |
| 5 | ബിനീഷ്, പ്ലാക്കൽ, കുപ്പക്കയം | 3, 4 ഗഡുക്കൾ കൈപ്പറ്റി യിട്ടുണ്ട് | കോരുത്തോട് |
| 6 | കെ.പി. ഗംഗാധരൻ, കോസടിയിൽ, മടുക്ക | അവസാനഗഡു | കോരുത്തോട് |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തീകരിച്ചെന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3.13 സാമൂഹ്യക്ഷേമം

പ്രത്യേകവിഭാഗത്തിൽപ്പെട്ട വികലാംഗരുടെയും മാനസികരോഗികളുടെയും സംരക്ഷണത്തിനായി കേന്ദ്രങ്ങൾ സ്ഥാപിക്കുക, വികലാംഗർക്കും അഗതികൾക്കും വേണ്ടി ക്ഷേമകേന്ദ്രങ്ങൾ സ്ഥാപിക്കുക തുടങ്ങിയ ജില്ലാപഞ്ചായത്തിന്റെ നിയമപരമായ ചുമതലകൾ നിറവേറ്റിയിട്ടില്ല. അനാഥാലയങ്ങൾക്ക് ഗ്രാന്റ് നൽകുക എന്ന ചുമതല നിറവേറ്റിയിട്ടുണ്ട്. ഈ മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകളെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വിഭാഗം | ചെലവ് | ബിൽ/വൗച്ചർ നമ്പരും തീയതിയും | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | 54/12 | ജില്ലയിലെ വിവിധ ഡിവിഷനുകളിൽ അങ്കണവാടി നിർമ്മാണം (സ്പിൽ ഓവർ) | പൊതുവിഭാഗം സേവനമേഖല | 36078 | 2/11-12/18.7.11 | സെക്രട്ടറി |
| 2 | 98/12 | ജില്ലയിലെ വിവിധ ഡിവിഷനുകളിൽ അങ്കണവാടി നിർമ്മാണം ( സ്പിൽഓവർ) | പൊതുവിഭാഗം, പശ്ചാത്തലമേഖല | 265162 | 45/11-12/24.6.11 | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | | | 301240 | | |

## ഓഡിറ്റ് നിരീക്ഷണങ്ങൾ

1) രണ്ടും ഒരേ സ്വഭാവത്തിലുള്ള പ്രോജക്ടായിട്ടും ഒരു പ്രോജക്ടിന്റെ നിർവഹണോദ്യോഗസ്ഥനായി സെക്രട്ടറിയെയും മറ്റൊരു പ്രോജക്ടിന്റെ നിർവഹണോദ്യോഗസ്ഥനായി എൻജിനീയറെയും ചുമതലപ്പെടുത്താനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2) ഒരു തരത്തിലുള്ള പ്രോജക്ടായിരുന്നിട്ടും ഒന്ന് സേവനമേഖലയിലും മറ്റൊന്ന് പശ്ചാത്തലമേഖലയിലും പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## 3.13 എ) സ്കോളർഷിപ്പ് തുക വിതരണത്തിൽ ക്രമക്കേടുകൾ

കോട്ടയം ജില്ലയിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന സ്പെഷ്യൽ സ്കൂൾ കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം എന്ന പ്രോജക്ടിൽ, (നമ്പർ 396/12) 7500 രൂപ നിരക്കിൽ 259 പേർക്ക് സ്കോളർഷിപ്പ് നൽകുന്നതിനുവേണ്ടി 22.3.12 ൽ 1942500 രൂപ ട്രഷറിയിൽ നിന്ന് മാറിയെടുത്തു. (ബിൽ നമ്പർ 5/11-12) ഈ തുക ഡിമാന്റ് ഡ്രാഫ്റ്റായി കുട്ടികൾക്ക് വിതരണം നടത്തിയതിന്റെ വിവരം (കാഷ് ബുക്ക് പ്രകാരം) താഴെ പറയുന്നു.

| | |
|---|---|
| 22.5.12 | 480000 |
| 23.5.12 | 30000 |
| 25.5.12 | 277500 |
| 26.5.12 | 637500 |
| 28.5.12 | 82500 |
| 29.5.12 | 52500 |
| 30.5.12 | 15000 |
| 31.5.12 | 30000 |
| 1.6.12 | 82500 |
| 2.6.12 | 7500 |
| 5.6.12 | 15000 |
| 6.6.12 | 15000 |
| 7.6.12 | 7500 |
| 8.6.12 | 22500 |
| 11.6.12 | 7500 |
| 12.6.12 | 22500 |
| 13.6.12 | 7500 |
| 15.6.12 | 22500 |
| 25.6.12 | 67500 |
| 26.6.12 | 15000 |
| 27.6.12 | 7500 |
| 29.6.12 | 7500 |
| 3.7.12 | 7500 |
| 23.7.12 | 22500 (*) |
| ആകെ | 1942500 |

LOCAL FUND AUDIT DEPARTMENT

(*) (രജിസ്ട്രേഡ് തപാലിൽ അറിയിപ്പ് നൽകിയിട്ടും തുക കൈപ്പറ്റാത്തതിനാൽ ട്രഷറിയിൽ തിരിച്ചടച്ചു) (ചെലാൻ നമ്പർ 19/23.7.12)

## ഓഡിറ്റ് നിരീക്ഷണങ്ങൾ

ആവശ്യത്തിനുള്ള പണം മാത്രം പിൻവലിച്ച് ഉടൻ വിതരണം നടത്താതെ, തുക അഡ്വാൻസായി പിൻവലിച്ചതും ഡിമാന്റ് ഡ്രാഫ്റ്റായി മാസങ്ങളോളം കൈയിൽ സൂക്ഷിച്ചതും സർക്കാർ ഉത്തരവിന്റെ ലംഘനവും ധനദുരുപയോഗവുമാണ്. (ജി.ഒ. (പി)/177/06/ഫിൻ/12.4.06 കാണുക)

ഒരു സാമ്പത്തിക വർഷം പിൻവലിച്ച തുക അടുത്ത സാമ്പത്തിക വർഷം തിരിച്ചടക്കുമ്പോൾ കൺസോളിഡേറ്റഡ് ഫണ്ടിലാണ് അടയ്ക്കേണ്ടത്. (മേൽ പറഞ്ഞ ജി.ഒ. കാണുക)

ഗുണഭോക്തൃലിസ്റ്റിൽ കുട്ടികളുടെ പേരും അപേക്ഷകരുടെ പേരും മേൽവിലാസവും തുകയുമാണ് കാണിച്ചിട്ടുള്ളത്. സ്കൂളിന്റെ പേര് ചേർത്തിട്ടില്ല.

കുട്ടികളെ തെരഞ്ഞെടുത്തത് അയൽകൂട്ടങ്ങൾ വഴിയാണോ എന്നും ഗ്രാമസഭകളിൽ അവരുടെ പേരുകൾ വായിച്ചോ എന്നും വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (ജി.ഒ. (എം.എസ്.)183/07/തസ്വഭവ/24.7.07 ഖണ്ഡിക 4.3 കാണുക)

## ബി) സാമൂഹ്യക്ഷേമചെലവുകൾ - പിൻവലിച്ച തുക കൈയിൽ സൂക്ഷിക്കുക വഴി ധനദുരുപയോഗം

1) കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് വിവിധ ബില്ലുകൾ പ്രകാരം പിൻവലിച്ച തുക വിനിയോഗിക്കാതെ കൈയിൽ സൂക്ഷിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പൊതു പണം കൈയിൽ സൂക്ഷിക്കുന്നത് ധനദുരുപയോഗമാകയാൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

| ക്രമ നം. | ബിൽ നമ്പർ | തുക | ചെലവിനം | പിൻവലിച്ച തീയതി (ട്രഷറി ബിൽ ബുക്ക് പ്രകാരം) | ചെലവഴിച്ച തീയതി (കാഷ് ബുക്ക് പ്രകാരം) | |
|---|---|---|---|---|---|---|
| 1 | 1/11-12 | 25000 | അനാഥദിനാഘോഷം | 22.11.11 | 14.12.11 | |
| 2 | 2/11-12 | 38075 | സ്കോളർഷിപ്പ് | 13.3.12 | 26.3.12 | |
| 3 | 3/11-12 | 50000 | അനാഥമേള | 13.3.12 | 21.3.12 | |
| 4 | 4/11-12 | 300000 | എച്ച്.ഐ.വി. രോഗികൾക്ക് ഭക്ഷണം (പ്രോജക്ട് നം. 472/12) | 22.3.12 | 28.3.12 | |
| 5 | 6/11-12 | 66200 (സെൽഫ്) | അനാഥാലയ ഗ്രാന്റ് | 31.3.12 | 9.5.12<br>18.5.12<br>25.5.12 | 25000<br>15000<br>26200<br>**66200** |
| 6 | 7/11-12 | 2211000 (സെൽഫ്) | വൃദ്ധസദനം ഗ്രാന്റ് | 31.3.12 | 8.5.12 | 42581 |
| | | | | | 9.5.12 | 1119115 |
| | | | | | 10.5.12 | 392757 |
| | | | | | 11.5.12 | 321328 |
| | | | | | 14.5.12 | 128924 |
| | | | | | 18.5.12 | 119995 |
| | | | | | 19.5.12 | 51000 |
| | | | | | 28.5.12 | 35300 |
| | | | | | | **2211000** |
| 7 | 8/11-12 | 4406000 | അനാഥാലയ ഗ്രാന്റ് | 31.3.12 | 8.5.12 | 134399 |
| | | | | | 9.5.12 | 2119676 |
| | | | | | 10.5.12 | 184057 |
| | | | | | 11.5.12 | 1232144 |
| | | | | | 14.5.12 | 67382 |
| | | | | | 16.5.12 | 84326 |
| | | | | | 17.5.12 | 209576 |
| | | | | | 18.5.12 | 88442 |
| | | | | | 21.5.12 | 125055 |

LOCAL FUND AUDIT DEPARTMENT

| | | | | | | |
|---|---|---|---|---|---|---|
| | | | | | 29.5.12 | 123943 |
| | | | | | 31.5.12 | 37000 |
| | | | | | | **4406000** |

## സി) സംയോജിത ശിശുവികസന പരിപാടി : ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയില്ല

പതിനൊന്നാം പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 5.4.2 പ്രകാരം സംയോജിത ശിശു വികസന പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സേവനങ്ങളേയും പശ്ചാത്തല സൗകര്യങ്ങളുടെ ആവശ്യകതയേയും സംബന്ധിച്ച് ജില്ലയ്ക്ക് വ്യക്തമായ ഒരു പ്രവർത്തന പദ്ധതി ഉണ്ടായിരിക്കേണ്ടതാണ്. ഓരോ അങ്കണവാടിക്കും സ്ഥലവും കെട്ടിടവും നൽകാൻ വ്യവസ്ഥ ചെയ്യുന്ന വിശദമായ പ്രവർത്തന പദ്ധതി 11-ാം പഞ്ചവൽസര പദ്ധതിയിൽ നിർബന്ധമായും ഉണ്ടായിരിക്കണമെന്നും പശ്ചാത്തല സൗകര്യങ്ങളുടേയും അദ്ധ്യാപന സഹായികളുടേയും കാര്യത്തിൽ ഡി.പി.സി. നിശ്ചയിക്കുന്ന വിഹിതം ജില്ലാ പഞ്ചായത്തുകൾ നീക്കി വയ്ക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ തൻവർഷം പശ്ചാത്തല സൗകര്യ വികസനത്തിനായി ജില്ലാ പഞ്ചായത്ത് നീക്കിവയ്ക്കേണ്ട വിഹിതം ഡിപിസി നിശ്ചയിക്കുകയോ ജില്ലാ പഞ്ചായത്ത് തുക നൽകുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ ജില്ലയിലെ അംഗൻവാടികൾക്ക് പശ്ചാത്തലസൗകര്യമൊരുക്കാൻ ജില്ലാ പഞ്ചായത്തിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ജില്ലയിലെ അംഗൻവാടികളിലെ പശ്ചാത്തലസൗകര്യങ്ങളുടെ അപര്യാപ്തതകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.

## 3.14 വിദ്യാഭ്യാസം

## എ) 2008-09 ൽ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും സ്കൂളിന്റെ അറ്റകുറ്റപ്പണി തുടങ്ങിയിട്ടില്ല

2008-09 ൽ നെടുങ്കുന്നം ഗവ. ഹൈസ്കൂളിന്റെ അറ്റകുറ്റപ്പണിക്കു വേണ്ടി മൂന്നു ലക്ഷം രൂപ വകയിരുത്തി തയ്യാറാക്കിയ പ്രോജക്ടിൽ പി.ടി.എ. പ്രസിഡന്റും ഗുണഭോക്തൃ സമിതി കൺവീനറുമായ ശ്രീ. എ.കെ.ബാബു മൊബിലൈസേഷൻ അഡ്വാൻസായി 68700 രൂപ കൈപ്പറ്റിയിരുന്നു. പണി ഇതുവരെ തുടങ്ങിയിട്ടില്ല.

എസ്റ്റിമേറ്റ് പ്രകാരം ഈ ജോലി ഇപ്പോൾ ഏറ്റെടുത്താൽ വൻസാമ്പത്തികബാധ്യത ഉണ്ടാകുമെന്നും സാധനങ്ങളുടെ വില വർധിച്ചതിനാൽ അധികച്ചെലവ് ഉണ്ടാകുമെന്നും എസ്റ്റിമേറ്റിൽ അധികരിച്ച തുക കണ്ടെത്താൻ കഴിയാത്തതിനാൽ അഡ്വാൻസ് നിയമാനുസൃതം തിരിച്ചടയ്ക്കാൻ അനുവദിക്കണമെന്നും കൺവീനർ 9.2.12 ലെ കത്ത് പ്രകാരം പഞ്ചായത്തിനെ അറിയിച്ചു.

ഇക്കാര്യം ചർച്ച ചെയ്ത ഭരണസമിതിയോഗം നിശ്ചിത സമയത്തിനകം പ്രവൃത്തി നടത്തുന്നതിൽ പി.ടി.എ. കമ്മിറ്റി വേണ്ടത്ര താത്പര്യം കാണിച്ചില്ല. എന്ന് കണ്ടെത്തിയിട്ടും അഡ്വാൻസ് നിയമാനുസരണം പലിശ സഹിതം തിരിച്ചടച്ച് ഫയൽ ക്ലോസ് ചെയ്യാൻ എക്സിക്യൂട്ടീവ് എൻജിനിയർക്ക് നിർദേശം നൽകുകയാണ് ചെയ്തത്. (തീരുമാനം നമ്പർ 3/24.2.12) ഇത് തെറ്റായ തീരുമാനമാണ്.

കരാർ പ്രകാരം പണി പൂർത്തിയാക്കേണ്ട നിയമപരമായ ബാധ്യത ഏറ്റെടുത്ത് സമയബന്ധിതമായി പണി പൂർത്തിയാക്കാതിരുന്നതിനാൽ സംഭവിച്ച നഷ്ടം പൂർണമായി കൺവീനറിൽനിന്നോ ഗുണഭോക്തൃസമിതി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളിൽനിന്നോ തുല്യമായി ഈടാക്കേണ്ടതാണ്. ഈ പണി പുതിയ നിരക്കിൽ വീണ്ടും ഏറ്റെടുക്കുമ്പോൾ

LOCAL FUND AUDIT DEPARTMENT

പഞ്ചായത്തിനുണ്ടാകുന്ന വൻനഷ്ടം അഡ്വാൻസ് പിഴ സഹിതം തീരുന്നതല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ബി) ഒളശ്ശ അന്ധവിദ്യാലയം : ഹൈസ്കൂൾ/ പ്ലസ് വൺ ആരംഭിച്ചിട്ടില്ല.

ഒളശ്ശ അന്ധവിദ്യാലയത്തിൽ ഇപ്പോൾ ഏഴാം ക്ലാസ് വരെ മാത്രമാണുള്ളത്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ആറു കിലോമീറ്റർ അകലെയുള്ള കുടമാളൂർ ഹൈസ്കൂളിനെ ആശ്രയിക്കേണ്ടി വരുന്നത് വിദ്യാർത്ഥികൾക്കും കുടുംബങ്ങൾക്കും ക്ലേശമുണ്ടാക്കുന്നു. ഹോസ്റ്റൽ സൗകര്യം ഉൾപ്പെടെയുള്ള എല്ലാ സാഹചര്യങ്ങളും ലഭ്യമായിരിക്കേ 2012-13 ൽ സ്കൂളിന്റെ സുവർണജൂബിലി ആഘോഷിക്കുന്ന അവസരത്തിലെങ്കിലും ഹൈസ്കൂൾ, പ്ലസ്വൺ സൗകര്യങ്ങൾ ആരംഭിക്കാൻ നടപടിയെടുക്കണമെന്ന് സർക്കാരിനോട് ഭരണസമിതി അഭ്യർത്ഥിച്ചത് പ്രശംസനീയമായ നടപടിയാണ്. (തീരുമാനം : 9/14.6.12) ഇക്കാര്യത്തിൽ കൈക്കൊണ്ട തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഒളശ്ശ അന്ധവിദ്യാലയം ജില്ലാ പഞ്ചായത്തിന് കൈമാറിയതിന്റെ ആധികാരികരേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## സി) പാലാ ഗവ. കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വാടകക്കെട്ടിടത്തിൽ

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പാലാ ഗവ. കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി കിഴതടിയൂർ എൽ.പി.സ്കൂൾ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം റവന്യുവകുപ്പ് സെക്രട്ടറിയുടെ 9.2.12 ലെ ഉത്തരവ് നമ്പർ 330/10 പ്രകാരം ലഭിച്ചതായി സൂപ്രണ്ട് അറിയിച്ചു. സ്കൂളിന്റെ അറ്റകുറ്റപ്പണികൾ തീർത്ത് അടുത്ത അധ്യയനവർഷത്തിൽ പ്രവർത്തനം തുടങ്ങാൻ നടപടിയെടുക്കണമെന്നും അദ്ദേഹം അപേക്ഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2012-13 ൽ സ്കൂളിന്റെ അറ്റകുറ്റപ്പണിക്ക് തുക വകയിരുത്താൻ കൈക്കൊണ്ട ഭരണസമിതി തീരുമാനം (നമ്പർ : 11/12.3.12) നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഡി) ടി.വി.പുരം ഗവ. എച്ച്.എസ്.എസിൽ ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തത

2008-09 ൽ ഹൈസ്കൂൾ വിഭാഗത്തിൽ ലഭിച്ച മഴവെള്ളസംഭരണിയുടെ കേടുപാടുകൾ തീർക്കാനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രവർത്തനം നിലച്ചിരിക്കുകയാണ്. 2009-10 ൽ ഹയർസെക്കൻഡറി വിഭാഗത്തിന് ലാബ് മന്ദിരം പണിതു. എന്നാൽ വൈദ്യുതി, പ്ലമ്പിങ് വർക്കുകൾ എന്നിവയ്ക്കായി ഫണ്ട് ലഭ്യമല്ല. 2010-11 ൽ ഹയർസെക്കൻഡറി വിഭാഗത്തിന് ഫർണിച്ചർ ഗ്രാന്റായി 60000 രൂപ ലഭിച്ചു. ചുറ്റുമതിൽ ഉയരം കൂട്ടി കമ്പിവേലി കെട്ടി സംരക്ഷിക്കൽ, പ്രവേശനകവാടവും നെയിംബോർഡും പുനർനിർമിക്കൽ, ഉച്ചക്കഞ്ഞി വിതരണവുമായി ബന്ധപ്പെട്ട ഡൈനിങ് ഹാൾ/ പാത്രങ്ങൾ/ഗ്യാസ് കണക്ഷൻ, ഹൈസ്കൂൾ വിഭാഗത്തിൽ വാട്ടർ കണക്ഷനും ഗ്യാസ് കണക്ഷനും, ലൈബ്രറി മന്ദിരം, ലാപ്ടോപ്പുകൾ, ഡെസ്ക്ടോപ്പുകൾ, ഫോട്ടോകോപ്പിയർ, അഗ്നിശമനോപകരണങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റുകൾ, ഇടഭിത്തികൾ, എൽ.സി.ഡി. പ്രോജക്ടർ, ഫാനുകൾ, ലൈറ്റുകൾ,

LOCAL FUND AUDIT DEPARTMENT

സ്പോർട്സ് കിറ്റ് തുടങ്ങിയ ആവശ്യങ്ങളും ഒരു കായിക അധ്യാപകന്റെ അഭാവവും പരാധീനതകളായി നിലനിൽക്കുന്നു.

## ഇ) വിദ്യാർത്ഥികൾക്കുള്ള നിയമസാക്ഷരതാപരിപാടി നടപ്പാക്കിയില്ല

കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റി സർക്കാർ ഹൈസ്കൂളുകളിലെ 9-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയ നിയമ സാക്ഷരതാ പരിപാടിക്ക് ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. ഒരു സ്കൂളിന് പരമാവധി 3,000/- രൂപ എന്ന നിരക്കിൽ 50:50 അനുപാതത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും പൊതു വിഭാഗം വികസനഫണ്ടിൽ നിന്നും തുക വകയിരുത്താവുന്നതാണ്. (പതിനൊന്നാം പഞ്ചവൽസരപദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 5.9 കാണുക) ഇത്തരമൊരു സംയുക്ത പ്രോജക്ട് ഏറ്റെടുക്കാതിരുന്നതിനാൽ ജില്ലയിലെ സർക്കാർ ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് നിയമസാക്ഷരത ലഭ്യമാക്കാൻ കിട്ടിയ അവസരം നഷ്ടപ്പെടുത്തിയ സാഹചര്യത്തിലേയ്ക്ക് അധികൃതരുടെ പൊതുവായ ശ്രദ്ധയും ആരോഗ്യവിദ്യാഭ്യാസസ്റ്റാൻഡിങ് കമ്മിറ്റിയുടെ സവിശേഷശ്രദ്ധയും ക്ഷണിക്കുന്നു.

## എഫ്) ലൈബ്രറികൾക്ക് കെട്ടിടം പണിയാൻ ധനസഹായം നൽകിയില്ല

ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് പുതിയ കെട്ടിടം പണിയുന്നതിനായി പരമാവധി പത്തു ലക്ഷം രൂപ വരെ സഹായം നൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. (ജി.ഒ.(ആർ.ടി.)2057/10/തസ്വഭവ/22.06.10 പ്രകാരം) എന്നാൽ ജില്ലാ പഞ്ചായത്ത് 2010-11 ൽ കോട്ടയം ജില്ലയിലെ ഒരു ലൈബ്രറിക്കും ധനസഹായം നൽകാതിരുന്നതിനാൽ ചില ലൈബ്രറികൾക്കെങ്കിലും പുതിയ കെട്ടിടം പണിയാനുള്ള അവസരം നഷ്ടപ്പെട്ട സാഹചര്യത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള താലൂക്ക് തലത്തിലെ ലൈബ്രറികൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | താലൂക്കിന്റെ പേര് | ലൈബ്രറികളുടെ എണ്ണം |
|---|---|---|
| 1 | കാഞ്ഞിരപ്പള്ളി | 58 |
| 2 | കോട്ടയം | 100 |
| 3 | ചങ്ങനാശ്ശേരി | 70 |
| 4 | മീനച്ചിൽ | 90 |
| 5 | വൈക്കം | 53 |
| | ആകെ | 371 |

കുറവിലങ്ങാട് ഡിവിഷനിൽ കാണക്കാരി ഗ്രാമപഞ്ചായത്തിലെ രത്നഗിരി പൊതുവായനശാല കെട്ടിടനിർമാണത്തിനുവേണ്ടിയുള്ള ഒരേയൊരു പ്രോജക്ട് (നമ്പർ 403/12) മാത്രമാണ് ഈ മേഖലയിൽ ആവിഷ്കരിച്ചത്. വികസനഫണ്ടും (375000 രൂപ) തനതു ഫണ്ടും (200000) ചേർത്ത് 575000 രൂപ അടങ്കലിൽ തയ്യാറാക്കിയ ഈ പ്രോജക്ടാകട്ടെ നടപ്പാക്കിയതുമില്ല.

## 3.15 സർവ്വശിക്ഷാ അഭിയാൻ

എസ്.എസ്.എ. വാർഷിക പ്ലാൻ അനുസരിച്ച് 2011-12 ൽ സിവിൽ വർക്കുകൾക്കായി നിർദ്ദേശിക്കപ്പെട്ട വർക്കുകളുടെ വിവരം താഴെപ്പറയുന്നു. (എസ്.എസ്.എ. കോട്ടയം ജില്ലാ പ്രോജക്ട് ഓഫീസറുടെ 7.6.11 ലെ കത്ത് പ്രകാരം)

| ക്രമ നം. | സിവിൽ വർക്കുകളുടെ വിവരം | യൂണിറ്റ് കോസ്റ്റ് | യൂണിറ്റിന്റെ എണ്ണം | തുക | സ്കൂളുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | വൈദ്യുതീകരണം | 10000 | 160 | 1600000 | 73 |

LOCAL FUND AUDIT DEPARTMENT

| | | | | | |
|---|---|---|---|---|---|
| 2 | ടോയ്‌ലറ്റ്/യൂറിനൽ നിർമ്മാണം | 40000 | 10 | 400000 | 9 |
| 3 | ഇടഭിത്തി നിർമ്മാണം | 15000 | 50 | 750000 | 20 |
| 4 | മേജർ റിപ്പയർ | | | 2540000 | 7 |
| | | | ആകെ | 5290000 | |

മേൽപറഞ്ഞ പണികൾ തൃപ്തികരമായി പൂർത്തിയാക്കിയെന്ന് ആരും പരിശോധിച്ച് ഉറപ്പാക്കിയതായി കാണുന്നില്ല. ബന്ധപ്പെട്ട എൻജിനീയറുടെയും ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ചു എന്നും നേട്ടം കൈവരിച്ചു എന്നും ഉറപ്പുവരുത്തിയിട്ടില്ല.

മുൻവർഷങ്ങളിൽ വിദ്യാലയങ്ങളുടെ വികസനാവശ്യങ്ങൾക്കുവേണ്ടി ലഭിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുകയാണ്. 2011-12 ൽ വികസനഫണ്ടിൽ നിന്ന് ഒരു കോടി രൂപ (പ്രോജക്ട് നം. 468/12) എസ്.എസ്.എ. യ്ക്കുവേണ്ടി നൽകിയിട്ടുണ്ട്. (ഡി.ഡി. നമ്പർ 015746/1.2.12) മുൻവർഷങ്ങളിൽ ലഭിച്ച 2820000 രൂപ കോട്ടയം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ സിവിൽ സ്റ്റേഷൻ ശാഖയിൽ കറന്റ് അക്കൗണ്ടിൽ (നമ്പർ 67033064561) നിക്ഷേപിച്ചതിനാൽ പലിശ ലഭിച്ചില്ല. തുടർന്ന് ഇതേ ബാങ്കിലെ തന്നെ എസ്.ബി. അക്കൗണ്ടിലേക്ക് (നമ്പർ 67143928697) 25.3.11 ൽ മാറ്റിയതിനാൽ പലിശ ലഭിച്ചു തുടങ്ങി. കറന്റ് അക്കൗണ്ടിൽ തുക നിക്ഷേപിച്ചതിനാൽ 24.3.11 വരെ നഷ്ടപ്പെട്ട പലിശ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## എ) നിർമ്മാണ പ്രവർത്തനങ്ങൾ

വിദ്യാലയങ്ങളിൽ അവശ്യം വേണ്ട ഭൗതിക സാഹചര്യം ഒരുക്കിക്കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെ ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ എസ്.എസ്.എ. യുടെ ഭാഗമായി 2002 മുതൽ നടന്നു വരുന്നു. 2011-12 വർഷത്തിൽ കോട്ടയം ജില്ലയിൽ താഴെ കൊടുത്തിരിക്കുന്ന വർക്കുകൾ അനുവദിക്കുകയുണ്ടായി.

| ഇനം | യൂണിറ്റ് | തുക (ലക്ഷം) | |
|---|---|---|---|
| | | അനുവദിച്ചത് | ചെലവഴിച്ചത് |
| ടോയ്‌ലറ്റ്/യൂറിനൽസ് | 10 | 4.00 | 4.00 |
| ഇടഭിത്തി | 50 | 7.50 | 7.50 |
| വൈദ്യുതീകരണം | 160 | 16.00 | 16.00 |
| **മേജർ റിപ്പയർ വർക്സ്** | | | |
| പ്രൈമറി | 3 | 9.60 | 9.60 |
| അപ്പർ പ്രൈമറി | 4 | 15.80 | 15.80 |

മേൽ പറഞ്ഞ മൈനർ വർക്കുകളും മേജർ റിപ്പയറിംഗ് വർക്കുകളും ഭൂരിഭാഗവും പൂർത്തിയായി എന്നും (പ്രവർത്തന റിപ്പോർട്ട് 31.3.12) ഒരു കോടി രൂപ പൂർണ്ണമായി വിനിയോഗിച്ചു (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തീയതി: 28.5.12) എന്നുമുള്ള ജില്ലാ പ്രോജക്ട് ഓഫീസറുടെ അവകാശവാദം ശരിയാണെന്ന് ജില്ലാ പഞ്ചായത്ത് അധികൃതർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## (1) സ്പിൽ ഓവർ വർക്കുകൾ

| ഇനം | യൂണിറ്റ് | തുക (ലക്ഷം) അനുവദിച്ചത് | തുക (ലക്ഷം) ചെലവഴിച്ചത് |
|---|---|---|---|
| ടോയ്‌ലറ്റ്/യുറിനൽസ് | 40 | 12.00 | 12.00 |
| ഗേൾസ് ടോയ്‌ലറ്റ് | 12 | 4.80 | 4.80 |
| അഡീഷണൽ ക്ലാസ് മുറി | 40 | 69.44 | 26.93 |
| ഹെഡ്മാസ്റ്റർമാരുടെ മുറി | | | |
| 2009-10 | 26 | 150.60 | 30.61 |

LOCAL FUND AUDIT DEPARTMENT

| | | | |
|---|---|---|---|
| 2010-11 | 35 | | |
| 2010-11 (RTE) | 15 | | |
| സി.ആർ.സി. | 3 | 7.48 | - |
| ആകെ | | 297.22 ലക്ഷം | 127.24 ലക്ഷം |

മേൽ പറഞ്ഞ സ്പിൽ ഓവർ വർക്കുകൾ പൂർത്തിയാക്കാനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3.16 അക്ഷയ : 36337909 രൂപ ചെലവാക്കാതെ അവശേഷിക്കുന്നു

ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ സാക്ഷരത ലഭ്യമാക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച അക്ഷയ പ്രോജക്ടിലെ ഗുണഭോക്താക്കളുടെ പരിശീലന ചെലവ് കണക്കാക്കിയിരിക്കുന്നത് താഴെ പറയും പ്രകാരമാണ്. (ജി.ഒ.(എം.എസ്.)183/07/തസ്വഭവ/24.07.07 ഖണ്ഡിക 5.1 കാണുക.)

### ഗ്രാമപ്രദേശങ്ങൾ

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 60 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | 10 രൂപ |
| ജില്ലാ പഞ്ചായത്ത് | 10 രൂപ |
| ഗുണഭോക്തൃവിഹിതം | 40 രൂപ |
| ആകെ | 120 രൂപ |

### നഗര പ്രദേശങ്ങൾ

| | |
|---|---|
| നഗരസഭകൾ | 80 രൂപ |
| ഗുണഭോക്തൃവിഹിതം | 40 രൂപ |
| ആകെ | 120 രൂപ |

### എസ്.സി./ എസ്.ടി. വിഭാഗക്കാരുടെ ഗുണഭോക്തൃവിഹിതം (പദ്ധതി വിഹിതത്തിൽ നിന്നു നൽകാവുന്നത്)

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 20 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | 10 രൂപ |
| ജില്ലാ പഞ്ചായത്ത് | 10 രൂപ |
| ആകെ | 40 രൂപ |

അക്ഷയ പ്രോജക്ട് മുഖേന കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുവേണ്ടി കോട്ടയം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനകാര്യവകുപ്പിന്റെ 5.5.04 ലെ ജി.ഒ. (ആർ.ടി.) 3330/04 പ്രകാരം ആരംഭിച്ച ജില്ലാ കളക്ടറുടെ പേരിലുള്ള പ്രത്യേക ടി.എസ്.ബി. അക്കൗണ്ടിൽ (ജില്ലാ ട്രഷറി, കോട്ടയം) 2006-07 മുതൽ 2007-08 വരെ 39298389 രൂപ നിക്ഷേപിക്കുകയുണ്ടായി. ഈ തുകയിൽ 2008-09 മുതൽ 6.8.2012 വരെ ചെലവഴിച്ചത് 2960480 രൂപ മാത്രമാണ്. (7.53%) ബാക്കിയുള്ള 36337909 രൂപ 6.8.12 വരെ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ( അസിസ്റ്റന്റ് ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ, അക്ഷയ പ്രോജക്ട്, കോട്ടയം നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം) ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## 3.17 ആരോഗ്യമേഖലയിൽ കൈമാറിയ സ്ഥാപനങ്ങൾ-ആധികാരിക രേഖയില്ല, മാനേജിങ് കമ്മിറ്റികൾ പ്രവർത്തനക്ഷമമല്ല

സംസ്ഥാനത്തെ ആരോഗ്യ/ആയുർവ്വേദ/ഹോമിയോ വകുപ്പുകളുടെ കീഴിലുള്ള 3 സ്ഥാപനങ്ങളുടെ (കോട്ടയത്തെ ജില്ലാ ആശുപത്രി (അലോപ്പതി), ജില്ലാ ആശുപത്രി (ആയുർവ്വേദം), ജില്ലാ ഹോമിയോ ആശുപത്രി, കുറിച്ചി) നടത്തിപ്പും നിയന്ത്രണവും ആരോഗ്യ വകുപ്പിന്റെ 23.12.95 ലെ ജി.ഒ.(പി)566/95 ലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി അതതു ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. (തസ്വഭവകുപ്പിന്റെ 27.09.99 ലെ ജി.ഒ.(പി.)189/99 പ്രകാരം) സ്ഥാപനങ്ങളോടൊപ്പം അവയുടെ ആസ്തി ബാദ്ധ്യതകളും വസ്തുവകകളും അവയിൽ അനുവദിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ തസ്തികകളും ഉദ്യോഗസ്ഥരേയും അതതു തദ്ദേശസ്വയംഭരണസ്ഥാപനത്തിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതാണെന്നും ഓരോ സ്ഥാപനവും ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയ്ക്ക് കൈമാറുന്നു എന്ന് വ്യക്തമാക്കിക്കൊണ്ടും കൈമാറ്റം ചെയ്യുന്ന തസ്തികകൾ ഏത് സർക്കാർ ഓഫീസിൽ നിന്ന് കൈമാറുന്നു എന്ന് കാണിച്ചുകൊണ്ടും അതത് വകുപ്പിന്റെ അദ്ധ്യക്ഷന്മാർ 31.10.99 നു മുമ്പ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും പ്രത്യേകം നിഷ്ക്കർഷിച്ചിരുന്നു. വകുപ്പ് മേധാവികൾ പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ പഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ആധികാരികമായി വ്യക്തമാക്കേണ്ടതാണ്.

കൈമാറിയ എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും മാനേജിങ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. (2010 ലെ കേരള പഞ്ചായത്ത് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിങ് കമ്മിറ്റി) ചട്ടങ്ങൾ കാണുക.

## ആരോഗ്യമേഖല : നടപ്പാക്കിയ പ്രോജക്ടുകൾ

### 3.17.1 അലോപ്പതി

### എ) പാലിയേറ്റീവ് പരിചരണം

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് | ചെലവ് തീയതി | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 59/12 | സഞ്ജീവിനി & പാലിയേറ്റീവ് കെയർ (സ്പിൽ ഓവർ) അടങ്കൽ 90660 (മെയിന്റനൻസ് ഗ്രാന്റ്) | 60450<br>30210 | 16.3.12<br>29.3.12 | ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 2 | 413/12 | പലിയേറ്റീവ് പരിചരണ പദ്ധതി (പുതിയത്) അടങ്കൽ 500000 (വികസനഫണ്ട്) | 37722<br>309720 | 31.3.12<br>30.3.12 | സൂപ്രണ്ട് ജില്ലാ ആശുപത്രി (അലോപ്പതി) |

പ്രോജക്ട് നം. 59/12, 413/12 എന്നിവയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പാക്കുന്ന ഹോംകെയർ സംവിധാനത്തിന്റെ ഭാഗമായി രജിസ്റ്റർ ചെയ്തിട്ടുള്ള ബി.പി.എൽ. കുടുംബങ്ങളിലെ രോഗികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി വില കൂടിയ മരുന്നുകൾ (തസ്വഭവകുപ്പിന്റെ 2.11.09 ലെ സർക്കുലർ നമ്പർ 66373/ഡി എ1/09 ലെ അനുബന്ധം 2 ൽ ഉൾപ്പെടുത്തിയവ) വാങ്ങി പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് നൽകേണ്ട ചുമതല ജില്ലാ പഞ്ചായത്ത് നിറവേറ്റിയതായി കാണുന്നില്ല.

LOCAL FUND AUDIT DEPARTMENT

ജില്ലാ ആശുപത്രിയിലെ പാലിയേറ്റീവ് പരിചരണ കേന്ദ്രത്തിന് അവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെട്ടതും പട്ടികയിൽ പുതുതായി ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് പാലിയേറ്റീവ് പരിചരണ നയത്തിന്റെ അനുബന്ധത്തിൽ പ്രതിപാദിച്ചിട്ടുള്ളതുമായ മരുന്നുകൾ എ പി എൽ/ബി പി എൽ വേർതിരിവില്ലാതെ രോഗികൾക്ക് ആരോഗ്യ വകുപ്പിൽ നിന്ന് വാങ്ങി നൽകിയതായി കാണുന്നില്ല.

ആവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെടാത്തതും മേൽ പറഞ്ഞ സർക്കുലറിലെ അനുബന്ധം 2 ൽ ഉൾപ്പെട്ടതുമായ വില കൂടിയ മരുന്നുകൾ ജില്ലാ ആശുപത്രിയിലെ ബി.പി. എൽ. രോഗികൾക്ക് മാത്രം വാങ്ങി നൽകേണ്ടതാണ്. എന്ന നിബന്ധന പാലിച്ചതായി കാണുന്നില്ല.

ഹോംകെയർ സംവിധാനത്തിന്റെ ഭാഗമായി രജിസ്റ്റർ ചെയ്ത രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കാൻ വേണ്ടി സന്നദ്ധ പ്രവർത്തകർ, നഴ്സുമാർ, ഡോക്ടർമാർ, മറ്റ് ആരോഗ്യപ്രവർത്തകർ എന്നിവർക്കുള്ള പരിശീലനം സംഘടിപ്പിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ കാണിച്ച സർക്കുലറിലെ അനുബന്ധം 3 ൽ ഉൾപ്പെട്ട മരുന്നുകൾ ബന്ധപ്പെട്ട പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി ശുപാർശ ചെയ്യുന്ന യൂണിറ്റുകൾക്ക് മാത്രം ജില്ലാ പഞ്ചായത്ത് മുഖേന വാങ്ങി നൽകിയതിന്റെ രേഖകൾ ലഭ്യമല്ല.

മരുന്നുകൾ ലഭ്യമാക്കുന്ന യൂണിറ്റുകളുടെ പ്രവർത്തനം പ്രതിമാസ അവലോകന യോഗത്തിൽ പ്രത്യേകം വിലയിരുത്തിയതായി കാണുന്നില്ല. പ്രാഥമികാരോഗ്യകേന്ദ്രം മുഖേന മരുന്നുകൾ നൽകുന്നതൊഴികെ ഇത്തരം യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മറ്റ് സഹായങ്ങൾ ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ബി) മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങിയതിൽ പാകപ്പിഴകൾ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് | ബിൽ/വൗച്ചർ നമ്പരും/തീയതിയും | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 416/12 | ജില്ലാ ആശുപത്രിക്ക് മരുന്ന് വാങ്ങലും ഡയാലിസീസ് യൂണിറ്റിന് അനുബന്ധ സാധനങ്ങളും വാങ്ങൽ (പുതിയത്) അടങ്കൽ 1000000 (വികസനഫണ്ട്-74000, മെയിന്റനൻസ് ഫണ്ട് -926000) | 762128 | 3497, 3498/31.3.12 | സൂപ്രണ്ട്, ജില്ലാ ആശുപത്രി, കോട്ടയം |

പ്രോജക്ട് നം. 416/12 മായി ബന്ധപ്പെട്ട ഫയലിൽ (നമ്പർ സി 2-24/12/ഡി.എച്ച്.എസ്./10.1.12) ആവശ്യമായ മിക്ക മരുന്നുകളും കെ.എം.എസ്.സി.എൽ-ന് ഇല്ലെന്ന എൻ.എ.സി. ലഭിച്ചതായി സൂചിപ്പിച്ചിട്ടുണ്ട്. മരുന്നുകളുടെ വില കോട്ടയത്തെ നീതിമെഡിക്കൽസ് ഹോൾസെയിൽ വിഭാഗത്തിൽ ടെലഫോൺ മുഖേന അന്വേഷിച്ചപ്പോൾ ഉദ്ദേശം ഒന്നര ലക്ഷം വരുമെന്ന് അറിയാൻ കഴിഞ്ഞു എന്നും മെഡിസിൻ പർച്ചേസ് സംബന്ധിച്ച് നീതി സ്റ്റോർ പോലുള്ള ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ കൂടാതെ ഒന്നിൽ കൂടുതൽ പ്രാവശ്യം വാങ്ങുവാൻ സാധിക്കുമോ, അല്ലാത്തപക്ഷം ആവശ്യമായ ടെന്റർ നടപടികൾ നടത്തണമോ എന്ന കാര്യത്തിൽ നിർദ്ദേശം നൽകണമെന്നും സൂചിപ്പിച്ചുകൊണ്ട് സെക്ഷൻ ക്ലാർക്ക് സമർപ്പിച്ച ഫയലിൽ .................. എന്ന് എഴുതി ഉത്തരവിനപേക്ഷിച്ചത് അംഗീകരിച്ചു എന്ന് സൂപ്രണ്ട് രേഖപ്പെടുത്തിയതായി കാണുന്നു. ഫയലിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞ മേൽ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ പറയുന്നു.

LOCAL FUND AUDIT DEPARTMENT

1) നീതി സ്റ്റോറിൽ നിന്ന് ക്വട്ടേഷൻ കൂടാതെ ഒന്നിൽ കൂടുതൽ പ്രാവശ്യം മരുന്ന് വാങ്ങൽ പാടില്ലെന്ന് ലഭിച്ച നിർദ്ദേശം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനസാമഗ്രികൾ (മരുന്നുൾപ്പെടെ) ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (ടെന്റർ ഫോറത്തിന്റെ വിലയുൾപ്പെടെ) മനസ്സിലാക്കിയതായോ പാലിച്ചതായോ കാണുന്നില്ല. (ജി.ഒ.(പി) 259/20/തസ്വഭവ/8.11.10 കാണുക.)
3) മരുന്ന് വാങ്ങുന്നതു സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല.
4) പത്രപരസ്യത്തിന്റെ കോപ്പി ഫയലിൽ ലഭ്യമല്ല.
5) ടെന്റർ നോട്ടീസിന്റെ കോപ്പി ജില്ലാ പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്താൻ നൽകിയതായി കാണുന്നില്ല.
6) ടെന്റർ ഫോറത്തിന്റെ വിലയിനത്തിൽ ലഭിച്ച തുകയുടെ വിവരം ലഭ്യമല്ല.
7) ബിൽ ബുക്ക്, കാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. (ജി.ഒ.(പി) 177/06/ഫിൻ/12.4.06 പ്രകാരം നിഷ്കർഷിച്ചവ)

## സി) പണമുണ്ടായിട്ടും സർക്കാർ അനുമതി നൽകിയിട്ടും ആംബുലൻസുകൾ വാങ്ങിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്ക് ആംബുലൻസ് (നമ്പർ 408/12 പുതിയത്) |
| വിഭാഗം | പൊതു വിഭാഗം |
| മേഖല | സേവനം |
| പ്രത്യേക മേഖല | വൃദ്ധർ, ശിശുക്കൾ, ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവർക്കായുള്ള പ്രത്യേക പദ്ധതി (5% നിർബന്ധമായി വകയിരുത്തി ചെലവഴിക്കേണ്ടത്.) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | 67,50,000/- രൂപ (വികസനഫണ്ട്) |

മേൽപ്പറഞ്ഞ പ്രോജക്ടിൽ ഗ്രാമപഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങാൻ വകയിരുത്തിയ തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങി നൽകുന്ന പദ്ധതി ജില്ലാ പഞ്ചായത്തിന്റെ ചുമതലയല്ലാത്തതിനാൽ സർക്കാർ അനുമതി നിരസിച്ചു. (ജി.ഒ.(ആർ.ടി.)12022/11/തഭവ/31.03.12 പ്രകാരം) ഈ വിഷയത്തിൽ പുന:പരിശോധന നടത്തണമെന്ന സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ, കോട്ടയം മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ 2 ആംബുലൻസുകൾ വീതവും കോട്ടയം ജില്ലയിലെ 5 താലൂക്കാശുപത്രികളിൽ ഓരോന്നും വാങ്ങാൻ മേൽ കാണിച്ച ഉത്തരവിലൂടെ തന്നെ സർക്കാർ അനുമതി നൽകിയെങ്കിലും വാങ്ങിയിട്ടില്ല.

## ഡി) ജില്ലാ ആശുപത്രിക്ക് മാസ്റ്റർപ്ലാൻ തയ്യാറാക്കിയില്ല - അഞ്ചുലക്ഷം രൂപ പാഴായി

വികേന്ദ്രീകൃത പദ്ധതിയുടെയും സംസ്ഥാനപദ്ധതിയുടെയും പിന്തുണയോടെയും മറ്റ് വ്യത്യസ്ത സ്രോതസ്സുകളിൽ നിന്നുള്ള വിഭവങ്ങളുടെ സഹായത്തോടെയും ഓരോ ജില്ലയിലെയും ഓരോ ആശുപത്രി വികസിപ്പിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും കോട്ടയം ജില്ലാ ആശുപത്രിയെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. ഇതിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആർക്കിടെക്റ്റിനെയും ഹോസ്പിറ്റൽ കൺസൽട്ടന്റിനെയും നിയോഗിക്കാൻ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിനോട് സർക്കാർ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനു

LOCAL FUND AUDIT DEPARTMENT

ളള ചെലവ് ആശുപത്രി വികസനസമിതിയിൽ നിന്നോ രാഷ്ട്രീയ സ്വാസ്ത്യഭീമ യോജന യിൽ നിന്നോ വഹിക്കാനാണ് നിർദ്ദേശിച്ചിരുന്നത് (ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 19.12.2011 ലെ ജി.ഒ. (ആർ.ടി.) 4353/11 പ്രകാരം).

എന്നാൽ മേൽ പറഞ്ഞ കാര്യത്തിനുവേണ്ടി ജില്ലാപഞ്ചായത്ത് 5 ലക്ഷം രൂപ വികസനഫണ്ട് വകയിരുത്തി പ്രോജക്ട് (നമ്പർ 410/12) തയ്യാറാക്കുകയുണ്ടായി. പ്രോജ ക്ടിന്റെ തുടർനടപടി സ്വീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ജില്ലാ ആശുപത്രി സൂപ്രണ്ടിനെ അറിയിക്കുകയും (17.12.11 ലെ കത്ത് നമ്പർ 8- ഡി4/3802/11) ഇതിന്റെ അടി സ്ഥാനത്തിൽ , സൂപ്രണ്ട് കേരളാ മെഡിക്കൽ സർവീസ് കോർപറേഷനോട് 31.3.2012 നകം ഫണ്ട് ചെലവഴിക്കേണ്ടതിനാൽ മാസ്റ്റർ പ്ലാൻ എത്രയും വേഗം തയ്യാറാക്കണമെന്ന് അപേ ക്ഷിച്ചുകൊണ്ട് കത്തെഴുതുകയും (17.12.12 ലെ കത്ത് നമ്പർ സി2- 216/12/ഡി.എച്ച്.കെ.) ചെയ്തതല്ലാതെ മറ്റൊരു നടപടിയും കൈക്കൊണ്ടില്ല. അതിനാൽ പ്രോജക്ട് നടപ്പായില്ല.

ആശുപത്രിയുടെ വലിയ വികസനത്തിന് വഴി തെളിക്കുമായിരുന്ന ഒരു പ്രോജക്ട് നടപ്പാക്കാതിരുന്നതിന് ബന്ധപ്പെട്ടവരിൽ നിന്ന് വിശദീകരണം തേടേണ്ടതാണ്. മാത്രമല്ല ഈ പ്രോജക്ട് ഡി.പി.സി. അംഗീകരിച്ച 15.6.12 ലെ പദ്ധതിരേഖയിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## ഇ) ജില്ലാ ആശുപത്രി പരിസരത്തെ കട മാറ്റി സ്ഥാപിക്കാനുളള തീരുമാനം നടപ്പാക്കിയിട്ടില്ല

കോട്ടയം ജില്ലാ ആശുപത്രി പരിസരത്ത് ടെലഫോൺ ബൂത്ത് എന്ന പേരിൽ കട നടത്തുന്ന വിഷയം ഭരണസമിതി ചർച്ച ചെയ്യുകയുണ്ടായി. അത്യാഹിത വിഭാഗത്തിന്റെ തൊട്ടുമുമ്പിൽ പ്രവർത്തിക്കുന്ന കട എന്തെങ്കിലും മാസ്സ് കാഷ്വാലിറ്റി വരുന്ന സാഹചര്യ ത്തിൽ ബുദ്ധിമുട്ടുണ്ടാക്കും എന്ന് സൂപ്രണ്ട് അറിയിച്ചതിനാൽ അവിടെ നിന്ന് കട മാറ്റി വിക ലാംഗനായ ഇയാൾക്ക് ജില്ലാ ആശുപത്രി പരിസരത്ത് അനുയോജ്യമായ സ്ഥലത്ത് അനുവദ നീയമായ കച്ചവടം നടത്താനുളള അനുവാദം നൽകുന്നതിന് ഭരണസമിതി തീരുമാനപ്ര കാരം (നം.4/14.08.12) ജില്ലാ ആശുപത്രി സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3.17.2 ആയുർവേദം

കോട്ടയം ജില്ലയുടെ ഹൃദയഭാഗത്ത് വയസ്കരക്കുന്നിൽ സ്ഥിതി ചെയ്യുന്ന ജില്ലാ ആയുർവ്വേദാശുപത്രിയുടെ സ്ഥിതി ശോചനീയമാണ്. അമ്പത് വർഷത്തിലേറെ പഴക്ക മുളള കൊട്ടാരത്തിന്റെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രതിദിനം 300 മുതൽ 500 വരെ ആളുകൾ ഇവിടെ എത്തുന്നു. മർമ്മ/വിഷ ചികിത്സകളിലെ വിദഗ്ദ്ധരായ 5 ഡോക്ടർമാരു ടേയും സേവനം ഇവിടെ ലഭിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ നിർമ്മിച്ച ഒ. പി.ബ്ലോക്കാണ് തുടങ്ങിയ നാൾമുതൽ ഇവിടെ ഉണ്ടായ ഏകവികസന പ്രവർത്തനം എന്ന് ഭരണസമിതി വിലയിരുത്തിയതായി കാണുന്നു. (തീരുമാനം നമ്പർ 6(6)/27.07.12) എന്നിട്ടും ഈ ശോചനീയാവസ്ഥ മാറ്റുന്നതിനുവേണ്ടി വലിയ പ്രോജക്ടുകളൊന്നും ജില്ലാ പഞ്ചാ യത്ത് ആവിഷ്ക്കരിച്ചില്ല. മരുന്നു വാങ്ങാൻ ഒരു പ്രോജക്ടും (ചെലവ് 10,28,996/- രൂപ) വാഷിംഗ് മെഷീനും ഫ്രിഡ്ജും വാങ്ങാൻ മറ്റൊരു പ്രോജക്ടും (ചെലവ് 50,000/- രൂപ) മാത്രമാണ് നടപ്പാക്കിയത്.

LOCAL FUND AUDIT DEPARTMENT

# എ) ജനകീയാസൂത്രണ പദ്ധതി 2011-12 -പ്രോജക്ട് നമ്പർ 409/12- അപാകതകൾ : 50000 രൂപ തടസ്സപ്പെടുത്തുന്നു

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2011-12 വർഷത്തെ പദ്ധതിയായ ജില്ലാ ആയുർവ്വേദാശുപത്രിക്ക് വാഷിങ്ങ് മെഷീനും, ഫ്രിഡ്ജും വാങ്ങൽ (പ്രോജക്ട് നം. 409/12) പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

21.11.2011 ലെ ജി.ഒ. (ആർ.റ്റി.) നം. 56/11/എസ്.പി.ഡി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സിഡ്കോയിൽ നിന്നും ടെൻഡർ നടപടികൾ ഒഴിവാക്കി ഉപകരണങ്ങൾ വാങ്ങിയതായി കാണുന്നു. എന്നാൽ ഈ ഉത്തരവ് പ്രകാരം സ്റ്റീൽ ഫർണിച്ചർ, ഹോസ്പിറ്റൽ ഫർണിച്ചർ, ഹോസ്പിറ്റൽ/ലാബ് എക്വിപ്മെന്റ്സ് എന്നിവ 31.3.2000 ലെ ജി.ഒ. (ആർ.റ്റി.) 27/2000/എസ്.പി.ഡി. ഉത്തരവിൽ പരാമർശിച്ചിട്ടുള്ള റേറ്റിനെ അടിസ്ഥാനമാക്കി വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ വാഷിങ്ങ് മെഷീൻ, ഫ്രിഡ്ജ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല..

26.3.2012 ലെ സിഡ്കോ സെയിൽ എമ്പോറിയം, കോട്ടയത്തിന്റെ 9817-ാം നമ്പർ ഇൻവോയിസ് പ്രകാരം ഹോട്ട് വാട്ടർ ഓപ്ഷനുള്ള 6 കി.ഗ്രാം. വാഷിങ്ങ് മെഷീൻ 20410 രൂപ നിരക്കിലും, 315 ലിറ്റർ റെഫ്രിജെറേറ്റർ 23830 രൂപ നിരക്കിലും, വാറ്റ്, സെസ്സ് എന്നിവയായി 5585 രൂപ, ഡെലിവറി ചാർജ് 175 രൂപ എന്നിങ്ങനെ ആകെ 50000 രൂപയ്ക്ക് ടി ഉപകരണങ്ങൾ നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഫർണിച്ചർ രജിസ്റ്റർ പേജ് 13 ൽ 277 ലിറ്റർ റഫ്രിജറേറ്ററും, പേജ് 15 ൽ റ്റോപ്പ് ലോഡിങ്ങ് വാഷിങ്ങ് മെഷീനുമാണ് (ഹോട്ട് വാട്ടർ ഓപ്ഷൻ ലഭ്യമാണോ എന്ന് രേഖപ്പെടുത്തിയിട്ടില്ല.) സപ്ലൈ ചെയ്തിട്ടുള്ളതെന്ന് കാണുന്നു.

ഉപകരണങ്ങൾ ആയുർവേദാശുപത്രിക്ക് ലഭ്യമാക്കിയപ്പോൾ ലഭിച്ച QRS Retail limited ന്റെ ടാക്സ് ഇൻവോയ്സ് (നം. 48-872514/31.3.12, 48-872512/31.3.12) പ്രകാരം ടി ഉപകരണങ്ങളുടെ വാറ്റ് ഉൾപ്പെടെയുള്ള വില താഴെ പറയുന്നു.

| | | |
|---|---|---|
| 1) | സാംസങ്ങ് റഫ്രിജറേറ്റർ 277 ലിറ്റർ ഫ്രോസ്റ്റ് ഫ്രീ | 21000 |
| 2) | ഐ.എഫ്.ബി. ഫ്രണ്ട് ലോഡിങ്ങ് വാഷിങ്ങ് മെഷീൻ 6 കി.ഗ്രാം | 18750 |
| | ആകെ | 39750 |

(QRS Retail limited ന്റെ ഇൻവോയിസ് SATHEN STEEL PRODUCTS, റെയിൽവേ സ്റ്റേഷൻ റോഡ്, കോട്ടയം -ന്റെ പേരിലാണ് നൽകിയിട്ടുള്ളത്) എന്നാൽ ടി ഉപകരണങ്ങളുടെ വിലയായി 50000 രൂപ (ഡി.ഡി.നം. 016373 തീയതി: 31.3.12) മാനേജർ, സിഡ്കോ സെയിൽസ് എമ്പോറിയം കോട്ടയത്തിന് നൽകിയിട്ടുണ്ട്. ആയതിനാൽ 10250 രൂപ അധികമായി സിഡ്കോ -ക്ക് നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ സപ്ലൈ ചെയ്ത QRS Retail limited ന് പകരം സിഡ്കോയ്ക്ക് തുക നൽകാനിടയായ സാഹചര്യം വിശദമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഈ വിഷയം സംബന്ധിച്ച് 3.11.12 ൽ (എൽ.എഫ്.കെ.പി8//1429/12) ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് (ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നമ്പർ : 1/11-12/3.11.12) നൽകിയിരുന്നു. ആയതിന് സമർപ്പിച്ച മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിന് സിഡ്കോയ്ക്ക് കത്ത് നൽകിയിരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. കൂടാതെ സിഡ്കോയിൽനിന്ന് ഉപകരണങ്ങൾ വാങ്ങുന്നതിന് റേറ്റ് കോൺട്രാക്റ്റ് നിലവിലുണ്ടെന്ന് സിഡ്കോയിൽനിന്ന് അറിയിച്ചതിനാലാണ് ടി ഉപകരണങ്ങൾ സിഡ്കോയിൽനിന്ന് വാങ്ങിയതെന്നും അറിയിച്ചു. എന്നാൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ഹാജരാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല.

LOCAL FUND AUDIT DEPARTMENT

## ബി) ഔഷധിയിൽ നിന്നും ആയുർവ്വേദ മരുന്നുകൾ യഥാസമയം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 415/2012 |
| വിനിയോഗിച്ച ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| അടങ്കൽ/ചെലവഴിച്ച തുക | 1028966 |
| നിർവഹണോദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആയുർവേദാശുപത്രി, കോട്ടയം |

2011-12 വാർഷിക പദ്ധതിയിൽ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1028966 രൂപ ജില്ലാ ആയൂർവ്വേദാശുപത്രിയിലെ വിവിധ ക്ലിനിക്കുകൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി തൃശൂർ ഔഷധിക്ക് മുൻകൂറായി (ഡി.ഡി.നമ്പർ 523286/30.3.12 ) പ്രകാരം നൽകിയിരുന്നു. അഡ്വാൻസ് നൽകി രണ്ട് മാസത്തിനകം മരുന്ന് സപ്ലൈ ചെയ്യേണ്ടിയിരുന്നുവെങ്കിലും 29.9.2012 തീയതിയിൽ 171761 രൂപയുടെ മരുന്ന് ലഭ്യമാക്കുവാൻ അവശേഷിക്കുന്നു.

ഈ വിഷയം സംബന്ധിച്ച് 3.11.12 ൽ എൽ.എഫ്.കെ.പി8/1429/12/3.11.12 ൽ (ഒബജക്ഷൻ സ്റ്റേറ്റ്മെന്റ് നമ്പർ 1/11-12/3.11.12) ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നൽകിയിരുന്നു. എന്നാൽ ഹാജരാക്കിയ മറുപടിയിൽ ഔഷധിയുമായുള്ള കരാർ ലഭ്യമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.11.2010 ലെ സർക്കുലർ നം.13160/ഡി.എ.1/2010 പ്രകാരം ഔഷധിയിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മരുന്നു വാങ്ങുമ്പോൾ 2 മാസത്തിനുള്ളിൽ വിതരണം ചെയ്യണം എന്ന വ്യവസ്ഥയിൽ മുൻകൂർ നൽകാവുന്നതാണ്. ഇത് സംബന്ധിച്ച് ഔഷധിയുമായി കരാർ വയ്ക്കേണ്ടതും രണ്ട് മാസത്തിനുള്ളിൽ മരുന്ന് നൽകുന്നില്ലെങ്കിൽ ഔഷധി നഷ്ടപരിഹാരം നൽകേണ്ടതുമാണ്. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.02.2006 ലെ സർക്കുലർ നമ്പർ 5398/ഡി.പി.1/06 കൂടി കാണുക). എന്നാൽ ഔഷധിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലായെന്ന് ഫയലിൽ നിന്നും മറുപടിയിൽനിന്നും വ്യക്തമാകുന്നു. രണ്ടു മാസത്തിനുള്ളിൽ മരുന്ന് വിതരണം പൂർത്തീകരിക്കാൻ ഔഷധിക്ക് സാധിച്ചിട്ടില്ലാത്തതിനാൽ ഡി.ഡി. ലഭിച്ച തീയതി മുതൽ രണ്ട് മാസകാലയളവിനുശേഷം അവശേഷിച്ച തുകയ്ക്ക് വിതരണം പൂർത്തീകരിക്കുന്നതു വരെയുള്ള കാലയളവിലേയ്ക്ക് 12% പലിശ ഔഷധിയിൽ നിന്നോ ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## 3.18 പ്രത്യേക ഘടകപദ്ധതി (എസ്.സി.പി.)

## വിഭവവിനിയോഗം

| മേഖല | ഫണ്ട് | വകയിരുത്തൽ | | ചെലവ് | പ്രോജക്ടുകളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | അംഗീകരിച്ചവ | | | നടപ്പാക്കിയവ | | |
| | | ഡി പി സി മിനിറ്റ്സ് പ്രകാരം | ഐ കെ എം പത്രിക പ്രകാരം | | സ്പിൽ ഓവർ | പുതിയത് | ആകെ | സ്പിൽ ഓവർ | പുതിയത് | ആകെ |
| ഉൽപാദനം | വികസനഫണ്ട് | 12651290 | 12651290 | 7648535 | 4 | 9 | 13 | 3 | 4 | 7 |
| | ഗുണഭോക്തൃവിഹിതം (നേരിട്ട്) | 11040211 | 11040211 | ഇല്ല | | | | | | |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3642049 | 3642049 | ഇല്ല | | | | | | |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 416970 | 416970 | ഇല്ല | | | | | | |
| | ആകെ | 27750520 | 27750520 | 7648535 | | | | | | |
| സേവനം | വികസനഫണ്ട് | 76649845 | 66912859 | 36541367 | 56 | 40 | 96 | 35 | 29 | 64 |
| | തനത് ഫണ്ട് | 4631 | 4631 | ഇല്ല | | | | | | |
| | ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവ്) | 588332 | 588332 | | | | | | | |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1491370 | 1491370 | ഇല്ല | | | | | | |
| | ഗ്രാമപഞ്ചായത്ത് | 780000 | 780000 | ഇല്ല | | | | | | |
| | മറ്റുള്ളവ | 7714000 | 7714000 | ഇല്ല | | | | | | |
| | ആകെ | 87228178 | 77491192 | 36541367 | | | | | | |
| പശ്ചാത്തലം | വികസനഫണ്ട് | 27124840 | 27124840 | 14168319 | 1 | 47 | 48 | 1 | 28 | 29 |
| | മെയിന്റനൻസ് ഫണ്ട് (റോഡ്) | 575000 | 575000 | 566202 | | | | | | |
| | തനത് ഫണ്ട് | 512082 | 512082 | 437082 | | | | | | |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 450000 | 450000 | ഇല്ല | | | | | | |
| | ആകെ | 28661922 | 28661922 | 15171603 | | | | | | |

LOCAL FUND AUDIT DEPARTMENT

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| മേഖലാ വിഭജന ത്തിൽപ്പെ ടാത്തവ | വികസനഫണ്ട് | 15649600 | 15649600 | 15649600 | 0 | 2 | 2 | 0 | 2 | 2 |
| | മറ്റ് സ്രോതസ്സുകൾ | ഇല്ല | | ഇല്ല | | | | | | |
| | ആകെ | 15649600 | 15649600 | 15649600 | | | | | | |
| ആകെ | വികസനഫണ്ട് | 132075575 | 122338589 | 74007821 | | | | | | |
| | മെയിന്റനൻസ് ഫണ്ട് (റോഡ്) | 575000 | 575000 | 566202 | | | | | | |
| | തനത് ഫണ്ട് | 516713 | 516713 | 437082 | | | | | | |
| | ഗുണഭോക്തൃവിഹിതം (നേരിട്ട്) | 11628543 | 11628543 | ഇല്ല | | | | | | |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5583419 | 5583419 | ‘ | | | | | | |
| | ഗ്രാമപഞ്ചായത്ത് വിഹിതം | 1196970 | 1196970 | ‘ | | | | | | |
| | മറ്റുളളവ | 7714000 | 7714000 | ‘ | | | | | | |
| | ആകെ | 159290220 | 149553234 | 75011105 | 61 | 98 | 159 | 39 | 63 | 102 |

LOCAL FUND AUDIT DEPARTMENT

## 3.18.2 പദ്ധതി രേഖയിൽ ഉൾപ്പെട്ടിട്ടും എസ്.എൽ.ടി.എ.ജി.യിൽ സമർപ്പിക്കാത്തതിനാൽ പ്രോജക്ടുകൾ നടപ്പാക്കാനായില്ല.

താഴെപ്പറയുന്ന പ്രോജക്ടുകൾ പദ്ധതി രേഖയിൽ ഉൾപ്പെട്ടിരുന്നെങ്കിലും എസ്.എൽ. ടി.എ.ജിയിൽ സമർപ്പിക്കാത്തിനാൽ ഡി.പി.സി. അംഗീകരിക്കുകയോ അതുകൊണ്ടുതന്നെ നടപ്പാക്കുകയോ ചെയ്തില്ല. ഇക്കാരണത്താൽ പാർശ്വവത്കരിക്കപ്പെട്ട ഒരു വിഭാഗം ജനസ മൂഹത്തിന് ലഭിക്കേണ്ട സേവനങ്ങൾ ലഭിക്കാതിരുന്ന ദു:സ്ഥിതിയിലേക്ക് ജനപ്രതിനിധികളു ടെയും ജീവനക്കാരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | വകയിരുത്തിയ തുക |
|---|---|---|
| 578/12 | അയർക്കുന്നം ഡിവിഷനിലെ വിവിധ പട്ടികജാതി സങ്കേതങ്ങളിൽ കുഴൽക്കിണർ നിർമാണം | 500000 |
| 587/12 | അയർക്കുന്നം ഡിവിഷനിലെ പട്ടികജാതിവനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ | 493085 |
| 600/12 | അയർക്കുന്നം പഞ്ചായത്തിലെ പുളിയന്മാക്കൽ- വയലിൽപടി റോഡ് ടാറിങ് | 300000 |
| | ആകെ | 1293085 |

## 3.18.3 അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ഉപേക്ഷിക്കൽ- തെറ്റായ നടപടി

താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചെങ്കിലും ഭര ണസമിതി തീരുമാനപ്രകാരം ഉപേക്ഷിച്ചതായി കാണുന്നു. വർക്കിങ് ഗ്രൂപ്പ് തലം മുതൽ ഡി. പി.സി. വരെ നീണ്ട സുദീർഘവും സുതാര്യവും ജനകീയവുമായ നടപടിക്രമങ്ങളിലൂടെ രൂപീകരിച്ച പ്രോജക്ടുകൾ ഒരു തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ റദ്ദാക്കുന്നത് അനുചിതമായ നടപടിയാണ്.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | വകയിരുത്തിയ തുക |
|---|---|---|
| 156/12 | കങ്ങഴ ഡിവിഷനിലെ മണിമല പഞ്ചായത്തിൽ വനിതാ തൊഴിൽ  പരിശീലനകേന്ദ്രം | 7336986 |
| 588/12 | പൊൻകുന്നം ഡിവിഷനിലെ പള്ളിക്കത്തോട് പഞ്ചായത്തിൽ എസ്.സി. വനിതാ തൊഴിൽപരിശീലനകേന്ദ്രം | 2400000 |
| | ആകെ | 9736986 |

LOCAL FUND AUDIT DEPARTMENT

## 3.18.4 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം

സമർത്ഥരായ, പാവപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്വകാര്യ ബോർഡിംഗ് സ്കൂളുകളിൽ അയച്ച് അവരുടെ താമസം, ഭക്ഷണം, വിദ്യാഭ്യാസ ചെലവു കൾ എന്നിവ വഹിച്ച് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്ന പ്രോജക്ടാണിത് (നമ്പർ 531/12) വാർഷിക വരുമാനം  18000 രൂപയിൽ താഴെയുള്ള വിഭാഗത്തിൽപ്പെട്ടവരും 2011 മാർച്ചിൽ മികച്ച മാർക്കോടു കൂടി 4-ാം ക്ലാസ് പാസ്സായവരുമായ 30 വിദ്യാർത്ഥികൾക്കാണ് (15 ആൺകുട്ടികൾ, 15 പെൺകുട്ടികൾ) പ്രവേശനം നൽകുന്നത്. പ്രമുഖ പത്രങ്ങളിൽ വാർത്ത പ്രസിദ്ധീകരിച്ചും വിദ്യാഭ്യാസ വകുപ്പ്, പട്ടികജാതി വികസന വകുപ്പ് എന്നിവ വഴി പ്രചാ രണം നടത്തിയും ലഭ്യമാകുന്ന അപേക്ഷകരിൽ നിന്നും ഒരു പൊതുപ്രവേശന പരീക്ഷയി

ലൂടെ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം പ്രവേശന പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് നൽകേണ്ട ചുമതല വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

## സ്കൂളുകളുടെ തിരഞ്ഞെടുപ്പ്

ജില്ലാ പഞ്ചായത്തിന്റെ മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി പ്രകാരം പട്ടികജാതി വിദ്യാർത്ഥികളെ തങ്ങളുടെ സ്ഥാപനത്തിൽ ചേർത്ത് പഠിപ്പിക്കുവാൻ താല്പര്യമുളള സ്ഥാപനമേധാവികളിൽ നിന്നും പത്രവാർത്ത നൽകി അപേക്ഷ ക്ഷണിച്ച് അവരിൽ നിന്നും ഹോസ്റ്റൽ ഫീസ്, മറ്റ് ചെലവുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് സ്ഥാപനങ്ങളുടെ മികവിന്റെയും സന്നദ്ധതയുടെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ അയച്ചു പഠിപ്പിക്കുന്നതാണ്. സാധാരണ ഗതിയിൽ സ്ഥാപനങ്ങൾ മറ്റ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസാണ് സ്ഥാപനങ്ങൾക്ക് നൽകുക.

പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പന്ത്രണ്ടാം ക്ലാസ് വരെ വിദ്യാഭ്യാസം നൽകുന്നതിനുള്ള അവസരം ലഭ്യമാകുന്നു. താമസം, ഭക്ഷണം, യൂണിഫോം, പുസ്തകങ്ങൾ, നോട്ട്ബുക്കുകൾ. സ്റ്റേഷനറികൾ, നൈറ്റ് ഡ്രസ്സ്, അവധിക്ക് വീട്ടിൽ പോകുന്നതിനുള്ള യാത്രപ്പടി, സോപ്പ്, എണ്ണ, മുടിവെട്ട്, അലക്ക് തുടങ്ങിയ എല്ലാ ചെലവും പദ്ധതി പ്രകാരം നൽകുന്നതാണ്.

പദ്ധതിയുടെ സംഘാടനം, പ്രവർത്തനം എന്നിവയ്ക്കായി പ്രത്യേക കമ്മിറ്റി രൂപീകരിക്കുന്നതും കമ്മിറ്റിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, പട്ടികജാതി മെമ്പർ (ഒരു പുരുഷൻ, ഒരു വനിത), ജില്ലാ പട്ടികജാതി വികസന ഓഫീസർ, വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ അംഗങ്ങളായിരിക്കുന്നതുമൂണ്. സമിതി വർഷത്തിൽ കുറഞ്ഞത് മൂന്നു തവണ യോഗം കൂടി പദ്ധതി നടത്തിപ്പ് വിലയിരുത്തേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## ധനകാര്യ വിശകലനം

| | | | |
|---|---|---|---|
| I. | പ്രവേശന പരീക്ഷയുടെ ചെലവുകൾ | 2000 (ഒരു വർഷം) | 2000 |
| II. 1 | താമസം, ഭക്ഷണം | 2000 (8 മാസം)<br>2000× 8 ×30 = 480000 | 480000 |
| 2 | പുസ്തകം, നോട്ടുബുക്കുകൾ, പേന, പെൻസിൽ, സ്റ്റേഷനറി | 2000 (ഒരു വർഷം)<br>2000×30 = 60000 | 60000 |
| 3 | ഷൂസ്, യൂണിഫോം (മൂന്ന് ജോഡി), ബാഗ്, കുട, ചെരുപ്പ് | 2000 (ഒരു വർഷം)<br>2000× 30 = 60000 | 60000 |
| 4 | നൈറ്റ് ഡ്രസ്സ്, (3 ജോഡി) ബെഡ്ഷീറ്റ് (2 എണ്ണം) | 900 (ഒരു വർഷം)<br>900 ×30 = 27000 | 27000 |
| 5 | സ്പെഷ്യൽ ട്യൂഷൻ (ഇംഗ്ലീഷ്, കണക്ക്, ഹിന്ദി, സയൻസ്) | 1600 (8 മാസം)<br>200 ×8 ×30 = 48000 | 48000 |
| 6 | എണ്ണ, സോപ്പ് മുതലായവ | 500 (ഒരു വർഷം)<br>500 ×30 = 15000 | 15000 |
| 7 | ചികിത്സാചെലവുകൾ | 1000 (ഒരു വർഷം)<br>1000 ×30 = 30000 | 30000 |
| 8 | മറ്റ് ചെലവുകൾ (യാത്രാപ്പടി. ഫോൺ, ഹെയർകട്ടിംഗ്) | 1000 (ഒരു വർഷം)<br>1000 ×30 = 30000 | 30000 |
| | | ആകെ | 752000 |

## ചെലവ്

| തുക | ബിൽ നമ്പർ/ തീയതി |
|---|---|
| 47356 | 1/11-12/19.3.12 |
| 271496 | 2/11-12/26.3.12 |
| 16642 | 3/11-12/31.3.12 |
| ആകെ 335494 | |

നിർവഹണോദ്യോഗസ്ഥൻ : ജില്ലാ പട്ടികജാതി വികസന ഓഫീസർ

ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ കണ്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1) അപേക്ഷകൾ സ്വീകരിക്കുന്നതിന് വേണ്ടി പ്രമുഖപത്രങ്ങളിൽ വാർത്ത പ്രസിദ്ധീകരിച്ചതിന്റെയും വിദ്യാഭ്യാസവകുപ്പ് വഴിയും പട്ടികജാതി വികസനവകുപ്പ് വഴിയും പ്രചാരണം നടത്തിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.
2) വിദ്യാർത്ഥികളെ ചേർത്ത് പഠിപ്പിക്കുവാൻ താൽപര്യമുള്ള വിദ്യാലയ മേധാവികളിൽ നിന്ന് അപേക്ഷകൾ ലഭിക്കുന്നതിനു വേണ്ടി പ്രസിദ്ധപ്പെടുത്തിയ പത്രവാർത്തയുടെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3) സ്ഥാപനങ്ങളുമായി ജില്ലാ പഞ്ചായത്ത് ഒപ്പിട്ട കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4) പദ്ധതിയുടെ സംഘാടക സമിതി വർഷത്തിൽ കുറഞ്ഞത് 3 തവണ യോഗം കൂടി നടത്തിപ്പ് വിലയിരുത്തിയതിന്റെ റിപ്പോർട്ട് ലഭ്യമല്ല.
5) ധനസഹായം ലഭിച്ച പല കുട്ടികളും ഇതിനകം തന്നെ ഈ പദ്ധതിയിൽ നിന്ന് വിട്ടുപോയതിനാൽ വേണ്ടത്ര വിജയം ഈ പദ്ധതിക്ക് കൈവരിക്കാനായിട്ടില്ല. 2007-08 മുതൽ നടപ്പാക്കിവരുന്ന ഈ പദ്ധതിയിൽ ഇപ്പോൾ അവശേഷിക്കുന്നത് 18 പേർ മാത്രമാണ്.
6) സമർത്ഥരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്ന പരിപാടി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാരായ തമിഴ്, കന്നട ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തമിഴ്നാട്ടിലോ, കർണാടകത്തിലോ ഉന്നതനിലവാരം പുലർത്തുന്ന റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തുന്നതിനുള്ള ധനസഹായം നൽകാൻ പതിനൊന്നാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധിച്ച ഉത്തരവിൽ (ജി.ഒ. (എം.എസ്.)/183/07/തസ്വഭവ/24.7.07 ഖണ്ഡിക 5.10 പ്രകാരം) ജില്ലാ പഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ഇത്തരം പ്രോജക്ടുകൾ ആവിഷ്കരിച്ചില്ല. വർക്കിംഗ് ഗ്രൂപ്പോ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ ടി.എ.ജി. യോ ഡി.പി.സി. യോ, ഇക്കാര്യത്തിൽ താൽപര്യപ്പെട്ടതുമില്ല.
7) ഇതേ പേരിൽ ഒരു സംസ്ഥാനാവിഷ്കൃത പദ്ധതി നിലവിലുള്ളപ്പോൾ വികസനഫണ്ട് വിനിയോഗിച്ച് സമാനമായൊരു പ്രോജക്ട് ആവിഷ്കരിച്ചത് തെറ്റായ നടപടിയാണ്. 2011-12 ലേയ്ക്കുള്ള കേരള സംസ്ഥാനബജറ്റിൽ മികച്ച് പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം എന്ന പരിപാടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നതിനുവേണ്ടി 20 ലക്ഷം രൂപ (ജില്ലാ പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ) വകയിരുത്തിയത് പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3.19.1 പട്ടികഗോത്രവർഗഉപപദ്ധതി : നിബന്ധനകൾ പാലിച്ചിട്ടില്ല

1) പട്ടികഗോത്രവർഗഉപപദ്ധതി പ്രോജക്ടുകൾ രണ്ട് വിഭാഗങ്ങളായി തരം തിരിക്കാവുന്നതാണ്. വ്യക്തികൾ, കുടുംബങ്ങൾ, ഗ്രൂപ്പുകൾ എന്നിവർ നേരിട്ട് ഗുണഭോക്താക്കളാകുന്ന പ്രോജക്ടുകൾ ഒന്നാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ഓരോ കുടുംബത്തേയും അടിസ്ഥാന യൂണിറ്റായി കണക്കാക്കിയുള്ള കർമ്മ പദ്ധതികളാണ് (ആക്ഷൻ പ്ലാൻസ്) ഈ വിഭാഗത്തിനുവേണ്ടി തയ്യാറാക്കേണ്ടത്. ഈ വിഭാഗത്തിലുള്ള പ്രോജക്ടുകളുടെ എല്ലാ ഗുണഭോക്താക്കളുംപട്ടികവർഗ്ഗ സമുദായത്തിൽ ഉൾപ്പെടു

LOCAL FUND AUDIT DEPARTMENT

ന്നവരും പ്രത്യേകം ഒഴിവാക്കപ്പെട്ടിട്ടില്ലെങ്കിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും ആയിരിക്കണം.

2) പശ്ചാത്തല വികസന പ്രോജക്ടുകളാണ് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുക. സങ്കേതങ്ങളെ അടിസ്ഥാനമാക്കിയുള്ള വികസന പദ്ധതികളാണ് (ഡവലപ്പ്മെന്റ് പ്ലാൻസ്) ഈ വിഭാഗത്തിൽ തയ്യാറാക്കേണ്ടത്. അത്തരം പ്രോജക്ടുകളുടെ ഗുണഭോക്താക്കളിൽ അൻപത് ശതമാനത്തിലധികം പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരായിരിക്കണം.

3) **സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ് :** റോഡ് നിർമ്മാണം, കുടിവെള്ള വിതരണം, വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ എന്നീ പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളിൽ 50 ശതമാനത്തിലധികം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരാണെന്നും പ്രോജക്ടിൽ പട്ടികഗോത്രവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ കൃത്യമായി പാലിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുന്ന സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ് ഓരോ പ്രോജക്ടിനോടൊപ്പവും ഉണ്ടായിരിക്കണം.

4) നീർത്തടപരിപാലനം, ജലസേചനം തുടങ്ങിയ പ്രദേശങ്ങളുടെ വികസന പ്രോജക്ടുകൾക്ക് അവ മുഖേന പ്രയോജനം ലഭിക്കുന്ന കൃഷിഭൂമിയുടെ/പ്രദേശത്തിന്റെ 50 ശതമാനത്തിലധികം കൃഷിഭൂമി/പ്രദേശം പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളുടെ അധീനതയിലുള്ളതാണ് എന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രമാണ് ഹാജരാക്കേണ്ടതാണ്.

5) **സോഷ്യൽ മാപ്പ് :** പട്ടികഗോത്രവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള റോഡ്, കുടിവെള്ള വിതരണം, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ എന്നീ പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളുടേയും വീടുകളുടെ സ്ഥാനം (ലൊക്കേഷൻ) രേഖപ്പെടുത്തുന്നതും അതിൽ പട്ടികഗോത്രവർഗ്ഗക്കാരുടെ വീടുകൾ പ്രത്യേകം അടയാളപ്പെടുത്തുന്നതുമായ സോഷ്യൽമാപ്പാണ് തയ്യാറാക്കേണ്ടത്.

6) നീർത്തടപരിപാലനം, ജലസേചനം എന്നീ പ്രോജക്ടുകളുടെ കാര്യത്തിൽ ആകെ പ്രയോജനം ലഭിക്കുന്ന കൃഷിസ്ഥലത്തിന്റെ/പ്രദേശത്തിന്റെ ആയക്കെട്ട് വിസ്തൃതിയും (ആയക്കെട്ട് ഏരിയ) സ്ഥാനവും അതിൽ പട്ടികഗോത്രവർഗ്ഗവിഭാഗങ്ങളുടെ കൃഷിസ്ഥലത്തിന്റെ/പ്രദേശത്തിന്റെ വിസ്തൃതിയും സ്ഥാനവും പ്രത്യേകം അടയാളപ്പെടുത്തിയാണ് സോഷ്യൽമാപ്പ് തയ്യാറാക്കേണ്ടതാണ്.

7) തദ്ദേശഭരണ സ്ഥാപനത്തിലെ പട്ടികഗോത്രവർഗ്ഗ വികസന മേഖലയുടെ ഭരണ ചുമതലയുള്ള പട്ടികഗോത്രവർഗ്ഗ വികസന ഓഫീസർ ആണ് സാക്ഷ്യപത്രം നൽകേണ്ടതും സോഷ്യൽമാപ്പ് തയ്യാറാക്കേണ്ടതും.

8) തദ്ദേശഭരണ സ്ഥാപനം ചുമതലപ്പെടുത്തുന്ന ഒരു ഉപസമിതിക്കും സാക്ഷ്യപത്രം നൽകാവുന്നതും സോഷ്യൽമാപ്പ് തയ്യാറാക്കാവുന്നതുമാണ്. ഉപസമിതിയാണ് ആ ചുമതല നിർവ്വഹിക്കുതെങ്കിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന പട്ടികഗോത്രവർഗ്ഗവികസനവകുപ്പ് ഉദ്യോഗസ്ഥൻ നിശ്ചയമായും ആ ഉപസമിതിയിലെ അംഗമായിരിക്കണം.

9) പട്ടികഗോത്രവർഗവിഭാഗങ്ങളുടെ അഞ്ച് വീടുകളെങ്കിലും ഉള്ള പ്രദേശത്തെ പട്ടികവർഗ സങ്കേതമായി കണക്കാക്കി വീട്, ശുചിത്വ കക്കൂസ്, വൈദ്യുതി, കുടിവെള്ളം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്പദ്ധതി തയ്യാറാക്കാവുന്നതാണ്. എന്നാൽ ഒരു തദ്ദേശഭരണസ്ഥാപനങ്ങളിലെ എല്ലാ പട്ടികഗോത്രവർഗ സങ്കേതങ്ങളുടേയും സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ പട്ടികവർഗ വിഭാഗക്കാർ അധിവസിക്കുന്നതും വികസന കാര്യത്തിൽ വളരെ പിന്നാക്കം നിൽക്കുന്നതുമായ സങ്കേതങ്ങൾക്ക് മുൻഗണന നൽകുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്.

മേൽപ്പറഞ്ഞ നിബന്ധനകൾ പല പ്രോജക്ടുകളിലും പാലിച്ചിട്ടില്ല. ഈ നിബന്ധനകൾ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

## 3.19.2 പരിചരണ സേവനങ്ങൾക്ക് 50% ചെലവഴിച്ചില്ല

പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് 50 ശതമാനമെങ്കിലും പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ പട്ടികവർഗ്ഗക്കാരുടെ പരിചരണ സേവനങ്ങളുടെ പാക്കേജിന് വകയിരുത്തേണ്ടതാണ്. (പതിനൊന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 6-ാം അനുബന്ധത്തിനുള്ള അപ്പൻഡിക്സ് കാണുക.)

അർഹരായ പട്ടികവർഗ്ഗ അഗതികൾക്ക് ഭക്ഷണം, ആരോഗ്യസുരക്ഷ, ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കാശ്വാസം, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, സാമൂഹ്യമായ ഒറ്റപ്പെടൽ അവസാനിപ്പിക്കൽ എന്നിവയാണ് പരിചരണ സേവനങ്ങളിൽ ഉൾപ്പെടുത്തേണ്ടത്.

ജില്ലാ പഞ്ചായത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതമായ 20812588 രൂപയുടെ 50 ശതമാനമായ 10406294 രൂപ പരിചരണ സേവനങ്ങൾക്കായി നീക്കിവെക്കാതിരുന്നത് പഞ്ചായത്തധികൃതരുടെ മാത്രമല്ല ടി.എ.ജി. യുടെയും ഡി.പി.സി. യുടെയും ഭാഗത്തുണ്ടായ വീഴ്ചയാണ്. നീക്കിവെച്ചത് 8244669 രൂപ മാത്രമാണ് (ഡി.പി.സി മെമ്പർ സെക്രട്ടറിയുടെ 15.6.12 ലെ പ്രൊസീഡിംഗ്സ് കാണുക) നീക്കിവെച്ച തുകയിൽ ഉൾപ്പെട്ടതാകട്ടെ ഭൂരിഭാഗവും പരിചരണ സേവനങ്ങളിൽ പെടുത്താവുന്ന ഇനങ്ങളല്ല, നടപ്പാതകളും റോഡുപണികളുമാണ്. (വകയിരുത്തിയ തുകയാകട്ടെ പകുതിയും ചെലവഴിച്ചിട്ടുമില്ല)

പദ്ധതി രൂപീകരണവേളയിൽ തുടങ്ങിയ ഈ തെറ്റ് പരിശോധനാവേളയിലും അംഗീകാരഘട്ടത്തിലും പരിഹരിക്കാതിരുന്നതിനാൽ പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനവിഭാഗത്തിന് ലഭിക്കേണ്ട പ്രാഥമികമായ ആവശ്യങ്ങൾപോലും നിഷേധിക്കപ്പെട്ട ദു:സ്ഥിതിയിലേക്ക് സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. വകയിരുത്തിയ പ്രോജക്ടുകളുടെ വിവരം താഴെ പറയുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ വികസനഫണ്ട് | ചെലവഴിച്ച വികസനഫണ്ട് | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | 627/12 | മുരിക്കുംവയൽ-പന്തുകുളം എസ്.ടി. വനിത തൊഴിൽ പരിശീലന കേന്ദ്രം | 500000 | - | |
| 2 | 629/12 | എരുത്വാപ്പുഴ മലവേടർ കോളനി വനിതാ തൊഴിൽ പരിശീലന കേന്ദ്രം | 690000 | - | |
| 3 | 630/12 | ചാരുവേലി ശവക്കോട്ട ഭാഗം കുടിവെള്ള പദ്ധതി | 157440 | - | |
| 4 | 640/12 | 14-ാം വാർഡിൽ എസ്.ടി. കോളനി അടിസ്ഥാന സൗകര്യം (കുമരകം) | 600000 | - | |
| 5 | 825/12 | ഐ.എ.വൈ. വിഹിതം നൽകൽ മൂന്നാം ഘട്ടം | 1283679 | 1283679 | |
| 6 | 631/12 | കലിഞ്ഞാലി വണ്ടപത്തേൽ റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 58510 | 58510 | |
| 7 | 634/12 | പാക്കാനം ഇഞ്ചക്കുഴി റോഡ് ടാറിംഗ് | 287500 | 249324 | |
| 8 | 635/12 | മേച്ചാൽ മുടിക്കുന്ന് കടപ്പുഴ റോഡ് പുനരുദ്ധാരണം (മൂന്നിലവ് ഗ്രാമപഞ്ചായത്ത്) | 575000 | 564290 | |

LOCAL FUND AUDIT DEPARTMENT

| | | | | | |
|---|---|---|---|---|---|
| 9 | 636/12 | അപ്പർമങ്കൊമ്പ് തിന്മല റോഡ് പുനരുദ്ധാരണം (മൂന്നിലവ് ഗ്രാമപഞ്ചായത്ത്) | 575000 | 574649 | |
| 10 | 637/12 | കലിഞ്ഞാലി വണ്ടവത്തേൽ എസ്.ടി. കോളനി ചുറ്റുമതിൽ, വെള്ളക്കെട്ട് നിയന്ത്രണം (കാണക്കാരി) | 1150000 | - | |
| 11 | 638/12 | കലിഞ്ഞാലി വണ്ടവത്തേൽ എസ്.ടി. കോളനി നടപ്പാത നിർമ്മാണം | 575000 | - | |
| 12 | 644/12 | കാട്ടാംകുന്ന് ടെമ്പിൾ റോഡ് നിർമ്മാണം (പാമ്പാടി) | 344940 | 298631 | |
| 13 | 818/12 | മേലടുക്കം വയലുങ്കൽ ഭാഗം നടപ്പാത നിർമ്മാണം (തലനാട്) | 447600 | 447600 | |
| 14 | 634/12 | ഇ.എം.എസ്. ഭവനപദ്ധതി | 1000000 | 500000 | |
| | | ആകെ | **8244669** | **3976683** | |

LOCAL FUND AUDIT DEPARTMENT

## 3.19.3 മാർഗ്ഗരേഖ വകവയ്ക്കാതെ പട്ടികവർഗ്ഗ ഫണ്ടിന്റെ ദുരുപയോഗം

പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം റോഡ് നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഹിതം വകയിരുത്താൻ പാടില്ല (പതിനൊന്നാം പദ്ധതി മാർഗ്ഗരേഖ, അനുബന്ധം 5 ഖണ്ഡിക 5.1 പ്രകാരം) എന്ന നിബന്ധന ലംഘിച്ചുകൊണ്ട് താഴെ പറയുന്ന പ്രോജക്ട് അംഗീകരിച്ചതും നടപ്പാക്കിയതും പട്ടികവർഗ്ഗ ഫണ്ട് ദുരുപയോഗം ചെയ്യാനിടയായി.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പുതുപ്പള്ളി ഡിവിഷനിൽ പാമ്പാടി പഞ്ചായത്തിലെ കാട്ടാംകുന്ന് ടെമ്പിൾ റോഡ് നിർമ്മാണം (പുതിയത്) (നമ്പർ 644/12) |
| നിർവഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ചെലവ് | 298631 രൂപ വൗച്ചർ 21100404/31.3.12 |

സർക്കാർ ഉത്തരവിലെ കർശന നിഷ്കർഷ വകവെയ്ക്കാതെയുള്ള 298631 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3.19.4 ആഹാരത്തിനും മരുന്നിനുമുള്ള ഫണ്ട് ചെലവാക്കിയത് റോഡുപണിക്ക്

പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് കുറഞ്ഞത് 50% ഊരുക്കൂട്ടങ്ങൾ സുതാര്യ മാനദണ്ഡങ്ങളിലൂടെ ആശ്രയ മാതൃകയിൽ കണ്ടെത്തുന്ന പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്കുവേണ്ടിയുള്ള പരിചരണ സേവന പാക്കേജിന് ചെലവഴിക്കേണ്ടതാണ്. (പതിനൊന്നാം പദ്ധതി മാർഗ്ഗരേഖ, അനുബന്ധം 6 ന്റെ അപ്പൻഡിക്സ്) ഏറ്റവും ദരിദ്രരായവർക്കുവേണ്ടിയുള്ള ഭക്ഷണം, ആരോഗ്യം, കിടപ്പാടം, ശാരീരിക മാനസിക വെല്ലുവിളി

നേരിടുന്നവർക്കുള്ള ആശ്വാസം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം തുടങ്ങിയവയാണ് ഈ പാക്കേജിൽ ഉൾപ്പെട്ട അനിവാര്യസേവനങ്ങൾ.

നിരവധി റോഡുപണികൾ ഈ പാക്കേജിൽപ്പെടുത്തി ഡി.പി.സി. അംഗീകരിച്ച തും, ജി.ഇ.റ്റി.എ.ജി. യുടേതടക്കമുള്ള പരിശോധനയിൽ ഈ തെറ്റ് തിരുത്താതിരുന്നതും നിർവഹണോദ്യോഗസ്ഥരടക്കമുള്ള ജീവനക്കാരും ജനപ്രതിനിധികളും പദ്ധതി രൂപീകരണ ത്തിലും നിർവഹണത്തിലും വേണ്ടത്ര ജാഗ്രത പുലർത്താതിരുന്നതും സമൂഹത്തിലെ ദരിദ്ര രിൽ ദരിദ്രരായവർക്ക് അവശ്യം ലഭിക്കേണ്ട അടിസ്ഥാനാവശ്യങ്ങൾ നിഷേധിക്കാനിടയാക്കി യിരിക്കുകയാണ്. അതീവ ഗുരുതരമായ ഈ അവകാശനിഷേധത്തിലേക്ക് സർക്കാരിന്റെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ താഴെപ്പറയുന്ന 1883096 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് | വൗച്ചർ/തീയതി | നിർവഹണ ഉദ്യോഗ സ്ഥൻ |
|---|---|---|---|---|---|
| 1 | 634/12 | പാക്കാനം ഇഞ്ചക്കുഴി റോഡ് ടാറിംഗ് | 249324 | 21100408/31.3.12 | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 2 | 635/12 | മേച്ചാൽ മുടിക്കുന്ന് കട പ്പുഴ റോഡ് പുനരുദ്ധാരണം (മൂന്നിലവ് ഗ്രാമപഞ്ചായത്ത്) | 564290 | 21100405/31.3.12 | ’’ |
| 3 | 636/12 | അപ്പർ മങ്കൊമ്പ് തിൻമല റോഡ് പുനരുദ്ധാരണം (മൂന്നിലവ് ഗ്രാമപഞ്ചായത്ത്) | 574649 | 21100406/31.3.12 | ’’ |
| 4 | 818/12 | മേലടുക്കം വയലുങ്കൽ ഭാഗം നടപ്പാത നിർമ്മാണം (തലനാട്) | 447600 (വികസന ഫണ്ട്) 47233 (തനത് ഫണ്ട്) | 21100666/31.3.12 | ’’ |
| ആകെ | | | **1883096** | 21100297/31.3.12 | |

## 3.19.5 സ്ഥലം വാങ്ങൽ-ധനസഹായം : 450000 രൂപ തടസ്സപ്പെടുത്തുന്നു

പട്ടികവർഗ്ഗ ഉപപദ്ധതിയിൽ (പ്രോജക്ട് നം. 186/12) വീടുവെയ്ക്കാൻ 3 സെന്റ് വീതം സ്ഥലം വാങ്ങിയ വകയിൽ അനുവദിച്ച സബ്സിഡിയുടെ വിവരം താഴെ പറയുന്നു.

| ക്രമ നം. | ഗുണഭോക്താവ് | ഗ്രാമപഞ്ചായത്ത് | സ്ഥലം നൽകിയ വ്യക്തി | തുക | ഡി.ഡി. നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | രാജമ്മ ശ്രീധരൻ, തകിടിയേൽ, കുറവാമൂഴി പി.ഒ. | കാഞ്ഞിരപ്പള്ളി | വിജയൻ & അമ്മിണി നടയ്ക്കൽ, കൂവപ്പള്ളി പി.ഒ. | 75000 | 523758/10.4.12 |
| 2 | കെ.ടി. ലത അറയ്ക്കപ്പറമ്പിൽ മൂഴൂർ പി.ഒ. | മണിമല | ദിവാകരൻ നായർ, മടുക്ക ഹൗസ്, മണിമല പി.ഒ. | 75000 | 523757/10.4.12 |
| 3 | ബി. രഞ്ജിഷ വട്ടുകളത്തിൽ, അയ്മനം | അയ്മനം | വർഗ്ഗീസ്, വെളിയിൽ വീട്, ഉദയനാപുരം പി.ഒ., വടക്കേമുറി | 75000 | 523756/10.4.12 |

LOCAL FUND AUDIT DEPARTMENT

| | | | | | |
|---|---|---|---|---|---|
| 4 | ടി. ദിവ്യ വട്ടുകള ത്തിൽ, അയ്മനം | അയ്മനം | ,, | 75000 | ‘ |
| 5 | വി.ആർ. രേഖ, വട്ടുകളത്തിൽ, അയ്മനം | അയ്മനം | ,, | 75000 | ‘ |
| 6 | ശാന്തികുമാരി, വട്ടുകളത്തിൽ, അയ്മനം | അയ്മനം | ,, | 75000 | ‘ |
| | | ആകെ | | 450000 | |

## ഓഡിറ്റ് നിരീക്ഷണങ്ങൾ

1) ജില്ലാ പഞ്ചായത്തുകൾക്കും വീട് വെയ്ക്കുന്നതിന് സ്ഥലം നൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാമെങ്കിലും അവയുടെ നിർവഹണം ഗ്രാമപഞ്ചായത്തുകൾ മുഖേനയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. (തസ്വഭവകുപ്പിന്റെ 14.5.07 ലെ ജി.ഒ. (എം.എസ്.) 183/07 ഖണ്ഡിക 6.1 (1) കാണുക) ഈ നിബന്ധന പാലിച്ചു കൊണ്ട് ഗ്രാമപഞ്ചായത്ത് മുഖേന (വി.പി.എഫ്.എ. 2 വഴി) ആനുകൂല്യങ്ങൾ നൽകേണ്ടതിനു പകരം നേരിട്ട് ഡിമാന്റ് ഡ്രാഫ്റ്റ് വഴി സബ്സിഡി നൽകിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.
2) ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡമേതെന്ന് വ്യക്തമല്ല. (ജി.ഒ. (പി) 181/98/തസ്വഭവ/2.9.98 കാണുക) ഗുണഭോക്താക്കൾക്ക് ലഭിച്ച മാർക്ക് എത്രയാണെന്നും എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നോ എന്നും വ്യക്തമല്ല.
3) ഗുണഭോക്താക്കളുടെ അസ്സൽ ആധാരങ്ങൾക്ക് പകരം ഫോട്ടോകോപ്പിയാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഭൂമിയുടെ ഉടമസ്ഥാവകാശം 12 വർഷത്തേക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുമെന്ന് ആധാരത്തിൽ വ്യവസ്ഥ ചെയ്യണമെന്ന നിബന്ധന പാലിച്ചില്ല. (സർക്കുലർ നമ്പർ 78573/ഡി.സി. 1/08/തസ്വഭവ 11.6.09 കാണുക).

മേൽ പറഞ്ഞ കാരണങ്ങളാൽ 450000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

LOCAL FUND AUDIT DEPARTMENT

## 3.19.6 റബ്ബർ റോളർ ഷെഡ് നിർമ്മാണം : സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം

പാറത്തോട് ഗ്രാമപഞ്ചായത്തിലെ ഇടക്കുന്നം പഴുമല പട്ടികവർഗ്ഗ കോളനിയുടെ സമഗ്രവികസനം എന്ന പ്രോജക്ടിൽ (നമ്പർ 188/12) റബ്ബർ റോളർ ഷെഡ് നിർമ്മാണത്തിന് സബ്സിഡി കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു. (നിർവഹണോദ്യോഗസ്ഥ - ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ)

| | ഗുണഭോക്താക്കൾ | നൽകിയ സബ്സിഡി | തീയതി |
|---|---|---|---|
| 1 | ശ്രീ. കെ.പി. മാത്യു | 35000<br>5000 | 12.4.12 |
| 2 | ശ്രീ. അജിത്കുമാർ | 35000<br>5000 | 12.4.12 |
| 3 | ശ്രീ. സോമശേഖരൻ | 35000<br>5000 | 12.4.12 |
| | ആകെ | 120000 | |

## ഓഡിറ്റ് നിരീക്ഷണങ്ങൾ

1) 38000 രൂപ വില വരുന്ന റബ്ബർറോളറുകൾ വാങ്ങിയതിന് 35000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പതിനൊന്നാം പദ്ധതിയിലെ സബ്സിഡി മാനദണ്ഡങ്ങളിൽ ഈ നിരക്കിൽ സബ്സിഡി അനുവദിക്കാൻ അനുമതിയില്ല. (ജി.ഒ. (എം.എസ്.)183/07/തസ്വഭവ/24.7.07 കാണുക).

2) ഷെഡ് പണിയുന്നതിനും 5000 രൂപ പൂർണ്ണ സബ്സിഡി നൽകിയത് അനുവദനീയമല്ല.

3) ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24.2.12 ലെ 8-ാം നമ്പർ തീരുമാനം നടപ്പാക്കിയതായി കാണുന്നില്ല.

4) പഴുമല പട്ടികവർഗ്ഗ ഊരുകൂട്ടയോഗം 20.1.10 ൽ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രകാരം ഈ പ്രോജക്ടിലെ 3 ഗുണഭോക്താക്കളിലൊരാൾ ശ്രീ. വി.ഇ. ഗോപാലനാണ്. എന്നാൽ ആനുകൂല്യം നൽകിയത് ശ്രീ. കെ.പി. മാത്യുവിനാണ്. ഇക്കാര്യത്തിന് വിശദീകരണം നൽകേണ്ടതാണ്.

## 3.20.1 മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ ചട്ടലംഘനം

മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നിർവ്വഹണം) ചട്ടങ്ങൾ പാലിക്കുന്നതിൽ വന്ന വീഴ്ചകൾ താഴെ പറയുന്നു.

1) പദ്ധതിയിൽ ഉൾപ്പെടുത്തിയും അല്ലാതെയും നടത്താനുദ്ദേശിക്കുന്ന മരാമത്ത് പണികളുടെ മുൻഗണനാലിസ്റ്റ് സാമ്പത്തിക വർഷാരംഭത്തിൽ പഞ്ചായത്ത് തയ്യാറാക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. (ചട്ടം 3(1) കാണുക)

2) ഓരോ മരാമത്ത് പണിയും നടത്തേണ്ടത് കരാർ വ്യവസ്ഥയിലോ പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃസമിതി മുഖേനയോ എന്ന് ഭരണാനുമതി നൽകുമ്പോൾ തന്നെ തീരുമാനത്തിൽ വ്യക്തമാക്കേണ്ടതാണ്. ഇപ്രകാരം തീരുമാനിക്കുമ്പോൾ ഗുണഭോക്തൃസമിതി മുഖേന പണി നടത്തുന്നതിനുള്ള സാധ്യതയ്ക്ക് മുൻഗണന നൽകേണ്ടതും മുൻഗണന നൽകാൻ കഴിയാത്ത പക്ഷം കാരണം തീരുമാനത്തിൽ വ്യക്തമാക്കേണ്ടതുമാണ്. ജില്ലാ പഞ്ചായത്ത് ഭരണാനുമതി നൽകിയപ്പോൾ ഈ വ്യവസ്ഥകളൊന്നും പാലിച്ചിട്ടില്ല. (ചട്ടം 3(3) കാണുക.)

3) എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ച സാധന സാമഗ്രികളുടെ അളവ്, അവയുടെ ഗുണനിലവാരവും വിലയും, കണക്കാക്കിയ തൊഴിൽ ദിനങ്ങളുടെ എണ്ണം, കൂലി, മതിപ്പുചെലവ് എന്നിവയടങ്ങിയ ഒരു കുറിപ്പ് പ്രാദേശിക ഭാഷയിൽ പൊതുജനങ്ങൾക്ക് മനസ്സിലാവുന്ന വിധത്തിൽ തയ്യാറാക്കി എസ്റ്റിമേറ്റിന്റെ ഭാഗമാക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. (ചട്ടം 6(6) കാണുക).

4) പഞ്ചായത്ത് പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള പത്രത്തിൽ ആവശ്യത്തിന് സമയം നൽകി ടെണ്ടർ പരസ്യം നൽകുന്നതിലും വെബ്മോഡൽ പരസ്യം മാത്രം നൽകി ചെലവ് ചുരുക്കുന്നതിലും ശ്രദ്ധിച്ചിട്ടില്ല.

5) മരാമത്ത് പണികൊണ്ട് പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ യോഗം വിളിച്ചു കൂട്ടേണ്ടത് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

6) മരാമത്ത് പണിയുടെ നിർവ്വഹണഘട്ടത്തിൽ ഏതെങ്കിലും പഞ്ചായത്തംഗമോ പഞ്ചായത്ത് നിയമിക്കുന്ന സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയോ ബന്ധപ്പെട്ട ഗ്രാമസഭ ചുമതലപ്പെടുത്തിയ സബ്കമ്മിറ്റിയോ ഗുണഭോക്തൃസമിതിയോ പരിശോധിക്കുന്നതായോ പരിശോധനാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ബിൽ തുക നൽകാൻ ശ്രദ്ധിക്കുന്നതായോ കാണുന്നില്ല.

LOCAL FUND AUDIT DEPARTMENT

7) മരാമത്ത് പണി പൂർത്തിയായ വിവരം കരാറുകാരൻ/കൺവീനർ സെക്രട്ടറിയേയും എൻജിനീയറേയും രേഖാമൂലം അറിയിക്കണമെന്നും അറിയിപ്പുകിട്ടി ഒരാഴ്ചയ്ക്കകം അളവെടുക്കലും അളവുപരിശോധനയും നടത്തി രണ്ടാഴ്ചയ്ക്കകം ഫൈനൽ ബിൽ തുക നൽകണമെന്നുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് യഥാസമയം പണം നൽകുന്നതിൽ ശ്രദ്ധിച്ചിട്ടില്ല.

8) പണിയെ സംബന്ധിച്ച വിശദാംശങ്ങൾ പഞ്ചായത്തോഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കാനോ ബന്ധപ്പെട്ട ഗ്രാമസഭാ യോഗങ്ങളിൽ അവതരിപ്പിക്കാനോ ശ്രമിച്ചിട്ടില്ല.

## 3.20.2 റോഡുപണികൾ: പൊതുഅപാകതകൾ

1. മേജർ ജില്ലാ റോഡുകൾ ഒഴികെ ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായ എല്ലാ റോഡുകളും നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക എന്നിവയാണ് പൊതുമരാമത്ത് മേഖലയിൽ ജില്ലാ പഞ്ചായത്ത് നിറവേറ്റേണ്ട ചുമതലകൾ (കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 173(1) പട്ടിക 5 പ്രകാരം) ഈ വിഭാഗത്തിൽപ്പെട്ട റോഡുകളുടെ പണികളല്ല ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തത്. ബ്ളോക്ക്/ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട തരത്തിൽപ്പെട്ട റോഡുപണികളാണ് ഭൂരിഭാഗവും ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തത്.
2. പതിനൊന്നാം പഞ്ചവൽസരപദ്ധതി മാർഗരേഖയിൽ റോഡ്പണികൾ ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

എ) ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ബന്ധിക്കുന്നതും ഏറ്റവും ചെറിയ ജനവാസസ്ഥലങ്ങളിൽ വരെ എത്തിചേരുന്നതുമായ എല്ലാ റോഡുകളുടെയും ഒരു കേന്ദ്രശൃംഖല തയ്യാറാക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിലെ റോഡുകളുടെ ശൃംഖല തയ്യാറാക്കി ബ്ളോക്ക് പഞ്ചായത്തിന് നൽകണം. അവയെ സംയോജിപ്പിച്ച് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കാൻ ബ്ളോക്ക് പഞ്ചായത്തുകൾ ശ്രദ്ധിക്കണം. ബ്ളോക്ക് പഞ്ചായത്തുകൾ തയ്യാറാക്കുന്ന സംയോജിത റോഡ് ശൃംഖല ഡി.പി.സിക്ക് സമർപ്പിക്കേണ്ടതും ഡി.പി.സി അവയെ നഗരസഭകളുടെ ശ്യംഖലയുമായി ചേർത്ത് ജില്ലയ്ക്ക് ഒട്ടാകെ സ്ഥലപരമായ ഒരു വിവരശേഖരം തയ്യാറാക്കേണ്ടതുമാണ്. തുടർന്ന് സർക്കാരിലെയും അക്കാദമിക് സ്ഥാപനങ്ങളിലെയും വിദഗ്ധരുടെ സാന്നിധ്യത്തിൽ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും ഒരു യോഗം വിളിച്ച് മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനകൾ തീരുമാനിക്കേണ്ടതാണ്. ഈ രീതിയിൽ കണ്ടെത്തുന്ന പ്രവൃത്തികൾ മാത്രം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുത്താൽ മതിയാകും (ജി.ഒ(എം.എസ്) 128/07/തസ്വഭവ/14.5.07 ഖണ്ഡിക 5.12.1 പ്രകാരം)

ബി) വില്ലേജ് റോഡുകളെന്നും മറ്റ് ജില്ലാ റോഡുകൾ എന്നും പൊതുമരാമത്ത് വകുപ്പ് തരംതിരിച്ച റോഡുകൾ മാത്രമേ ആദ്യഘട്ടത്തിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കാവൂ. അതിനുശേഷം ഒന്നിൽ കൂടുതൽ ബ്ളോക്ക് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും ഏട്ട് മീറ്റർ എങ്കിലും വീതിയുള്ളതുമായ പുതിയ റോഡുനിർമ്മാണം നടത്താവുന്നതാണ്. (മേൽ ജി. ഒ.ഖണ്ഡിക 5.12.3 കാണുക)

സി) ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മാത്രമേ എട്ടു മീറ്ററിൽ കുറവ്വീതിയുള്ള റോഡുകളുടെ നിർമ്മാണം ഏറ്റെടുക്കാവൂ. ( മേൽ ജിഒ ഖണ്ഡിക.5.12.5 കാണുക)

3. ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിലല്ല റോഡുപണികൾ ഏറ്റെടുത്തിട്ടുള്ളത്.

4. ടാറിങ് നടത്തിയതിന്റെയും ഒരു ടാറിംഗ് കഴിഞ്ഞ് എത്ര വർഷത്തിനുശേഷമാണ് റീടാറിംഗ് നടത്തിയതെന്നതിന്റെയും വിവരം എവിടെയും രേഖപ്പെടുത്തിയിട്ടില്ല.
5. റോഡുകളുടെ പേര് സൂചിപ്പിക്കുന്ന ബോർഡുകളോ ദൂരം കൃത്യമായി കാണിക്കുന്ന കിലോമീറ്റർ/ഹെക്ടോമീറ്റർ കല്ലുകളോ സ്ഥാപിച്ച് ചെയിനേജിന്റെ അടിസ്ഥാനത്തിലല്ല റോഡ് പ്രോജക്ടുകൾ ഏറ്റെടുത്തത്. (ജി.ഒ.(എം.എസ്.) 165/10/തസ്വഭവ/16.1.10 കാണുക.)

## 3.20.3 സമഗ്ര വികസനത്തിന്റെ ഭാഗമല്ലാതെയും സേവനമേഖലയിൽ ഉൾപ്പെടുത്താതെയും നടപ്പാത നിർമ്മാണം

തസ്വഭ വകുപ്പിന്റെ 16.01.10 ലെ സർക്കുലർ നമ്പർ 2073/ഡി.എ.1/10 പ്രകാരം സംസ്ഥാനത്തെ കോളനികൾക്കകത്തെ നടപ്പാത നിർമ്മാണ പ്രവൃത്തികൾ സമഗ്ര കോളനി വികസനത്തിന്റെ ഭാഗമായി സേവന മേഖലയിൽപ്പെടുത്താവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി, സമഗ്ര വികസനത്തിന്റെ ഭാഗമല്ലാതെയും സേവന മേഖലയിൽ ഉൾപ്പെടുത്താതെയും ഏറ്റെടുത്ത താഴെ പറയുന്ന നടപ്പാത നിർമ്മാണ പ്രോജക്ടുകൾക്കു വേണ്ടിയുള്ള 1824576 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ. നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| 1 | 538/12 (എസ്.സി.പി.) | ചേനപ്പാടി പതിപ്പാറ കോളനിയിൽ നടപ്പാത | 1,53,940.00 |
| 2 | 543/12 (എസ്.സി.പി.) | മുട്ടപ്പള്ളി സുരഭി കോളനി നടപ്പാത കോൺക്രീറ്റിംഗ് | 2,64,097.00 |
| 3 | 545/12 (എസ്.സി.പി.) | തമ്പുരാൻകുന്ന് കോളനിയിൽ നടപ്പാത | 2,07,090.00 |
| 4 | 558/12 (എസ്.സി.പി.) | അംബേദ്ക്കർ കോളനിയിൽ നടപ്പാത (വെച്ചൂർ ഗ്രാ.പ.) | 2,08,597.00 |
| 5 | 601/12 (എസ്.സി.പി.) | തുമ്പിക്കാനിക്കൽ എസ്.സി. കോളനി നടപ്പാത കോൺക്രീറ്റിംഗ് (പുതുപ്പള്ളി ഗ്രാ.പ.) | 2,76,915.00 |
| 6 | 793/12 (റ്റി.എസ്.പി.) | വെള്ളാനികൊച്ചു പറമ്പിൽ ഭാഗം നടപ്പാത നിർമ്മാണം (തലനാട് ഗ്രാ.പ.) | 2,19,104.00 |
| 7 | 818/12 (റ്റി.എസ്.പി.) | മേലടുക്കം വയലുങ്കൽ ഭാഗം നടപ്പാത നിർമ്മാണം (തലനാട് ഗ്രാ.പ.) | 4,94,833.00 |
| | | ആകെ | 1824576 |

## 3.20.4 പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിലെ അപാകതകൾ

ജില്ലാ പഞ്ചായത്ത് നടപ്പാക്കിയിട്ടുള്ള എല്ലാ മരാമത്ത് പ്രവൃത്തികളുടെയും പൂർത്തീകരണ കാലാവധി പലതവണ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതായി കാണുന്നു. അപ്രതീക്ഷിതമായുണ്ടാകുന്ന സാങ്കേതികപ്രശ്നങ്ങൾ, പ്രതികൂല കാലാവസ്ഥ, വകുപ്പുതല താമസങ്ങൾ എന്നീ സാഹചര്യങ്ങളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധിയുടെ 20% ഗ്രേസ് പീരിയഡോടുകൂടി അനുവദിക്കാവുന്നതാണ്. (ജി.ഒ.(പി) 84/97/പി.ഡബ്ല്യു&ടി/19.8.97) ഗ്രേസ് പീരിയഡ് അനുവദിക്കാനുണ്ടായ സാഹചര്യം കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്. ടി ഗ്രേസ് പീരിയഡിനുശേഷവും പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ ആദ്യത്തെ മൂന്നു മാസത്തേക്ക് പി.എ.സി.യുടെ ഒരു ശതമാനവും പിന്നീടുള്ള ഓരോ മൂന്നു മാസത്തിനും രണ്ടു ശതമാനം വീതവും പിഴ ഈടാക്കേണ്ടതാണ്.

എന്നാൽ വ്യക്തമായ കാരണങ്ങൾ കാണിക്കാതെയും നിസ്സാരകാരണങ്ങൾ കാണിച്ചുമുളള കോൺട്രാക്ടറുടെ/ കൺവീനറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ പൂർത്തീകരണകാലാവധി പലതവണ നീട്ടി നൽകുന്ന പ്രവണത നിലനിൽക്കുന്നു.

പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധിക്കു ശേഷമാണ് പലപ്പോഴും പൂർത്തീകരണകാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുന്നത്. പൂർത്തിയായ പദ്ധതികളുടെ ബില്ലുകൾ യഥാസമയം സമർപ്പിക്കുന്നതിൽ വന്ന വീഴ്ച മറയ്ക്കുന്നതിനും ഇപ്രകാരം സമയം നീട്ടിനൽകാൻ ആവശ്യപ്പെടുന്നതായി കാണുന്നു.

നിയമാനുസൃതമുളള പിഴയീടാക്കാതെയാണ് മിക്കവാറും പ്രവൃത്തികളിലും പൂർത്തീകരണസമയം ദീർഘിപ്പിച്ചു നൽകിയത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് | എഗ്രിമെന്റ് നമ്പർ | പൂർത്തീകരണ തീയതി | ദീർഘിപ്പിച്ചു നൽകിയത് |
|---|---|---|---|---|
| 1 | അട്ടിക്കൽ- തമ്പലക്കാട് റോഡ് ചിറക്കടവ് പഞ്ചായത്ത് | 133/ഇ.ഇ./എൽ.എസ്. ജി.ഡി/ എംജി/10-11/19.11.10 | 24.5.11 | 27.3.12 |
| 2 | വാക്കേത്തറ- ശ്മശാനം റോഡ് തലയാഴം ഗ്രാമപഞ്ചായത്ത് | 83/ഇ.ഇ./എൽ.എസ്.ജി. ഡി./ പ്ലാൻ/10-11/13.9.10 | 12.3.11 | 31.3.12 |
| 3 | ചാമക്കാലാ- കുഴിയാഞ്ചൽ റോഡ് | 77/ഇ.ഇ./എൽ.എസ്. ജി.ഡി/ എം.ജി/10-11/13.9.10 | 12.3.11 | 1.2.12 |
| 4 | കുഴിപ്പാനിമല കുടിവെളളപദ്ധതി | 183/ഇ.ഇ./എൽ.എസ്.ജി. ഡി./ പ്ലാൻ/10-11/8.2.11 | 7.5.11 | 31.7.11 |
| 5 | ഇല്ലിവളവ്- കൊച്ചുമറ്റം, അണ്ണാടിവയൽ-ഊരോത്തുപടി റോഡ് | 46/ ഇ.ഇ./എൽ.എസ്.ജി. ഡി./ എം.ജി./10-11/4.8.10 | 15.3.11 | 30.9.11 |
| 6 | എസ്.സി. സാംസ്കാരികനിലയം (പ്രവിത്താനം) | 147/ ഇ.ഇ./എൽ.എസ്.ജി. ഡി./ പ്ലാൻ//10-11/15.12.10 | 15.6.11 | 29.9.11 |
| 7 | വലിയപാറ കരിപ്പാൽ എസ്.സി. സങ്കേതം. കുടിവെളളപദ്ധതി (മണർകാട്) | 105/ ഇ.ഇ./എൽ.എസ്.ജി. ഡി./ പ്ലാൻ/10-11/13.9.10 | 13.3.11 | 31.8.12 |
| 8 | പെരിങ്ങോലി പാണ്ട്യാമ്മാവ് കുടിവെളളപദ്ധതി (മേലുകാവ്) | 170/ ഇ.ഇ./എൽ.എസ്.ജി. ഡി./ പ്ലാൻ//10-11/28.1.11 | 31.7.11 | 31.7.12 |

LOCAL FUND AUDIT DEPARTMENT

## 3.20.5 സർക്കാർ വിലക്കിയിട്ടും ടെൻഡർ ചെയ്യാതെ മരാമത്തു പണികൾ : 2600000 രൂപ തടസ്സപ്പെടുത്തുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് സംവിധാനം ഉണ്ടായിരിക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റോഡ്, കെട്ടിടം എന്നീ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി ഏറ്റെടുക്കരുതെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. (തസ്വഭ വകുപ്പിന്റെ 27.02.09 ലെ സർക്കുലർ നമ്പർ 13184/ഡി.എ.1/09 കാണുക.)

പിന്നീടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൻ തുകയുടെ എസ്റ്റിമേറ്റുളള പ്രവൃത്തികൾ ടെന്റർ ചെയ്യാതെ ഡിപ്പാർട്ട്മെന്റ് വർക്കായി ഏറ്റെടുത്ത് ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രവൃത്തികൾ ഡിപ്പാർട്ട്മെന്റ് വർക്കായി ഏറ്റെടുക്കാവൂ എന്നും രണ്ട് ലക്ഷത്തിലേറെ എസ്റ്റിമേറ്റുളള പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടെന്റർ മുഖേന നിർവ്വഹിക്കേണ്ടതാണെന്നും വീണ്ടും നിഷ്ക്കർഷിക്കുകയുണ്ടായി. (തസ്വഭ വകുപ്പിന്റെ 09.03.10 ലെ സർക്കുലർ നം.5059/എ.ബി.2/10 പ്രകാരം)

മേൽപ്പറഞ്ഞ സർക്കുലറുകളൊന്നും മാനിക്കാതെ താഴെപ്പറയുന്ന മരാമത്ത് പണികൾ ഡിപ്പാർട്ട്മെന്റ് വർക്കായി ഏറ്റെടുത്തതിനാൽ 2600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക | ഏജൻസിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നമ്പർ |
|---|---|---|---|---|
| 592/12 | വെള്ളാശ്ശേരി താഴെ ചുള്ളിത്തോട് കുറുകെ പാലം നിർമ്മാണം | 2600000 | എക്സിക്യൂട്ടീവ് എൻജിനിയർ, പി. ഡബ്ല്യു.ഡി. കോട്ടയം | 2162918 രൂപ (വികസനഫണ്ട്) ബിൽ നമ്പർ : 85/11-12/31.3.12 |
| | | | | 437082 രൂപ (തനതുഫണ്ട്) 21100271/31.3.12 |

## 3.20.6 പശ്ചാത്തല മേഖലയിൽപ്പെടുത്താതെ പാർശ്വസംരക്ഷണഭിത്തി നിർമ്മാണം

അപ്പർ കുട്ടനാട് ആയി വിജ്ഞാപനം ചെയ്ത പ്രദേശങ്ങൾ ഉൾപ്പെടെയുള്ള കുട്ടനാടൻ പാടശേഖരങ്ങൾ, തൃശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങൾ, എറണാകുളം, തൃശൂർ ജില്ലകളിലെ പൊക്കാളി പാടങ്ങൾ എന്നിവിടങ്ങളിലെ ബണ്ടുകൾ ഒഴികെ മറ്റെല്ലാ പാർശ്വ സംരക്ഷണഭിത്തി നിർമ്മാണവും പശ്ചാത്തലമേഖലയിൽ ഉൾപ്പെടുത്തേണ്ടതാണ്. (ഖണ്ഡിക 8.2.(2) ജി.ഒ.(എം.എസ്.)128/07/തസ്വഭവ/14.05.07) എന്ന നിർദ്ദേശത്തിനു വിരുദ്ധമായി, താഴെപ്പറയുന്ന പാർശ്വ സംരക്ഷണഭിത്തി നിർമ്മാണം പശ്ചാത്തല മേഖലയല്ലാത്ത മേഖലയിൽപ്പെടുത്തിയതിനാൽ 6,34,076/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
(നിർവ്വഹണോദ്യോഗസ്ഥൻ : എക്സിക്യൂട്ടീവ് എഞ്ചിനീയർ)

| ക്രമ. നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് | വൗച്ചർ /ബിൽ നം./ തീയതി | ഉൾപ്പെടുത്തിയ വിഭാഗം/മേഖല |
|---|---|---|---|---|---|
| 1 | 2/12 | വെള്ളൂർ തോടിന് സംരക്ഷണഭിത്തി (പാമ്പാടി ഗ്രാ.പ.) | 2,01,483 | 68/11-12/9.8.11 | പൊതുവിഭാഗം/ ഉൽപ്പാദനം |
| 2 | 117/12 | നാലാം മൈൽ എസ്.സി.കോളനി സംരക്ഷണഭിത്തി (എലിക്കുളം ഗ്രാ.പ) | 4,32,593 | 111/11-12/9.3.12 | എസ്.സി.പി./സേവനം |
| | | ആകെ | 6,34,076 | | |

## 3.20.7 ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത ഇനങ്ങൾക്കായുള്ള ചെലവുകൾ

**എ)** യാത്രക്കാർക്ക് വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് (കേരളാ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പട്ടിക മൂന്ന് പ്രകാരം) ഇക്കാര്യത്തിനുവേണ്ടി ജില്ലാപഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നത് നിയമവിരുദ്ധവും സ്വന്തം ചുമതലകൾ നിറവേറ്റുന്നതിന് വിരുദ്ധവുമായ നടപടിയാണ്. വർക്കിംഗ് ഗ്രൂപ്പ് മുതൽ ഭരണ സമിതിവരെ നീണ്ട പ്രോജക്ട് രൂപീകരണഘട്ടത്തിലും ഡിപിസി യുടെ അംഗീകാരവേളയിലും ഈ വീഴ്ച ചൂണ്ടിക്കാട്ടാതിരുന്നത് തെറ്റായ പ്രോജക്ട് രൂപീകരണത്തിനും

LOCAL FUND AUDIT DEPARTMENT

നിർവഹണത്തിനും ഇടയാക്കി. നിയമവിരുദ്ധമാകയാൽ താഴെപ്പറയുന്ന 765784 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ. നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവ് | വൗച്ചർ നം./തീയതി | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 516/12 | വെള്ളപ്പുര വായനശാല ജംഗ്ഷനിൽ വെയ്റ്റിംഗ് ഷെഡ്ഡ് (കരൂർ ഗ്രാമപഞ്ചായത്ത്) | 86,099 | 21100622/31.3.12 | എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.) |
| 2 | 517/12 | ഭൂതക്കുഴി ജംഗ്ഷൻ, വെളളാപ്പാറ ജംഗ്ഷൻ എന്നിവിടങ്ങളിൽ വെയ്റ്റിംഗ് ഷെഡ്ഡ് (കരൂർ ഗ്രാമപഞ്ചായത്ത്) | 44,276 | 21100621/31.3.12 | ,, |
| 3 | 525/12 | വിവിധ സ്ഥലങ്ങളിൽ വെയ്റ്റിംഗ് ഷെഡ്ഡ് (മുത്തോലി ഗ്രാമപഞ്ചായത്ത്) | 6,35,409 | 21100618/31.3.12 | ,, |
| | ആകെ | | 765784 | | |

**ബി)** സാംസ്ക്കാരിക നിലയങ്ങളുടെ നിർമ്മാണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്ന വിഷയമാണ്. ഇക്കാര്യത്തിന് ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ചെലവഴിക്കുന്നത് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ ചുമതലാവിഭജനത്തിന് വിരുദ്ധമാണ്. താഴെപ്പറയുന്ന പ്രോജക്ടുകളുടെ ചെലവായ 1779245 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ. നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേരും നടപ്പാക്കിയ ഗ്രാമപഞ്ചായത്ത് പ്രദേശവും | ചെലവ് | വൗച്ചർ /ബിൽ നം./ തീയതി | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 769/12 | കല്ലമ്പാറ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം (കാണക്കാരി ഗ്രാ.പ.) | 2,50,000 | 21100363/31.3.12 | സെക്രട്ടറി |
| 2 | 147/12 (എസ്.. സി.പി.) | എസ്.സി.പൊതുസാംസ്ക്കാരിക നിലയം (മൂന്നിലവ് ഗ്രാ.പ.) | 4,93,024 | ബിൽ നമ്പർ 65/11-12/5.8.11 | സെക്രട്ടറി |
| 3 | 164/12 (എസ്.സി.പി.) | പ്രവിത്താനത്ത് എസ്.സി.സാംസ്ക്കാരിക നിലയം (ഭരണങ്ങാനം ഗ്രാ.പ.) | 745179 | 21100401/7.2.12 | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 4 | 187/12 | പുഞ്ചവയൽ കമ്മ്യൂണിറ്റി ഹാൾ നിർമാണം (മുണ്ടക്കയം) | 232532 | ലഭ്യമല്ല | ,, |

LOCAL FUND AUDIT DEPARTMENT

| | | | | | |
|---|---|---|---|---|---|
| 5 | 631/12 | കലിഞ്ഞാലി വണ്ടവ ത്തേൽ റോഡിൽ സ്ട്രീറ്റ്ലൈൻ വലി ക്കൽ | 58510 | ബിൽ നമ്പർ 91/31.3.12 | സെക്രട്ടറി |

ക്രമനമ്പർ ഒന്ന് പ്രകാരമുള്ള പ്രോജക്ടിന്റെ അടങ്കൽ തുകയിലെ വിഹിതങ്ങൾ താഴെ പറയുന്നു.

| | |
|---|---|
| വികസനഫണ്ട് ജില്ലാ പഞ്ചായത്ത് വിഹിതം | : 2,50,000/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | : 2,00,000/- |
| ഗ്രാമപഞ്ചായത്ത് വിഹിതം | : 2,50,000/- |
| മറ്റുള്ളവ | : 3,00,000/- |
| | ------------- |
| ആകെ | : 10,00,000/- രൂപ |
| | ============== |

ആകെ തുകയുടെ 25% മാത്രമാണ് ജില്ലാ പഞ്ചായത്ത് വിഹിതം എന്നതിനാൽ ആകെ ചെലവഴിച്ച 2,50,000/- രൂപയുടെ 25 ശതമാനമായ 62,500/- രൂപ കഴിച്ചുള്ള തുക ജില്ലാ പഞ്ചായത്തിന്റെ അധികച്ചെലവാണ് ആനുപാതികമായ വിഹിതങ്ങൾ മറ്റു സ്രോതസ്സു കളിൽ നിന്ന് ലഭ്യമാക്കുകയോ ജില്ലാ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് കൺസോളി ഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 3.20.8 വകയിരുത്തിയതിലും അധികച്ചെലവുള്ള പ്രോജക്ടുകൾ : 261256 രൂപ തടസ്സപ്പെടുത്തുന്നു

താഴെപറയുന്ന പ്രോജക്ടുകളിൽ വകയിരുത്തിയ തുകയിൽ അധികരിച്ച 261256 രൂപയുടെ ചെലവ് ഡി.പി.സി യുടെ സാധൂകരണം ലഭ്യമാക്കുന്നതിനായി തടസ്സപ്പെടു ത്തുന്നു.

1) പ്രോജക്ട് നമ്പർ : 33/12 (പൊതുവിഭാഗം, ഉൽപാദനമേഖല)
പ്രോജക്ടിന്റെ പേര് : വെള്ളൂർ ഡിവിഷനിൽ മുളക്കുളം ഗ്രാമപഞ്ചായത്തിൽ പെരുവ കുന്നപ്പള്ളി പാടശേഖരത്തിന് ജലസേചന പദ്ധതി
നിർവ്വഹണോദ്യോഗസ്ഥൻ : എക്സിക്യൂട്ടീവ് എൻജിനിയർ

| വിഭവസ്രോതസ്സ് | വകയിരുത്തിയതുക | ചെലവ് | വൗച്ചർ/ ബിൽ നമ്പർ/തീയതി | അധികചെലവ് |
|---|---|---|---|---|
| വികസനഫണ്ട് | 857020 | 956655 | 15/11-12/20.6.11 തുക : 157603 രൂപ 156/11-12/30.3.12 തുക : 799052 രൂപ | 99635 |
| ഗു.വി (നേരിട്ട് ചെലവ്) | 138888 | ഇല്ല | | |
| ആകെ | 995908 | 956655 | | |

2) പ്രോജക്ട് നമ്പർ : 52/12 (പൊതുവിഭാഗം, സേവനമേഖല)
പ്രോജക്ടിന്റെ പേര് : പള്ളിക്കത്തോട് ഡിവിഷനിൽ പനമറ്റം സ്ക്കൂളിന് കെട്ടിട നിർമ്മാണം
നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

LOCAL FUND AUDIT DEPARTMENT

| വിഭവസ്രോതസ്സ് | വകയിരുത്തിയതുക | ചെലവ് | വൗച്ചർ നം/ തീയതി | അധികചെലവ് |
|---|---|---|---|---|
| വികസനഫണ്ട് | 1000000 | 1140360 | 3477/16.6.11/24.6.11 | |
| ആകെ | 1000000 | 1140360 | | 140360 |

3) പ്രോജക്ട് നമ്പർ : 224/12 (പൊതുവിഭാഗം, സേവനമേഖല)
പ്രോജക്ടിന്റെ പേര് : mRVGVHSS ചേനപ്പാടി അറ്റകുറ്റപ്പണി
നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

| വിഭവസ്രോതസ്സ് | വകയിരുത്തിയ തുക | ചെലവ് | വൗച്ചർ നം/ തീയതി | അധികചെലവ് |
|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 36759 | 58020 | 21100336/9.3.12 | 21261 |
| ആകെ | 36759 | 58020 | | 21261 |

ഒട്ടാകെ : 99635 + 140360 + 21261 = 261256 രൂപ

## 3.20.9 വിഹിതങ്ങൾ ആനുപാതികമായി ചെലവഴിച്ചിട്ടില്ല-വിനിയോഗവിവരം ലഭ്യമല്ല

പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയപ്പോൾ വിവിധ സ്രോതസ്സുകളിൽനിന്ന് തുക വകയിരുത്തിയെങ്കിലും ആനുപാതിക ചെലവ് നടന്നിട്ടുള്ളതായി കാണുന്നില്ല.

### എ)

| | |
|---|---|
| **പ്രോജക്ടിന്റെ പേര്** | **പാമ്പാടി ഡിവിഷനിൽ കൂരോപ്പട ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിലെ പുളേളാലിക്കൽ വട്ടപ്പാറ പുളുവൻമല ജലസേചന പദ്ധതി (നമ്പർ 377/12)** |
| വിഭാഗം | പൊതുവിഭാഗം (പുതിയത്) |
| മേഖല | ഉൽപ്പാദനം |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

### ധനകാര്യവിശകലനം

| വിഭവസ്രോതസ്സ് | വകയിരുത്തൽ | ചെലവ് | വൗച്ചർ |
|---|---|---|---|
| വികസനഫണ്ട് | 560000 | 560000 | 21100104/30.1.12 (കൂരോപ്പട ഗ്രാമപഞ്ചായത്തിന് നൽകി) |
| ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവ്) | 92777 | - | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 100000 | - | |
| ഗ്രാമപഞ്ചായത്ത് വിഹിതം | 175000 | - | - |
| ആകെ | 927777 | 560000 | |

### ബി)

| | |
|---|---|
| **പ്രോജക്ടിന്റെ പേര്** | **ഈരാറ്റുപേട്ട ഡിവിഷനിൽ കരിമ്പനോലി ചെക്ക് ഡാം നിർമ്മാണം (നമ്പർ 512/12 പുതിയത്)** |
| വിഭാഗം | പൊതുവിഭാഗം |
| മേഖല | ഉൽപ്പാദനം |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

LOCAL FUND AUDIT DEPARTMENT

## ധനകാര്യവിശകലനം

| വിഭവസ്രോതസ്സ് | വകയിരുത്തൽ | ചെലവ് | വൗച്ചർ |
|---|---|---|---|
| വികസനഫണ്ട് | 300000 | 300000 | 21100312/9.3.12 / 21100189/29.2.12 (തിടനാട് ഗ്രാമപഞ്ചായത്തിന് നൽകി) |
| തനതുഫണ്ട് | 300000 | 300000 | |
| ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവ്) | 80554 | - | |
| ഗ്രാമപഞ്ചായത്ത് വിഹിതം | 125000 | - | |
| ആകെ | 805554 | 600000 | |

## സി)

| | |
|---|---|
| **പ്രോജക്ടിന്റെ പേര്** | **മുണ്ടക്കയം ഡിവിഷനിൽ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ താളുങ്കൽ ജലവിതരണ പദ്ധതി (നമ്പർ 370/12)** |
| വിഭാഗം | പൊതുവിഭാഗം |
| മേഖല | സേവനം |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

## ധനകാര്യവിശകലനം

| വിഭവസ്രോതസ്സ് | വകയിരുത്തൽ | ചെലവ് | വൗച്ചർ |
|---|---|---|---|
| വികസനഫണ്ട് | 200000 | 200000 | 21100318/29.2.12 (കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന് നൽകി) |
| ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവ്) | 35000 | - | |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 150000 | - | |
| ആകെ | 385000 | 200000 | |

## ഡി)

| | |
|---|---|
| **പ്രോജക്ടിന്റെ പേര്** | **ഈരാറ്റുപേട്ട ഡിവിഷനിൽ തലപ്പലം ഗ്രാമപഞ്ചായത്തിൽ പനയ്ക്കപ്പാലത്ത് എസ്.സി. വനിതാ തൊഴിൽ പരിശീലന കേന്ദ്രം (നമ്പർ 582/12 ബഹുവർഷ പ്രോജക്ട്)** |
| വിഭാഗം | പ്രത്യേക ഘടകപദ്ധതി |
| മേഖല | ഉൽപ്പാദനം |
| പ്രത്യേക മേഖല | വനിതാ ഘടകപദ്ധതി |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

## ധനകാര്യവിശകലനം

| വിഭവസ്രോതസ്സ് | വകയിരുത്തൽ | ചെലവ് | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|
| വികസനഫണ്ട് | 1500000 | 1500000 | 21100310/18.2.12 (തലപ്പലം ഗ്രാമപഞ്ചായത്തിന് നൽകിയത്) |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 300000 | - | |
| ഗ്രാമപഞ്ചായത്ത് വിഹിതം | 100000 | - | |
| ആകെ | 1900000 | 1500000 | |

LOCAL FUND AUDIT DEPARTMENT

## ഇ)

| | |
|---|---|
| **പ്രോജക്ടിന്റെ പേര്** | **പുതുച്ചിറക്കുഴി എസ്.സി. കോളനി റോഡ് കോൺക്രീറ്റിംഗ് (ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ) നമ്പർ 622/12** |
| വിഭാഗം | പ്രത്യേക ഘടകപദ്ധതി |
| മേഖല | പശ്ചാത്തലം |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

## ധനകാര്യവിശകലനം

| വിഭവസ്രോതസ്സ് | വകയിരുത്തൽ | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|
| വികസനഫണ്ട് | 1000000 | 1000000 | 21100311/18.2.12 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 450000 | - | - |
| ആകെ | 1450000 | 1000000 | |

## എഫ്)

| | |
|---|---|
| **പ്രോജക്ടിന്റെ പേര്** | **വാകത്താനം ഡിവിഷനിൽ മാടപ്പള്ളി ഗ്രാമപഞ്ചായത്ത് മുതലപ്ര കുടിവെള്ള പദ്ധതി (നമ്പർ 562/12)** |
| വിഭാഗം | പ്രത്യേക ഘടകപദ്ധതി |
| മേഖല | സേവനം (പുതിയത്) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

## ധനകാര്യവിശകലനം

| വിഭവസ്രോതസ്സ് | വകയിരുത്തൽ | ചെലവ് | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|
| വികസനഫണ്ട് | 860000 | 860000 | 21100333/29.2.12 (മാടപ്പള്ളി ഗ്രാമപഞ്ചായത്തിന് നൽകിയത്) |
| ഗ്രാമപഞ്ചായത്ത് വിഹിതം | 100000 | - | |
| ആകെ | 960000 | 860000 | |

എല്ലാ വിഹിതങ്ങളും ലഭിച്ചു എന്നുറപ്പു വരുത്തേണ്ടതും ജില്ലാ പഞ്ചായത്തിന്റെ വിഹിതം അനുപാത രഹിതമായി അധികം ചെലവഴിച്ചിട്ടുണ്ടെങ്കിൽ തിരികെ ലഭിക്കാൻ വേണ്ട നടപടിയെടുക്കേണ്ടതുമാണ്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ 4720000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

LOCAL FUND AUDIT DEPARTMENT

## 3.20.10 പണി പൂർത്തിയാക്കാതിരുന്നിട്ടും അഡ്വാൻസ് തിരിച്ചുപിടിച്ചില്ല.

**എ)** ജില്ലാ പഞ്ചായത്തിന്റെ 2001-02 വർഷത്തെ പ്രോജക്ടിൽ (മഞ്ഞപ്പള്ളിക്കുന്ന് എസ്.സി. കോളനി സാംസ്കാരിക നിലയം) ഗുണഭോക്തൃസമിതി കൺവീനറായ ശ്രീ. എം. കെ. കുട്ടപ്പൻ 22.2.12 ൽ ഒരു ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റുകയുണ്ടായി. പണി പൂർത്തിയാക്കാത്തതിനാൽ ഇദ്ദേഹത്തിനെതിരെ റവന്യൂറിക്കവറി നടപടിയെടുക്കാൻ ബഹു. ജില്ലാ കളക്ടറോട് ശുപാർശ ചെയ്തു. അന്വേഷണത്തിൽ ഇദ്ദേഹം ഭാര്യയുടെ പേരിലുള്ള വീട്ടിൽ താമസിക്കുന്നതായും സ്വന്തമായി സ്ഥാവരജംഗമ സ്വത്തുക്കളി

ല്ലെന്നും ഇദ്ദേഹത്തിന് തുക അടയ്ക്കാൻ നിർവാഹമില്ലെന്നും ചൂണ്ടിക്കാട്ടി കളക്ടർ ശുപാർശ തിരിച്ചയച്ചും ഈ വിഷയം ചർച്ച ചെയ്ത ഭരണസമിതി ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം ആരായുന്നതിനാണ് തീരുമാനിച്ചത് (നം. 8/14.6.12)

1997 ലെ കെ.പി.ആർ. (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13 (4) പ്രകാരം ഒപ്പിട്ട കരാറിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളിൽ നിന്ന് നഷ്ടം ഈടാക്കാൻ വ്യവസ്ഥയുണ്ടായിരിക്കെ സർക്കാരിന്റെ അഭിപ്രായം ആരായുന്നതിന് തീരുമാനിച്ചത് ഉചിതമായ നടപടിയല്ല. ഇപ്രകാരം കരാർ ഒപ്പിട്ട് വാങ്ങിയിട്ടില്ലെങ്കിൽ ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്ന് നഷ്ടം ഈടാക്കേണ്ടതാണ്.

**ബി)** മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 56-ാം നമ്പർ അംഗൻവാടി നിർമാണം എന്ന പ്രോജക്ട് (നമ്പർ 40/07-08) കരാർ (നമ്പർ 53/ഇഇ/07-08/22.2.08) പ്രകാരം ഏറ്റെടുത്ത ഗുണഭോക്തൃസമിതി കൺവീനർ പണി നാളിതുവരെ പൂർത്തിയാക്കാത്തതിനാൽ അഡ്വാൻസായി നൽകിയ 46000 രൂപയിൽ മൂല്യനിർണയത്തുകയായ 38226 രൂപ കുറച്ചുള്ള 7774 രൂപ 18% പിഴ സഹിതം ഈടാക്കാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. (നമ്പർ 1(12)/24.2.12) തീരുമാനം നടപ്പാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. നിശ്ചിതസമയത്തിനകം പണി പൂർത്തിയാക്കാൻ കഴിയാതിരുന്നതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

## 3.20.11 സാംസ്കാരികനിലയം : പണി പൂർത്തിയാക്കിയില്ല ; കരാറുകാരനെതിരേ നിയമനടപടി കൈക്കൊണ്ടിട്ടുമില്ല

തീക്കോയി ഗ്രാമപഞ്ചായത്തിലെ ഒറ്റയീട്ടി സാംസ്കാരികനിലയത്തിന്റെ പണി ഇതുവരെ തുടങ്ങിയിട്ടില്ലെന്ന് എക്സിക്യൂട്ടീവ് എൻജിനിയർ അറിയിച്ച സാഹചര്യത്തിൽ (കരാർ നമ്പർ 160/ഇഇ/21.4.10) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ കരാർ റദ്ദാക്കുന്നതിനും കരാറുകാരനെതിരേ നിയമനടപടികൾ സ്വീകരിക്കുന്നതിനും ഭരണസമിതി ഇ.ഇ.യെ ചുമതലപ്പെടുത്തി. (തീരുമാനം നമ്പർ : 6(2)/27.7.12) കൈക്കൊണ്ട തുടർനടപടികളുടെ വിവരം പ്രസക്ത രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3.20.12 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകൾ : രേഖകൾ ഹാജരാക്കിയില്ല- 581583 രൂപ തടസ്സപ്പെടുത്തുന്നു

15.6.12 ലെ ഡി.പി.സി പ്രോസീഡിംഗ്സ് അനുസരിച്ച് 7 പ്രോജക്ടുകളുടെ നിർവഹണ ചുമതലയാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജീനിയർക്ക് നൽകിയിരുന്നത്. റിക്വിസിഷൻ ലഭിച്ചിട്ടും താഴെപറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാൽ 581583 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ക്രമനം. 4, 5,6, 7 എന്നീ പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നതിന് വിശദീകരണവും നൽകേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം. | വിഭാഗം | തരം | പ്രോജക്ടിന്റെ പേരും നടപ്പാക്കിയ ഗ്രാമപഞ്ചായത്ത് പ്രദേശവും | ചെലവ് | തീയതി | കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| 1 | 4/12 | പൊതു വിഭാഗം | സ്പിൽ ഓവർ | എൺപതിൽചിറ പാടത്ത് പറക്കുഴി നിർമ്മാണം (ആർപ്പൂക്കര) | 259290 | 12.3.12 | ഫയൽ, ബിൽ ബുക്ക് എന്നിവ പരിശോധ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | നയ്ക്ക് ഹാജരാക്കിയില്ല |
| 2 | 24/12 | ,, | | കേളക്കരി നടുത്തറ പാടശേഖരങ്ങൾക്ക് മോട്ടോർ തറയും പറക്കുഴിയും (ആർപ്പൂക്കര) | 22706 | 31.3.12 | ,, |
| 3 | 65/12 | ,, | പുതിയത് | പുതുവേൽ കുടിവെള്ള പദ്ധതി (പുതുപ്പള്ളി) അടങ്കൽ - 1111111) | 299587 (പാർട്ട് ബിൽ) | | ,, |
| 4 | 352/12 | ,, | പുതിയത് | കവുങ്ങുംതറ പാടശേഖരം പെട്ടി പറ നിർമ്മാണം അടങ്കൽ- 204829 | ചെലവില്ല | - | - |
| 5 | 31/12 | ,, | സ്പിൽ ഓവർ | കുര്യനാട് അക്ഷയ ജലസേചന പദ്ധതി അടങ്കൽ- 159408 | ,, | - | - |
| 6 | 794/12 | ,, | പുതിയത് | കോഴയിലെ സ്റ്റേറ്റ് സീഡ് ഫാമിൽ സീഡ് സ്റ്റോറിൽ തടി കൊണ്ടുള്ള സീലിംഗ് നിർമ്മാണം അടങ്കൽ - 374000 | ചെലവില്ല | - | - |
| 7 | 551/12 | എസ്. സി.പി. | പുതിയത് | കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ മിച്ചഭൂമിക്ക് പെട്ടി, പറ, മോട്ടോർ വാങ്ങൽ അടങ്കൽ - 650000 | ,, | - | - |
| | | | | ആകെ | 581583 | | |

LOCAL FUND AUDIT DEPARTMENT

## 3.20.13 ജില്ലാ പഞ്ചായത്ത് കെട്ടിടത്തിന് അനുബന്ധസൗകര്യം ഒരുക്കൽ പ്രോജക്ടുകളിൽ അപാകതകൾ

ജില്ലാ പഞ്ചായത്ത് കെട്ടിടത്തിൽ അനുബന്ധപ്രവൃത്തികൾക്കായി രണ്ടു പ്രോജക്ടുകൾ മുഖേന തുക ജില്ലാ നിർമിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.

### 1) വനിതാ മെമ്പർമാർക്കും വനിതാ സ്റ്റാഫിനും വേണ്ടി വിശ്രമകേന്ദ്രം

ജില്ലാ പഞ്ചായത്ത് കെട്ടിടത്തിന്റെ ടെറസ് ഫ്ളോറിൽ ഭിത്തികെട്ടി ഗ്രില്ലിട്ട് വനിതാ മെമ്പർമാർക്കും സ്റ്റാഫിനും വിശ്രമകേന്ദ്രം പണിയുന്നതിനായി 2270000 രൂപയുടെ അടങ്കലിൽ പദ്ധതി തയ്യാറാക്കുകയും (പ്രോജക്ട് നമ്പർ 10/12) ഇലക്ട്രിഫിക്കേഷൻ വർക്കിനായി

315000 രൂപ കേരളാ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ എൻജിനിയറിങ് വിഭാഗത്തിന് 2011-12 വർഷം നൽകുകയും ചെയ്തിട്ടുണ്ട്. (ബിൽ നമ്പർ സി1/4131/11/5.3.12, ഡി.ഡി. നമ്പർ 523085/23.3.12) 2012-13 വർഷം 1276591 രൂപ കൂടി ചെലവഴിച്ചതായി കാണുന്നു. (ഇതിൽ 1152935 രൂപ നിർമിതി കേന്ദ്രത്തിന് നൽകിയതാണ്.) ടി കെട്ടിടനിർമാണ പ്രവൃത്തി കോട്ടയം നഗരസഭയുടെ നിർമാണാനുമതി ഇല്ലാത്തതും കേരള മുനിസിപ്പൽ ബിൽഡിങ് റൂൾസ് നിബന്ധനകൾ പാലിക്കാത്തതാണെന്നും ചൂണ്ടിക്കാട്ടി ഒരു ജില്ലാ പഞ്ചായത്ത് മെമ്പർ തന്നെ കെട്ടിടനിർമാണത്തിന് തടസ്സവാദം ഉന്നയിച്ചതായി ഫയലിൽ കാണുന്നു. ആയതു പ്രകാരം കെട്ടിടനിർമാണം റെഗുലറൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാൻ ജില്ലാ പഞ്ചായത്ത് ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിടനിർമാണം നഗരസഭ അധികൃതമാക്കി നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. കെട്ടിടനിർമാണം റെഗുലറൈസ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3.20.14 ജില്ലാ പഞ്ചായത്ത് ഭവൻ : മെയിന്റനൻസും അനുബന്ധ പ്രവൃത്തികളും

4050000 രൂപ അടങ്കലിൽ രൂപീകരിച്ച പ്രസ്തുത പദ്ധതിക്ക് (പ്രോജക്ട് നമ്പർ 509/12) 2011-12 വർഷം ആകെ 1556486 രൂപ (746486 രൂപ വികസനഫണ്ട്, 810000 രൂപ തനതുഫണ്ട്) പാർട്ട് പേമെന്റായി നിർമിതി കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. (ബിൽ നമ്പർ സി 4132/11/18.1.12) നിർമിതി കേന്ദ്രം തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് പ്രകാരമുള്ള 966000 രൂപയ്ക്ക് (15% വർധനയുൾപ്പെടെ) കോൺഫറൻസ് ഹാളിൽ എ.സി. ഫിറ്റു ചെയ്യുക, സൗണ്ട് സിസ്റ്റം സ്ഥാപിക്കുക മുതലായ ഇലക്ട്രോണിക് വർക്കുകളാണ് ചെയ്യേണ്ടത്. എന്നാൽ നിയമാനുസൃതം കേരളാ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം ചെയ്യേണ്ട പ്രസ്തുത ചുമതല നിർമിതി കേന്ദ്രത്തിന് തന്നെയാണ് നൽകിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക് വിഭാഗത്തിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കാതെയും സാങ്കേതിക പരിശോധന ലഭ്യമാക്കാതെയും നിർമാണപ്രവൃത്തിക്ക് നിർമിതി കേന്ദ്രത്തിനെ തന്നെ ചുമതലപ്പെടുത്തിയതിനാൽ ടിയിനത്തിൽ അധികച്ചെലവ് ഉണ്ടായോ എന്ന് നിർണയിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത നിർമാണം സംബന്ധിച്ച് ജില്ലാ പഞ്ചായത്തുമായി 7.1.12 ൽ ഉണ്ടാക്കിയ കരാർ പ്രകാരം നിർമിതികേന്ദ്രം 12 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ നിർമാണപ്രവൃത്തികൾ പൂർത്തിയായിട്ടില്ല. പുൽത്തകിടി നിർമാണം, പിൻഭാഗത്തെ തറ ഭാഗം കോൺക്രീറ്റ് ടൈൽ ഇടുന്ന പ്രവൃത്തി മുതലായവ ഒന്നും തന്നെ നിർവഹിച്ചിട്ടില്ല. പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

# 3.21 കോട്ടയം ജില്ലാ പഞ്ചായത്തിനു കീഴിലുളള കൃഷി ഫാമുകൾ സംബന്ധിച്ച പ്രവർത്തനാവലോകനറിപ്പോർട്ട്

## ആമുഖം

കോട്ടയം ജില്ലയിലെ പ്രധാന തൊഴിൽ മേഖല കാർഷിക വൃത്തിയാണ് പ്രധാന കൃഷി റബ്ബർ കൃഷിയാണെങ്കിലും, നെല്ല്, തെങ്ങ്, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, മറ്റ് പച്ചക്കറികൾ എന്നിവ മറ്റു പ്രധാന കാർഷിക വിളകളായി കൃഷി ചെയ്തു വരുന്നു. കാർഷിക പുരോഗ തിയുടെ അടിസ്ഥാനം അത്യുൽപ്പാദന ശേഷയുളളതും, രോഗപ്രതിരോധശേഷിയുളളതു മായ വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവയുടെ ലഭ്യതയാണ്. ഇത് ഉറപ്പ് വരുത്തുന്നതി നായി സംസ്ഥാന സർക്കാർ കൃഷി വകുപ്പിനു കീഴിൽ കോട്ടയം ജില്ലയിൽ ആരംഭിച്ച മൂന്ന് സ്ഥാപനങ്ങളാണ് ജില്ലാ അഗ്രികൾച്ചറൽ ഫാം, കോഴ, സ്റ്റേറ്റ് സീഡ് ഫാം, കോഴ, സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ എന്നിവ. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഈ സ്ഥാപ നങ്ങളുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിന് കൈമാറി ലഭിക്കുകയുണ്ടായി.

## ഓഡിറ്റ് ലക്ഷ്യങ്ങൾ

ജില്ലാ പഞ്ചായത്തിന് കൈമാറി ലഭിച്ച ഈ മൂന്ന് സ്ഥാപനങ്ങളുടെയും പ്രവർത്തനം, കാർഷിക മേഖലയിലെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിൽ ടി സ്ഥാപനങ്ങളുടെ പങ്ക്, സ്ഥാപനങ്ങളുടെ പ്രവർത്തനലക്ഷ്യം നിറവേറ്റുന്നതിലെ കാര്യക്ഷമത, സ്ഥാപനങ്ങളുടെ നി ലവിലെ സ്ഥിതി, സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയുടെ വസ്തുനി ഷ്ഠമായ ഒരവലോകനത്തിന് ഈ റിപ്പോർട്ടിലൂടെ ശ്രമിക്കുന്നു.

## ഓഡിറ്റ് മാനദണ്ഡങ്ങൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 166 (1) വകുപ്പിന്റെ 5-ാം പട്ടികയും, 10, 11 പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖകൾ യഥാക്രമം ജി.ഒ. (എം.എസ്.) 20/02/തീയതി: 6.6.02, ജി. ഒ. (എം.എസ്.) 40/04/31.3.04, ജി.ഒ.(എം.എസ്.) 128/07/തസ്വഭവ/14.5.07 ഉത്തരവുകൾ 8.10.96 ലെ ജി.ഒ. (എം.എസ്.) 310/96/കൃഷി/8.10.96 ലെ സർക്കാർ ഉത്തരവ്, തുടങ്ങിയവയാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് അവലംബമാക്കിയിട്ടുളളത്.

## ഓഡിറ്റ് കണ്ടെത്തലുകൾ

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ മൂന്ന് കൃഷി ഫാമുകൾ പ്രവർത്തിച്ചു വരുന്നു. ഇവയുടെ വിശദവിവരം താഴെ ചേർക്കുന്നു.

1) സ്റ്റേറ്റ് സീഡ് ഫാം, കോഴ, കോട്ടയം- 686640
2) ഡിസ്ട്രിക്റ്റ് അഗ്രികൾച്ചർ ഫാം, കോഴ, കോട്ടയം- 686640
3) സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ, കോട്ടയം - 686604

ഇതിൽ സ്റ്റേറ്റ് സീഡ് ഫാം, കോഴ, ഡിസ്ട്രിക്റ്റ് അഗ്രികൾച്ചർ ഫാം, കോഴ എന്നി വയെ സംബന്ധിച്ച റിപ്പോർട്ട് പുറപ്പെടുവിച്ചിരുന്നു. സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ, കോട്ടയം സംബന്ധിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് പ്രത്യേകമായി ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

# സ്റ്റേറ്റ് സീഡ് ഫാം, വാലാച്ചിറ, കോട്ടയം

## 1. ഭൂവിസ്തൃതി

| | |
|---|---|
| കരഭൂമി | 2.9 ഹെക്ടർ |
| നെൽപ്പാടം | 9.4 ഹെക്ടർ |
| ആകെ | 12.3 ഹെക്ടർ |

1960 ൽ സ്ഥാപിച്ച ഫാമിന്റെ സ്ഥലം സംബന്ധിച്ച രേഖകൾ, സർവ്വേ റിപ്പോർട്ട് എന്നിവ ലഭ്യമാണ്. വൃക്ഷങ്ങൾക്ക് (പ്രധാനമായും തെങ്ങുകൾക്ക്) നമ്പർ ഇട്ടിട്ടുണ്ടെങ്കിലും ടി വിവരം രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫാമിന്റെ അതിരുകൾ പാടശേഖരം/ബണ്ടുകൾ ആയതിനാൽ അതിരുകൾ പൂർണ്ണമായും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നത് ഭാരിച്ച ചെലവ് വരുന്നതാണ്. എന്നാൽ മുള്ളുവേലി കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. ഫാമിന്റെ സ്ഥലം സ്വകാര്യവ്യക്തികൾ കയ്യേറിയത് സംബന്ധിച്ച് പരാതികളോ കേസോ നിലവിലില്ല.

ഫാമിന്റെ പ്രവർത്തന ലക്ഷ്യം മികച്ച നിലവാരത്തിലുള്ള നെൽവിത്ത് ഉത്പാദനമായതിനാൽ ആകെ വിസ്തൃതിയുടെ 76.40% നെൽകൃഷി ചെയ്തുവരുന്നു. ബാക്കി 19.4% സ്ഥലത്ത് തെങ്ങ്, (പ്രധാനമായും വരമ്പുകളിലും, അതിർത്തികളിലും), 3% സ്ഥലത്ത് വിവിധയിനം പച്ചക്കറികൾ, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നു. ലഭ്യമായ സ്ഥലത്ത് കൃഷികൾ മാറി മാറി ചെയ്യുന്നതിനാൽ ഓരോ ഇനം പച്ചക്കറികൾ, ചേന, വാഴ, കിഴങ്ങ് വർഗ്ഗം എന്നിവയുടെ കൃഷിയുടെ വിസ്തൃതി ലഭ്യമല്ല. (ഉത്പാദനത്തിന്റെ അളവ് ലഭ്യമാണ്).

## 2. കെട്ടിട സൗകര്യങ്ങൾ

| ഇനം | എണ്ണം | ഉപയോഗിക്കുന്നുണ്ടോ ? | അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നുണ്ടോ ? | കുറിപ്പ് |
|---|---|---|---|---|
| ഓഫീസ് | 1 | ഉണ്ട് | ഉണ്ട് | - |
| സ്റ്റോറുകൾ | വിത്ത് 1 | ഉപയോഗിക്കുന്നു | ഉണ്ട് | |
| | വളം 1 | ഉണ്ട് | ഉണ്ട് | |
| | ഉൽപ്പന്നം 1 | ഉണ്ട് | ഉണ്ട് | |
| ഷെഡ്ഡുകൾ | 01 | ഉണ്ട് | ഉണ്ട് | |
| ക്വാർട്ടേഴ്സുകൾ | 02 | ഉണ്ട് 1 | 1 എണ്ണത്തിന് അറ്റകുറ്റപ്പണി ആവശ്യമാണ് | |

ഫാമിലെ കെട്ടിട സൗകര്യങ്ങൾ പര്യാപ്തമല്ലെന്ന് സീനിയർ അഗ്രികൾച്ചറൽ ഓഫീസർ/കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് പരിശോധനയിൽ ഓഫീസിനോടനുബന്ധിച്ച് കമ്പ്യൂട്ടർ റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റ് എന്നിവ കൂടി പണിയുന്നത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് സഹായകമാകുമെന്ന് കാണുന്നു. കെട്ടിടങ്ങളുടെ മെയിന്റനൻസിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 2002-03, 2007-08, 2008-09, 2009-10 എന്നീ വർഷങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്. സ്റ്റോറേജ് സൗകര്യങ്ങളുടെ അപര്യാപ്തത മൂലം വിത്തിനങ്ങൾ നശിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനത്തിലായിട്ടില്ല എന്ന് കാണുന്നു. ക്വാർട്ടേഴ്സുകളിൽ ഒരു ക്വാർട്ടേഴ്സ് ഉപയോഗിക്കുന്നുണ്ടെങ്കിലും, ഒരെണ്ണത്തിനു മെയിന്റനൻസ് ആവശ്യമാണ്..

LOCAL FUND AUDIT DEPARTMENT

## 3. യന്ത്രങ്ങൾ

ഫാമിന്റെ കീഴിലുള്ള യന്ത്രങ്ങളുടെ വിശദാംശങ്ങൾ

| ഇനം | എണ്ണം | വാങ്ങിയ വർഷം | ഉപയോഗം സംബന്ധിച്ച വിവരം |
|---|---|---|---|
| ട്രാക്ടർ | ഇല്ല | | - |
| ട്രില്ലർ | 2 | 1998, 2010 | ഉപയോഗിക്കുന്നു |
| മെതിയന്ത്രം (കമ്പൈൻഡ് ഹാർവെസ്റ്റർ) | 1 | 200809 | കേടായി കിടക്കുന്നു. |
| വിന്നോവേർ കം ത്രാഷർ | 1 | 1999 | ഉപയോഗിക്കുന്നു |
| വീൽ ബാരോ | 1 | | ഉപയോഗിക്കുന്നു |
| സ്പ്രയർ | 2 | 2007,2010 | ഉപയോഗിക്കുന്നു |
| പമ്പ് സെറ്റ് | 7 | 1973,1976,1987 (വിവിധ വർഷങ്ങളിൽ വാങ്ങിയവ) | 5 എണ്ണം ഉപയോഗിക്കുന്നു |
| തെങ്ങ് കയറ്റ് യന്ത്രം | 1 | | ഉപയോഗിക്കുന്നു |

യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നുണ്ട്. പുതിയ യന്ത്രങ്ങൾ വാങ്ങുവാൻ ഫണ്ട് നൽകിയിട്ടില്ല. തൊഴിലാളികളെ ഉപയോഗപ്പെടുത്തിയുള്ള കൃഷി രീതിയായതിനാൽ യന്ത്രങ്ങളുടെ അഭാവം ഫാമിന്റെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നില്ല. എന്നാൽ കൊയ്ത്തു വേളയിൽ കമ്പൈൻഡ് ഹാർവസ്റ്റർ ഉപയോഗിക്കുന്നത് ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സഹായിക്കും. ഫാമിലെ ഉപയോഗത്തിനായി 25.8.2008 ൽ ൽ നൽകിയ കമ്പയിൻഡ് ഹാർവസ്റ്റർ കേടായി തുരുമ്പെടുത്ത് നശിച്ചു കിടക്കുന്നു.യന്ത്രങ്ങളുടെ ഇന്ധന ഉപയോഗം എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. യന്ത്രങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. അനുബന്ധ സൗകര്യങ്ങളുടെ അഭാവം മൂലം യന്ത്രങ്ങൾ ഉപയോഗിക്കാതെ സൂക്ഷിക്കേണ്ടി വന്നിട്ടില്ല. യന്ത്രങ്ങൾ ഫാമിലെ ആവശ്യത്തിന് ഉപയോഗിക്കുന്നതിനാൽ പുറമേ വാടകയ്ക്ക് നൽകുന്നില്ല.

LOCAL FUND AUDIT DEPARTMENT

## 4 ജീവനക്കാർ

| തസ്തികയുടെ പേര് | അംഗീകൃത തസ്തികയുടെ എണ്ണം | ജീവനക്കാർ നിലവിലുള്ളത് | ഒഴിവ് | കുറിപ്പ് |
|---|---|---|---|---|
| സീനിയർ അഗ്രികൾച്ചറൽ ഓഫീസർ/അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറൽ | 01 | 01 | - | - |
| കൃഷി അസിസ്റ്റന്റ് | 01 | 01 | - | - |
| ലോവർ ഡിവിഷൻ ക്ലാർക്ക് | 01 | 01 | - | - |
| പ്യൂൺ | 02 | 02 | - | - |
| നൈറ്റ് വാച്ചർ | 01 | | 01 | |
| പാർട്ട് ടൈം സ്വീപ്പർ | 01 | ഇല്ല | 01 | - |
| സ്ഥിരം തൊഴിലാളികൾ | 17 | 15 | 02 | |

ഫാമിലെ സ്ഥിരം ജീവനക്കാരിൽ (പെർമനന്റ് ലേബറേഴ്സിന്റെ) 02 തൊഴിലാളികളുടെ ഒഴിവുണ്ട്. തൊഴിലാളികളുടെ കുറവ് ഫാമിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമി

ക്കുന്നത്. സ്ഥിരം തൊഴിലാളികൾ അല്ലാതെ കരാർ/കാഷ്വൽ തൊഴിലാളികളെ ഫാമിൽ നിയമച്ചിട്ടില്ല. പ്രാദേശിക പ്രശ്നങ്ങൾ/സമരം മൂലം സ്ഥിരം ജീവനക്കാരുടെ ഒഴിവ് നിലവിൽ നികത്തിയിട്ടില്ല. മറ്റ് ഫാമുകളിൽ തൊഴിലാളികളെ നിയമിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതിയിൽ WP(C) No.3703/2010, WP(C)13585/2010 എന്നീ കേസുകൾ നിലവിലുണ്ട്. ഫാമിലെ ജീവനക്കാരുടെ ഹാജർ/ജോലി ഉറപ്പാക്കുന്നതിന് രാവിലെയും ഉച്ചയ്ക്കും മസ്റ്റർ/ഹാജർ രേഖപ്പെടുത്തുകയും, കൃഷി അസിസ്റ്റന്റ് ജോലി സൂപ്പർവൈസ് ചെയ്യുകയും ചെയ്തുവരുന്നു.

## 5. ഫാമിലേയ്ക്ക് വിത്ത്/വളം എന്നിവയുടെ സംഭരണം - വിത്തുകൾ സംഭരിച്ചത്

| വിത്തിന്റെ പേര് | 2010-11 | | 2011-12 | | കുറിപ്പ് |
|---|---|---|---|---|---|
| | അളവ് | ചെലവ് തുക | അളവ് | ചെലവ് തുക | |
| നെൽവിത്ത് UMA FS-I | 1008 കി.ഗ്രാം | 21553 | | | |
| ബ്രീഡർ | 15 കി.ഗ്രാം | 420 | 20 കി.ഗ്രാം | 680 | |
| വെജിറ്റബിൾ സീഡ്സ് | വിവിധം | 150 | 200 ഗ്രാം | 250 | |

## 6. രാസവളം, ജൈവവളം, കീടനാശിനി എന്നിവ വാങ്ങൽ

| ഇനം | 2010-11 | | 2011-12 | | കുറിപ്പ് |
|---|---|---|---|---|---|
| | അളവ് | തുക | അളവ് | തുക | |
| നീറ്റു കക്കാ | 2350 കി.ഗ്രാം | 14100 | 5200 കി.ഗ്രാം | 39313 | |
| ചാണകം | 7100 കി.ഗ്രാം | 5800 | 14000 കി. ഗ്രാം | 28696 | |
| രാസവളം | 7700 കി. ഗ്രാം | 40900 | 9000 കി. ഗ്രാം | 69800 | |
| ജൈവവളം | 90 കി.ഗ്രാം | 2700 | | | |
| കീടനാശിനി | വിവിധം | 20201 | വിവിധം | 48641 | |

വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ എന്നിവയുടെ സംഭരണവും ഇടപാടുകളും സുതാര്യമാണ്. വളങ്ങൾ, കീടനാശിനികൾ എന്നിവ സഹകരണ സംഘങ്ങളിൽ നിന്നും ജൈവവളം (പ്രധാനമായും ചാണകം) വ്യക്തികളിൽ നിന്നും വാങ്ങുന്നു. സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നു. സ്റ്റോക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടുണ്ട്. ജൈവ കൃഷി രീതി (ജൈവവളം ഉപയോഗിക്കുന്നുണ്ടെങ്കിലും) നടപ്പാക്കിയിട്ടില്ല. നെൽവിത്ത് ഉത്പാദനം എന്ന ലക്ഷ്യം വൈരിക്കുന്നതിന് ജൈവകൃഷി പ്രായോഗികമല്ലായെന്നാണ് അറിയിച്ചിട്ടുള്ളത്.

## 7. ഫാം ഉത്പന്നങ്ങൾ

ഫാം ഉൽപ്പന്നങ്ങളുടെ ശേഖരണം, വിതരണം എന്നിവ സുതാര്യവും, ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. വില നിർണ്ണയ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള വില ഈടാക്കുകയും പ്രാദേശിക വിലനിർണ്ണയ നടപടികൾ പാലിക്കുന്നുണ്ട്. നെൽവിത്ത് സംസ്ഥാന ഗവൺമെന്റിന്റ കീഴിലുള്ള സ്റ്റേറ്റ് സീഡ് കോർപ്പറേഷൻ ആണ് വാങ്ങുന്നത്.

## 8. ഉൽപ്പന്നവിപണനവിവരണം

| ഇനം | 2010-11 | | 2011-12 | |
|---|---|---|---|---|
| | അളവ് | തുക | അളവ് | തുക |
| നെൽവിത്ത് | 14700 kg | 205800 | 58675 kg | 1014050 |

LOCAL FUND AUDIT DEPARTMENT

| | | | | |
|---|---|---|---|---|
| Consumable paddy seed | 16352 kg | 196224 | 0 | 0 |
| തേങ്ങാ | 13455 | 74765 | 10389 | 91403 |
| വാഴക്കുല | 1697.75 kg | 32390 | 317 kg | 6733 |
| വാഴ വിത്ത് | 815 | 5705 | 200 | 1400 |
| കപ്പ | 3575 kg | 23238 | 2957 kg | 19742 |
| ചേന | 782 kg | 11505 | 118 kg | 1770 |
| മഞ്ഞൾ | 699 kg | 28042 | 200 kg | 5000 |
| മാങ്ങാ | - | 700 | | 00 |
| വൈക്കോൽ | | 0 | - | 2000 |
| ഇടനെല്ല് | | 0 | 508 kg | 1524 |
| വെള്ളരി | | 0 | 42 kg | 336 |

ഫാം ഉൽപ്പന്നങ്ങൾ യഥാസമയം വിറ്റഴിക്കുവാൻ സാധിക്കുന്നതിനാൽ നശിച്ചുപോയിട്ടില്ല. കർഷകരുടെ ആവശ്യത്തിനനുസരിച്ച് വിത്തുകൾ ലഭ്യമാക്കുവാൻ ഫാമിന് കഴിയുന്നുണ്ട്. ഉത്പാദിപ്പിക്കുന്ന വിത്തുകൾ കെട്ടികിടക്കുന്നില്ല. നെൽവിത്ത് സീഡ് കോർപ്പറേഷന് നൽകി വരുന്നു.

## 9. ഓഫീസ് പ്രവർത്തനം/രേഖകളുടെ സൂക്ഷിപ്പ്

ഫാമിന്റെ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാണ്. രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് പൊതുവേ തൃപ്തികരമാണ്. മസ്റ്റർ റോൾ തൃപ്തികരമായി സൂക്ഷിക്കുന്നുണ്ട്.

## 10. ഫാമിലെ സാമ്പത്തിക ഇടപാടുകൾ

ഫാമിന്റെ സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച രേഖകൾ ശരിയായി സൂക്ഷിക്കുന്നുണ്ട്. ഫാമിന്റെ വരവ് ജില്ലാ പഞ്ചായത്തിൽ അടവാക്കുകയും, ആയതിന്റെ രസീത് (ജില്ലാ പഞ്ചായത്തിന്റെ വി.എഫ്.എ.- 1 അക്കൗണ്ടിലേയ്ക്ക് ട്രഷറി മുഖാന്തിരം തുക അടവാക്കുകയും ചെലാൻ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. രസീതുകൾ ജില്ലാ പഞ്ചായത്തിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് കൺകറന്റ് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നുണ്ട്. സർക്കാർ ഫാമുകൾ കൃഷി ആവശ്യത്തിന് പാട്ടത്തിന് നൽകിയിട്ടില്ല.

LOCAL FUND AUDIT DEPARTMENT

## 11. വരവും ചെലവും

| വരവ് | | | ചെലവ് | | |
|---|---|---|---|---|---|
| ഇനം | 2010-11 | 2011-12 | ഇനം | 2010-11 | 2011-12 |
| നെല്ല് | 412372 | 1017574 | ഉൽപ്പാദന ഉപാധികൾ | 216975 | 301395 |
| തേങ്ങ | 74855 | 91403 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | | |
| തെങ്ങിൻ തൈ | 17024 | 0 | സാലറി | 1148840 | 1401880 |
| വാഴക്കുല | 38875 | 6733 | വേജസ് | 1703432 | 1696597 |
| മഞ്ഞൾ | 28042 | 5000 | | | |
| കിഴങ്ങ് വർഗ്ഗങ്ങൾ | 12205 | 1770 | | | |
| കപ്പ | 23238 | 19742 | | | |
| വിറക് | 50 | 0 | | | |
| വാഴ വിത്ത് | 0 | 1400 | | | |
| വെള്ളരി | 0 | 336 | | | |
| ആകെ | **606661** | **1143958** | | **3069247** | **3399872** |

## 12. ഫാമിന്റെ ലക്ഷ്യങ്ങൾ

ഫാമിന്റെ പ്രധാന ലക്ഷ്യം മേൽത്തരം നെൽവിത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക എന്നതാണ്. ഈ ലക്ഷ്യം പാലിക്കുന്നതിൽ ഫാം ഏറെക്കുറെ വിജയിച്ചിട്ടുണ്ട്. കൂടാതെ പച്ചക്കറി വിത്തുകളും വിൽക്കുന്നുണ്ട്. ഫാമിൽ നിന്നും നെൽവിത്ത് കർഷകർക്ക് നേരിട്ട് നൽകുന്നില്ല. സ്റ്റേറ്റ് സീഡ് കോർപ്പറേഷനാണ് നെൽവിത്ത് വാങ്ങുന്നതിനും വിതരണം നടത്തുന്നതിനുള്ള അധികാരം.

20024-05 വർഷം വരെ ഫാമിൽ രണ്ട് സീസൺ നെൽകൃഷി (വിരിപ്പ്, മുണ്ടകൻ) നടത്തി വരുന്നു. എന്നാൽ പുറം ബണ്ട് ശക്തമല്ലാത്തിനാലും വെള്ളം കേറുമെന്നതിനാലും മുണ്ടകൻ കൃഷി മാത്രമായി പരിമിതപ്പെടുത്തേണ്ടി വരുന്നു.

## 13. ഫാം കൗൺസിൽ

ഫാം കൗൺസിലിന്റെ യോഗം 31.05.2011 വരെ കൂടിയിട്ടുള്ളതായി മിനിറ്റ്സ് ബുക്ക് പ്രകാരം കാണുന്നു. എന്നാൽ മിനിട്ട്സ് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. പല യോഗങ്ങളിലും ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ പ്രതിനിധികൾ പങ്കെടുത്തിട്ടുള്ളതായി കാണുന്നില്ല.

## 14. ഓഡിറ്റ് കണ്ടെത്തലുകൾ/നിഗമനങ്ങൾ

1. ഫാമിന്റെ ലക്ഷ്യങ്ങൾ പൂർത്തികരിക്കുകയും, ഫാം കർഷകർക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്.
2. ഫാമിലെ സീഡ് സ്റ്റോർ , ക്വാർട്ടേഴ്സ് , പുറം ബണ്ട്, എൻജിന് തറ, പെട്ടിപറ എന്നിവയുടെ അറ്റകുറ്റപണികൾ യഥാസമയം ജില്ലാപഞ്ചായത്തിൽനിന്ന് നിർവഹിച്ചിട്ടില്ല.



ഫാമിലെ സീഡ് സ്റ്റോർ

3. കടുത്തുരുത്തി കൃഷി ഭവന്റെ ആവശ്യത്തിനായി ഫാമിന്റെ സ്ഥലത്ത് വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച തൊഴിലാളികൾക്കുള്ള ഒരു ക്വാർട്ടേഴ്സ് കെട്ടിടം ഉപയോഗ ശൂന്യമായി നശിച്ചു കിടക്കുന്നു. ഇത് റിപ്പയർ ചെയ്തു ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

LOCAL FUND AUDIT DEPARTMENT



ഉപയോഗ ശൂന്യമായ ക്വാർട്ടേഴ്സ് കെട്ടിടം

4. ഫാമിന്റെ ആധുനിക രീതിയിലുള്ള യന്ത്രവത്ക്കരണം നടപ്പാക്കിയിട്ടില്ല. ഫാമിലെ ഉപയോഗത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 25. 8. 2008 ൽ നൽകിയ കമ്പയിൻഡ് ഹാർവസ്റ്റർ കേടായി തുരുമ്പെടുത്ത് നശിച്ചു കിടക്കുന്നു. ഇതിന്റെ വിലയായി 1944750 രൂപ ജില്ലാപഞ്ചായത്തിൽനിന്ന് ചെലവഴിച്ചിട്ടുള്ളതാണ്. ഇതു റിപ്പയർ ചെയ്യുന്നതിന് യാതൊരു നടപടികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഭരണാധികാരികളുടെയും ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.



ജില്ലാ പഞ്ചായത്തിൽ നിന്നും നൽകിയ കമ്പയിൻഡ് ഹാർവസ്റ്റർ കേടായി തുരുമ്പെടുത്ത് നശിച്ചു കിടക്കുന്നു

5. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിലാളികളെ നിയമിക്കുന്നതിനുള്ള തടസ്സം നിലനിൽക്കുന്നു.

6. ഫാമിലെ വെള്ളപ്പൊക്കം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

7. ഫാം കൗൺസിൽ യോഗം കൃത്യമായി ചേരുന്നില്ല.

LOCAL FUND AUDIT DEPARTMENT

8. കൂടാതെ ഫാമിലെ തെങ്ങുകളിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ തേങ്ങായിടുവാൻ ആകെ കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ട്. തെങ്ങുകയറ്റ യന്ത്രം വാങ്ങി ഫാമിലെ തൊഴിലാളികളെ പരിശീലിപ്പിച്ചെടുക്കാവുന്നതാണ്.
9. കാർഷികരംഗത്തെ ആധുനിക സൗകര്യങ്ങൾ ഫാമിൽ നിലവിൽ ഉപയോഗപ്പെടുത്താത്തതിനാൽ ഈ രംഗത്തെ ആധുനിക സൗകര്യങ്ങൾ കൃഷിക്കാരിലെത്തിക്കാൻ ഫാമിന് കഴിഞ്ഞിട്ടില്ല.
10. ഫാമിലെ പ്രധാന ഉത്പന്നങ്ങൾ നെൽവിത്ത്, തേങ്ങാ, പച്ചക്കറി വിത്തുകൾ എന്നിവയായതിനാൽ ഉൽപ്പന്നങ്ങളുടെ സംസ്കരണം, തുടങ്ങിയവ നടത്തി മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് സാധ്യതയില്ല.

## 15. ശുപാർശകൾ

1. ഫാമിലെ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ/ ലേബറേഴ്സിനെ നിയമിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഫാമിന്റെ അതിർത്തികൾ മുള്ളുവേലി കെട്ടി സംരക്ഷിക്കപ്പെടേണ്ട സ്ഥലങ്ങളിൽ മുളളുവേലി കെട്ടേണ്ടതാണ്. കൂടാതെ മതിൽ കെട്ടി സംരക്ഷിക്കേണ്ട സ്ഥലങ്ങളിൽ മതിൽ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്വാർട്ടേഴ്സുകളിൽ അടിയന്തിരപരിശോധന നടത്തി അറ്റകുറ്റപ്പണികൾ നടത്തി താമസയോഗ്യമാക്കേണ്ടതുമാണ്.
3. ഫാമിലെ നൈറ്റ് വാച്ചർക്ക് മുറി നിർമ്മിച്ചു നൽകേണ്ടതാണ്.
4. ജീർണാവസ്ഥയിലായ ക്വാർട്ടേഴ്സു കെട്ടിടം (നിലവിൽ ഉപയോഗിക്കുന്നില്ല.) റിപ്പയർ ചെയ്യുന്നതിനോ പൊളിച്ച് പുതിയത് നിർമിക്കുന്നതിനോ ഉള്ള അടിയന്തിരനടപടി സ്വീകരിക്കുക.
5. തൊഴിലാളികൾക്ക് വിശ്രമകേന്ദ്രം , ടോയ്‌ലറ്റ് എന്നിവ പണിയുക.
6. വിപണിയിൽ ആവശ്യക്കാർ ഏറെയുള്ള വാഴയിനങ്ങൾ ,തെങ്ങിൻ തൈകൾ, എന്നിവയുടെ ഉത്പാദനം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
7. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയും ഫാമിന്റെ ആധുനികവത്കരണത്തിനാവശ്യമായ ഉപകരണങ്ങൾ/ കാർഷികയന്ത്രങ്ങൾ എന്നിവ വാങ്ങിയും ഫാമിന്റെ ഉത്പാദനക്ഷമത വർധിപ്പിക്കാവുന്നതുമാണ്. കാർഷിക യന്ത്രവത്ക്കരണം നടപ്പാക്കുമ്പോൾ പരിചയസമ്പന്നരായ ഓപ്പറേറ്റർമാരെ നിയമിക്കേണ്ടതും യന്ത്രങ്ങളുടെ മെയിന്റനൻസിനായി കുറഞ്ഞത് അഞ്ചു വർഷത്തേക്ക് അങ്ങഇ ഉറപ്പാക്കേണ്ടതുമാണ്.
8. ഫാം കൗൺസിൽ യോഗം കൃത്യമായി നടത്തുന്നതിനും യോഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതും ഫാമിന്റെ വികസനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ ചർച്ച ചെയ്യേണ്ടതുമാണ്. കൂടാതെ മിനിട്ട്സ് കൃത്യമായി തയ്യാറാക്കേണ്ടതുമാണ്.
9. ഫാമിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നത് നടപടികൾ സ്വീകരിച്ച് രണ്ട് കൃഷി (വിരിപ്പ്, മുണ്ടകൻ) നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
10. ഫാമിലെ വെള്ളപ്പൊക്കം പരിഹരിക്കുന്നതിനായി പുറം ബണ്ട് രണ്ട് അടി ഉയരം വർദ്ധിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനും ഫാമിലെ മോട്ടോറുകളുടെ ശക്തി വർദ്ധിപ്പിക്കുന്നതിനും പെട്ടി പറ എന്നിവ കൃത്യമായി മെന്റിനനൻസ് നടത്തുന്നതിനും, എൻജിൻ തറ പുതുക്കി പണിയുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
11. ഫാമിന്റെ വികസനത്തിനും ഉൽപ്പാദന വർദ്ധനവിനും ഉതകുന്ന പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ജില്ലാ പഞ്ചായത്ത് അധികാരികളുടെ സഹകരണം ഉറപ്പാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

12. ഫാമിലെ ആസ്തികളുടെ സംരക്ഷണത്തിനും, പുതിയ നിർമ്മാണത്തിനും യന്ത്രവത്ക്കരണത്തിനും ആവശ്യമായ പ്രോജക്ടുകൾ കൃത്യമായി നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
13. ഫാമിലെ സീഡ് സ്റ്റോറിന് അറ്റകുറ്റപ്പണികൾ ആവശ്യമാണെന്ന് കാണുന്നു.
14. ഫാമിലെ ഉൽപ്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിനും, പുതിയ ഇനങ്ങൾ നടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
15. ഫാമിൽ ഒരു കൃഷി അസിസ്റ്റന്റ് മാത്രമാണ് നിലവിലുള്ളത്. ഫാമിലെ കൃഷിപ്പണിയുടെ മേൽ നോട്ടം നടത്തുന്നതിന് ഒരു കൃഷി അസിസ്റ്റന്റിനെക്കൊണ്ട് സാധിക്കുകയില്ല. രാവിലെ 7.30 മുതൽ വൈകുന്നേരം 5 മണി വരെ ജോലി നോക്കേണ്ടതായും വരുന്നു. ഈ സാഹചര്യത്തിൽ കൃഷി അസിസ്റ്റന്റിന്റെ ഒരു തസ്തിക കൂടി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ മോട്ടോറുകൾ/മറ്റ് ഉപകരണങ്ങൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി മെക്കാനിക്കൽ ഫിറ്ററുടെ/ഇലക്ട്രീഷന്റെ പോസ്റ്റ് കൂടി അനുവദിക്കാവുന്നതാണ്. ഓഫീസിനോടനുബന്ധിച്ച് കമ്പ്യൂട്ടർ റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റ് എന്നിവ കൂടി പണിയുന്നത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് സഹായകമാകുമെന്ന് കാണുന്നു.

LOCAL FUND AUDIT DEPARTMENT

# ഭാഗം 4 :ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

LOCAL FUND AUDIT DEPARTMENT

## 4.1 സാമ്പത്തികനില : വാർഷിക കണക്കുകളുടെ അവലോകനം

കോട്ടയം ജില്ലാപഞ്ചായത്തിന്റെ 2011-12 വാർഷിക കണക്കുകൾ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ചട്ടം 9(1) അനുശാസിക്കും പ്രകാരമുളള സമയപരിധിക്കുളളിൽ ഓഡിറ്റിന് ലഭ്യമാക്കിയത് പ്രശംസനീയമായ നടപടിയാണ്.

ജില്ലാ പഞ്ചായത്ത് ജി.ഒ.(എം.എസ്.)83/11/തസ്വഭവ തീയതി 28.03.11 പ്രകാരമുളള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം ആരംഭിച്ചത് 01.12.11 മുതലാണ്. സാംഖ്യാധിഷ്ഠിത അക്കൗണ്ടിങ്ങിലേയ്ക്ക് മാറിയിട്ടുണ്ടെങ്കിലും ജില്ലാ പഞ്ചായത്തിൽ അക്കൗണ്ടന്റ് തസ്തികയില്ല. നിലവിൽ ക്ലാർക്ക് തസ്തികയിലുളളയാളാണ് അക്കൗണ്ടന്റിന്റെ ജോലികൾ നിർവ്വഹിക്കുന്നത്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിർദ്ദേശിച്ചിരിക്കുന്ന അക്കൗണ്ട് ബുക്കുകളും സഹായരേഖകളും തയ്യാറാക്കി, പ്രതിമാസ അക്കൗണ്ടുകളും വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റും തയ്യാറാക്കുന്നതിന് അക്കൗണ്ടന്റിന്റെ സേവനം ആവശ്യമാണ്. ഇക്കാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 4.1.1 ബിൽ സമ്പ്രദായം : സർക്കാർ ഉത്തരവ് പാലിക്കുന്നതിലെ വീഴ്ചകൾ

ധനകാര്യവകുപ്പിന്റെ 12.4.06 ലെ ജി.ഒ. (പി) 177/06 പ്രകാരം നടപ്പിൽ വരുത്തിയ ധന വിനിയോഗസമ്പ്രദായം പാലിക്കുന്നതിൽ കണ്ട ന്യൂനതകൾ താഴെപ്പറയുന്നു.

1) ധനവിനിയോഗവുമായി ബന്ധപ്പെട്ട രേഖകളുടെ അസ്സൽ ട്രഷറിയിൽ സമർപ്പിക്കണമെന്നും ഡ്യൂപ്ലിക്കേറ്റ് രേഖകൾ ഓഡിറ്റിന് സമർപ്പിക്കണമെന്നുമാണ് സർക്കാർ ഉത്തരവിലെ നിർദ്ദേശം (ഖണ്ഡിക 5.7) സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിൽ പരിശോധിക്കാൻ ലഭിക്കുന്നത് ഡ്യൂപ്ലിക്കേറ്റ് രേഖകൾ മാത്രമാണെന്ന സ്ഥിതിവിശേഷത്തിലേക്ക് സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
2) അഡ്വാൻസായി പണം പിൻവലിക്കുന്നത് കർശനമായി വിലക്കിയിട്ടും ട്രഷറിയിൽനിന്ന് അഡ്വാൻസായി പണം പിൻവലിച്ച് സൂക്ഷിക്കുന്ന പ്രവണത നിലനിൽക്കുന്നു. (ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.13 കാണുക.)
3) സംയുക്ത പ്രോജക്ടുകളുടെ ധനവിനിയോഗം കൃത്യമായി നടക്കാത്തതിനാൽ ഇത്തരം പ്രോജക്ടുകൾ നടപ്പാകുന്നില്ല. (ഖണ്ഡിക 3.1 കാണുക.)
4) എല്ലാ നിർവഹണോദ്യോഗസ്ഥരോടും എല്ലാ മാസവും 5-ാം തീയതിക്കകം ചെലവഴിച്ച ഫണ്ടിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സെക്രട്ടറി ചോദിക്കുകയോ അവർ നൽകുകയോ ചെയ്യുന്നില്ല.
5) നിർവഹണോദ്യോഗസ്ഥർ നൽകുന്ന വിനിയോഗ സർട്ടിഫിക്കറ്റിന്മേൽ വൗച്ചർ നമ്പരിട്ടതിനുശേഷമേ ക്യാഷ് ബുക്കിൽ ചെലവ് എഴുതാവൂ എന്ന നിർദ്ദേശം പാടെ അവഗണിക്കുകയാണ് ചെയ്യുന്നത്. അലോട്ട്മെന്റ് ലെറ്റർ നിർവഹണോദ്യോഗസ്ഥർക്ക് നൽകുമ്പോൾ തന്നെ കാഷ് ബുക്കിൽ ചെലവെഴുതുന്ന തെറ്റായ രീതി ഉപേക്ഷിക്കണമെന്ന് ആവർത്തിച്ച് നിർദ്ദേശിച്ചിട്ടും പാലിച്ചിട്ടില്ല.
6) എല്ലാ മാസവും 5- ാം തീയതിക്കകം മുൻമാസ വരവു ചെലവുകളുടെ കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ് ട്രഷറി ഓഫീസർ ഒപ്പിട്ട് നൽകണമെന്നും 10-ാം തീയതിയ്ക്കകം സെക്രട്ടറി കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തണമെന്നുളള വ്യവസ്ഥ പാലിച്ചിട്ടില്ല. ഇക്കാരണത്താൽ ട്രഷറി സ്ക്രോളിൽ പലപ്പോഴും തെറ്റുകൾ കടന്നുകൂടുന്നുണ്ട്.
7) സെക്രട്ടറി ഉൾപ്പെടെയുളള നിർവഹണോദ്യോഗസ്ഥരാരും റ്റി.ആർ. 7 എ കാഷ് ബുക്കിൽ പ്രോജക്ടുകളുടെ വരവ് ചെലവ് വിവരം ശരിയായി ചേർക്കുന്നില്ല. ആയതിനാൽ പ്രോജക്ടുകളുടെ കൃത്യമായ ചെലവ് വിവരം (വൗച്ചർ നം./ബിൽ

LOCAL FUND AUDIT DEPARTMENT

നം./ഡി.ഡി.നം./തീയതി) ലഭ്യമല്ല. ടി.ആർ. 7 എ കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണമെന്നും ജില്ലാ പഞ്ചായത്തിൽ നിന്നുള്ള ഫണ്ടിന്റെ വിവരം ചേർക്കാൻ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പാലിക്കുന്നില്ല.

8) ജില്ലാ പഞ്ചായത്തിന്റെ കാഷ് ബുക്കിലും എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെയും ചെലവ് വിവരം കൃത്യമായി ചേർക്കേണ്ടതാണ്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന പ്രോജക്ട് രജ ിസ്റ്ററുകൾ നിർവഹണോദ്യോഗസ്ഥർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രോജക്ടുകളുടെ വിവരങ്ങളും ചെലവിന്റെ വിവരങ്ങളും (നികുതികൾ, വൗച്ചർ നം./തീയതി, ഡി.ഡി.നമ്പർ/തീയതി ഉൾപ്പെടെ) ഉൾക്കൊള്ളുന്ന പ്രോജക്ട് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 4.1.2 വാർഷികകണക്കുകളിലെ അപാകതകൾ/ പോരായ്മകൾ

ജില്ലാ പഞ്ചായത്തിന്റെ 2011-12 വാർഷിക കണക്കുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

വാർഷിക ധനകാര്യപത്രികയിലെ മുന്നിരിപ്പ് മുൻവർഷത്തെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നുണ്ട്. വർഷാന്ത്യ ക്യാഷ്/ബാങ്ക്/ട്രഷറി നീക്കിയിരുപ്പ് തുകകൾ ബാങ്ക് ബുക്ക്, ട്രഷറി/ബാങ്ക് സ്ക്രോളുകൾ, പാസ് ബുക്കുകൾ എന്നിവയുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.

വാർഷിക ധനകാര്യപത്രികയിലെ മുന്നിരിപ്പ് മുൻവർഷത്തെ കാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നുണ്ട്. 2010-11 ലെ വാർഷികകണക്കും കാഷ്ബുക്കും തമ്മിലുള്ള നീക്കിയിരിപ്പ് വ്യതിയാനം 365257 രൂപയുടെ ഇനവിവരം വ്യക്തമാക്കപ്പെട്ടിട്ടില്ല. ഇക്കാര്യം 2010-11 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.1 ൽ പ്രതിപാദിച്ചിട്ടുണ്ട്.

എന്നാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന ഡെപ്പോസിറ്റ് പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. 26.07.11 ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ യിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ ഉള്ളതിനാൽ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2011-12 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന അഭിപ്രായം രേഖപ്പെടുത്താൻ സാധിക്കുന്നില്ല. (വാർഷിക കണക്കുകളുടെ പ്രാഥമിക പരിശോധനാ റിപ്പോർട്ട് ഈ ഓഫീസിലെ 30.10.12 ലെ എൽ.എഫ്.കെ.പി.14/ഡി.പി.1/2012 നമ്പർ കത്ത് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.)

വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 293469601 |
| വരവ് | 219483925 |
| ആകെ | 512953526 |
| ചെലവ് | 298352716 |
| നീക്കിയിരിപ്പ് | 214600810 |

## 4.2 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

LOCAL FUND AUDIT DEPARTMENT

## 4.3 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | **219483925** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 298352716 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 23225178 |

### ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

### സി) തടസ്സപ്പെടുത്തിയ തുകയുടെ വിശദാംശം

LOCAL FUND AUDIT DEPARTMENT

| ഖണ്ഡിക | തുക |
|---|---|
| 3.4 | 122916 |
| 3.6 ബി | 439800 |
| 3.7 ബി | 4600000 |
| 3.10 | 1000000 |
| 3.11 ഡി | 1214215 |
| 3.17.2 എ | 50000 |
| 3.19.3 | 298631 |
| 3.19.4 | 1883096 |
| 3.19.5 | 450000 |
| 3.20.3 | 1824576 |
| 3.20.5 | 2600000 |
| 3.20.6 | 634076 |
| 3.20.7 എ | 765784 |
| 3.20.7 ബി | 1779245 |
| 3.20.8 | 261256 |
| 3.20.9 | 4720000 |
| 3.20.12 | 581583 |
| ആകെ | 28225178 |

### ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

### ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

### എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## ജി) ഓഡിറ്റ് സംഗ്രഹം

2011-12 ലെ ഓഡിറ്റുമായി ബന്ധപ്പെട്ട് 18 ഓഡിറ്റ് എൻക്വയറികൾ നൽകിയതിന് 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.

## ഓഡിറ്റ് നിർദേശങ്ങൾ

1. പ്രസിഡന്റിന് സർക്കാർ നിശ്ചയിക്കുന്ന പരിധിക്കുവിധേയമായി കണ്ടിജന്റ് ചെലവ് ചെയ്യാവുന്നതാണ്. (1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 156 (4) സി പ്രകാരം)
2. പണം കൊടുക്കലും തിരികെ കൊടുക്കലും അധികൃതമാക്കുന്നത് പ്രസിഡന്റാണ്. (കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 156 (4) ഡി)
3. ധനവിനിയോഗത്തിന്റെ കാര്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, സെക്രട്ടറി, നിർവഹണോദ്യോഗസ്ഥർ, ഫണ്ട് സ്വീകരിക്കുകയും അനുവദിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർ/ ഏജൻസികൾ എന്നിവർക്ക് ഉത്തരവാദിത്തമുണ്ട്. (ജി.ഒ.(പി) 676/97/ഫിൻ/6.8.97 ഖണ്ഡിക 11, ജി.ഒ.(പി) 381/03/ഫിൻ/9.7.03 ഖണ്ഡിക 7, ജി.ഒ.(പി) 516/04/ഫിൻ/3.11.04 ഖണ്ഡിക 20, ജി.ഒ.(പി) 177/06/ ഫിൻ/12.4.06 ഖണ്ഡിക 25)
4. പഞ്ചായത്ത് ഫണ്ടിൽനിന്ന് പണം പിൻവലിക്കുന്നതിന് സെക്രട്ടറി പ്രസിഡന്റിന്റെ രേഖാമൂലമുള്ള ഉത്തരവ് വാങ്ങണം (1996 ലെ കേരള പഞ്ചായത്ത്രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 5(1))
5. മുഖ്യകാര്യനിർവഹണോദ്യോഗസ്ഥ(ൻ) എന്ന നിലയിൽ സെക്രട്ടറിക്ക് (കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 182 പ്രകാരം) ഉത്തരവാദിത്തമുണ്ട്.
6. ഓഫീസ് ഉത്തരവുകളുടെയും ഭരണസമിതി തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഏല്പിച്ച കൃത്യങ്ങളിൽ വീഴ്ചവരുത്തിയതുമൂലമുള്ള നഷ്ടം, പാഴ്ച്ചെലവ്, ദുർവിനിയോഗം എന്നിവയ്ക്ക് ഉത്തരവാദി ജോലി വിഭജനമനുസരിച്ചുള്ള ജീവനക്കാരായിരിക്കുന്നതും മേലുദ്യോഗസ്ഥർക്കും സെക്രട്ടറിക്കും മേൽനോട്ടപ്പിശകിനും ഉത്തരവാദിത്തമുണ്ട്. (1997 ലെ കേരള പഞ്ചായത്ത്രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 (4)
7. ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റിക്ക് (കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 162 പ്രകാരം) ധനപരമായ കാര്യങ്ങളിൽ ഉത്തരവാദിത്തമുണ്ട്.
8. എൻജിനിയർമാർക്ക് (മരാമത്ത് ചെലവുകളിൽ) ഉത്തരവാദിത്തമുണ്ട്. (ജി.ഒ.(എം.എസ്.) 249/07/തസ്വഭവ/1.11.07 ഖണ്ഡിക 12.4, സർക്കുലർ നമ്പർ 19989/പി1/തസ്വഭവ/26.4.03 ഖണ്ഡിക 6, ജി.ഒ.(എം.എസ്.) 40/04/31.3.04 ഖണ്ഡിക 7.8.7 എന്നിവ കാണുക.)
9. ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ പ്രോജക്ട് പരിശോധന, പ്രോജക്ടുകളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ പര്യാപ്തമായ രീതിയിൽ കരുതലോടെ ആയിരിക്കണം. ശരിയായ സൂക്ഷ്മപരിശോധന നടത്താതെ പ്രോജക്ടുകൾ ശുപാർശ ചെയ്യുന്ന ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് മെമ്പർമാർക്കെതിരേ ജില്ലാ കളക്ടർമാർ ഉചിതമായ നടപടിയെടുക്കേണ്ടതാണ്. (ജി.ഒ.(എം.എസ്.) 128/07/തസ്വഭവ/14.5.07 ഖണ്ഡിക 4.15.4 കാണുക.)
10. പഞ്ചായത്ത് കമ്മിറ്റിക്ക് അഥവാ മറ്റേതെങ്കിലും കമ്മിറ്റിക്ക് ആവശ്യമായ ഉപദേശം നൽകാൻ ബാധ്യസ്ഥനായ ഒരു ഉദ്യോഗസ്ഥൻ മതിയായ കാരണങ്ങളില്ലാതെ അപ്രകാരം ഉപദേശം നൽകാതിരുന്നതുകൊണ്ടോ തെറ്റായ ഉപദേശം നൽകിയതുകൊണ്ടോ ഉണ്ടായ തെറ്റായ തീരുമാനങ്ങൾക്കും നടപടികൾക്കും കഷ്ടനഷ്ടങ്ങൾക്കും അംഗങ്ങൾക്കുപുറമേ പ്രസ്തുത ഉദ്യോഗസ്ഥൻ കൂടി ഉത്തരവാദിയായിരിക്കുന്നതാണ്. (2007 ലെ കേരള പഞ്ചായത്ത്രാജ് (തിരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങളിലെ ചട്ടം 7(2) കാണുക)
11. ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ജനപ്രതിനിധികൾ അറിയുന്നില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടുകൾ ജില്ലാ പഞ്ചായത്തിന് ലഭിച്ച് രണ്ടു മാസത്തിനകം സെക്ര

LOCAL FUND AUDIT DEPARTMENT

ട്ടറി തയ്യാറാക്കിയ മറുപടിയോടുകൂടി പ്രത്യേകഭരണസമിതിയോഗത്തിൽ ചർച്ച ചെയ്യണമെന്ന നിബന്ധന പാലിച്ചിട്ടില്ല. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2) കാണുക.) ഈ നിബന്ധന പാലിക്കാതെ മറ്റ് അജണ്ടകളുടെ കൂട്ടത്തിൽപ്പെടുത്തുന്നതിനാൽ ഓഡിറ്റ് പരാമർശങ്ങൾ ജനപ്രതിനിധികളുടെ സവിശേഷശ്രദ്ധയ്ക്ക് വിധേയമാക്കാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് പ്രത്യേകഭരണസമിതി യോഗത്തിൽ ചർച്ച ചെയ്യേണ്ടതാണ്.

## 4.4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് ജില്ലാ പഞ്ചായത്തിന് ലഭിച്ച തീയതി | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1997-98 | 11.2.03 | എൽ.എഫ്.കെ.പി 8/189/12/21.3.12 |
| 1998-99 | 13.11.03 | എൽ.എഫ്.കെ.പി 8/963/11/13.1.12 |
| 1999-00 മുതൽ 01-02 വരെ | 7.8.04 | എൽ.എഫ്.കെ.പി 8/119/12/24.3.12 |
| 2002-03 | 15.12.06 | എൽ.എഫ്.കെ.പി 8/565/10/5.3.12 |
| 2003-04 | 10.12.07 | എൽ.എഫ്.കെ.പി 8/346/11/1.4.11 |
| 2004-05 | 6.11.07 | എൽ.എഫ്.കെ.പി 1/1106/06/6.11.07 (ഏതാനും ഖണ്ഡികകൾ മാത്രം) എൽ.എഫ്.കെ.പി. 8/346/11/1.4.11 |
| 2005-06 | 6.11.07 | എൽ.എഫ്.കെ.പി 8/458/11/11.10.11 |
| 2006-07 | 22.11.08 | എൽ.എഫ്.കെ.പി 1/400/08/24.10.08/22.11.08 (ഏതാനും ഖണ്ഡികകൾ മാത്രം) |
| 2007-08 | | എൽ.എഫ്.കെ.പി1/1114/09/9.10.04/27.10.09 |
| 2008-09 | 29.4.10 | എൽ.എഫ്.കെ.പി 8/188/12/5.3.12 |
| 2009-10 | 28.11.11 | എൽ.എഫ്.കെ.പി 8/1311/11/17.3.12 |
| 2010-11 | 10.10.12 | എൽ.എഫ്.കെ.പി 8/392/12/10.10.12 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4.5 ചാർജ്/ സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫണ്ട് ഓഡിറ്റ്**
**കോട്ടയം ജില്ല**

LOCAL FUND AUDIT DEPARTMENT

## അനുബന്ധം 1

# ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റേ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2011-12 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം ഒന്നു മുതൽ 4.2 വരെയുള്ള ഖണ്ഡികകളിൽ സൂചിപ്പിച്ച അപാകതകൾ ഒഴിവാക്കിയാൽ ഈ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2011-12 ലെ വരവുചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് അഭിപ്രായപ്പെടുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫണ്ട് ഓഡിറ്റ്**
**കോട്ടയം ജില്ല**

LOCAL FUND AUDIT DEPARTMENT

## അനുബന്ധം 2 (ഖണ്ഡിക നമ്പർ 3.13 സി)

# അംഗൻവാടികളിലെ അടിസ്ഥാനസൗകര്യങ്ങളിലെ അപര്യാപ്തത

(ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ)

| Sl. No. | തദ്ദേശസ്വയംഭരണസ്ഥാപനം | ആകെ അംഗൻവാടികളുടെ എണ്ണം | സ്വന്തമായി സ്ഥലം ഇല്ലാത്തവ | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | വൈദ്യുതി ഇല്ലാത്തവ | സ്വന്തമായി കുടിവെള്ളസൗകര്യം ഇല്ലാത്തവ | ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തവ |
|---|---|---|---|---|---|---|---|
| 1 | Aarpookkara | 27 | 0 | 24 | 25 | 6 | 27 |
| 2 | Akalakkunnam | 23 | 4 | 5 | 23 | 19 | 21 |
| 3 | Athirampuzha | | | | | | |
| 4 | Ayarkkunnam | 33 | 18 | 20 | 22 | 21 | 30 |
| 5 | Aymanam | 36 | 24 | 26 | 28 | 16 | 30 |
| 6 | Bharananganam | 20 | 6 | 7 | 20 | 12 | 18 |
| 7 | Chempu | 20 | 10 | 10 | 20 | 16 | 20 |
| 8 | Chirakkadavu | | | | | | |
| 9 | Elikkulam | 24 | 1 | 1 | 23 | 20 | 20 |

LOCAL FUND AUDIT DEPARTMENT

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | Erattupetta | | | | | | |
| 11 | Erumely | | | | | | |
| 12 | Ettumanoor Block | | | | | | |
| 13 | Kadanad | | | | | | |
| 14 | Kadaplamattom | | | | | | |
| 15 | Kaduthuruthy | | | | | | |
| 16 | Kallara | 17 | 5 | 6 | 10 | 13 | 7 |
| 17 | Kanakkary | | | | | | |
| 18 | Kangazha | | | | | | |
| 19 | Kanjirappally | | | | | | |
| 20 | Karoor | 23 | 0 | 1 | 21 | 5 | 18 |
| 21 | Karukachal | 26 | 6 | 6 | 22 | 16 | 25 |
| 22 | Kidangoor | 22 | 7 | 9 | 8 | 12 | 20 |
| 23 | Kooroppada | 28 | 2 | 4 | 24 | 23 | 18 |
| 24 | Kootickal | | | | | | |
| 25 | Koruthodu | | | | | | |
| 26 | Kozhuvanal | 16 | 1 | 1 | 16 | 5 | 16 |
| 27 | Kumarakom | | | | | | |
| 28 | Nattakom sector | 43 | 28 | 31 | 39 | 27 | 41 |

LOCAL FUND AUDIT DEPARTMENT

| | | | | | | | |
|---|---|---|---|---|---|---|---|
| 29 | Kuravilangadu | 19 | 10 | 11 | 10 | 16 | 18 |
| 30 | Kurichi | | | | | | |
| 31 | Madappally block | 102 | 61 | 63 | 84 | 61 | 97 |
| 32 | Manarcadu | 25 | 10 | 17 | 20 | 21 | 25 |
| 33 | Manimala | | | | | | |
| 34 | Manjoor | | | | | | |
| 35 | Marangattupally | 19 | 8 | 12 | 17 | 13 | 16 |
| 36 | Maravanthuruthu | 21 | 10 | 10 | 17 | 17 | 14 |
| 37 | Meenachil | 18 | 2 | 11 | 10 | 12 | 15 |
| 38 | Meenadom | 15 | 3 | 4 | 9 | 8 | 13 |
| 39 | Melukavu | 14 | 3 | 4 | 10 | 5 | 12 |
| 40 | Moonilavu | 10 | 1 | 3 | 11 | 3 | 11 |
| 41 | Mulakkulam | | | | | | |
| 42 | Mundakayam | | | | | | |
| 43 | Mutholy | | | | | | |
| 44 | Pallom block | 42 | 35 | 35 | 19 | 20 | 39 |
| 45 | Nedumkunnam | | | | | | |
| 46 | Neendoor | | | | | | |
| 47 | Njeezhoor | | | | | | |
| 48 | Paippad | | | | | | |

LOCAL FUND AUDIT DEPARTMENT

| | | | | | | | |
|---|---|---|---|---|---|---|---|
| 49 | Pallickathodu | | | | | | |
| 50 | Pampady | | | | | | |
| 51 | Panachickadu | | | | | | |
| 52 | Parathodu | 30 | 6 | 6 | 29 | 24 | 29 |
| 53 | Poonjar | 13 | 3 | 3 | 3 | 0 | 3 |
| 54 | Poonjar Thekkekara | 21 | 5 | 5 | 16 | 0 | 3 |
| 55 | Puthuppally | 31 | 21 | 24 | 30 | 30 | 31 |
| 56 | Ramapuram | | | | | | |
| 57 | T.V.Puram | | | | | | |
| 58 | Teekoy | 14 | 3 | 3 | 14 | 12 | 4 |
| 59 | Thalanad | 11 | 3 | 5 | 11 | 5 | 0 |
| 60 | Thalappalam | 14 | 6 | 6 | 7 | 3 | 11 |
| 61 | Thalayazham | | | | | | |
| 62 | Thalayolapparampu | 22 | 8 | 9 | 21 | 20 | 18 |
| 63 | Thidanad | 20 | 7 | 8 | 20 | 13 | 19 |
| 64 | Thiruvarpu | 29 | 13 | 20 | 18 | 22 | 27 |
| 65 | Thrikkodithanam | 23 | 8 | 8 | 22 | 9 | 14 |
| 66 | Udayanapuram | | | | | | |
| 67 | Uzhavoor | | | | | | |
| 68 | Vakathanam | | | | | | |

LOCAL FUND AUDIT DEPARTMENT

| | | | | | | | |
|---|---|---|---|---|---|---|---|
| 69 | Vazhappally | | | | | | |
| 70 | Vazhoor | 23 | 3 | 3 | 16 | 10 | 19 |
| 71 | Vechoor | 16 | 9 | 9 | 16 | 15 | 9 |
| 72 | Veliyannoor | 12 | 1 | 3 | 11 | 6 | 9 |
| 73 | Vellavoor | 19 | 2 | 2 | 16 | 15 | 11 |
| 74 | Velloor | 24 | 3 | 7 | 15 | 18 | 9 |
| 75 | Vijayapuram | 35 | 25 | 29 | 32 | 34 | 34 |
| | **TOTAL** | | | | | | |

LOCAL FUND AUDIT DEPARTMENT

## അനുബന്ധം 3

# കോട്ടയം ജില്ലാപഞ്ചായത്തിന്റെ 2011-12 ലെ വിവിധ അക്കൗണ്ടുകളുടെ ധനവിനിയോഗം സംബന്ധിച്ച വിവരങ്ങൾ

| ക്രമനം | അക്കൗണ്ട് നമ്പർ | സ്ഥാപനം | ഫണ്ട് | 1.4.11 ലെ മുന്നിരിപ്പ് | 2011-12 ലെ വരവ് | ആകെ | 2011-12 ചെലവ് | 31.3.12 ലെ നീക്കിയിരിപ്പ് | കുറിപ്പുകൾ |
|---|---|---|---|---|---|---|---|---|---|
| 1 | ഡി.പി.എഫ്. എ. 1 | ജില്ലാ ട്രഷറി കോട്ടയം | ജനറൽ പർപ്പസ് (ഡി ഫണ്ട്) | 47917254 | 31646845 | 79564099 | 30140589 | 49423510 | |
| 2 | ഡി.പി.എഫ്. എ. 2 | ,, | വികസനഫണ്ട് (എ ഫണ്ട്) | 207934904 | 152569000 | 360503904 | 227432010 | 133071894 | |
| 3 | ഡി.പി.എഫ്. എ. 3 | ,, | മെയിന്റനൻസ് ഫണ്ട് (സി ഫണ്ട്) | 28002884 | 33138000 | 61140884 | 39258086 | 21882798 | |
| 4 | 982002100108757 | പഞ്ചാബ് നാഷണൽ ബാങ്ക് | കേരളോത്സവം ഫണ്ട് | 307449 | 298061 | 605510 | 271047 | 334463 | |
| 5 | 67143928697 | എസ്.ബി.ടി. സിവിൽ സ്റ്റേഷൻ | എസ്.എസ്.എ. | 5245220 | 848126 | 6093346 | 1200232 | 4893114 | |
| 6 | സി.ഡി. 565 | ജില്ലാ സഹകരണബാങ്ക് | കൊയ്ത്തുമെതിയന്ത്രം | 1799264 | 908502 | 2707766 | 50752 | 2657014 | |
| 7 | 57008127336 | എസ്.ബി.ടി. സിവിൽ സ്റ്റേഷൻ | ടൂറിസം | 922763 | 35307 | 958070 | - | 958070 | |
| 8 | 20142539745 | ബാങ്ക് ഓഫ് മഹാരാഷ്ട്ര | സ്പെഷ്യൽ എസ്. ജി.ആർ. | 1335698 | 39925 | 1375623 | - | 1375623 | ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 3.9.12 ൽ |

LOCAL FUND AUDIT DEPARTMENT

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | വൈ. | | | | | | അക്കൗണ്ട് ക്ലോസ് ചെയ്തു. |
| 9 | 57005529470 | എസ്.ബി.ടി. മണർകാട് | സ്പെഷ്യൽ അക്കൗണ്ട് | 4165 | 159 | 4324 | - | 4324 | |
| | | | | | 219483925 | | 298352716 | | |

LOCAL FUND AUDIT DEPARTMENT

## ഓഡിറ്റിലെ നിഗമനങ്ങൾക്ക് അവലംബമാക്കിയ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പ്രസക്തമായ വകുപ്പുകൾ

| ക്രമ നം. | വിഷയം | വകുപ്പ് നമ്പർ |
|---|---|---|
| 4 | പ്രസിഡന്റിന്റെ ചുമതലകൾ, അധികാരങ്ങൾ | 156 |
| 5 | ഓണറേറിയവും ബത്തകളും | 160 |
| 6 | പഞ്ചായത്ത് യോഗങ്ങൾ | 161 |
| 7 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ | 162 |
| 8 | സ്റ്റിയറിംഗ് കമ്മിറ്റി | 162 ബി |
| 9 | ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ അധികാരങ്ങൾ(പട്ടിക 3) | 166 |
| 12 | ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലകൾ അധികാരങ്ങൾ (പട്ടിക 4) | 172 |
| 13 | ജില്ലാ പഞ്ചായത്തിന്റെ ചുമതലകൾ അധികാരങ്ങൾ( പട്ടിക 5) | 173 |
| 14 | പൊതുജനാരോഗ്യസ്ഥാപനങ്ങൾക്കുള്ള മാനേജിംഗ് കമ്മിറ്റി | 173എ |
| 15 | വികസനപദ്ധതി തയ്യാറാക്കൽ | 175 |
| 20 | സെക്രട്ടറിയുടെ ചുമതലകളും അധികാരങ്ങളും | 182 |
| 21 | ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിലുള്ള ബന്ധം | 185എ |
| 22 | പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് | 192 |
| 35 | പഞ്ചായത്ത് ഫണ്ട് | 212 |
| 36 | പഞ്ചായത്തു ഫണ്ടിൽ ചെലവെഴുതാവുന്ന ഇനങ്ങൾ | 213 |
| 37 | ബജറ്റ് | 214 |
| 38 | അക്കൗണ്ടും ഓഡിറ്റും | 215 |
| 56 | പൗരവകാശ രേഖ | 272എ |

LOCAL FUND AUDIT DEPARTMENT

## ഓഡിറ്റിന് അവലംബമാക്കിയ പ്രധാനപ്പെട്ട ചട്ടങ്ങൾ

1. 1995ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടി ക്രമം)ചട്ടങ്ങൾ
2. 1995ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികളുടെ ഓണറേറിയവും ബത്തകളും)ചട്ടങ്ങൾ
3. 1996ലെ കേരള പഞ്ചായത്ത് രാജ് (കരാർ)ചട്ടങ്ങൾ
4. 1997ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥനിയന്ത്രണം)ചട്ടങ്ങൾ
5. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങൾ
6. 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങൾ
7. 2000ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ
8. 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരവകാശ രേഖ)ചട്ടങ്ങൾ
9. 2007ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരങ്ങളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങൾ
10. 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ മാനേജിങ് കമ്മിറ്റി) ചട്ടങ്ങൾ

# ഓഡിറ്റിനു വിധേയമാക്കിയ പ്രധാന രേഖകൾ

1. കേരള സംസ്ഥാന ബജറ്റ് 2011-12, 2012-13
2. ജില്ലാ പഞ്ചായത്തിന്റെ ബജറ്റ് 2011-12
3. വാർഷിക ധനകാര്യ പത്രിക
4. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്
5. മിനിട്ട്സ് ബുക്കുകൾ (ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, വികസനസെമിനാർ, സ്റ്റേക്ഹോൾഡർ യോഗങ്ങൾ)
6. ഹാജർ പുസ്തകം (ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും)
7. അക്വിറ്റൻസ്(ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും)
8. വൗച്ചറുകളും ഫയലുകളും അനുബന്ധ രേഖകളും
9. ധനകാര്യവകുപ്പിന്റെ 12.4.2006ലെ ജി.ഒ(പി)177/2006ൽ നിഷ്കർഷിച്ച പ്രധാന രേഖകളും രജിസ്റ്ററുകളും.
10. പൊതുമരാമത്ത് പണികളെ സംബന്ധിച്ച എസ്റ്റിമേറ്റ്, പ്രോജക്ടുകൾ,ഫയലുകൾ, വർക്ക്ബിൽ രജിസ്റ്റർ, ടെൻഡർ രജിസ്റ്റർ, കരാർ രജിസ്റ്റർ, മസ്റ്റർ റോളുകൾ, അളവുപുസ്തകങ്ങൾ,പൂർത്തീകരണ പത്രം മുതലായവ
11. സ്റ്റോക്ക് രജിസ്റ്ററുകൾ
12. ആസ്തിരജിസ്റ്റർ
13. അന്തിമപദ്ധതിരേഖ 2011-12
14. ഡി.പി.സി അംഗീകരിച്ച പദ്ധതി നടപടിക്രമങ്ങൾ
15. ഐ.കെ.എം. തയ്യാറാക്കി സെക്രട്ടറി ഒപ്പിട്ട വാർഷിക ചെലവുകണക്ക്

# ഓഡിറ്റിന് അടിസ്ഥാനമാക്കിയ പ്രധാന സർക്കാർ ഉത്തരവുകൾ

1 ജി.ഒ(പി) 612/95/ഫിൻ/4.10.95 (സർക്കാർ ധനസഹായം ട്രഷറിയിൽ മാത്രമേ നിക്ഷേപിക്കാവൂ)
2 ജി.ഒ(പി) 84/97/പൊ.മ.വ/19.8.97(പൂർത്തിയാക്കാത്ത പണികൾ -പിഴ)
3 ജി.ഒ(പി)181/98/തസ്വഭവ/2.9.1998(ഗുണഭോക്തൃതെരഞ്ഞെടുപ്പ്)
4 ജി.ഒ(പി)138/99/തസ്വഭവ/9.7.1999 ( „ „)
5 ജി.ഒ(എം.എസ്)330/04/തസ്വഭവ/9.12.2004(മെയിന്റനൻസ് ഗ്രാന്റ് മാർഗ്ഗരേഖ)
6 ജി.ഒ(ആർ.ടി)3330/2004/ഫിൻ/5.5.2004 ( സർവ്വശിക്ഷാ അഭിയാൻ,)
7 ജി.ഒ.(എം.എസ്)41/2005/പ്ലാനിംഗ് 7.6.2005(സർവ്വശിക്ഷ അഭിയാൻ)
8 ജി.ഒ(പി) 177/2006/ഫിൻ/12.4.2006 (ധനവിനിയോഗം)
9 ജി.ഒ.(എം.എസ്)21/2006/തസ്വഭവ/19.1.2006
10 ജി.ഒ.(എം.എസ്) 128/2007/തസ്വഭവ/14.5.2007 (12-ാം പഞ്ചവൽസരമാർഗ്ഗരേഖ)
11 ജി.ഒ.(എം.എസ്)183/2007/തസ്വഭവ/2. 7.2007(സബ്സിഡി മാനദണ്ഡങ്ങൾ)
12 ജി.ഒ.(എം.എസ്)199/2008/തസ്വഭവ/11.7.2008(സബ്സിഡി മാനദണ്ഡം ഭേദഗതി)
13 ജി.ഒ.(എം.എസ്)257/2009/തസ്വഭവ/30.12.2009
14 ജി.ഒ.(എം.എസ്)27/2009/തസ്വഭവ/13.2.2009
15 ജി.ഒ(പി)249/2009/ഫിൻ/1.7.2009
16 ജി.ഒ.(എം.എസ്) /2009/തസ്വഭവ/7.11.2009
17 ജി.ഒ(ആർ.ടി)20/57/10/തസ്വഭവ/22.6.10
18 ജി.ഒ.(എം.എസ്)165/10/തസ്വഭവ/16.1.10
19 ജി.ഒ(ആർ.ടി) 192/10/തസ്വഭവ/19.2.2010(സംയുക്ത പ്രോജക്ട്
20 ജി.ഒ(ആർ.ടി)663/11/തസ്വഭവ/1.3.2011

LOCAL FUND AUDIT DEPARTMENT

# പ്രധാന സർക്കുലറുകൾ

1. നമ്പർ 37803/പി2/98/തഭവ/11.9.98
2. നമ്പർ 27688/സി1/96/തഭവ/3.3.97
3. നമ്പർ 71413/ഡിസി2/08/തസ്വഭവ/10.11.2008
4. നമ്പർ 5398/ഡിപി1/2006/തസ്വഭവ/27.2.2006
5. നമ്പർ 4466/ഡിബി2/2009/തസ്വഭവ/2.2.09
6. നമ്പർ66373/ഡിഎ1/09/തസ്വഭവ/2.11.2009
7. നമ്പർ.37893/ഡിഎ1/10/തസ്വഭവ/19.6.2010
8. നമ്പർ13160/ഡിഎ1/10/തസ്വഭവ/28.11.2010
9. നമ്പർ 71179/ഡിഎ1/10/തസ്വഭവ/22.2.2010
10. നമ്പർ821/എഫ്.എം3/11/തസ്വഭവ/3.1.2011

LOCAL FUND AUDIT DEPARTMENT